# വിപ്ലവങ്ങളുടെ ചരിത്രം

പി.ഗോവിന്ദപ്പിള്ള
സി.ഭാസ്കരൻ

PG
944.04

വിപ്ലവങ്ങളുടെ ചരിത്രം

viplavangalude charithram ⊠ by p govinda pillai and c bhaskaran ⊠ published by chintha publishers, thiruvananthapuram ⊠ first published in may 1992 ⊠ distributed by deshabhimani book house, thiruvananthapuram ⊠ printed at seetharam press, thiruvananthapuram,

*cover: bhattathiri* *price: rupees seventeen*

വിതരണം:

ദേശാഭിമാനി ബുക്ക് ഹൗസ്
H.O. തിരുവനന്തപുരം–695 014


ബ്രാഞ്ചുകൾ:തിരുവനന്തപുരം, കൊല്ലം, കോട്ടയം, ആലപ്പുഴ
എറണാകുളം, തൃശൂർ, കോഴിക്കോട്, കണ്ണൂർ.

CO-463/850

# വിപ്ലവങ്ങളുടെ ചരിത്രം

7821

പി ഗോവിന്ദപ്പിള്ള
സി ഭാസ്കരൻ




ചിന്ത പബ്ലിഷേഴ്സ്
തിരുവനന്തപുരം–695 014
വില 17.00 രൂപ

PS
944.04

## ഉള്ളടക്കം


| | | |
|---|---|---|
| 1 | ഫ്രഞ്ച് വിപ്ലവംമുതൽ ഒക്ടോബർ വിപ്ലവംവരെ | 5 |
| 2 | ഒക്ടോബർ സോഷ്യലിസ്റ്റ് വിപ്ലവം ഒരു ചരിത്രാഖ്യാനം | 26 |
| 3 | ചൈനീസ് വിപ്ലവത്തിന്റെ തന്ത്രവും അടവും | 41 |
| 4 | ചൈനീസ് വിപ്ലവ ചരിത്രം | 52 |
| 5 | വിയത്നാം വിമോചനപ്പോരാട്ടത്തിന്റെ വീരചരിത്രം | 66 |
| 6 | ക്യൂബൻ വിപ്ലവ ചരിത്രം | 83 |
| 7 | കൊറിയൻ വിപ്ലവം: ചരിത്രപശ്ചാത്തലം | 97 |

# ഫ്രഞ്ച് വിപ്ലവം മുതൽ ഒക്ടോബർ വിപ്ലവം വരെ

1917—ലെ മഹത്തായ ഒക്ടോബർ സോഷ്യലിസ്റ്റ് വിപ്ലവം പ്രകൃതിവിരുദ്ധമായ ഒരു സംഭവമായിരുന്നു എന്ന് ഒരാൾ എഴുതിക്കണ്ടു. ആൾ മോശക്കാരനല്ല. ചരിത്രത്തിൽ ഡോക്ടറേറ്റ് നേടിയ ഒരു വൈസ് ചാൻസലർ, പേര് ടി കെ രവീന്ദ്രൻ.

പേര് കേട്ടപ്പോൾ ഇതും ഇതിലപ്പുറവും തട്ടിവിടുന്നയാളാണല്ലോ, എന്തിനത് ഗൗരവത്തിലെടുക്കണം എന്ന് പല വായനക്കാർക്കും തോന്നിയിരിക്കും. പക്ഷെ അർഹനായാലും അനർഹനായാലും ഒരു സർവകലാശാലയുടെ തലപ്പത്ത് കയറിപ്പറ്റി ആയിരക്കണക്കിന് വിദ്യാർഥികളുടെ ഭാവിയെ കരുപ്പിടിപ്പിക്കാൻ ചുമതലപ്പെട്ട ഒരാളെ അങ്ങനെ അവഗണിച്ചുകൂടല്ലോ.

ഒക്ടോബർ വിപ്ലവത്തിനു മുമ്പും പിമ്പും ലോകചരിത്രത്തിൽ നടന്ന സംഭവങ്ങളെ ശാസ്ത്രീയമായി പരിശോധിക്കുന്ന ഏതൊരാൾക്കും ഒരു കാര്യം ബോധ്യമാവും. അനുസ്യൂതമായ ചരിത്രശൃംഖലയിലെ അനിവാര്യവും അതിപ്രധാനവും ആയ ഒരു കണ്ണിയായിരുന്ന ഒക്ടോബർ വിപ്ലവമെന്ന്. സോവിയറ്റ് യൂണിയനെയും കിഴക്കൻ യൂറോപ്പിലെ സോഷ്യലിസ്റ്റ് രാജ്യങ്ങളുടെയും തകർച്ച ഈ അടിസ്ഥാന വസ്തുത നിഷേധിക്കാൻ ശക്തമല്ല.

നിരന്തരമായ പുരോഗതിയാണ് ചരിത്രത്തിന്റെ പരിവർത്തനശൈലി എങ്കിലും ഇടക്കിടെ തിരിച്ചടികളും തിരിച്ചടികളെ പലമടങ്ങ് ശക്തിയോടെ മറികടക്കുന്ന പുരോഗതിയും മാറ്റമില്ലാത്ത വികാസനിയമമാണ്. 1789—ലെ മഹത്തായ ബൂർഷ്വാ ജനാധിപത്യ വിപ്ലവം നെപ്പോളിയന്റെ അധികാരാരോഹണത്തോടെ പ്രതിവിപ്ലവമായി എങ്കിലും ഫ്രഞ്ച്വിപ്ലവമാകെ വ്യർഥമായപ്പോയി എന്ന് ചരിത്രബോധത്തിന്റെ കണികയെങ്കിലുമുള്ളവർ

വിധിയെഴുതുമോ? വിപ്ലവങ്ങളുടെ വിജയാപജയങ്ങളെല്ലാം ചേർന്നാണ് ചരിത്രത്തിന്റെ നീക്കിബാക്കി പത്രത്തിൽ മാനവപുരോഗതിക്കും സ്വാതന്ത്ര്യത്തിനും ആക്കം ഇടുന്നത്. ലോക ചരിത്രമാകെ പരിശോധിച്ചാൽ ക്രമീകൃത പരിണാമത്തിലൂടെയും ഇടവിട്ടിടവിട്ടുള്ള എടുത്തുചാട്ടത്തിലൂടെയും (വിപ്ലവം) ആണ് എല്ലാവിധ പരിവർത്തനങ്ങളും പോലെ സാമൂഹ്യ പരിവർത്തനവും നടക്കുന്നത് എന്ന് കാണാം. ഈ കാഴ്ചപ്പാടിലൂടെ ആധുനിക യൂറോപ്യൻ ചരിത്രത്തെ പൊതുവെയും ഫ്രഞ്ചുവിപ്ലവം മുതൽ ഒക്ടോബർ വിപ്ലവം വരെ (1789–1917) പ്രത്യേകിച്ചും ഹ്രസ്വമായ ഒരു പരിശോധനക്ക് വിധേയമാക്കാനാണിവിടെ ശ്രമിക്കുന്നത്.

ലോക ചരിത്രമാകെ പരിശോധിക്കുന്നപക്ഷം കഴിഞ്ഞ 5000–ൽ ഏറെ വർഷക്കാലത്ത് ലോകത്തിന്റെ ഓരോരോ മേഖലകളിൽ സംസ്കാരവും നാഗരികതയും ഉയർന്നുവരുന്നതും കാലക്രമേണ അത് നാശോന്മുഖമായി മറെറാരു മേഖല ഉയർന്നുവരുന്നതും നമുക്ക് കാണാൻ കഴിയും. ചരിത്രപരമായ കാരണങ്ങളാൽ അധോഗതിയിലാകുന്ന സംസ്കാരവും നാഗരികതയും അപ്പാടെ വ്യർഥമാകുന്നില്ല, അവയുടെ ഊർജവും ചൈതന്യവും അടുത്ത് ഉയരുന്ന മറെറാരു മേഖല സ്വാംശീകരിക്കുന്നതായി കാണാം. അങ്ങനെ ചില മേഖലകൾ മുന്നേറുമ്പോൾ മറ്റു മേഖലകൾ പിന്നിൽപെട്ടു പോകുന്നു. ഈ അസമമായ വികാസാവസ്ഥ ഇപ്പോഴും ലോകത്തിലുണ്ടെങ്കിലും മനുഷ്യരാശിയെ മുഴുവൻ ഉൾക്കൊള്ളുന്ന ലോകമാകെ ഒരുമിച്ച് മുന്നേറി അസമാവസ്ഥ പരിഹരിക്കാൻ കഴിയുമാറുള്ള വസ്തുനിഷ്ഠമായ സാഹചര്യങ്ങൾ ഇന്ന് മാനവരാശിക്ക് കൈവന്നിട്ടുണ്ട്. ഈ സാധ്യത സാക്ഷാത്കരിക്കാൻ അസമവികാസം അടിസ്ഥാന നിയമമായ മുതലാളിത്തത്തിന് കഴിയില്ല. വർഗങ്ങളും വർഗങ്ങളും തമ്മിലും രാഷ്ട്രങ്ങളും രാഷ്ട്രങ്ങളും തമ്മിലുമുള്ള അസമത്വവും ചൂഷക–ചൂഷിത ബന്ധവും അവസാനിപ്പിക്കുക ചരിത്രദൗത്യമായ സോഷ്യലിസത്തിനെ കഴിയു–ആഗോള വ്യാപകമായ സോഷ്യലിസ്റ്റ് പരിവർത്തനത്തിന്.

ഇന്നത്തെ അസമത്വാവസ്ഥയും ചൂഷക–ചൂഷിത വ്യവസ്ഥയും നിലനിറുത്തുന്ന സാമ്രാജ്യത്വ–മുതലാളിത്ത സംവിധാനത്തിന് ജൻമം നൽകിയ യൂറോപ്പുതന്നെയാണ് ലോക സമ്പദ് വ്യവസ്ഥയെ ആധുനികവൽകരിച്ച് ഏകീകരിച്ചതും ആഗോള സോഷ്യലിസ്റ്റ് പരിവർത്തനത്തിന് അടിത്തറപാകിയതും എന്ന വസ്തുത ചരിത്രത്തിലെ രസകരമായ വൈരുധ്യാത്മകതയാണ്. ഇതെങ്ങനെ സംഭവിച്ചു എന്നത് നമ്മുടെ പരിശോധനയിലെ മുഖ്യ ഇനമാണ്.

15–ാം നൂറാണ്ടിന്റെ ഉത്തരാർധത്തോടുകൂടി മധ്യകാലത്തി

ലെ ഫ്യൂഡലിസത്തിന്റെ (നാടുവാഴിത്തം) അധോഗതി ആരംഭിച്ചു. ആ ഘട്ടത്തിൽ ഇറ്റലിയിലാരംഭിച്ച് ഇതര യൂറോപ്യൻ രാഷ്ട്രങ്ങളിലേക്ക് വ്യാപിച്ച 'നവോത്ഥാനം' എന്ന ബൗദ്ധിക വിമോചന പ്രക്രിയ 15-ാം നൂറ്റാണ്ടിന്റെ അന്ത്യംതൊട്ട് തുടങ്ങി. ആഗോള വ്യാപക നാവിക സാഹസിക യാത്രകളും (കൊളമ്പസ് മുതലായവർ) 16-ാം നൂറ്റാണ്ടിന്റെ ആദ്യപാദത്തിൽ ആരംഭിച്ച ലൂഥറുടെ മതനവീകരണം (റെഫർമേഷൻ), 16-17 നൂറ്റാണ്ടിലെ കോപ്പർനിക്കസ് മുതൽ കെപ്ലർ, ഗലീലിയോ, ന്യൂട്ടൻ വരെയുള്ളവരുടെ നേതൃത്വത്തിൽ നടന്ന ഒന്നാം വൈജ്ഞാനിക വിപ്ലവം 18-ാം നൂറ്റാണ്ടിന്റെ ഫ്രഞ്ച് യുക്തിചിന്താ വികാസം, 16-ാം നൂറ്റാണ്ടിലെ നെതർലണ്ട് ബൂർഷ്വാവിപ്ലവം, 17-ാം നൂറ്റാണ്ടിലെ ഇംഗ്ലീഷ് വിപ്ലവം, 1776-ലെ അമേരിക്കൻ സ്വാതന്ത്ര്യ സമരം, ഇവയെ തുടർന്ന് 1789-ലെ മഹത്തായ ഫ്രഞ്ച് വിപ്ലവം- മൂന്ന് നൂറ്റാണ്ടുകാലത്തെ ഈ വിസ്ഫോടന പരമ്പരകളും തെളിയിക്കുന്നത് പരിവർത്തനങ്ങളും വിപ്ലവങ്ങളും ആകസ്മിക സംഭവങ്ങളോ പ്രകൃതി വിരുദ്ധ നടപടികളോ അല്ലെന്നും, മാനവസമൂഹ പുരോഗതിയുടെ സർവസാധാരണവും സ്വാഭാവികവുമായ പ്രക്രിയയാണെന്നുമല്ലേ?

ഇംഗ്ലണ്ടും റഷ്യയുമുൾപ്പെടെ യൂറോപ്പിലെ യാഥാസ്ഥിതിക രാഷ്ട്രങ്ങൾ ഫ്രഞ്ച് വിപ്ലവത്തെ നഖശിഖാന്തം എതിർക്കുകയും ഒടുവിൽ പ്രതിവിപ്ലവത്തിനുതന്നെ വഴിയൊരുക്കുകയും ചെയ്തെങ്കിലും ഫ്രഞ്ച് വിപ്ലവം യൂറോപ്യൻ രാഷ്ട്രീയ മുഖച്ഛായ ആകെ മാറ്റിമറിച്ചു. നാടുവാഴിത്തവും രാജാധിപത്യവും പൗരോഹിത്യവും അവരുടെ വാഴ്ച പല പ്രദേശങ്ങളിലും കുറെക്കാലത്തേക്കുകൂടി തുടർന്നെങ്കിലും അവയെ അപ്പാടേ നിർമാർജനം ചെയ്യാനുള്ള അരങ്ങൊരുങ്ങി. അവയെല്ലാം 19-ാം നൂറ്റാണ്ടിൽ പ്രതിരോധാവസ്ഥയിലായി. ഫ്രഞ്ച് വിപ്ലവം തൊടുത്തുവിട്ട പരിവർത്തനത്തിന്റെ ഇടിമുഴക്കം യൂറോപ്പിൽ മാത്രമല്ല ലാറ്റിനമേരിക്കയിലും ഏഷ്യയിലും എല്ലാം മാറ്റൊലിക്കൊണ്ടു. ആ മാറ്റൊലി കേട്ട് ലോകമാകെ കിരീടങ്ങൾ കിടിലംകൊണ്ടു. മാടമ്പിമാർ ഭയന്നുവിളറി.

ഫ്രഞ്ച് വിപ്ലവവും അതോടൊപ്പം ശക്തിയാർജിച്ച ഇംഗ്ലീഷ് വ്യാവസായിക വിപ്ലവവും ചേർന്ന് യൂറോപ്പിനെ ലോകാധിപത്യത്തിലേക്ക് ഉയർത്തി. പിന്നീട് 1917 വരെ യൂറോപ്യൻ ശക്തികൾക്ക് വെച്ചടി വെച്ചടി കടന്നുകയറാമായിരുന്നു.

ഈ യൂറോ കേന്ദ്രീകൃത ചൂഷക സംവിധാനത്തിന്റെ അന്ത്യത്തിന്റെ ആരംഭം കുറിച്ചുകൊണ്ട് മാനവിക സമത്വത്തിന്റെയും സാർവദേശീയ സമവികാസത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും കൊടി ഒക്ടോബർ 26-ാം തിയതി (പുതിയ കലണ്ടർ സമ്പ്രദായ

പ്രകാരം നവംബർ 7–ാം തിയതി) ബോംഷെവിക് പാർടിയും ലെനിനും ഉയർന്നു. പിന്നീടിന്നോളമുള്ള ലോകചരിത്രം ലോക വിമോചനത്തിന്റെയും സോഷ്യലിസത്തിന്റെയും ജൈത്രയാത്രയുടേതാണ്. ഗൊർബച്ചേവ്—യെൽട്സിൻ പ്രതിവിപ്ലവം ഈ പ്രക്രിയയെ താൽകാലികമായി മന്ദീഭവിപ്പിച്ചിട്ടുണ്ട്, എങ്കിലും ചരിത്രത്തിന്റെ തേരുരുൾ പുറകോട്ടു തിരിയുന്ന പ്രശ്നമില്ല.

ശാസ്ത്ര–സാങ്കേതിക പുരോഗതിയും നാടുവാഴിത്തത്തകർച്ചയും അതോടൊപ്പമുള്ള ബൂർഷ്വാ ജനാധിപത്യ വികാസവും വ്യാവസായിക വിപ്ലവവും അതുമൂലം ഉളവായ ഏകലോക വ്യവസ്ഥയും—ഇതെല്ലാം ഉൾകൊള്ളുന്ന ആധുനിക യുഗത്തിന്റെ ആരംഭം എന്നുതൊട്ടാണ്? ഇതേ സംബന്ധിച്ച് ചരിത്രകാരൻമാരുടെ ഇടയിൽ ഗുരുതരം എന്ന് വിശേഷിപ്പിക്കാവുന്ന അഭിപ്രായഭിന്നതകളില്ലെങ്കിലും അവരുടെ പദപ്രയോഗങ്ങളിലും കൈകാര്യ ശൈലിയിലും വ്യത്യാസമുണ്ട്. 1450–ാം ആണ്ടു മുതൽ 1789–ൽ ഫ്രഞ്ചുവിപ്ലവം ആരംഭിക്കുന്നതുവരെയുള്ള പ്രധാന സംഭവങ്ങൾ എണ്ണിപ്പറഞ്ഞുവല്ലോ–അച്ചടി, ലോക നാവിക സാഹസിക യാത്രകൾ, കണ്ടുപിടുത്തങ്ങൾ തുടങ്ങിയവ. പൊതുവെ നവോത്ഥാനം മുതൽ ഫ്രഞ്ചുവിപ്ലവം വരെയുള്ള ഈ കാലയളവിനെ മധ്യകാലങ്ങളുടെ മൂന്നാമത്തെതും അവസാനത്തെതും ആയ ഘട്ടമെന്ന് കണക്കാക്കുന്നവരുണ്ട്. ആധുനിക യുഗത്തിന്റെ ആരംഭഘട്ടമായി കാണുന്നവരുമുണ്ട്.

ഏതായാലും ഒരു കാര്യത്തിൽ എല്ലാവർക്കും യോജിപ്പാണ്. 15–ാം നൂറ്റാണ്ടിന്റെ ഉത്തരാർധം മധ്യകാലത്തിന്റെ അന്ത്യത്തിന്റെ ആരംഭമോ മധ്യകാലത്തിന് ശേഷമുള്ള ആധുനിക യുഗത്തിന്റെ ആരംഭമോ ആയിരുന്നു എന്ന കാര്യത്തിൽ. മധ്യകാല വ്യവസ്ഥയുമായി ആധുനിക കാലത്ത് വിവിധ രംഗങ്ങളിലുണ്ടായ ഉരസലുകളും ഏറ്റുമുട്ടലുകളും ഉച്ചകോടിയിലെത്തി ഒപാട്ടത്തെഴിച്ചത് 1789–ലെ ഫ്രഞ്ചുവിപ്ലവത്തോടെയാണ്. അതിന്റെ അർഥം 1789 ഓടുകൂടി നാടുവാഴിത്തം സാർവത്രികമായി നിർമാർജനം ചെയ്യപ്പെട്ടു എന്നല്ല. പല യൂറോപ്യൻ രാഷ്ട്രങ്ങളിലും പ്രതിവിപ്ലവത്തെ തുടർന്ന് രാജാധിപത്യം പുനഃസ്ഥാപിക്കപ്പെടുകയുണ്ടായി. നാടുവാഴിത്തത്തെ പുനരുജ്ജീവിപ്പിക്കാൻ ശ്രമം നടക്കുകയും ചെയ്തു. യൂറോപ്പിനപ്പുറത്ത് ഏഷ്യയിലും ലാറ്റിനമേരിക്കയിലുമാകട്ടെ ഫ്രഞ്ചുവിപ്ലവം കഴിഞ്ഞ രണ്ട് നൂറ്റാണ്ടിലേറെ പിന്നിട്ടിട്ടും നാടുവാഴിത്തം പൂർണമായി തകരാതെ ബൂർഷ്വാ വർഗവുമായി പൊരുത്തപ്പെട്ട് ഭാഗികമായി തുടരുന്നുണ്ടുതാനും. എന്നാൽ 1789–നെ തുടർന്ന് അടിസ്ഥാനപരമായി ഫ്രാൻസുപോലെയുള്ള പടിഞ്ഞാറൻ യൂറോപ്പിലും അവ മുഖേന ലോകമൊട്ടാകെയും ബൂർഷ്വാ വർഗത്തിന് മേൽകോയ്മ ലഭിച്ചു. നാടു

വാഴിത്താവശിഷ്ടങ്ങളും പല മേഖലകളിലും തുടർന്നത് ബൂർഷ്വാ വർഗവുമായി പൊരുത്തപ്പെട്ടും ബൂർഷ്വാ ഭരണത്തിന് കീഴ്വഴങ്ങിക്കൊണ്ടുമായിരുന്നു. ഫ്രഞ്ച് ബൂർഷ്വാസിതന്നെ വിജയത്തിനുശേഷം തൊഴിലാളിവർഗത്തിനും ഇടത്തരക്കാർക്കും എതിരെ നാടുവാഴിത്താവശിഷ്ടങ്ങളുമായി സന്ധി ചെയ്തതായി കാണാം. ഫ്രഞ്ച് വിപ്ലവത്തിന്റെ കാൽപാടുകളും പിന്തുടർന്ന് നടന്നതും ഇനിയങ്ങോട്ട് പരാമർശിക്കുവാൻ പോകുന്നതുമായ യൂറോപ്യൻ വിപ്ലവങ്ങളുടെ പരാജയത്തിന് കാരണവും ഈ അവിഹിത ബൂർഷ്വാ—നാടുവാഴി വേഴ്ച തന്നെ. അതുകൊണ്ട് ബൂർഷ്വാ വർഗത്തിന്റെയും ഫ്രഞ്ച് വിപ്ലവത്തിന്റെയും ചരിത്രദൗത്യമായിരുന്ന നാടുവാഴിത്ത നിർമാർജനവും ജനാധിപത്യ പൂർത്തീകരണ പ്രക്രിയയും തൊഴിലാളിവർഗത്തിനേറെറടുക്കേണ്ടിവന്ന കഥയാണ് 19—ാം നൂറ്റാണ്ടിലെയും 20—ാം നൂറ്റാണ്ടിലെയും സാമൂഹ്യ വിപ്ലവകഥ.

## II

വിശപ്രശസ്ത ബ്രിട്ടീഷ് ചരിത്രകാരനായ എറിക് ഹോബ്സ് ബോം ഈ ലേഖനത്തിൽ ചുരുക്കമായി പ്രതിപാദിക്കുന്ന കാലയളവിനെക്കുറിച്ച് മൂന്ന് പുസ്തകങ്ങളും എഴുതിയിട്ടുണ്ട്. വളരെ ഏറെ ജനപ്രീതി നേടിയ ഈ പുസ്തകങ്ങളും എത്ര പതിപ്പുകളാണ് വിറഴിഞ്ഞത് എന്ന് കണക്കുകൂട്ടാൻ പ്രയാസം —വിവിധ ഭാഷകളിലായി. ആ പുസ്തക പരമ്പരയുടെ കാലനിർണയം തന്നെ നമ്മുടെ കാലയളവിനെക്കുറിച്ച് ഏകദേശ രൂപം തരും.

അതിലൊന്നാമത്തെ പുസ്തകത്തിന്റെ പേര് *വിപ്ലവയുഗം 1789—1848*. ഫ്രാൻസ് കേന്ദ്രീകരിച്ചു നടന്ന രാഷ്ട്രീയ വിപ്ലവവും ഇംഗ്ളണ്ട് കേന്ദ്രീകരിച്ചു നടന്ന വ്യാവസായിക വിപ്ലവവും ചേർന്ന 'ഇരട്ട വിപ്ലവം'. യൂറോപ്പിനെ ലോക പുരോഗതിയുടെ മുൻപന്തിയിലേക്കും സർവാധിപത്യത്തിലേക്കും എത്തിച്ച ഐതിഹാസിക പ്രതിഭാസമാണ് ഇരട്ട വിപ്ലവം, അതിനുമുമ്പ് 15—ാം നൂറ്റാണ്ടിന്റെ ഉത്തരാർധത്തിലെ ചരിത്രസംഭവങ്ങൾതൊട്ട് 18—ാം നൂറ്റാണ്ടിലെ 'എൻലൈറൻമെൻറ്' കാലം വരെയുള്ള സംഭവപരമ്പരകളെല്ലാം. 1848—ൽ നിർണായക വിജയത്തിലെത്താത്ത യൂറോപ്യൻ ബൂർഷ്വാ വിപ്ലവത്തോടെ ബൂർഷ്വാസിയുടെ അധീരതയും വഞ്ചനയും കാരണം പരാജയപ്പെട്ട വിപ്ലവത്തോടെ ഈ ഇരട്ട വിപ്ലവത്തിന്റെ യുഗം അവസാനിക്കുന്നു.

അടുത്ത ഘട്ടത്തിനും പുസ്തകത്തിനും ഹോബ്സ് ബോം പേർ നൽകിയിരിക്കുന്നത് *മൂലധനത്തിന്റെ യുഗം 1848—1875* എന്നാണ്. 1848—ലെ വിപ്ലവത്തോടെ ലോക പുരോഗതിയുടെ മുന്നണി പടയാളികൾ എന്ന നിലയിലുള്ള ബൂർഷ്വാസിയുടെ ചരിത്രദൗത്യം അവസാനിക്കുകയാണ്. അതിനു ശേഷവും ഇന്ന്

മൂന്നാംലോകം എന്ന് വിളിക്കുന്ന ഏഷ്യൻ ആഫ്രിക്കൻ ലാറ്റിനമേരിക്കൻ മേഖലകളിൽ ബൂർഷ്വാ നേതൃത്വത്തിലുള്ള വിമോചന സമരങ്ങൾ നടന്നിട്ടുണ്ട്. എങ്കിലും ലോകവിപ്ലവത്തിന്റെയും പുരോഗതിയുടെയും ചുക്കാൻ മറ്റൊരു വർഗത്തിന്റെ കൈകളിലേക്ക് മന്ദം മന്ദം മാറുകയാണ്. വ്യവസായ വിപ്ലവം ജൻമം നൽകിയ ബൂർഷ്വാസിയോടൊപ്പം ജൻമംകൊണ്ട വ്യാവസായിക തൊഴിലാളിവർഗം—പ്രോലിറ്റേറിയറ്റ്. 1789—ലെ ഫ്രഞ്ച് വിപ്ലവത്തിൽത്തന്നെ പ്രഥമ കമ്യൂണിസ്റ്റ് എന്ന് മാർക്സിനാൽ പ്രകീർത്തിതനായ ഗ്രാക്കസ് ബേബ്യൂഫിന്റെ ശബ്ദത്തിലൂടെ ഈ പുതിയ വിപ്ലവ വർഗം അതിന്റെ രാഷ്ട്രീയ കാഹളം മുഴക്കിയെങ്കിലും 1848—ൽ മാത്രമാണ് ഈ വർഗത്തിന് ഒരു ലക്ഷ്യ പ്രഖ്യാപന—കർമ പരിപാടി രേഖയുണ്ടായുള്ളു. ജർമൻ നഗരമായ കൊളോൺ കേന്ദ്രമായി പ്രവർത്തിച്ചുപോന്ന 'കമ്യൂണിസ്റ്റ് ലീഗ്' എന്ന സാർവദേശീയതൊഴിലാളിവിപ്ലവ സംഘടനയുടെ സമഗ്ര വിജ്ഞാപനമായ *കമ്യൂണിസ്റ്റ് മാനിഫെസ്റ്റോ*. ഇതിനകം ഇംഗ്ളണ്ടിലും ഫ്രാൻസിലും ജർമനിയിലും പ്രാഥമിക രൂപത്തിൽ ജൻമംകൊണ്ടുകഴിഞ്ഞ തൊഴിലാളിവർഗ സംഘടനകളും അവരുടെ പ്രക്ഷോഭവും സാങ്ട് സിമോൺ, ഫൂറിയെ, റോബർട് ഓവൻ തുടങ്ങിയവരുടെ ജീവകാരുണ്യപരമായ സോഷ്യലിസ്റ്റ് ആശയങ്ങളും ആണ് യുവാക്കളായിരുന്ന 30 കാരൻ കാൾ മാർക്സിനും 28 കാരൻ ഫ്രെഡറിക് എംഗൽസിനും ഈ *മാനിഫെസ്റ്റോ* രചിക്കാൻ പ്രചോദനവും കരുക്കളും നൽകിയത്. തുടർന്നങ്ങോട്ട് തൊഴിലാളി വർഗത്തിന്റെ ആശയ സമരങ്ങളും സംഘടിത സമരങ്ങളും ബൂർഷ്വാസിയുടെ മൂലധന സമാഹരണവും മത്സരിച്ച് മുന്നേറുകയാണ്.

മാർക്സിന്റെയും എംഗൽസിന്റെയും പ്രധാന കൃതികളെല്ലാം (*മൂലധനം* 1867) ഈ കാലയളവിൽ രചിക്കപ്പെട്ടു. 1851 ഓടുകൂടി യൂറോപ്യൻ ബൂർഷ്വാ ഭരണകൂടങ്ങൾ തകർതെറിഞ്ഞ കമ്യൂണിസ്റ്റ് ലീഗിന്റെ സ്ഥാനത്ത് 1864—ൽ ഒന്നാം ഇന്റർനാഷണൽ എന്ന പേരിൽ പിൽകാലത്ത് പേരുകേട്ട ഇന്റർനാഷണൽ വർകിംഗ് മെൻസ് അസോസിയേഷൻ സ്ഥാപിക്കപ്പെട്ടു. അതിനകത്ത് മാർക്സും എംഗൽസും പ്രതിനിധീഭവിച്ച ശാസ്ത്രീയ സോഷ്യലിസ്റ്റ് ചിന്താഗതിയും വിവിധതരം അരാജക—പെറ്റി ബൂർഷ്വാ ചിന്താഗതികളുമായി നടന്ന പോരാട്ടത്തിൽ ശാസ്ത്രീയ സോഷ്യലിസത്തിന് നിർണായക വിജയം ലഭിച്ചു.

ഈ കാലഘട്ടത്തിന്റെ ഉച്ചകോടിയാണ് 1871—ലെ പാരീസ് കമ്യൂൺ എന്ന പേരിൽ അറിയപ്പെടുന്ന പ്രഥമ തൊഴിലാളിവർഗ വിപ്ലവം. തൊഴിലാളിവർഗം പിടിച്ചെടുത്ത അധികാരം മൂന്നുമാസത്തോളമേ തുടരാൻ കഴിഞ്ഞുള്ളു. അതിനകം ഫ്രഞ്ച് പിന്തിരിപ്പൻ ഭരണാധികാരികളും യൂറോപ്യൻ ഇരുശക്തികളും ചേർന്

അതിനെ രക്തത്തിൽ മുക്കിക്കൊന്നു എങ്കിലും ഫ്രഞ്ച് വിപ്ലവത്തിൽ നിന്നും വ്യത്യസ്തമായ, അതേസമയം ബൂർഷ്വാസി കൈവെടിഞ്ഞ അതിന്റെ ഉത്തമാംശങ്ങളെ ഉൾക്കൊള്ളുന്ന പുതിയൊരു വിപ്ലവത്തിന്റെ—തൊഴിലാളിവർഗ നേതൃത്വത്തിലുള്ള സോഷ്യലിസ്റ്റ് വിപ്ലവത്തിന്റെ—പാത മലർക്കെ തുറന്നു. അതോടുകൂടി വ്യവസായ വിപ്ലവവും ബൂർഷ്വാ ജനാധിപത്യ വിപ്ലവവും വഴിത്തിരിവിലെത്തി. മറ്റൊരു യുഗപ്പിറവിയായായി.

ഈ യുഗത്തിന് 'സാമ്രാജ്യത്വയുഗം 1875–1914' എന്നാണ് ഹോബ്സ് ബോം നാമകരണം ചെയ്തിട്ടുള്ളത്. ലോകമുതലാളിത്തം സകലമാന പുരോഗമന ഭാവങ്ങളും കൈവെടിഞ്ഞ് കുത്തകമുതലാളിത്തമാവുകയും സാമ്രാജ്യത്വമാവുകയും അങ്ങനെ 1871—ൽ ആരംഭിച്ച സോഷ്യലിസ്റ്റ് വിപ്ലവത്തിന്റെ വ്യാപനത്തിനും വിജയത്തിനും കളമൊരുങ്ങുകയും ചെയ്ത യുഗം. മാർക്സും (1818–83) എംഗൽസും (1820–95) കാലയവനികക്കുള്ളിൽ മറയുകയും പുതിയ ആഗോള സോഷ്യലിസ്റ്റ് നേതാക്കൾ—മിതവാദിയായ കൗത്സ്കിയും ബെൺസ്റ്റീനിയനും മുതൽ മാർക്സിസ്റ്റുകാരായ പ്ലഹാനോവും ലെനിനും വരെ ഉയർന്നുവരികയും ചെയ്ത യുഗം. 1917 ലെ ഒക്ടോബർ സോഷ്യലിസ്റ്റ് വിപ്ലവ വിജയത്തിന് കളമൊരുക്കിക്കൊണ്ട് ഒന്നാം സാമ്രാജ്യത്വയുദ്ധം (1914–18) ആരംഭിക്കുന്നതോടെ അവസാനിക്കുന്ന സാമ്രാജ്യത്വയുഗം ആണിത്.

ഫ്രാൻസ് കേന്ദ്രീകരിച്ചുനടന്ന രാഷ്ട്രീയ വിപ്ലവത്തെയും ഇംഗ്ലണ്ട് കേന്ദ്രീകരിച്ചുനടന്ന വ്യാവസായിക വിപ്ലവത്തെയും കൂട്ടിയിണക്കി 'ഇരട്ടവിപ്ലവം' എന്ന് നാം വ്യവഹരിക്കുന്ന കാലയളവിന്റെ പ്രാധാന്യംവ്യക്തമാക്കാൻ ഹോബ്സ് ബോം കുറെ പദങ്ങൾ ഉദാഹരിക്കുന്നു. പലപ്പോഴും ചരിത്രരേഖകളെക്കാൾ ഉച്ചൈസ്തരം ഒരു കാലയളവിനെക്കുറിച്ച് സാക്ഷ്യപ്പെടുത്തുന്നത് വാക്കുകളാണെന്ന് അദ്ദേഹം ഓർമിപ്പിക്കുന്നു. ഇരട്ടവിപ്ലവത്തിന്റെ കാലത്ത് (1789–1848) പുതുതായി രൂപം കൊള്ളുകയോ ഇന്ന് നിലവിലുള്ള അർഥം കൈവരുകയോ ചെയ്ത ഇപ്പറയുന്ന കുറെ വാക്കുകൾ ശ്രദ്ധിക്കുക: 'ഇൻഡസ്ട്രി' (വ്യവസായം), ഇൻഡസ്ട്രിയലിസ്റ്റ്' (വ്യവസായി), 'ഫാക്ടറി', 'മിഡിൽക്ലാസ്' (മധ്യവർഗം), 'വർക്കിംഗ് ക്ലാസ്' (തൊഴിലാളിവർഗം), 'ക്യാപ്പിറ്റലിസം' (മുതലാളിത്തം), 'സോഷ്യലിസം', 'അരിസ്റ്റോക്രസി' (പ്രഭുവർഗം), 'റെയിൽവെ', 'ലിബറൽ' (ഉൽപതിഷ്ണു) 'നാഷണാലിറ്റി', 'സയൻറിസ്റ്റ്', 'എഞ്ചിനീയർ', 'ജേർണലിസം', 'സ്ട്രൈക്ക്', 'ക്രൈസിസ്' എന്നിത്യാദി. ഈ വാക്കുകൾ കൂടാതെ ഇന്ന് എന്തെങ്കിലും വിഷയത്തെക്കുറിച്ച് ഒരു ഖണ്ഡികയെങ്കിലും എഴുതാൻ കഴിയുമോ? സമൂഹത്തിന്റെ

പ്രവർത്തനങ്ങളിലും മനുഷ്യരുടെ സങ്കൽപനങ്ങളിലും സംവാദങ്ങളിലും വന്ന വികാസസീമകളുടെയും മാറ്റം മറിച്ചിലുകളുടെയും തെളിവാണിവ.

ഇവയിൽ ചില വാക്കുകൾ മുമ്പിനാലെ ഉണ്ടായിരുന്നു. എന്നാൽ അവയ്ക്ക് ഇന്നത്തെ അർഥംവാർന്നുവീണത് ഈ കാലയളവിലാണ്. ഉദാഹരണം ഇൻഡസ്ട്രി അഥവാ വ്യവസായം. ഇംഗ്ലീഷിലും സംസ്കൃതത്തിലും അതുവഴി മലയാളത്തിലും ഈ വാക്കിന്റെ മുമ്പത്തെ അർഥം പരിശ്രമം എന്നായിരുന്നു. 'ഇൻഡസ്ട്രിയസ്' എന്ന വാക്കിന് ആ പഴയ അർഥം ഇപ്പോഴും അവശേഷിക്കുന്നു. ഈ വാക്കുകളോ അവയുടെ തൽസമങ്ങളോ മലയാളത്തിൽ പ്രയോഗത്തിൽവന്നത് പിന്നെയും ഒരു നൂറുവർഷത്തിനു ശേഷമാണ് എന്നത് നമ്മുടെ സാമൂഹ്യ–വൈജ്ഞാനിക വിളംബത്തെ സൂചിപ്പിക്കുന്നു. 1922–ൽ പ്രസിദ്ധീകരിച്ച *ശബ്ദതാരാവലി*യിൽ പോലും 'വ്യവസായ'ത്തിനു ഇന്നു നടപ്പിലുള്ള അർഥം പ്രധാനമായി സൂചിപ്പിച്ചിട്ടേയുള്ളു. പരിശ്രമം തുടങ്ങിയ മറ്റർഥങ്ങൾകാണ് മുൻഗണന.

ദൂരവ്യാപക ഫലങ്ങൾ ഉളവാക്കുന്ന ചരിത്ര സംഭവങ്ങളുടെ കൃത്യമായ തുടക്കം കുറിക്കുക ദുഷ്കരമാണ്. സംഭവങ്ങൾ പലപ്പോഴും കാര്യകാരണ ബന്ധിതമായ ഒരു ശൃംഖലയാണ്. അതിലേതു കണ്ണി തുടക്കം, ഏത് കണ്ണി ഒടുക്കം എന്ന് നിർണയിക്കുക ദുഷ്കരമാണെന്നു മാത്രമല്ല ചിലപ്പോൾ അസംബന്ധവുമായി വരും. എങ്കിലും പഠന സൗകര്യത്തിനുവേണ്ടി ചില വേർപാടുകളും തിയതി നിർണയവും കൂടിയേ തീരു. അങ്ങനെ നോക്കുമ്പോൾ ഇരട്ട വിപ്ലവത്തിലെ വ്യവസായ വിപ്ലവ ഘടകത്തിന് അൽപം പഴക്കം കൂടും.

ഒന്നാം വൈജ്ഞാനിക വിപ്ലവത്തിനു നേതൃത്വം നൽകിയ കോപ്പർ നിക്കസ്, കെപ്ലർ, ഗലീലിയൊ, ന്യൂട്ടൻ തുടങ്ങിയവർ അറിവിലും ബുദ്ധിസാമർഥ്യത്തിലും അതിപ്രഗത്ഭൻമാരായിരുന്നു–സർവകലാശാലാ തലത്തിൽ അത്യുന്നത വിദ്യാഭ്യാസം നേടിയവർ. എന്നാൽ വ്യാവസായിക വിപ്ലവത്തിനടിത്തറ പാകിയ ഇതിഹാസ നായകരാകട്ടെ സാധാരണ കൈവേലക്കാരും, മെക്കാനിക്കുകളും, വെൽഡർമാർ, ടേണർമാർ എന്നിങ്ങനെയുള്ള വിഭാഗങ്ങളിൽപെടുന്ന താഴ്ന്നതരം ജീവനക്കാരും ആയിരുന്നു. 1763–ൽ ആവിയന്ത്രത്തിനു ആദ്യമായി രൂപം നൽകിയ ജെയിംസ് വാട്ട് (1763–1819) ഗ്ലാസ്ഗോ സർവകലാശാലക്ക് യന്ത്രോപകരണങ്ങൾ (സ്ക്രൂഡ്രൈവർ, സ്പാനർ, കത്തി) മുതലായ ലളിതോപകരണങ്ങൾ കരുവാൻമാരെപ്പോലെ തീർത്തുകൊടുക്കുന്ന ഒരു നിസാര ജീവനക്കാരൻ മാത്രമായിരുന്നു. അതുപോലെ തകിടിയും, ചർക്കയും കൈത്തറിയും മാറി നൂൽ നൂൽപ്പയന്ത്രങ്ങളും യന്ത്ര

ത്തറികളും മററുമാക്കിയ ജെയിംസ് ഹാർഗ്രീവ്സ് (മ. 1778) റിച്ചാർഡ് ആർക്ക്റൈററ് (1732–92), ഇവർ രണ്ടുപേരുടെയും കണ്ടുപിടുത്തങ്ങളെ കൂട്ടിയിണക്കി ബ്രിട്ടനിലെ പരുത്തി–കമ്പിളി വ്യവസായത്തെ ലോകോത്തരമാക്കിയ സാമുവൽ ക്രോംപ്ടൻ (1753–1827) എന്നിവരെല്ലാം സാധാരണ കൈവേലക്കാരും എളിയ മെക്കാനിക്കുകളും മാത്രമായിരുന്നു.

ആവിയന്ത്രങ്ങളാണ് ആദ്യം കൽക്കരി ഖനികളിൽ നിന്ന് വെള്ളം പുറത്തേക്കടിക്കാനും പിന്നെ ഇരുമ്പയിര് ഉരുക്കുന്ന ഉല ഊതിത്തീ ജ്വലിപ്പിക്കാനുമാണ് ഉപയോഗിച്ചത്. അങ്ങനെ കൽക്കരി ഖനനവും ഇരുമ്പു നിർമാണവും അനായാസമാവുകയും ബ്രിട്ടനിലെ ഏററവും വലിയ വ്യാപാര–വ്യവസായ ചരക്കായ തുണി നിർമാണം ഊർജിതപ്പെടുകയും ചെയ്തതോടെ വ്യാവസായിക വിപ്ലവത്തിന്റെ അടിത്തറ പാകി. കമ്പിളിനെയ്ത്ത് ഊർജിതപ്പെട്ടപ്പോൾ അതിനാവശ്യമായ കമ്പിളി ഉണ്ടാക്കാനുള്ള ചെമ്മരിയാടുവളർത്തൽ വ്യാപകമായി. പണ്ട് പാവപ്പെട്ട ഗ്രാമീണർ നടത്തിയിരുന്ന ചെമ്മരിയാട് കൃഷി പ്രമാണിമാരും ജൻമിമാരും ഏറ്റെടുത്തു. അവർ അതിനായി പൊതു ഉപയോഗത്തിലിരുന്ന ഗ്രാമീണ മേച്ചിൽസ്ഥലങ്ങൾ ബലമായി വളഞ്ഞുകെട്ടി പാവപ്പെട്ട ഗ്രാമീണരെ വഴിയാധാരമാക്കി. ഉപജീവനമാർഗങ്ങൾ അടഞ്ഞ ഗ്രാമീണർ അനാഥരായി പുതുതായി വളർന്നുവന്ന ഖനന–വ്യവസായ നഗരങ്ങളിലേക്ക് ഇരച്ചുകയറിയപ്പോൾ വ്യവസായികൾക്ക് ചെലവു കുറച്ച് ആവശ്യത്തിന് തൊഴിലാളികളെ ലഭിച്ചു. വ്യവസായങ്ങൾ വളരുകയും നഗരങ്ങൾ പെരുകുകയും ചെയ്തപ്പോൾ ഉടമകൾ തൂണുപോലെ ഉയരുകയും തൊഴിലാളികൾ തുരുമ്പുപോലെ നരകിക്കുകയും ചെയ്തു. നഗരപ്രാന്തങ്ങൾ ചേരി പ്രദേശങ്ങളായി. പണ്ടത്തെ ജൻമി–കുടിയാൻ ഭേദം പുതിയമുതലാളി–തൊഴിലാളി വൈരുധ്യമായി രൂക്ഷമായ വർഗസമരത്തിന് വഴിതുറന്നു. ബ്രിട്ടനിലാരംഭിച്ച വ്യാവസായിക വിപ്ലവം അധികം താമസിയാതെ യൂറോപ്യൻ രാഷ്ട്രങ്ങളിലേക്കും സാമ്രാജ്യ യുഗത്തോടെ അവ കോളനികളിലേക്കും വ്യാപിച്ചു.

ഫ്രഞ്ച് വിപ്ലവത്തിന്റെ ആഗോള വ്യാപകമായ പ്രത്യാഘാതങ്ങൾ ഉളവാകാൻ വ്യവസായ വിപ്ലവത്തിന്റെയത്രപോലും സമയം വേണ്ടിവന്നില്ല. വിപ്ലവങ്ങൾ എത്രയോ അതിനുമുമ്പും ഉണ്ടായിട്ടുണ്ട്. നാം പരാമർശിച്ചു കഴിഞ്ഞ ഡച്ചുവിപ്ലവം (1506–1609) ഇംഗ്ലീഷ് വിപ്ലവം (1642–1660) അമേരിക്കൻ സ്വാതന്ത്ര്യ യുദ്ധം തുടങ്ങി ഡസൻ കണക്കിന് വൻ വിപ്ലവങ്ങൾ ഫ്രഞ്ച് വിപ്ലവത്തിന് മുമ്പും പിമ്പും നടന്നിട്ടുണ്ട്. അവയൊക്കെ വളരെ പ്രധാനപ്പെട്ടവതന്നെ. എന്നാൽ 1917–ലെ ഒക്ടോബർ സോഷ്യലിസ്റ്റ് വിപ്ലവത്തിന് മുമ്പ് ഇത്രയേറെ

മനുഷ്യരാശിയുടെ ചിന്തയിലും ജീവിതത്തിലും സ്വാധീനം ചെലുത്തിയ മറെറാരു വിപ്ലവം ഉണ്ടായിട്ടില്ല.

ഒരു ഭൂഖണ്ഡത്തിൽ നടക്കുന്ന സംഭവങ്ങൾ മറെറാരു ഭൂഖണ്ഡത്തിലെത്താൻ മാസങ്ങൾ വേണ്ടിവന്ന അക്കാലത്തും ഫ്രഞ്ച് വിപ്ലവത്തിന്റെ അലകൾ ലാററിനമേരിക്കയിലും ഏഷ്യയിലും അടിച്ചിരുന്നു. യൂറോപ്യൻ രാഷ്ട്രങ്ങളെയെല്ലാം കീഴ്മേൽ മറിച്ചതിന് പുറമെയാണിത്.

ഫ്രഞ്ച്വിപ്ലവ യുദ്ധങ്ങൾ നടന്നുകൊണ്ടിരുന്നകാലത്ത് (1790 കളിൽ) ബ്രിട്ടീഷുകാർകെതിരെ പടവെട്ടാൻ വിപ്ലവ ഫാൻസിന്റെ സഹായം തേടിയ മൈസൂറിലെ ടിപ്പുസുൽത്താൻ ഫ്രഞ്ച്വിപ്ലവദിനം ഇന്ത്യയിൽ ആഘോഷിക്കുകയുണ്ടായി. ഫ്രഞ്ച് വിപ്ലവയുദ്ധങ്ങളെല്ലാം തീർന്ന് പിന്തിരിപ്പൻമാർ കൊടികുത്തി വാഴ്ച നടത്തുമ്പോൾ 1830—ൽ ഇംഗ്ലണ്ട് സന്ദർശിച്ച ഇന്ത്യൻ നവോത്ഥാന പിതാവ് രാജാറാം മോഹൻ റോയ് ഫ്രാൻസ് സന്ദർശിച്ച് ഫ്രഞ്ച് വിപ്ലവാദർശങ്ങളോട് ആദരവ് പ്രകടിപ്പിക്കാൻ മറന്നില്ല. ലാററിനമേരിക്കയിൽ സ്പാനിഷ് തേർവാഴ്ചക്കെതിരെ 1808—ൽ സൈമൺ ബൊളിവറുടെ നേതൃത്വത്തിൽ ആരംഭിച്ച വിമോചന പോരാട്ട പരമ്പരയുടെ പ്രചോദന കേന്ദ്രവും വിപ്ലവ ഫ്രാൻസായിരുന്നു.

കുറെക്കൂടി വൈകിയ വേളയിൽ തുർക്കിയിലും ഇററലിയിലും മററും ആരംഭിച്ച വിമോചന സമരങ്ങൾക് പുറകിൽ ഫ്രഞ്ച് ആദർശങ്ങൾ ശക്തിമത്തായിരുന്നു. ഈ നൂററാണ്ടിൽ പുരോഗമനവാദികളെയും വിപ്ലവകാരികളെയും റഷ്യൻ ഭല്ലാളം എന്നൊക്കെ ആക്ഷേപിക്കുന്ന മാതിരി കഴിഞ്ഞ നൂററാണ്ടിൽ ഫ്രഞ്ചുചാരനെന്നും മററും വിളിക്കുക പതിവായിരുന്നു. ഫ്രഞ്ചുകാരെ അനുകരിക്കലും ഫ്രഞ്ച് ഭാഷ സംസാരിക്കലും അക്കാലത്ത് പുരോഗമനവാദികളുടെ ഇടയിൽ ഒരു ഫാഷൻ പോലും ആയിത്തീർന്നിരുന്നു. ഫ്രഞ്ചുവിപ്ലവം ബൂർഷ്വാസിയുടെ നേതൃത്വത്തിൽ ബൂർഷ്വാ വാഴ്ച സ്ഥാപിക്കാനായിരുന്നു. സോഷ്യലിസ്ററ് വിപ്ലവമാകട്ടെ തൊഴിലാളികളുടെ നേതൃത്വത്തിൽ ബൂർഷ്വാ വാഴ്ചയെ നിർമാർജനം ചെയ്യാൻ. എങ്കിലും സോഷ്യലിസ്ററ് വിപ്ലവത്തെ ഫ്രഞ്ച്വിപ്ലവത്തിന്റെ കാലഹരണപ്പെടാത്ത ആദർശങ്ങൾ പൂർത്തീകരിക്കാനും വ്യാപിപ്പിക്കാനുമായുള്ള സംരംഭമായി, ജനാധിപത്യത്തെ അർഥപൂർണവും പ്രായോഗികവുമാക്കാനുള്ള അടുത്ത നടപടിയായി, മാർക്സും ലെനിനും മററും വിശദീകരിച്ചിട്ടുണ്ട്.

ഇങ്ങനെയൊക്കെയാണെങ്കിലും ഫ്രഞ്ച്വിപ്ലവം ഹ്രസ്വകാല വീക്ഷണത്തിൽ ഒരു പരാജയമായിരുന്നു എന്ന് വാദിക്കാൻ കാരുക്കൾ കുറവല്ല—1789 ജൂലായ് 14—ാം തിയതി ബാസ്തീയ് എന്ന

ഫ്യൂഡൽ തടവുകോട്ട പ്രക്ഷുബ്ധരായ ജനങ്ങൾ വളഞ്ഞ് തകർക്കുന്നതോടെ ആരംഭിച്ച ഫ്രഞ്ച് വിപ്ലവം 1793 ജനുവരി 21-ാം തിയതി രാജാവ് ലൂയി 16-ാമനെ ഗില്ലറിൻ ചെയ്യുന്നതുവരെ കുതിച്ച് മുന്നേറുകയായിരുന്നു. 1791-ൽ തൊഴിലാളി സംഘടനകളെ നിരോധിക്കുക മുതലായ പിന്തിരിപ്പൻ നടപടികളും കൈക്കൊണ്ടെങ്കിലും പള്ളികളുൾപ്പെടെ സകല ഭൂവുടമകളുടെയും ഭൂമി എടുത്ത് കൃഷിക്കാർക്ക് വിതരണം ചെയ്യുക, മനുഷ്യാവകാശ പ്രഖ്യാപനം അംഗീകരിക്കുക, ജനാധിപത്യ ഭരണഘടന രൂപീകരിക്കുക, ഫ്രാൻസിനെ രാജാധിപത്യമില്ലാത്ത—റിപ്പബ്ലിക്കാക്കുക തുടങ്ങി പല നിർണായക പരിഷ്കാരങ്ങളും നടന്നുകഴിഞ്ഞിരുന്നു. അതോടൊപ്പം തന്നെ വിപ്ലവ കക്ഷിക്കകത്തെ യാഥാസ്ഥിതികരും പുരോഗമനവാദികളും തമ്മിൽ (ജറോണ്ടിൻമാരും ജേക്കോബിൻമാരും തമ്മിൽ) പല കാര്യങ്ങളിലും തർക്കമാരംഭിച്ചു. വിപ്ലവലക്ഷ്യങ്ങളിൽ മായം ചേർക്കാതെ മുന്നോട്ടുവന്ന ജേക്കോബിൻമാരുടെ നേതാക്കളായി മാരാറർ, ദാന്തൻ, റോബ്സ്പിയർ എന്നിവർ ഉയർന്നുവരികയും ചെയ്തു. 1794 ജൂലായ് 27-ന് നടന്ന പ്രതിവിപ്ലവത്തോടുകൂടി അധികാരത്തിന്റെ സന്തുലിതാവസ്ഥ യാഥാസ്ഥിതികരിലേക്ക് ചാഞ്ഞു. അതിനകം മരാറർ ദാന്തൻ, റോബ്സ്പിയർ തുടങ്ങിയവർ വധിക്കപ്പെട്ടിരുന്നു. 1791-ൽ തന്നെ രൂപം കൊണ്ട ആസ്ത്രിയൻ-പ്രഷ്യൻ ഫ്രഞ്ചുവിരുദ്ധ അച്ചുതണ്ട് വ്യാപിക്കുകയും വിപ്ലവഫ്രാൻസിനെതിരെ പല പിന്തിരിപ്പൻ രാഷ്ട്രങ്ങളും യുദ്ധം പ്രഖ്യാപിക്കുകയും ചെയ്തു.

ഈ വിപ്ലവ യുദ്ധങ്ങളിൽ ഉയർന്നുവന്ന കോഴ്സിക്കാരനായ ഒരു സാധാരണ സൈനികനായിരുന്നു നെപ്പോളിയൻ ബോണപ്പാർട്ട്, അധികം താമസിയാതെ തന്റെ യുദ്ധസാമർഥ്യം കൊണ്ട് ഉന്നതതലത്തിലേക്കെത്തിയ നെപ്പോളിയൻ അധികാരം പിടിച്ചെടുത്ത് ചക്രവർത്തിയാകുന്നതും പല രാഷ്ട്രങ്ങളും കീഴടക്കിയ നെപ്പോളിയൻ ആദ്യം റഷ്യയിലും പിന്നീട് 1815 ജൂൺ 15-ാം തിയതി ബ്രിട്ടനോട് വാട്ടർലൂവിൽ വെച്ചും തോൽക്കുന്നതുമാണ് വിപ്ലവ ഫ്രാൻസിന്റെ പരാജയത്തിന്റെ അനന്തര കഥ. ആ വർഷം തന്നെ യൂറോപ്യൻ പിന്തിരിപ്പൻ രാഷ്ട്രങ്ങൾ തട്ടിപ്പടച്ചുണ്ടാക്കിയ 'വിശുദ്ധ സഖ്യം' അധികാരഭ്രഷ്ടരായ രാജാക്കൻമാരെയെല്ലാം വിവിധ രാഷ്ട്രങ്ങളിൽ പുനഃപ്രതിഷ്ഠിച്ചതോടൊപ്പം ഫ്രാൻസിലെ ബൂർബോൺ രാജകുടുംബത്തെയും അധികാരത്തിൽ വാഴിച്ചു. നെപ്പോളിയൻ സെൻറ് ഹെലിനാ എന്ന ഒരു ബ്രിട്ടീഷ് ദ്വീപിലേക്ക് നാടുകടത്തപ്പെട്ടു.

അങ്ങനെ പ്രകടമായി പരാജയം വരിച്ച ഫ്രഞ്ച് വിപ്ലവം തുടർന്നും ലോകത്തെ ഇളക്കിമറിക്കുകയായിരുന്നു. കമ്യൂണിസ്റ്റർ

ആശയങ്ങളുടെ ബീജാവാപം നടത്തിയ ഗ്രാക്കസ് ബേബുഫ് (1760–97) നേതൃത്വം നൽകിയ ഗ്രൂപ്പ് (''സമൻമാരുടെ ഗൂഢാലോചന'' എന്ന പേരിൽ പ്രസിദ്ധം) അടിച്ചമർത്തപ്പെടുകയും 1797–ൽ ബേബൂഫിനെ പ്രതിവിപ്ലവ സർക്കാർ ഗില്ലറീൻ ചെയ്യുകയും (ഗില്ലറീൻ എന്ന ഒരു ഉപകരണം കൊണ്ട് ശിരച്ഛേദം നടത്തുകയായിരുന്നു അന്നത്തെ വധശിക്ഷ) ഉണ്ടായിയെങ്കിലും 1820കളോടെ നിരവധി സോഷ്യലിസ്റ്റ് കമ്യൂണിസ്റ്റ് ഗ്രൂപ്പുകളും യൂറോപ്പിലാകെ മുളച്ചുപൊങ്ങാൻ തുടങ്ങി. അങ്ങനെയുള്ള നിരവധി ഗ്രൂപ്പുകളും യോജിച്ചാണ് നേരത്തെ പരാമർശിച്ച 'കമ്യൂണിസ്റ്റ് ലീഗ്' എന്ന പ്രഥമ സാർവദേശീയ തൊഴിലാളി വർഗ സംഘടന രൂപം കൊണ്ടത്.

ഫ്രാൻസിൽ തന്നെ ജനങ്ങളും പ്രതിവിപ്ലവത്തിനുമുന്നിൽ എന്നെന്നേക്കുമായി മുട്ടുമടക്കിയില്ല. 1830–ലെ 'ജൂലായ് വിപ്ലവം' എന്ന പേരിൽ അറിയപ്പെടുന്ന കലാപം ഫ്രാൻസിലെ ഭരണാധികാരികളെ തകിടം മറിച്ചു.

''ബ്രിട്ടനിലെ രാജാവിനെപ്പോലെ (പാർലമെൻറിനു വഴങ്ങി) ഭരിക്കുന്നതിനേക്കാളും മരം വെട്ടാൻ പോകാനാണ് എനിക്കിഷ്ടം'' എന്നു വിമ്പടിച്ച ബൂർബോൺ രാജാവ് ചാൾസ് 10–ാമൻ ഇംഗ്ലണ്ടിലേക്ക് ഓടി രക്ഷപ്പെട്ടു. അതുകൊണ്ട് തൻെറ പൂർവികൻ ലൂയി 16–ാമൻെറ ഗതിയുണ്ടായില്ല. ഈ സന്ദർഭം ഉപയോഗിച്ച് ബൂർഷ്വാസി തങ്ങൾക്കഭിമതനായ ഓർലിയൻസിലെ ലൂയി ഫിലിപ്പ് എന്നൊരാളെ രാജാവായി വാഴിച്ചു. 1848–ലെ യൂറോപ്യൻ വ്യാപകമായ വിപ്ലവം പാരീസിൽ ആഞ്ഞടിച്ചപ്പോൾ ഈ പുതിയ രാജവംശം തെറിച്ചുപോയി. അങ്ങനെ ഫ്രാൻസിലെ രണ്ടാം റിപ്പബ്ലിക് (രാജാവില്ലാത്ത ഭരണം) ജൻമമെടുത്തു.

ഫ്രഞ്ച് പ്രതിവിപ്ലവത്തിൻെറ വിജയം യൂറോപ്യൻ പിന്തിരിപ്പൻമാരെ അധികാരമത്തുപിടിപ്പിച്ചു. അവർ ചൂഷണവും മർദനവും പൂർവാധികം തുടർന്നു. ഈ ദുർഭരണ മുന്നേറ്റം കടുത്ത പ്രതിഷേധങ്ങൾക്കും കലാപങ്ങൾക്കും വഴിയൊരുക്കി. ഇവയിൽ ഇറ്റലിയിലേയും (1820–21) സ്പെയിനിലേയും (1820–23) കലാപങ്ങൾ എടുത്തു പറയത്തക്കതാണ്. അവ അടിച്ചമർത്തപ്പെട്ടുവെങ്കിലും അടുത്തു വരാനിരിക്കുന്ന അഖില യൂറോപ്യൻ വിപ്ലവത്തിന് കളമൊരുക്കി.

ഗ്രീസിലെ കലാപം കുറച്ചു വ്യത്യസ്തമായിരുന്നു. 1821–ൽ ഗ്രീസിൽ പൊട്ടിപ്പുറപ്പെട്ട സ്വാതന്ത്ര്യ സമരത്തിൻെറ ലക്ഷ്യം ഒത്തുമൻ സാമ്രാജ്യം എന്ന പേരിൽ അറിയപ്പെട്ടിരുന്ന തുർക്കി വാഴ്ചയിൽ നിന്ന് ദേശീയ സ്വാതന്ത്ര്യം നേടുകയായിരുന്നു. അക്കാലത്ത് യൂറോപ്പിലാകെ ജനകീയാവേശം ഉയർത്തിവിട്ട ഗ്രീക് സ്വാതന്ത്ര്യസമരം ഈ നൂറ്റാണ്ടിലെ വിയത്നാം സമരത്തെ അനുസ്മ

രിപ്പിക്കും. ബ്രിട്ടീഷ് കവികളായ ഷെല്ലി, ബൈറൻ, കീറ്റ്സ് എന്നിവരെയും റഷ്യൻ മഹാകവി പുഷ്കിനെയും ആവേശംകൊള്ളിച്ച ഗ്രീക് സമരത്തിന് മഹാകവികൾ സങ്കീർത്തനങ്ങൾ രചിച്ചു. ബൈറൻ ഗ്രീസിൽ നേരിട്ടുപോയി യുദ്ധത്തിൽ പങ്കെടുത്തു. 1830–ൽ ഗ്രീസ് പൂർണമായി തുർക്കികളിൽ നിന്ന് സ്വാതന്ത്ര്യം നേടി.

1808–ൽ ആദ്യ വെടിപൊട്ടിയെങ്കിലും സ്പെയിനിനും പോർതുഗലിനും എതിരായ വ്യാപകമായ പോരാട്ടം സൈമൺ, ബൊളിവർ തുടങ്ങിയവരുടെ നേതൃത്വത്തിൽ ആഭ്യന്തര യുദ്ധങ്ങളായി മാറിയത് 1810 ലാണ്. ലാറ്റിനമേരിക്കൻ സ്വാതന്ത്ര്യ സമരങ്ങളും ലോകവിമോചന ചരിത്രത്തിലെ ഉജ്വലമായ ഒരധ്യായമാണ്. ആധുനിക ലാറ്റിനമേരിക്കൻ നേതാക്കളായ കാസ്ത്രോ, ചെഗുവേര തുടങ്ങിയവരും ഗീയ്യെൻ, നെരൂദ, മാർകേസ് തുടങ്ങിയ സാംസ്കാരിക നായകരും അതിൽനിന്നുള്ള പ്രചോദനം ഉൾകൊണ്ട് ഈ നൂറ്റാണ്ടിലും ഉജ്വലസൃഷ്ടികൾ നടത്തിയിട്ടുണ്ട്. നോബൽ സമ്മാനിതനായ മാർകേസ് അടുത്തയിടെ എഴുതിയ ബൊളിവർ ജീവിതകഥ ഒരു ബെസ്റ്റ് സെല്ലറാണ്. ബൊളിവരുടെ ധീരയുഗത്തെ പ്രകീർത്തിക്കുകയും വ്യാഖ്യാനിക്കുകയും ചെയ്യുന്ന ഒരു വീരഗാഥയാണത്.

15 വർഷം കൊണ്ട് (രണ്ട് ചെറു രാജ്യങ്ങൾ ഒഴിച്ച്–ക്യൂബ, പോർടിക്കോ) ലാറ്റിനമേരിക്ക മുഴുവൻ വിമോചിതമായി.

റഷ്യൻ യുവകവി പുഷ്കിന്റെ ഭാവനകൾ തട്ടിയുണർത്തി മഹാകവിതത്തിലേക്കുയർത്തിയ 1825–ലെ നാടുവാഴി വിരുദ്ധ–രാജാധിപത്യവിരുദ്ധ പ്രസ്ഥാനം 'ഡിസംബറിസ്റ്റ് കലാപം' എന്ന പേരിൽ അറിയപ്പെടുന്നു.

1832–ൽ അംഗീകരിക്കപ്പെട്ട ബ്രിട്ടീഷ് പാർലമെന്റ് പരിഷ്കരണനിയമം ഫ്രഞ്ച് വിപ്ലവത്തിന്റെ മാറ്റൊലികൾ ഉൾകൊള്ളുന്നു. ഫ്രഞ്ചുവിപ്ലവം ബ്രിട്ടനിൽ ആവർത്തിക്കാതിരിക്കാനാണിത് എന്നാണ് അന്നതവതരിപ്പിച്ചവർ പാർലമെന്റിൽ പറഞ്ഞത്.

യൂറോപ്യൻ ഹൃദയഭാഗത്തുനിന്ന് വളരെ ദൂരെ—അവർ വിദൂരപൂർവദേശം എന്നു വിളിക്കുന്ന—കിഴക്കനേഷ്യയിലും മാറ്റത്തിന്റെ കാറ്റടിച്ചു. 1839–42–ൽ ബ്രിട്ടനെതിരെ ചൈന നടത്തിയ അഫീൻ (കറപ്പ്) യുദ്ധവും ഈജിപ്ത്, പേർഷ്യ, തുർകി എന്നിവിടങ്ങളിൽ നടന്ന പരിഷ്കരണ പ്രക്ഷോഭങ്ങളും ലോകമാകെ വന്നുകൊണ്ടിരുന്ന മാറ്റങ്ങളുടെ പ്രതിഫലനങ്ങളാണെന്ന് കാണാൻ വിഷമമില്ല.

1789–ലെ ഫ്രഞ്ച് വിപ്ലവ പുരോഗതി 1815 ലെ 'വിശുദ്ധ സഖ്യ'മെന്ന അവിശുദ്ധ പിന്തിരിപ്പൻ സഖ്യത്തോടുകൂടി ബാഹ്യ

മായി തടയപ്പെട്ടു. എങ്കിലും അതിന്റെ അലകളും മാറ്റൊലികളും യൂറോപ്പിൽ മാത്രമല്ല ലോകവ്യാപകമായി അടിച്ചുകൊണ്ടിരിക്കുകയായിരുന്നു എന്ന് നാം കണ്ടു. ഏറ്റവും പ്രധാനപ്പെട്ടവ മാത്രമെ നാം പരാമർശിച്ചുപോയുള്ളു. 1848–ൽ പൊട്ടിപ്പുറപ്പെട്ട വിപ്ലവം പാരീസിൽ 1815–ൽ പുനഃപ്രതിഷ്ഠിച്ച ബുർബോൺ രാജവംശത്തെ മാത്രമല്ല 1830 ജൂലായിലെ വിപ്ലവത്തിൽ പുതുതായി സ്ഥാപിക്കപ്പെട്ട ബൂർഷ്വാ രാജാധിപത്യത്തെയും കടപുഴക്കിയെറിഞ്ഞുവെന്നും നാം കണ്ടുകഴിഞ്ഞു. അങ്ങനെ ഫ്രാൻസിൽ രണ്ടാം റിപ്പബ്ലിക്കിനു് (ഒന്നാംറിപ്പബ്ലിക് 1789–ലെ വിപ്ലവത്തെ തുടർന്നു് സ്ഥാപിക്കപ്പെട്ടതു്) ജൻമം നൽകിയ 1848–ലെ യൂറോപ്യൻ വിപ്ലവം ആസ്ത്രിയ, ഹംഗറി, ജർമനി, ഇറാലി മുതലായ വിവിധ രാഷ്ട്രങ്ങളിലേക്കു് വ്യാപിച്ചു. പലയിടത്തും രാജാക്കൻമാരുടെ കിരീടം തെറിച്ചു. പലയിടങ്ങളിലും പുതിയ ജനാധിപത്യ പാർലമെൻറുകളും ഭരണഘടന നിർമാണ സഭകളും നിലവിൽവന്നു. യൂറോപ്പ് ആകെ പരിവർത്തനത്തിന്റെ കൊടുങ്കാറ്റിൽ ഇളകിയാടി. ഫ്രഞ്ചു് വിപ്ലവത്തിന്റെ രണ്ടാം വരവിനെ ജനങ്ങൾ കൊണ്ടാടി. ഒന്നാം വിപ്ലവം ഫ്രാൻസിൽ നടന്നു. ഫ്രഞ്ചു് സൈന്യത്തിന്റെ പിന്തുണയോടെ മറ്റു് രാഷ്ട്രങ്ങളിലേക്കും വ്യാപിച്ചുവെങ്കിൽ രണ്ടാം വരവു് വിവിധ രാഷ്ട്രങ്ങളിൽ സ്വയംഭൂവായി മിക്കവാറും ഒരേസമയം പൊട്ടിപ്പുറപ്പെടുകയായിരുന്നു എന്ന വ്യത്യാസംകൂടി ഉണ്ടായി. വിപ്ലവം കുറെകൂടി ഉയർന്ന തലത്തിലേക്കു് നീങ്ങുകയായിരുന്നു.

മറ്റൊരു വ്യത്യസ്തത കൂടി 1848–ലെ വിപ്ലവത്തിനുണ്ടായിരുന്നു. വിവിധ രാഷ്ട്രങ്ങളിൽ പടർന്നു വളർന്ന തൊഴിലാളിവർഗ പ്രസ്ഥാനത്തിന്റെയും സോഷ്യലിസ്റ്റ് ആശയങ്ങളുടെയും പിന്തുണ. ഈ സോഷ്യലിസങ്ങളും ഒരേ തരത്തിലുള്ളതായിരുന്നില്ല. 1848–ൽ പ്രസിദ്ധീകരിക്കപ്പെട്ട *കമ്യൂണിസ്റ്റ് മാനിഫെസ്റ്റോ*വിൽ അന്നു് പ്രചരിച്ചിരുന്ന 'ഫ്യൂഡൽ സോഷ്യലിസം', 'പെറ്റിബൂർഷ്വാ സോഷ്യലിസം', 'സത്യസോഷ്യലിസം', 'ബൂർഷ്വാസോഷ്യലിസം' തുടങ്ങിയ പലതരം സോഷ്യലിസങ്ങളെ മാർക്സും എംഗൽസും അപഗ്രഥിച്ചു കാണിക്കുന്നുണ്ടു്. എന്നാൽ അവയോടൊപ്പംതന്നെ യഥാർഥ തൊഴിലാളിവർഗ സോഷ്യലിസ്റ്റ് ആശയങ്ങളും പ്രചരിച്ചുവരികയായിരുന്നു. ബ്രിട്ടനിലെ ചാർടിസ്റ്റ് പ്രസ്ഥാനം (1839–48), ജർമനിയിലെ സൈലീഷ്യൻ നെയ്ത്തുകാരുടെ പണിമുടക്കു് (1844), ഫ്രാൻസിലെ സാങ്കൽപിക സോഷ്യലിസ്റ്റ് ചിന്തകരും, ഗ്രാക്കസ് ബേബൂഫിന്റെ പിൻമുറക്കാർ സ്ഥാപിച്ച 'നീതിമാൻമാരുടെ സഖ്യം' (ലീഗ് ഓഫ് ദ ജസ്റ്റ്) എന്നിവയും ബ്രിട്ടനിൽ നിന്നു് യൂറോപ്പിലേക്കു് കൂടി വളരെ വേഗം വ്യാപിച്ചുകൊണ്ടിരുന്ന വ്യാവസായിക വി

പ്ലവവും 1848–ലെ വിപ്ലവത്തിന് പുതിയസാധ്യതകളും മാനങ്ങളും നൽകി. *കമ്യൂണിസ്റ്റ് മാനിഫെസ്റ്റോ*വിലെ ആദ്യവാചകംതന്നെ നോക്കൂ:

> യൂറോപ്പിനെ ഒരു ഭൂതം പിടികൂടിയിരിക്കുന്നു–കമ്യൂണിസമെന്ന ഭൂതം. ഈ ഭൂതത്തിന്റെ ബാധഒഴിക്കാൻവേണ്ടി പഴയ യൂറോപ്പിന്റെ ശക്തികളെല്ലാം–പോപ്പും, സാർ ചക്രവർതിയും, മെറ്റെർനിക്കും ഗിസോവും റാഡിക്കൽ കക്ഷിക്കാരും ജർമൻ പൊലീസ് ചാരൻമാരുമെല്ലാം–ഒരു പാവന സഖ്യത്തിലേർപെട്ടിരിക്കുന്നു.

(ഈ പാവന അഥവാ) വിശുദ്ധ സഖ്യത്തിനു തുടക്കം കുറിച്ചത് 1815 നാണല്ലോ. ഈ സഖ്യത്തിനാദ്യം ഏറ്റ പ്രഹരം 1830–ലെ ജൂലായ് വിപ്ലവമായിരുന്നു. എന്നാൽ 1848–ലെ വിപ്ലവം വിശുദ്ധ സഖ്യത്തിനേറ്റ മാരക പ്രഹരമായി ഭവിച്ചു.

ഈ വിപ്ലവത്തെ അടുത്ത പടിയായ സോഷ്യലിസത്തിലേക്കുയർത്താനും അതിനാവാത്ത പക്ഷം അതിനെ ഫ്യൂഡലിസവുമായി വീട്ടുവീഴ്ചചെയ്യാത്ത ഒരു ബൂർഷ്വാ ജനാധിപത്യ വിപ്ലവമാക്കാനും പുരോഗമനവാദികൾ ശ്രമിച്ചു. പാരീസിൽ ഈ പ്രവണതക്ക് നേതൃത്വം നൽകിയത് മുമ്പ് 1830 ജൂലായ് വിപ്ലവത്തിലും പിന്നീട് 1871–ലെ പാരീസ് കമ്യൂണിലും നേതൃത്വപരമായ പങ്ക് വഹിച്ച വിപ്ലവകാരി ലൂയി ബ്ളാങ്ക് ആയിരുന്നു. ജർമനിയിൽ യുവാക്കളായിരുന്ന മാർക്സും എംഗൽസും വിവിധ നഗരങ്ങളും വിപ്ലവ കേന്ദ്രങ്ങളും സന്ദർശിച്ച് മറ്റ് പുരോഗമനവാദികളോടൊപ്പം കനത്ത കാമ്പയിൻ നടത്തി.

പക്ഷെ വിപ്ലവത്തിന്റെ ഈ പുരോഗതി യൂറോപ്പിലെ ബൂർഷ്വാ വർഗത്തെ ആശങ്കാകുലരാക്കി. അവർ പലയിടത്തും വീട്ടുവീഴ്ചക്കൊരുങ്ങി. ലഭിച്ച വിജയങ്ങളും തന്നെ തൊഴിലാളിവർഗമുന്നേറ്റത്തെ ഭയന്ന് അവർ നാടുവാഴിവർഗത്തിനും രാജാക്കൻമാർക്കും അടിയറവെച്ചു. അങ്ങനെ വളരെ പ്രതീക്ഷയുയർത്തിയ 1848–ലെ യൂറോപ്യൻ വിപ്ലവം അധോഗതിയിലേക്ക് നീങ്ങി.

ഈ ബൂർഷ്വാ വഞ്ചനയുടെയും വിപ്ലവതകർച്ചയുടെയും ഒന്നാംതരം ഉദാഹരണം ഫ്രാൻസാണ്. 1848 ഡിസംബർ 10–ാം തീയതി രണ്ടാം റിപ്പബ്ളിക്കിന്റെ പ്രസിഡൻറ് സ്ഥാനത്തേക്ക് നടന്ന തെരഞ്ഞെടുപ്പിൽ ബൂർഷ്വാസി പിന്തുണ നൽകി വിജയിപ്പിച്ചത് പഴയ ചക്രവർതി നെപ്പോളിയന്റെ ഒരു പിൻമുറക്കാരനായ ലൂയി നെപ്പോളിയൻ ബോണപ്പാർടിനെയാണ്. രണ്ട് വർഷത്തിനകം ലൂയി ബോണപ്പാർട് ഒരട്ടിമറി നടത്തി സ്വയം ഫ്രാൻസിന്റെ ചക്രവർതിയായി പ്രഖ്യാപിച്ചു–വിപ്ലവത്തിന്റെ മകനായി രംഗത്തുവന്ന് പ്രതിവിപ്ലവത്തിന്റെ മരുമകനായി രംഗം വിട്ട തന്റെ കുപ്രസിദ്ധ പൂർവികനെപ്പോലെ തന്നെ.

അങ്ങനെ 1848–ലെ വിപ്ലവം വഞ്ചിക്കപ്പെട്ടു. നേരത്തെ പരാമർശിച്ചതുപോലെ ബൂർഷ്വാ വർഗത്തിന്റെ വിപ്ലവ നേതൃത്വ സാധ്യത ഇതോടുകൂടി അടിസ്ഥാനപരമായി അവസാനിച്ചതായി കണക്കാക്കാം.

## III

ഇനി മൂലധനത്തിന്റെ യുഗത്തിലേക്കാണ് നാം പ്രവേശിക്കുന്നത്. യൂറോപ്യൻ ബൂർഷ്വാസി കൂടുതൽ കൂടുതൽ മൂലധനം സ്വരൂപിക്കുകയും ഉൽപാദന ശക്തികളെ അഭൂതപൂർവമായ കരുത്തു നേടുകയും ആഗോള വ്യാപകമായി കടന്നാക്രമണങ്ങളും വ്യാപിപ്പിക്കുകയും ചെയ്തു. ബ്രിട്ടൻ, ഫ്രാൻസ്, ജർമനി, ഹോളണ്ട്, ബൽജിയം തുടങ്ങിയ രാഷ്ട്രങ്ങളാണ് വ്യാവസായികോൽപാദനത്തിലും ആഗോളവ്യാപാരത്തിലും മുന്നിട്ട് നിന്നിരുന്നത്. 17ഉം 18ഉം നൂറ്റാണ്ടുകളിലെ ആഗോള ശക്തികളായിരുന്ന സ്പെയിനും പോർതുഗലും അധോഗതിയിലായി. ഒന്നാം എലിസബത്ത് രാജ്ഞിയുടെ കാലത്ത് നാവിക യുദ്ധത്തിൽ സ്പാനിഷ് കപ്പൽപടക്ക് (സ്പാനിഷ് അർമാദ) ഏറ്റ കനത്തതോൽവിക്ക് പുറമെ 19–ാം നൂറ്റാണ്ടിന്റെ ആദ്യപാദത്തിൽ ലാറ്റിനമേരിക്കൻ വിമോചന സമരത്തിലെ പരാജയം കൂടിയായപ്പോൾ സ്പെയിൻ ഒരു മൂന്നാംകിട ശക്തിയായി. പകരം ഒന്നാം സ്ഥാനത്തെത്തിയത് ബ്രിട്ടനാണ്. ഒരുകാലത്ത് സൂര്യനസ്തമിക്കാത്ത സാമ്രാജ്യം സ്പെയിനിന്റെതായിരുവെങ്കിൽ ഇപ്പോഴത് ബ്രിട്ടന്റെതായി. വ്യാവസായിക വിപ്ലവത്തിന്റെ ഈറ്റില്ലം എന്ന നിലയിൽ കൈവന്ന കരുത്ത് ബ്രിട്ടൻ സാമ്രാജ്യത്വ സ്ഥാപനത്തിനും ലോക വ്യാപാരത്തിനുമായി ഉപയോഗപ്പെടുത്തി.

ഈ കാലയളവിൽ ആഫ്രിക്കൻ വൻകരയിലും ശാന്തസമുദ്രമേഖലയിലും ഇനിയും കണ്ടെത്താത്ത ഭൂവിഭാഗങ്ങളും ദ്വീപുകളും കണ്ടെത്തി കൈവശമാക്കാൻ പടിഞ്ഞാറൻമാർ ശ്രമിച്ചു. അങ്ങനെ കണ്ടെത്തിയ പ്രദേശങ്ങളിലെ നാട്ടുകാരെ ഒന്നുകിൽ കൂട്ടത്തോടെ കൊന്നൊടുക്കുക അല്ലെങ്കിൽ ഭയങ്കരമായി ചൂഷണം ചെയ്യുക അതുമല്ലെങ്കിൽ പിടിച്ചുകെട്ടി അടിമകളാക്കി അമേരിക്കയിലും മറ്റും കൊണ്ടുപോയി വിറ്റ് കാശാക്കുക–എന്നതൊക്കെ ഈ യൂറോപ്യൻമാരുടെ പരിപാടിയായിരുന്നു.

ഈ ആക്രമണ–ചൂഷണ നയങ്ങൾക്കെതിരെ ചിലയിടങ്ങളിൽ ഫ്രഞ്ച് വിപ്ലവം അഴിച്ചുവിട്ട ശക്തികളെ പടവെട്ടി. മറ്റ് ചിലയിടങ്ങളിൽ പടിഞ്ഞാറൻമാർ അധികാരഭ്രഷ്ടാക്കിയ ഫ്യൂഡൽ പ്രമാണിമാർ ബ്രിട്ടീഷ് ചൂഷണം കൊണ്ട് ദുരിതത്തിലാഴ്ന്നവരെയും വിദേശാധിപത്യം മൂലം ആത്മാഭിമാനം വ്രണപ്പെട്ടവരെയും അണിനിരത്തി സമരം ചെയ്തു. ഈ കാലയളവിന് മുമ്പുള്ള തിരുവിതാംകൂറിലെ വേലുത്തമ്പി, മലബാറിലെ പഴശി, തമിഴ്

നാട്ടിലെ കട്ടബൊമ്മൻ, കർണാടകത്തിലെ കിറ്റൂർ ചന്നമ്മ തുടങ്ങിയവരുടെ കലാപങ്ങളും ഈ ഫ്യൂഡൽ തിരിച്ചടിയുടെ ഉദാഹരണങ്ങളാണ്. 1857–59–ലെ ഇന്ത്യൻ ഒന്നാം സ്വാതന്ത്ര്യ യുദ്ധത്തിന്റെ വർഗസ്വഭാവവും അതുതന്നെ. എങ്കിലും ലോകാധിപത്യ ശക്തിയായി വളർന്നുവരുന്നവർക്കെതിരെയുള്ള ജനകീയ പ്രതിഷേധത്തിന്റെ പ്രതീകമെന്ന നിലയിൽ ഈ ഫ്യൂഡൽ ചെറുത്തുനിൽപുകളെ വിലയിരുത്താം. ഫ്യൂഡലിസത്തിനെതിരായിരുന്നു ആ കാലഘട്ടത്തിലെ പൊതുനീക്കമെങ്കിലും ഇത്തരം ചില പോരാട്ടങ്ങളിൽ ഭാവിയുടെ ശക്തിയും പഴമയുടെ ശക്തിയും കൈകോർക്കുന്നതായി കാണാം.

ഈ പടിഞ്ഞാറൻ മൂലധന ശക്തിക്ക് കിഴക്കൻ ദിക്കിൽ നിന്നൊരു പിന്തുണ ലഭിച്ചതാണ് 1867–68–ലെ ''മെയ്ജി പുനസ്ഥാപനം'' എന്ന പേരിലറിയപ്പെടുന്ന ഫ്യൂഡൽ വിരുദ്ധ ഭരണമാറ്റം. പിൽകാലത്ത് ലോകത്തിലെ ഏറ്റവും വലിയ വ്യാവസായിക രാഷ്ട്രങ്ങളിലൊന്നായും സാമ്രാജ്യശക്തിയായും ജപ്പാനെ ഉയർത്തിയ ഭരണമാറ്റമാണ് മെയ്ജി റെസ്റ്റോറേഷൻ. തിരുവിതാംകൂറിലെ പഴയ എട്ടുവീട്ടിൽപിള്ളമാരെപ്പോലൊരുകൂട്ടം ഫ്യൂഡൽ പ്രമാണിമാർ സർവാധിപത്യം വഹിച്ച ജപ്പാനിൽ തിരുവിതാംകൂറിലെപ്പോലെ രാജാവ് ഒരു 'അരവോട്ടുകാരൻ' മാപ്പുസാക്ഷിയായിരുന്നു. ആ രാജസ്ഥാനമാണ് മെയ്ജി. ഈ ഭരണമാറ്റത്തിൽ മെയ്ജി ഫ്യൂഡൽ പ്രഭുക്കളെ (സാമുറായി) അടിച്ചമർത്തി അധികാരമേറെടുത്ത് ബൂർഷ്വാ വികസനത്തിനടിത്തറപാകി.

ഈ ദിശയിലുള്ള മറെറാരു വമ്പിച്ച പരിവർത്തനമാണ് 1861–65–ൽ അമേരിക്കയിൽ നടന്ന ആഭ്യന്തരയുദ്ധം. അടിമക്കച്ചവടത്തിനെതിരായ വടക്കൻ സംസ്ഥാനങ്ങളും അനുകൂലമായ തെക്കൻ സംസ്ഥാനങ്ങളും യുദ്ധം വെട്ടി. പ്രസിദ്ധനായ എബ്രഹാംലിങ്കന്റെ നേതൃത്വത്തിൽ വടക്കൻ സംസ്ഥാനങ്ങൾക് ലഭിച്ച വിജയം കൊണ്ട് നീഗ്രോകളോടുള്ള വിവേചനം പൂർണമായി അവസാനിച്ചില്ലെങ്കിലും ഗണ്യമായി ദുർബലപ്പെട്ടു. അടിമക്കച്ചവടം നിരോധിക്കപ്പെട്ടു. അമേരിക്കൻ ബൂർഷ്വാ വ്യാവസായിക വികാസത്തെ സഹായിച്ച ഈ ആഭ്യന്തരയുദ്ധം പിൽകാലത്തെ അമേരിക്കൻ ലോകാധിപത്യത്തിനു അടിത്തറപാകി.

പോളണ്ട്, അയർലണ്ട്, റഷ്യ, ചൈന, തുർകി, ഇറ്റലി എന്നീ വിവിധ രാജ്യങ്ങളിലും ജനാധിപത്യത്തിനും ഫ്യൂഡൽ വിരുദ്ധരുടെ ഭരണത്തിനും വേണ്ടി നിരവധി സമരങ്ങൾ ഇക്കാലത്ത് നടക്കുകയുണ്ടായി. മസിനിയുടെയും ഗാരിബാൾഡിയുടെയും നേതൃത്വത്തിൽ സ്വാതന്ത്ര്യത്തിനും ദേശീയ ഐക്യത്തിനും വേണ്ടി ഇറ്റലിയിൽ നടന്ന ഐതിഹാസികസമരം സാർവദേശീയ പ്രശസ്

തിനേടുകയും 1861–ൽ വിജയിച്ച് ഇറ്റാലിയൻ രാഷ്ട്രം രൂപീകരിക്കുകയും ചെയ്തു.

ഈ കാലയളവിൽ യൂറോപ്പിലും അമേരിക്കയിലും തൊഴിലാളിവർഗ പ്രസ്ഥാനത്തിനു് അഭൂതപൂർവമായ വളർച്ചയാണുണ്ടായതു്. 1864–ൽ നേരത്തെ പരാമർശിച്ചതുപോലെ ഒന്നാം ഇൻറർനാഷണൽ എന്നു് ചരിത്രത്തിൽ പേരെടുത്ത ഇൻറർനാഷണൽ വർക്കിങ് മെൻസ് അസോസിയേഷൻ ലണ്ടനിൽ വെച്ചു് ഉദ്ഘാടനം ചെയ്യപ്പെട്ടു. ഇതു് വിവിധ രാഷ്ട്രങ്ങളിൽ തൊഴിലാളിവർഗ രാഷ്ട്രീയപാർടികളും സ്ഥാപിക്കാനുള്ള തുടക്കമായിരുന്നു. തൊഴിലാളി സംഘടനകളും പല രാഷ്ട്രങ്ങളിലും ഉണ്ടായിരുന്നു എങ്കിലും അവരുടെ രാഷ്ട്രീയ പാർടികളും വിരളമായിരുന്നു. അങ്ങനെ ജർമൻ സോഷ്യൽ ഡമോക്രാറ്റിക് പാർടി (1869) ജർമൻ സോഷ്യലിസ്റ്റ് വർക്കേഴ്സ് പാർടി (1875), അമേരിക്കൻ വർക്കേഴ്സ് ലേബർ പാർടി (1876), ഫ്രഞ്ച് വർക്കേഴ്സ് പാർടി (1879) തുടങ്ങി നിരവധി പാർടികളും അതാതു് ലാൻറിക്കിൻെറ ഇരുകരകളിലുമായി രൂപം കൊണ്ടു.

1867–ൽ മാർക്സിൻെറ *മൂലധനം* പ്രസിദ്ധീകരിക്കപ്പെട്ടു. കഴിഞ്ഞ രണ്ടു് പതിറ്റാണ്ടുകളായി നാടുകടത്തപ്പെട്ട് നിരാധാരരെപ്പോലെ ലണ്ടനിൽ ഇല്ലായ്മകളുടെയും വല്ലായ്മകളുടെയും മധ്യേ കഴിഞ്ഞിരുന്ന മാർക്സും എംഗൽസും അതിവേഗം യൂറോപ്പിലെ സമകാലിക പ്രശസ്തരുടെ മുന്നിലേക്കു് നീങ്ങുകയായിരുന്നു.

ഹെഗലിലും ഫൊയർബാഹിലും ചെന്നുനിന്ന ജർമൻ ക്ലാസിക്കൽ ദർശനം, ബേബ്യൂഫും സാങ്ങ് സിമോനും ഫുറിയെയും മറ്റും രൂപം നൽകിയ ഫ്രഞ്ച് സാങ്കൽപിക സോഷ്യലിസം, ആദം സ്മിത്തും റിക്കാർഡോയും ആവിഷ്കരിച്ച ഇംഗ്ലീഷ് അർഥശാസ്ത്രം എന്നിവയെ സമന്വയിച്ച് രാഷ്ട്രീയവൽകരിച്ച് ആധുനിക ശാസ്ത്രീയ സോഷ്യലിസത്തിൻെറ രൂപരേഖ തയ്യാറാക്കുക എന്ന മൗലിക കൃത്യം മിക്കവാറും ആചാര്യൻമാർ പൂർത്തിയാക്കിക്കഴിഞ്ഞിരുന്നു. പക്ഷെ മാർക്സിസത്തിൻെറ വികാസം അവിടം കൊണ്ടവസാനിച്ചില്ല. അടുത്തഘട്ടത്തിൽ മാർക്സിൻെറ കാലത്തുതന്നെയും മാർക്സിനും എംഗൽസിനും ശേഷം ലെനിൻെറ കാർമികത്വത്തിലും മാർക്സിസത്തിനുവന്ന വികാസം നാം വഴിയേ പരിശോധിക്കുന്നതാണു്. എങ്കിലും സോഷ്യലിസ്റ്റ്–തൊഴിലാളിവർഗ പ്രസ്ഥാനത്തിൻെറ നേതൃത്വം ആചാര്യൻമാരിൽ ഇതിനകം ഭദ്രമായി നിക്ഷിപ്തമായി.

## IV

ഫ്രഞ്ച് വിപ്ലവത്തെ തുടർന്നുള്ള കാലയളവിലെ മൂന്നാംഘട്ടമായ 'സാമ്രാജ്യത്വയുഗം' ഹോബ്സ് ബോമിൻെറ പദ്ധതിപ്ര

കാരം ആരംഭിക്കുന്നത് 1875 മുതൽക്കാണ് എന്ന് കണ്ടുവല്ലോ. എന്നാൽ ഈ ലേഖനത്തിന്റെ വാദപദ്ധതിയനുസരിച്ച് 1870 മുതലാക്കുകയാണ്. 1870–ൽ പൊട്ടിപ്പുറപ്പെട്ട ഫ്രാങ്കൊ പ്രഷ്യൻ (ഫലത്തിൽ ഫ്രാൻസും ജർമനിയും തമ്മിൽ തന്നെ) യുദ്ധവും യുദ്ധത്തിലെ ഫ്രഞ്ചുപരാജയത്തെ തുടർന്ന് പാരീസിൽ നടന്ന തൊഴിലാളി വിപ്ലവവും വിശ്വവിപ്ലവപരമ്പരയിൽ അഭൂതപൂർവമായ ഒരധ്യായം ആരംഭിച്ചു. ഈ ഘട്ടം തന്നെ സാമ്രാജ്യവ്യാപനത്തിന്റെയും സാമ്രാജ്യസംഘർഷങ്ങളുടെയും ഘട്ടം. പാരീസ് കമ്യൂണിന്റെ അനുഭവവും ഫൈനാൻസ് മൂലധന പ്രധാനമായ സാമ്രാജ്യത്വവ്യാപനവും മാർക്സിസത്തിന്റെ പൂർവധാരണകളിൽ തന്നെ വ്യത്യാസം വരുത്തി. അതു നമുക്ക് ചർച്ചചെയ്യാം.

യൂറോപ്യൻ രാഷ്ട്രങ്ങൾക്കിടയിൽ ഇതിനുമുമ്പും യുദ്ധങ്ങളുണ്ടായിട്ടുണ്ട്. എങ്കിലും 1871–ലെ ഫ്രാങ്കൊ–പ്രഷ്യൻ (ഏറ്റവും വലിയ ജർമൻ രാഷ്ട്രം) യുദ്ധം പുതിയ സാമ്രാജ്യത്വയുഗത്തിന്റെ സ്വഭാവങ്ങളും ഉൾക്കൊള്ളുന്നവയായിരുന്നു. ആഗോളവ്യാപകമായി പടിഞ്ഞാറൻ സാമ്രാജ്യരാഷ്ട്രങ്ങൾ നടത്തുന്ന സംഘട്ടനങ്ങളുടെ തുടർച്ചയോ മാറ്റൊലിയോ ആയിരുന്നു അത്. ഫ്രാൻസിന്റെ പരാജയത്തെ തുടർന്ന് ജർമൻകാർ പാരീസിയൻ പൗരാവലിയെ അധിക്ഷേപിക്കാനും കൊള്ളചെയ്യാനും തുടങ്ങി. എന്നാൽ ഫ്രാൻസിലെ ഭരണാധികാരികളാവട്ടെ പരാജയത്തിന്റെ മുറിവുകൾ നക്കിത്തുടക്കുന്നതിനിടയിൽ പൗരൻമാരെ സംരക്ഷിക്കാനുള്ള കടമ മറന്നു. അവർ കൂടുതൽ കൂടുതലായി ജർമൻ ആക്രമണകാരികൾക്ക് പാദസേവ ചെയ്യാൻ തുടങ്ങി. നഗരത്തിലാകട്ടെ നിത്യോപയോഗസാധനങ്ങൾ കിട്ടാതെ അലയുന്ന അമ്മമാരെ ജർമൻ പട്ടാളക്കാർ വിരട്ടി.

ഈ സന്ദർഭത്തിൽ യുദ്ധകാലത്ത് നഗരത്തിന്റെ രക്ഷക്കായി സംഘടിപ്പിച്ചിരുന്ന ദേശീയ സേവാദളം (നാഷണൽ ഗാർഡ്) നഗരത്തിന്റെ സംരക്ഷണം ഏറ്റെടുത്തു. മാർച്ച് 18–ാം തിയതി സേവാദളവും പണിമുടക്കിയ തൊഴിലാളികളും നാഗരിക ദരിദ്ര ജനങ്ങളും ഒത്തൊരുമിച്ച് പാരീസിൽ അധികാരം പിടിച്ചെടുത്തു. മാർസെലൈ, ലിയോൺസ്, തൗലോസ് തുടങ്ങിയ നഗരങ്ങളിലേക്കത് വ്യാപിക്കാൻ താമസം നേരിട്ടില്ല.

അന്നത്തെ കുപ്രസിദ്ധ യാഥാസ്ഥിതിക പ്രധാനമന്ത്രി ലൂയി അഡോൾഫ് തിയേഴ്സും സിൽബന്തികളും കലാപനഗരങ്ങളിൽ നിന്ന് തടിതപ്പി ഓടി. സേവാദളം കേന്ദ്രകമ്മിറ്റിയും സഖാക്കളും പാരീസിലെ ഹോട്ടൽ ഡിവില്ലിൽ പുതിയ ഭരണ തലസ്ഥാനം സ്ഥാപിച്ച് ചെങ്കൊടി ഉയർത്തി. ഇതിന്റെ മുന്നോടിയായി സപ്തംബർ 4–ന് നടന്ന കലാപത്തിൽ തന്നെ രണ്ടാം ഫ്രഞ്ച് സാമ്രാജ്യം തകർന്നു. ആദ്യപടിയായി എല്ലാ തലങ്ങളിലും തെര

ഞ്ഞെടുപ്പ് നടന്നു. പഴയ സർക്കാർ യന്ത്രത്തെ തീർത്തും പിരിച്ചുവിട്ടും അവഗണിച്ചും പുതിയ തെരഞ്ഞെടുത്ത കമ്മിറ്റികളും പ്രാദേശികതലത്തിലും കേന്ദ്രത്തിലും അധികാരമേറ്റു.

ഉൽപാദനോപാധികളും അത്യാവശ്യസാധന വിതരണവും ദേശസാൽകരിക്കപ്പെട്ടു. സാമൂഹ്യ രക്ഷാനടപടികളും ഭദ്രമാക്കി. വിദ്യാഭ്യാസവും ആരോഗ്യ പരിപാലനവും പുതിയ അടിസ്ഥാനത്തിൽ പുനഃസംഘടിപ്പിക്കപ്പെട്ടു. ഈ ഭരണഘടകങ്ങൾക്ക് കമ്യൂണുകൾ എന്ന പേരുവന്നുചേർന്നു. പക്ഷെ ജർമനിയും ഫ്രാൻസും തമ്മിൽ ഒപ്പുവെച്ച ഉടമ്പടിയുടെ അടിസ്ഥാനത്തിൽ ഇരുകൂട്ടരും ചേർന്ന് പതിനായിരക്കണക്കിന് 'കമ്യൂണാർഡ്കളെ' (അങ്ങനെയാണ് കമ്യൂൺപക്ഷപാതികൾ അറിയപ്പെട്ടത്) ക്രൂരമായി കൊല ചെയ്ത് ഭീകരവാഴ്ച നടത്തി മെയ് 28–ഓടുകൂടി പാരീസ് കമ്യൂൺ അടിച്ചമർത്തപ്പെട്ടു.

അങ്ങനെ മൂന്ന് മാസത്തിൽ കുറവായിരുന്നു കമ്യൂണിന്റെ ആയുസെങ്കിലും അതിന്റെ ചരിത്രപരമായ പ്രാധാന്യം വളരെയാണ്. ആദ്യത്തെ വിജയകരമായ തൊഴിലാളിവിപ്ലവമെന്ന നിലയിൽ അതിന്റെ പാഠങ്ങൾ മാർക്സിസത്തെ പുഷ്ടിപ്പെടുത്തി. തൊഴിലാളി വർഗ വിപ്ലവത്തിനുശേഷം ബൂർഷ്വാസിയുടെ ഭരണയന്ത്രത്തെ അതുപോലെയെടുത്ത് തൊഴിലാളിവർഗ ലക്ഷ്യം സാക്ഷാത്കരിക്കാനാവില്ലെന്നും തൊഴിലാളികൾ ബൂർഷ്വാ ഭരണകൂടം തട്ടിയുടച്ച് സ്വന്തം ഭരണയന്ത്രം വാർത്തെടുക്കേണ്ടതുണ്ട് എന്നും പാരീസ് കമ്യൂൺ പഠിപ്പിച്ചു. ഇക്കാര്യം പിന്നീട് പ്രസിദ്ധീകരിച്ച *കമ്യൂണിസ്റ്റ് മാനിഫെസ്റ്റോ*വിൽ ഒരു പുതിയ അനുഭവവും അറിവുമായി ആചാര്യൻമാർ എഴുതിച്ചേർത്തിട്ടുണ്ട്. 1917–ലെ ഒക്ടോബർ വിപ്ലവത്തിന്റെ നടത്തിപ്പിൽ പാരീസ് കമ്യൂണിന്റെ വിജയ–പരാജയങ്ങൾ അനേക പാഠങ്ങൾ നൽകുകയുണ്ടായി. ഒന്നാം ഇൻറർനാഷണലിന്റെ രേഖയായി മാർക്സ് എഴുതിയ *ഫ്രാൻസിലെ ആഭ്യന്തരയുദ്ധം* (*1871*) എന്ന കൃതി തൊഴിലാളി വിപ്ലവത്തിന്റെ ഒരു പാഠപുസ്തകമായി തീർന്നു.

പാരീസ് കമ്യൂണിന്റെ അടിച്ചമർത്തൽ യൂറോപ്പിലെ തൊഴിലാളിപ്രവർത്തനം അസാധ്യമാക്കി. ഒന്നാം ഇൻറർനാഷണലിന്റെ തലസ്ഥാനം ലണ്ടനിൽനിന്ന് അമേരിക്കയിലേക്ക് മാറുകയും 1876–ഓടുകൂടി പ്രവർത്തനം തന്നെ നിറുത്തിവെക്കുകയും ചെയ്തു. പിന്നീട് 1883–ൽ മാർക്സിന്റെ മരണശേഷം 1889–ൽ ഫ്രഞ്ച് വിപ്ലവത്തിന്റെ ശതാബ്ദി ദിനത്തിൽ എംഗൽസിന്റെ നേതൃത്വത്തിൽ രണ്ടാം ഇൻറർനാഷണൽ രൂപംകൊണ്ടു. യൂറോപ്പിലാകെ പുതിയ സോഷ്യലിസ്റ്റ് മുന്നേറ്റത്തിന് കളമൊരുക്കിയ രണ്ടാം ഇൻറർനാഷണൽ 1895–ൽ എംഗൽസിന്റെ മരണശേഷം ബേൺസ്റ്റീനിൻ തുടങ്ങിയ മിതവാദികളുടെ കൈകളിലേക്ക് വഴുതിപ്പോയി

അന്ന് ഇൻറർനാഷണലിൽ ന്യൂനപക്ഷമായിരുന്ന മാർക്സിസ്റ്റ് വിപ്ലവകാരികളുടെ നേതൃത്വം യുവാവായ റഷ്യൻ വിപ്ലവകാരി ലെനിനിൽ അർപിതമായതിനെ തുടർന്നുള്ള ചരിത്രം 1917—ലെ ഒക്ടോബർ വിപ്ലവത്തിൻെറ ചരിത്രമാണ്.

19—ാം നൂറ്റാണ്ടിൻെറ അന്ത്യപാദത്തിൽ ആധുനിക ഫൈനാൻസ് മുതലാളിത്തത്തിൻെറയും കുത്തക മുതലാളിത്തത്തിൻെറയും രാഷ്ട്രീയ രൂപമായ സാമ്രാജ്യത്വം വളർന്നുവന്നത് പരാമർശിച്ചിരുന്നതോർക്കുക. ഈ യുഗത്തിൽ മാർക്സിസ്റ്റ് തൊഴിലാളിവർഗ ശാസ്ത്രത്തിൽ ചില മാറ്റങ്ങൾ വേണ്ടിവരുമെന്ന് ലെനിൻ കണ്ടു. സാമ്രാജ്യത്വകാലത്തെ മാർക്സിസമാണ് ലെനിനിസം.

സാമ്രാജ്യത്വം ലോകത്തെ ഒരൊറ്റ ഘടകമായി മാറ്റിയെന്നും അതുകൊണ്ട് സോഷ്യലിസ്റ്റ് വിപ്ലവം ആദ്യം സംഭവിക്കുക മാർക്സ് വിഭാവനം ചെയ്തപോലെ വികസിത മുതലാളിത്ത രാഷ്ട്രങ്ങളിലായിരിക്കണമെന്നില്ല എന്നും ലെനിൻ സിദ്ധാന്തിച്ചു. (*സാമ്രാജ്യത്വം; മുതലാളിത്തത്തിൻെറ ആസന്ന മരണഘട്ടം*) പാരീസ് കമ്യൂണിൻെറ പാഠമുൾകൊണ്ട് പുതിയ ഭരണയന്ത്രം തൊഴിലാളി വർഗ സർവാധിപത്യാടിസ്ഥാനത്തിൽ വാർതെടുക്കുന്നതിനുള്ള സിദ്ധാന്തങ്ങൾ *ഭരണകൂടവും വിപ്ലവവും* എന്ന കൃതിയിലും ലെനിൻ ആവിഷ്കരിച്ചു.

സാമ്രാജ്യങ്ങളില്ലാതെ കുത്തക മുതലാളിത്തത്തിന് നിലനിൽകാനാവില്ലെന്നും ലോകം മുഴുവൻ 20—ാം നൂറ്റാണ്ടിൻെറ തുടക്കത്തോടെ സാമ്രാജ്യത്വവാദികൾ പങ്കിട്ടു കഴിഞ്ഞതിനാൽ ഇനി രാജ്യം വെട്ടിപ്പിടിക്കാൻ അവർക് പരസ്പരം പടവെട്ടുകയേ മാർഗമുള്ളു എന്നും ലെനിൻ പ്രവചിച്ചു—ലോകമഹായുദ്ധങ്ങളുടെ കാലം. അങ്ങനെ യുദ്ധം പൊട്ടിപ്പുറപ്പെട്ടപ്പോൾ സ്വന്തം ബൂർഷ്വാസിയെ താങ്ങാൻ ദേശസ്നേഹത്തിൻെറ പേരിൽ തൊഴിലാളികൾ മിനക്കെടാതെ യുദ്ധത്തെ അതത് രാഷ്ട്രങ്ങളിലെ ബൂർഷ്വാ ഭരണത്തെ നിഷ്കാസനം ചെയ്യാനുള്ള ആഭ്യന്തരയുദ്ധമാക്കി മാറ്റണമെന്നും ലെനിൻ ഉപദേശിച്ചു.

റഷ്യയിൽ ആ നിർദേശം ലെനിനിൻെറ നേതൃത്വത്തിൽ നടപ്പാക്കിയപ്പോൾ ഒക്ടോബർ വിപ്ലവം വിജയിച്ചു. ഒന്നാം ലോക മഹായുദ്ധാരംഭത്തിൽ (1914—18) മിതവാദി സോഷ്യലിസ്റ്റുകൾ ബൂർഷ്വാ ഭരണാധികാരികൾകുവേണ്ടി തൊഴിലാളി സാർവദേശീയത്വം ഉപേക്ഷിച്ചപ്പോൾ ലോക തൊഴിലാളിവർഗ പ്രസ്ഥാനം രണ്ടായി പിളർന്നു—ലെനിൻെറ നേതൃത്വത്തിലുള്ള മാർക്സിസ്റ്റ്—ലെനിനിസ്റ്റ് തൊഴിലാളിവർഗ പ്രസ്ഥാനവും കീഴടങ്ങൽകാരുടെ സോഷ്യൽ ഡമോക്രസിയും. 1918—ൽ കമ്യൂണിസ്റ്റ് ഇൻറർനാഷണൽ രൂപംകൊണ്ടപ്പോൾ മാർക്സിസം—ലെനിനിസത്തിൻെറ വെന്നിക്കൊടി ഉയർന്നു.

2

# ഒക്ടോബർ സോഷ്യലിസ്റ്റ് വിപ്ലവം ഒരു ചരിത്രാഖ്യാനം

മാനവചരിത്രം നിരന്തരമായ പരിണാമത്തിന്റെയും ഇടവിട്ടിടവിട്ടുള്ള വിപ്ലവങ്ങളുടെയും തുടർകഥയാണ്. വിപ്ലവം എന്ന പദത്തിന് കീഴ്മേൽ മറിച്ചിൽ, ത്വരിതഗതിയിലുള്ള മാറ്റം, സമഗ്രമായ പരിവർത്തനം എന്നൊക്കെ അർഥമുണ്ട്. എങ്കിലും ആധുനിക രാഷ്ട്രമീമാംസയിൽ അതിന്റെ അർഥം നിഷ്കൃഷ്ടമാണ്. ഒരു രാഷ്ട്രത്തിന്റെ ഭരണാധികാരം ഒരു വർഗത്തിന്റെയോ വർഗകൂട്ടുകെട്ടിന്റെയോ കൈകളിൽനിന്ന് മറ്റൊരു വർഗത്തിന്റെയോ വർഗ കൂട്ടുകെട്ടിന്റെയോ കൈകളിലേക്ക് പകരുന്ന പ്രക്രിയയെയാണ് ആധുനിക രാഷ്ട്രമീമാംസയിൽ വിപ്ലവം എന്ന്—വിജയകരമായ വിപ്ലവം—നാമകരണം ചെയ്തിട്ടുള്ളത്. വിപ്ലവാശയങ്ങൾക്കും വിപ്ലവ പ്രവണതകൾക്കും സമീപകാലത്ത് കൈവന്നിട്ടുള്ള വ്യാപകമായ ജനപ്രീതിമൂലം നിസാരമായ മാറ്റങ്ങളെ മാത്രമല്ല പ്രതിവിപ്ലവങ്ങളെപ്പോലും വിപ്ലവം എന്ന് വിളിക്കാനുള്ള ഔത്സുക്യം പലർക്കുമുണ്ട്. ചരിത്രപരമായി പുരോഗമന സ്വഭാവമുള്ള ഒരു വർഗത്തെയോ വർഗകൂട്ടുകെട്ടിനെയോ അധികാരഭ്രഷ്ടമാക്കി ചരിത്രപരമായി കാലഹരണം വന്ന വർഗമോ വർഗങ്ങളോ അധികാരം പിടിച്ചെടുക്കുന്ന പ്രക്രിയയെ ആണ് പ്രതിവിപ്ലവം എന്ന പേരിൽ വ്യവഹരിക്കുന്നത്.

അങ്ങനെ നോക്കുമ്പോൾ 20—ാം നൂറ്റാണ്ടിലെ റഷ്യ ഒരു പരാജയപ്പെട്ട വിപ്ലവത്തിലൂടെയും രണ്ട് വിജയകരമായ വിപ്ലവങ്ങളിലൂടെയും കടന്നുപോന്നിട്ടുണ്ട്. സാർ ചക്രവർത്തിയുടെ

ആധിപത്യത്തിൽ ആയിരുന്ന റഷ്യൻ സാമ്രാജ്യവും വളർന്നുവരുന്ന ഏഷ്യൻ സാമ്രാജ്യശക്തിയായിരുന്ന ജപ്പാനും തമ്മിലുള്ള യുദ്ധത്തിൽ (1904–1905) റഷ്യ പരാജയപ്പെട്ടതിനെത്തുടർന്ന് 1905 ജനുവരി 22–ാം തിയതി പൊട്ടിപ്പുറപ്പെട്ട വിപ്ലവമാണ് ഇതിൽ ഒന്നാമത്തേത്.

സംഘടിത തൊഴിലാളി വർഗത്തിന്റെ പങ്കാളിത്തം, പിൽക്കാലത്ത് വിപ്ലവ ഭരണകൂടത്തിന്റെ പ്രാഥമിക ഘടകങ്ങളായി മാറിയ തൊഴിലാളി–കർഷക–സൈനിക പ്രതിനിധികൾ അടങ്ങുന്ന സോവിയറുകളുടെ രൂപീകരണം തുടങ്ങി സോഷ്യലിസ്റ്റ് വിപ്ലവത്തിന്റെ ഘടകങ്ങൾ പ്രത്യക്ഷപ്പെട്ടിരുന്നുവെങ്കിലും 1905 ലെ റഷ്യൻവിപ്ലവം അടിസ്ഥാനപരമായി ബൂർഷ്വാ ജനാധിപത്യസ്വഭാവം ഉള്ളതായിരുന്നു. സാർ ചക്രവർത്തിയുടെ സേച്ഛാധിപത്യഭരണം തകർത്തെറിഞ്ഞ് എല്ലാവർക്കും വോട്ടവകാശം നൽകുന്ന പാർലമെന്ററി ജനാധിപത്യക്രമം സ്ഥാപിക്കുക എന്നതായിരുന്നു അതിന്റെ ലക്ഷ്യം. ചരിത്രപരമായി അത്രമാത്രമേ കഴിയുമായിരുന്നുള്ളു. നാടുവാഴിത്തത്തെയും സാമ്രാജ്യത്വ സേച്ഛാധിപത്യത്തെയും നിർമാർജനം ചെയ്തശേഷം മാത്രമേ തൊഴിലാളിവർഗത്തിന് അധികാരം പിടിച്ചെടുക്കാൻ അരങ്ങൊരുങ്ങുകയുള്ളുവെന്ന് അന്നത്തെ തൊഴിലാളിവർഗ പാർടിയായ റഷ്യൻ സോഷ്യൽ ഡമോക്രാറ്റിക് ലേബർ പാർടിയും അതിന്റെ ഭൂരിപക്ഷ നേതാവായ വി ഐ ലെനിനും നേരത്തെതന്നെ വാദിച്ച് ഉറപ്പിച്ചിരുന്നു.

1905–ലെ ഒന്നാം റഷ്യൻവിപ്ലവത്തെ ഒരേസമയം ഉരുക്കുമുഷ്ടിയും വഞ്ചന നിറഞ്ഞ അനുനയവുംകൊണ്ടാണ് സാർ ചക്രവർത്തി നിക്കോളാസ് രണ്ടാമൻ നേരിട്ടത്. ജനുവരി 22–ാം തിയതി സെൻറ്പീറേഴ്സ്ബർഗിലെ (ഇന്നത്തെ ലെനിൻഗ്രാദ്) സാർ ചക്രവർത്തിയുടെ ശിശിരകാല വസതിയുടെ മുമ്പിൽ ഫാദർ ഗ്യോർഗി കാപ്പൺ എന്ന ഒരു പുരോഹിതന്റെ നേതൃത്വത്തിൽ ചക്രവർത്തിക്ക് ജയ് വിളിച്ചുകൊണ്ട് ഭക്ഷണവും തൊഴിലും ആവശ്യപ്പെട്ട് സമാധാനപരമായി പ്രകടനം നടത്തിയ രണ്ടുലക്ഷം ദരിദ്രജനങ്ങളുടെമേൽ കുതിരപ്പട്ടാളത്തെ ഇളക്കിവിടുകയും പീരങ്കിവെടി ഉതിർക്കുകയും ചെയ്തത് സാറിന്റെ നയത്തിന്റെ ഒരു വശം. ആയിരത്തോളംപേർ കൂരുതിചെയ്യപ്പെട്ട ഈ സംഭവം 'ബ്ളഡി സൺഡേ' (രക്തപങ്കിലമായ ഞായറാഴ്ച) എന്ന പേരിൽ കുപ്രസിദ്ധിയാർജിച്ചിരിക്കുന്നു. ആ ഒക്ടോബർ മാസത്തിൽ ഭാഗികമായ ചില ജനാധിപത്യ അവകാശങ്ങൾ ജനങ്ങൾക് വാഗ്ദാനം ചെയ്തുകൊണ്ട് നിക്കോളാസ് പുറപ്പെടുവിച്ച പ്രസ്താവന മറ്റൊരു വശം. പണിമുടക്കുകളും പട്ടാളലഹളകളും സായുധസംഘട്ടനങ്ങളും മറ്റുംകൊണ്ട് മോസ്കൊവും മറ്റനവധി നഗരങ്ങളും ഗ്രാമ

പ്രദേശങ്ങളും മുഖരിതമായെങ്കിലും അന്തിമഫലം പരാജയംതന്നെ. എങ്കിലും സാർ സർവാധിപത്യത്തിന്റെ അധ്യക്ഷത ചോദ്യം ചെയ്യപ്പെട്ടു. വിപ്ലവത്തിന്റെ സാധ്യത ബോധ്യപ്പെട്ടു. 1917–ലെ നിർണായകമായ പോരാട്ടങ്ങൾക് 1905 ഒരു റിഹേഴ്സലായി ഭവിച്ചു. 1917 ഫെബ്രുവരിയിലെയും ഒക്ടോബറിലെയും വിജയകരമായ വിപ്ലവങ്ങൾക് 1905–ലെ പരാജയം പരിശീലനവും പാഠങ്ങളും നൽകി.

ഒക്ടോബർ സോഷ്യലിസ്റ്റ് വിപ്ലവത്തെ അതിനുമുമ്പ് നടന്ന വിവിധ വിപ്ലവങ്ങളിൽനിന്നും വ്യത്യസ്തമാക്കുന്ന മുഖ്യഘടകം ആ വിപ്ലവത്തിന്റെ സുശിക്ഷിതവും സുസംഘടിതവും ആസൂത്രിതവുമായ നേതൃത്വമാണ്. 1789–ലെ മഹത്തായ ഫ്രഞ്ച് വിപ്ലവത്തിനോ 1848–ലെ യൂറോപ്യൻ വിപ്ലവപരമ്പരക്കോ 1871–ലെ പാരീസ് കമ്യൂണിനോ അതുപോലുള്ള മറ്റനേകം വിപ്ലവങ്ങൾക്കോ ഇങ്ങനെ മുൻകൂർ ആസൂത്രിതമായ നേതൃത്വം ഉണ്ടായിരുന്നില്ല. അതുകൊണ്ടുകൂടിയായിരിക്കാം ഈ വിപ്ലവങ്ങൾക്കെല്ലാം ആരോഗ്യകരമായ ദീർഘകാല പ്രതികരണങ്ങൾ ഉണ്ടായിരുന്നുവെങ്കിലും തൊട്ടടുത്ത് സംഭവിച്ചത് പ്രതിവിപ്ലവങ്ങളും ക്രൂരമായ പ്രതികാരങ്ങളും ആയിപ്പോയത്. വിപ്ലവത്തിന്റെ സിദ്ധാന്തത്തിലും പ്രയോഗത്തിലും ഒരുപോലെ അവഗാഹം നേടിയ ബോൾഷെവിക് പാർടിയെപ്പോലെ ഒരു നേതൃത്വവും, അനന്യസാധാരണമായ വിപ്ലവതന്ത്രജ്ഞതയും ഐതിഹാസികമായ ഉൾക്കാഴ്ചയും കൈമുതലായ വി ഐ ലെനിനെപ്പോലെ (1870–1924) ഒരു നേതാവും ഒക്ടോബർ സോഷ്യലിസ്റ്റ് വിപ്ലവത്തിന്റെ വിജയത്തിന് നിർണായകമായ സംഭാവന നൽകി.

മാർക്സിസ്റ്റ് വൈരുധ്യാധിഷ്ഠിതവാദപ്രകാരം ഒരു വിപ്ലവത്തിന്റെ വിജയത്തിന് വസ്തുനിഷ്ഠവും ആത്മനിഷ്ഠവുമായ ഘടകങ്ങൾ സമ്മേളിക്കണം. ഒന്നാം ലോകമഹായുദ്ധം, സാർ സേച്ഛാധിപത്യത്തിൻ കീഴിലെ സാമ്രാജ്യത്വ–ഫ്യൂഡൽ മുതലാളിത്ത വ്യവസ്ഥയുടെ പ്രതിസന്ധി മുതലായവയായിരുന്നു വസ്തുനിഷ്ഠ ഘടകങ്ങളെങ്കിൽ റഷ്യൻ സോഷ്യൽ ഡമോക്രാറ്റിക് പാർടിയും ബഹുജന പ്രസ്ഥാനങ്ങളും ആയിരുന്നു ആത്മനിഷ്ഠ ഘടകം. മാർക്സിസവും ലെനിനിസവും പാർടിയെ വിപ്ലവത്തിന്റെ അജയ്യമായ നേതൃശക്തിയായി ഉയർത്തി.

1898–ൽ മിൻസ്ക് നഗരത്തിൽവച്ച് ചേർന്ന ഒന്നാം കോൺഗ്രസോടുകൂടി റഷ്യൻ സോഷ്യൽ ഡമോക്രാറ്റിക് ലേബർ പാർടി രൂപംകൊണ്ടു. അതിനുമുമ്പുതന്നെ വിവിധ റഷ്യൻ നഗരങ്ങളിൽ രൂപംകൊണ്ട ട്രേഡ് യൂണിയനുകളും സോഷ്യലിസ്റ്റ് ഗ്രൂപ്പുകളും മാർക്സിസ്റ്റ് ഗ്രൂപ്പുകളും മറ്റും ചേർന്നാണ് മിൻസ്

കിൽ ഈ പാർടി രൂപംകൊണ്ടത്. അങ്ങനെ മിൻസ്കിൽ ഒത്തുചേർന്ന ഗ്രൂപ്പുകളിൽ ഏറ്റവും പ്രധാനപ്പെട്ടത് 1895–ൽ പീറ്റേഴ്സ്ബർഗ് കേന്ദ്രമായി ലെനിൻ രൂപീകരിച്ച ''തൊഴിലാളിവർഗത്തിന്റെമോചനത്തിനുവേണ്ടിയുള്ള സമര സഖ്യം'' (ലീഗ് ഓഫ് സ്ട്രഗിൾ ഫോർ ദി ഇമാൻസിപേഷൻ ഓഫ് ദി വർക്കിംഗ് ക്ലാസ്) എന്ന സംഘടനയായിരുന്നു. എങ്കിലും ലെനിന് ഒന്നാം കോൺഗ്രസിൽ പങ്കെടുക്കാൻ കഴിഞ്ഞില്ല. സൈബീരിയയിൽ അദ്ദേഹം അന്ന് നാടുകടത്തപ്പെട്ടിരിക്കുകയായിരുന്നു. മിൻസ്ക് കോൺഗ്രസിന് വഴിയൊരുക്കിയ മറ്റൊരു സ്വാധീനശക്തി ലെനിനെക്കാൾ വളരെ മുതിർന്ന ഗ്യോർഗി പ്ളഹാനോവ് (1856–1918) ആയിരുന്നു. റഷ്യൻ മാർക്സിസത്തിന്റെ പിതാവ് എന്ന ബഹുമതിയോടെ അറിയപ്പെടുന്ന പ്ളഹാനോവ് വിവിധ ബൂർഷ്വാ–പെറ്റി ബൂർഷ്വാ ചിന്താഗതികൾക്കെതിരെ നടത്തിപ്പോന്ന താത്വിക രാഷ്ട്രീയപ്പോരാട്ടം ഈ നൂറ്റാണ്ടിന്റെ തുടക്കമാകുമ്പോഴേക്കും റഷ്യയിലെ വിപ്ലവകാരികൾക്കിടയിൽ മാർക്സിസത്തിന് ഗണ്യമായ അംഗീകാരം നേടിക്കൊടുത്തിരുന്നു. എങ്കിലും സാമ്രാജ്യത്വത്തിന്റെ കാലഘട്ടത്തിലും റഷ്യയുടെ മൂർത്ത സാഹചര്യത്തിലും മാർക്സിസം പ്രയോഗിക്കേണ്ടത് എങ്ങനെയെന്ന കാര്യത്തിൽ അദ്ദേഹത്തിന് പിഴവുകൾ പറ്റിപ്പോയി. മാർക്സിസവും റഷ്യൻ വിപ്ലവ യാഥാർഥ്യവും തമ്മിലുള്ള ഈ വിടവ് നികത്തിയത് ലെനിനാണ്. റഷ്യയിൽ യഥാർഥ തൊഴിലാളിവർഗ വിപ്ലവപാർടി കെട്ടിപ്പടുക്കുന്നതിന് പല വ്യതിയാനങ്ങളോടും വ്യക്തികളോടും മല്ലടിക്കേണ്ട കർതവ്യവും ലെനിന് വന്നുകൂടി.

ഈ താത്വിക സമരം റഷ്യൻ സോഷ്യൽ ഡമോക്രാറ്റിക് ലേബർ പാർടിയുടെ രണ്ടാം കോൺഗ്രസിൽ അതിന്റെ ഉച്ചകോടിയിലെത്തി. രണ്ടാം പാർടി കോൺഗ്രസ് റഷ്യക്ക് പുറത്തുവച്ചാണ് ചേർന്നത്. ആദ്യം ബ്രസൽസിലും പിന്നീട് ലണ്ടനിലുമായി കോൺഗ്രസ് നടപടികൾ പൂർത്തിയാക്കി. പാർടി നിയമവിരുദ്ധമായതിനാൽ റഷ്യൻ സേച്ഛാധിപത്യത്തിൽ യോഗം ചേരാൻ കഴിയുമായിരുന്നില്ല. ബ്രസൽസിലും സാറിസ്റ്റ് ചാരൻമാർ മണത്തറിഞ്ഞ് എത്തിയതുകൊണ്ടാണ് പിന്നീടത് ലണ്ടനിലേക്ക് മാറ്റിയത്. മിൻസ്കിലെ ഒന്നാം കോൺഗ്രസും ഒളിവിലാണ് ചേർന്നത്. പക്ഷെ അന്ന് ഒൻപതുപേർ മാത്രമേ പ്രതിനിധികളായി ഉണ്ടായിരുന്നുള്ളു. എന്നാൽ 1903–ലെ രണ്ടാം കോൺഗ്രസിൽ ആകട്ടെ 43 പ്രതിനിധികൾ പങ്കെടുത്തു. രണ്ടാം കോൺഗ്രസ് കൂടുന്നതിനുമുമ്പുതന്നെ ഇസ്ക്ര (തീപ്പൊരി) എന്ന നിയമവിരുദ്ധ പത്രം സ്ഥാപിച്ച് അതിലൂടെ ശരിയായ മാർക്സിസ്റ്റ് തൊഴിലാളി വർഗനയത്തിനുവേണ്ടി ലെനിൻ പോരാടിക്കൊണ്ടിരുന്നു. ലെനിൻ പക്ഷപാതികളെ അക്കാലത്ത് 'ഇസ്ക്രയിസ്റ്റുകൾ' എ

ന്നാണ് വിളിക്കാറ്. രണ്ടാം പാർടികോൺഗ്രസിൽ ഇസ്ക്രയിസ്റ്റുകളും ഇസ്ക്രാവിരുദ്ധരും തമ്മിൽ ഏറ്റുമുട്ടി. ഇസ്ക്രയിസ്റ്റുകളം ഭൂരിപക്ഷം നേടിയതിനാൽ ഭൂരിപക്ഷം എന്നർഥമുള്ള ബോൾഷെവിക്കുകാർ എന്ന പേരിൽ അവർ അറിയപ്പെട്ടു. ന്യൂന പക്ഷം എന്നർഥം വരുന്ന മെൻഷെവിക്കുകാർ എന്ന പേർ എതിരാളികളംകും വന്നുചേർന്നു. അന്നത്തെ പല പ്രാമാണികരും മെൻഷെവിക് പക്ഷത്തായിരുന്നുവെങ്കിലും യുവാവായ ലെനിന്റെ പക്ഷത്തായിരുന്നു ഭൂരിപക്ഷം. 1917—ലെ ഒക്ടോബർ സോഷ്യലിസ്റ്റ് വിപ്ലവത്തിന്റെ വിജയത്തിനുശേഷമാണ് റഷ്യൻ സോഷ്യൽ ഡമോക്രാറ്റിക് ലേബർ പാർടി (ബോൾഷെവിക്) എന്ന പേര് 1919—ൽ ചേർന എട്ടാം കോൺഗ്രസിൽവച്ച് സോവിയറ്റ് യൂണിയനിലെ കമ്യൂണിസ്റ്റ് പാർടി (ബോൾഷെവിക്) എന്നാക്കി മാറ്റിയത്.

എട്ടാം കോൺഗ്രസിൽ പേരുമാത്രമല്ല, പാർടിയുടെ നിയമാവലിയും പരിപാടിയും പൂർണമായി പരിഷ്കരിച്ച് അംഗീകരിക്കുകയുണ്ടായി. അതായത് 1903—ലെ രണ്ടാം പാർടി കോൺഗ്രസിൽ അംഗീകരിച്ച നിയമാവലിയും പരിപാടിയും വിപ്ലവം വിജയിച്ച് തൊഴിലാളിവർഗം അധികാരം ഏറെറടുക്കുകയും തന്ത്രപരമായ മറെറാരു വിപ്ലവഘട്ടം ആരംഭിക്കുകയും ചെയ്യുന്നതുവരെ തുടർന്നു എന്നർഥം.

ലെനിനിസം എന്നാൽ മാർക്സിന്റെയും എംഗൽസിന്റെയും ജീവിതകാലത്തിന്റെ അന്ത്യദശയിൽ രൂപം കൊണ്ട്, ലോകത്തെ മുഴുവനും കൈക്കുള്ളിൽ ഒതുക്കിയ സാമ്രാജ്യത്വകാലഘട്ടത്തിലെ മാർക്സിസം എന്നാണർഥം. ഈ കാലഘട്ടത്തിലെ തൊഴിലാളിവർഗ വിപ്ലവത്തിന്റെ അടവുകളും തന്ത്രങ്ങളും ലെനിനിസത്തിന്റെ സത്തയാണ്. ലെനിന്റെ *എന്തു ചെയ്യണം* (1902), *ഒരടി മുന്നോട്ട് രണ്ടടി പിന്നോട്ട്* (1904), *ജനാധിപത്യവിപ്ലവത്തിൽ സോഷ്യൽ ഡമോക്രസിയുടെ രണ്ട് തന്ത്രങ്ങൾ* (1905) എന്നീ മൂന്ന് പുസ്തകങ്ങളിലും മറ്റ് അനവധി ലേഖനങ്ങളിലുമായി ലെനിനിസത്തിന്റെ അടിസ്ഥാനതത്വങ്ങം ലെനിൻ വിശദമാക്കിക്കഴിഞ്ഞിരുന്നു. 1903—ലെ രണ്ടാം പാർടികോൺഗ്രസ് ലെനിനിസ്റ്റ് പരിപാടിക്ക് ഭൂരിപക്ഷാംഗീകാരം നൽകിയെങ്കിലും സംഘടനാതലത്തിൽകൂടി ലെനിനിസ്റ്റുകംക് പാർടിയിൽ അനിഷേധ്യനേതൃത്വം ലഭിച്ചത് 1905—ൽ വീണ്ടും ലണ്ടനിൽ ചേർന മൂന്നാം പാർടി കോൺഗ്രസിൽ വച്ചാണ്. കോൺഗ്രസിലേക്ക് ബോൾഷെവിക്കുകാരെയും മെൻഷെവിക്കുകാരെയും ക്ഷണിച്ചിരുന്നുവെങ്കിലും ബോൾഷെവിക്കുകം മാത്രമേ പങ്കെടുത്തുള്ളു. മെൻഷെവിക്കുകം ജനീവയിൽ പ്രത്യേക കോൺഗ്രസ് ചേർന്നു. മൂന്നാം കോൺഗ്രസ് മെൻഷെവിക്കുകളെ ഒരു പിളർപൻ ന്യൂന

പക്ഷമായി പരിഗണിച്ച് തിരസ്കരിച്ചു. ''ഇതാ രണ്ട് കോൺഗ്രസുകളും; അങ്ങനെ രണ്ട് പാർടികളും'' എന്നായിരുന്നു ലെനിന്റെ പ്രതികരണം. അങ്ങനെ ലിയോൺ ട്രോത്സ്കിയെപ്പോലെ ചില മെൻഷെവിക്കുകളും വിപ്ലവം സമീപിച്ചതോടെ ലെനിനിസ്റ്റ് ചേരിയിലേക്ക് മാനസാന്തരമുണ്ടായതായി അവകാശപ്പെട്ടുകൊണ്ട് തിരിച്ചുവന്നെങ്കിലും രണ്ടും രണ്ടുകൂട്ടരായി തുടർന്നു. മൂന്നുമുതൽ ഏഴുവരെയുള്ള പാർടി കോൺഗ്രസുകളെല്ലാം ലെനിന്റെ നേതൃത്വം സ്വീകരിക്കുന്ന ബോൾഷെവിക് പക്ഷത്തിന് നിർണായക ഭൂരിപക്ഷം ഉള്ളവയായിരുന്നുവെന്ന് ചുരുക്കിപ്പറയാം.

ലെനിന്റെ ആദ്യത്തെ പോരാട്ടം 'നരോദ്നിക്കുകളു'മായുള്ളതായിരുന്നു. പൊതുവെ കർഷക അവബോധത്തെ പ്രതിനിധീകരിച്ച ഇക്കൂട്ടർ ഈ തൊഴിലാളിവർഗ നേതൃത്വത്തെ തിരസ്കരിക്കുകയും ബഹുജന–വർഗ സമരങ്ങളെക്കാൾ വൈയക്തിക ഭീകര പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകുകയും ചെയ്തു. ലെനിന് എതിർക്കേണ്ടിവന്ന മറ്റൊരു പ്രവണതയെ 'ഇക്കണോമിസം' അഥവാ സാമ്പത്തിക സമരവാദം എന്നുവിളിക്കാം. വർഗസമരത്തിൽ സാമ്പത്തികകാര്യങ്ങൾക്ക് മുൻഗണന നൽകിയ രാഷ്ട്രീയസമരത്തിന്റെ പ്രാധാന്യം അവഗണിക്കുന്ന ഈ പ്രവണതയെ എതിർത്തു തോൽപിച്ചാണ് തൊഴിലാളിവർഗ വിപ്ലവ പരിപാടി ലെനിൻ ആവിഷ്കരിച്ചത്. മാർക്സിസ്റ്റ് പാർടി തൊഴിലാളിവർഗത്തിന്റെ മുന്നണിപ്പടയാളിയും നേതാവുമായിരിക്കണമെന്നും അങ്ങനെ ആയിരിക്കണമെങ്കിൽ അതിലെ അംഗത്വം സുശിക്ഷിതരായ വിപ്ലവകാരികൾക്ക് മാത്രമായി പരിമിതപ്പെടുത്തണമെന്നും ജനാധിപത്യ കേന്ദ്രീകരണമായിരിക്കണം അതിന്റെ സംഘടനാതത്വമെന്നും ലെനിൻ വാദിച്ചപ്പോൾ മാർടോവ് തുടങ്ങിയ ഒരുപക്ഷം എതിർത്തു. പണിമുടക്കാൻ തയ്യാറുള്ള ഏതൊരു തൊഴിലാളിയെയും പാർടിയിൽ അംഗമാക്കാം എന്നായിരുന്നു അവരുടെ പക്ഷം. അതായത്, ഏത് ബഹുജന സംഘടനയെയുംപോലെ ആർക്കും ചേരാവുന്നതും അയഞ്ഞ പ്രവർത്തനശൈലിയോടുകൂടിയതുമായ കെട്ടുറപ്പില്ലാത്ത ഒരു പാർടി. മുഖ്യമായും ഈ പ്രശ്നത്തെച്ചൊല്ലിയാണ് രണ്ടാം കോൺഗ്രസിൽ ഭൂരിപക്ഷമായ ബോൾഷെവിക്കുകാരും ന്യൂനപക്ഷമായ മെൻഷെവിക്കുകാരും തെറ്റിപ്പിരിഞ്ഞത്. പാർടി നിയമാവലിയോടൊപ്പം രണ്ടാം കോൺഗ്രസ് അംഗീകരിച്ച പാർടി പരിപാടിയും ബോൾഷെവിക്കുകാരുടേതായിരുന്നു.

എന്തായിരുന്നു ഈ പരിപാടിയുടെ കാതൽ. മൂന്നാം പാർടി കോൺഗ്രസിനെത്തുടർന്ന് 1905–ലെ വിപ്ലവത്തിന്റെ അനുഭവങ്ങൾകൂടി സ്വാംശീകരിച്ചുകൊണ്ട് ലെനിൻ തന്റെ രണ്ട് തന്ത്രങ്ങൾ എന്ന മേൽപരാമർശിച്ച കൃതിയിൽ ഇത് വിശദീകരിക്കു

ന്നു. വസ്തുനിഷ്ഠ വർഗസാഹചര്യങ്ങളെ വിസ്മരിച്ചുകൊണ്ട് വിപ്ലവപ്രക്രിയയിലെ അനിവാര്യമായ ഘട്ടങ്ങളെ മറികടന്ന് തീവ്രവാദം പുലമ്പുന്നവരെ പെറ്റിബൂർഷ്വാ സ്വപ്നാടകരായി ലെനിൻ വിമർശിച്ചു. റഷ്യ തീരെ അവികസിതമായ ഒരു ഫ്യൂഡൽ സാമ്രാജ്യമാണ് എന്ന വാദവും റഷ്യ സോഷ്യലിസ്റ്റ് വിപ്ലവത്തിനു പാകമായിക്കഴിഞ്ഞ വികസിത മുതലാളിത്ത രാഷ്ട്രമാണെന്ന മറുവാദവും ലെനിൻ തിരസ്കരിച്ചു. 30 വയസ്തികയുന്നതിനുമുൻപുതന്നെ ലെനിൻ എഴുതിയ *റഷ്യയിലെ മുതലാളിത്ത വികസനം* എന്ന ഗവേഷണകൃതിയിൽ റഷ്യയിലെ മുതലാളിത്ത വികസനത്തിന്റെ വിശദമായ കണക്കുകളും അതിന്റെ രാഷ്ട്രീയാർഥ വ്യാപ്തിയും ലെനിൻ വിവരിച്ചിരുന്നു. അതുകൊണ്ട് റഷ്യൻ വിപ്ലവത്തിൽ തൊഴിലാളിവർഗമല്ല നേതൃത്വം ഏറ്റെടുക്കേണ്ടത് എന്ന വാദത്തെ ലെനിൻ തീർത്തും തിരസ്കരിച്ചു. എന്നാൽ റഷ്യയിലെ ആസന്നമായ വിപ്ലവം തൊഴിലാളിവർഗത്തിന്റെ നേതൃത്വത്തിലുള്ള ബൂർഷ്വാ വിരുദ്ധ സോഷ്യലിസ്റ്റ് വിപ്ലവം ആയിരിക്കണമെന്ന മെൻഷെവിക് വാദങ്ങളും ലെനിന് സ്വീകാര്യമായില്ല. സാർ സർവാധിപത്യത്തെ തകർത്ത് ബൂർഷ്വാ ജനാധിപത്യം സ്ഥാപിക്കാനുള്ള യത്നങ്ങളെ നിസാരമാക്കി തിരസ്കരിക്കാൻ ലെനിൻ തയ്യാറായില്ല. എന്നാൽ അതേ സമയം ബൂർഷ്വാ ജനാധിപത്യത്തിന് ഒരു നീണ്ട ഇടവേള നൽകി ഭാഗ്യം പരീക്ഷിച്ച് കാത്തിരിക്കാൻ ചില മിതവാദി സോഷ്യൽ ഡമോക്രാറ്റുകളും പിൽകാലത്ത് പ്ലെഹാനോവ്, കൗത്സ്കി തുടങ്ങിയവരും വാദിച്ചതിനെയും ലെനിൻ എതിർത്തു. ഈ രണ്ട് വിരുദ്ധ വാദമുഖങ്ങളെയും തിരസ്കരിച്ചുകൊണ്ട് ജനാധിപത്യ വിപ്ലവത്തിൽ തൊഴിലാളിവർഗ ഹെഗിമണി (നേതൃത്വപരമായ പങ്ക്) എന്ന ആശയം അവതരിപ്പിച്ചതാണ് ലെനിന്റെ വിപ്ലവതന്ത്ര സംഭാവനകളിൽ വളരെ പ്രാധാന്യമർഹിക്കുന്നത്.

വിപ്ലവത്തിന്റെ ആദ്യഘട്ടമായ ജനാധിപത്യത്തിൽ സോഷ്യലിസാധിപത്യവും നാടുവാഴിത്തവും നിർമാർജനംചെയ്യും. ആ വിപ്ലവത്തിൽ തൊഴിലാളിവർഗം വഹിക്കുന്ന നേതൃത്വപരമായ പങ്ക് അടുത്തഘട്ടമായ സോഷ്യലിസത്തിലേക്ക് മുന്നേറാനുള്ള മാർഗം സുഗമമാക്കും. 1848—ലെയും മറ്റ് യൂറോപ്യൻ വിപ്ലവങ്ങളെയും മറ്റും കുറിച്ച് മാർക്സും എംഗൽസും എഴുതിയ ലേഖനങ്ങളിൽ ഈ ആശയത്തിന്റെ സ്ഫുരണങ്ങൾ കാണാനുണ്ടെങ്കിലും ജെ വി സ്റ്റാലിൻ സി പി എസ് യു (ബി) ചരിത്രത്തിൽ ചൂണ്ടിക്കാണിക്കുന്നതുപോലെ "ജനാധിപത്യ വിപ്ലവത്തിൽ തൊഴിലാളിവർഗ ഹെഗിമണി" എന്ന ആശയം അതുവരെയുള്ള മാർക്സിസ്റ്റ് പൈതൃകത്തിന് ഒരു പുതിയ മുതൽകൂട്ടാണ്. അത് ലെനിന്റെ സംഭാവനയുമാണ്.

ലെനിനിസത്തിന് സാർവദേശീയ പ്രസക്തിയുമുണ്ട്. തൊഴിലാളിവർഗ വിപ്ലവം വികസിത മുതലാളിത്ത രാഷ്ട്രങ്ങളിലാണ് ആദ്യം സംഭവിക്കുക എന്ന പഴയ സങ്കൽപനം സാമ്രാജ്യത്വ വികാസം ലോകത്തെ സുഘടിതമായ ഏക സാമ്പത്തിക ഘടകമായി മാറിത്തീർന്നതോടെ കാലഹരണപ്പെട്ടിരിക്കുന്നുവെന്നും ആഗോള വ്യാപകമായ സാമ്രാജ്യത്വ ശൃംഖലയുടെ ഏത് കണ്ണി ഏറ്റവും ദുർബലമാണോ അവിടെയായിരിക്കും പൊട്ടൽ ആദ്യം നടക്കുകയെന്നും ലെനിൻ കണ്ടു. ഇതുകൊണ്ട് ഏതെങ്കിലും ഒരു രാഷ്ട്രത്തിലെ സോഷ്യലിസ്റ്റ് വിപ്ലവത്തിന്റെ സാർവദേശീയ പ്രാധാന്യം ഇല്ലാതാവുകയല്ല കൂടുതൽ ശക്തമായി സമർഥിക്കപ്പെടുകയാണ് എന്നും ലെനിൻ വാദിച്ചു. ലോകം സാമ്രാജ്യത്വകാലഘട്ടത്തിൽ പരസ്പര ബന്ധിതമായ ഏക ഘടകമാകയാൽ ഏത് രാജ്യത്തുള്ള വിപ്ലവവും ആത്യന്തികമായി വിജയശ്രീലാളിതമാകുന്ന ആഗോള വിപ്ലവത്തിന്റെ ഭാഗമായിത്തീരുന്നു—ആഗോള സോഷ്യലിസ്റ്റ് പരിവർതനത്തിലേക്ക് ഒരു സംഭാവന.

ജനാധിപത്യ വിപ്ലവത്തിലെ തൊഴിലാളിവർഗ ഹെഗിമണി എന്ന ആശയം പിൽകാലത്ത് കൊളോണിയൽ വിപ്ലവങ്ങളിൽ തൊഴിലാളിവർഗ നയം ആവിഷ്കരിക്കാനും ജനാധിപത്യ വിപ്ലവ പൂർതീകരണത്തിൽ തൊഴിലാളി വർഗത്തിന്റെ പങ്ക് വ്യവച്ഛേദിച്ചുകാട്ടാനും സോഷ്യലിസ്റ്റ് വിപ്ലവങ്ങളുടെമുന്നോടിയായ ജനകീയ ജനാധിപത്യ വിപ്ലവങ്ങളുടെ അടവും തന്ത്രവും ആവിഷ്കരിക്കാനും മറ്റും ഉതകി. കമ്യൂണിസ്റ്റ് ഇൻറർനാഷണലിന്റെ കൊളോണിയൽ തീസിസുകളിലും മൗ സെ ദൊങ്ങിന്റെ *പുതിയ ജനാധിപത്യത്തിലും* മറ്റും തെളിഞ്ഞു കാണുന്നത് ഈ ലെനിനിസ്റ്റ് കാഴ്ചപ്പാടുകളാണ്.

ലെനിനിസ്റ്റ് കാഴ്ചപ്പാടുകളെയും നയങ്ങളെയും അക്ഷരം പ്രതി സ്ഥിരീകരിക്കുന്ന തരത്തിലാണ് ലോക സംഭവങ്ങളും റഷ്യൻ സ്ഥിതിഗതികളും നീങ്ങിക്കൊണ്ടിരുന്നത്. 1889—ൽ ഫ്രെഡറിക് എംഗൽസിന്റെ നേതൃത്വത്തിൽ സ്ഥാപിക്കപ്പെട്ടതും എംഗൽസിന്റെ കാലശേഷം ബേൺസ്റൈൻ, കൗത്സ്കി തുടങ്ങിയ മിതവാദികളുടെ നേതൃത്വത്തിലേക്ക് വഴുതിപ്പോയതുമായ രണ്ടാം ഇൻറർനാഷണലായിരുന്നു അക്കാലത്തെ ഏറ്റവും വലിയ സാർവദേശീയ തൊഴിലാളിവർഗ സംഘടന. ഈ സംഘടന തൊഴിലാളിവർഗവിപ്ലവ വീക്ഷണവും തിരുത്തൽവാദികളുടെ മിതവാദവും തമ്മിലുള്ള പോരാട്ടങ്ങളുടെ വേദിയായി. സാങ്കേതികവിദ്യകളുടെ പുരോഗതിയും ബൂർഷ്വാ ജനാധിപത്യ പ്രക്രിയയുടെ വികാസവും പഴയ ശൈലിയിലുള്ള തൊഴിലാളിവർഗ വിപ്ലവ സിദ്ധാന്തത്തെ കാലഹരണപ്പെടുത്തിയിരിക്കുന്നു എന്നായിരുന്നു തിരുത്തൽവാദികളുടെ പക്ഷം. അതുകൊണ്ട് തൊഴിലാളിവർഗ പാർടി

കം സമാധാനപരമായ പാർലമെൻററിമാർഗങ്ങളിലേക്ക് തിരിച്ചു പോകണമെന്നും തൊഴിലാളിവർഗ സാർവദേശീയത്വം മുതലായ മരുമരീചികകളുടെ പിന്നാലെ ഓടി ജീവിതം വ്യർഥമാക്കരുതെന്നും മീററുമായിരുന്നു ഇക്കൂട്ടരുടെ ഉപദേശങ്ങൾ. എന്നാൽ ലെനിനാകട്ടെ, ജീർണോൻമുഖമായ മുതലാളിത്തത്തിൻെറയും പണമിടപാട് മൂലധനമായി (ഫൈനാൻസ് ക്യാപ്പിററൽ) വളരുന്ന കുത്തക മുതലാളിത്തത്തിൻെറയും രൂപമായ സാമ്രാജ്യത്വം പുതിയ വിപ്ലവ സാധ്യതകളും സന്ദർഭങ്ങളും സൃഷ്ടിക്കുന്നുവെന്ന് ചൂണ്ടിക്കാട്ടി. സാമ്രജ്യത്വത്തെപ്പററി അദ്ദേഹം ഒരു പുസ്തകം തന്നെ എഴുതി. അനുക്ഷണ വികാസത്തിലൂടെയും വിദേശ ചൂഷണത്തിലൂടെയും മാത്രമേ സാമ്രാജ്യത്വത്തിന് നിലനിൽകാൻ കഴിയുവെന്നും ലോകത്തിൽ ഒരുതുണ്ട് ഭൂമിപോലും അവശേഷിപ്പിക്കാതെ എല്ലാം സാമ്രാജ്യശക്തികളും പങ്കിട്ടെടുത്ത് തീർതിരിക്കുന്നതിനാൽ സ്വന്തം നിലനിൽപിനായി വിവിധ സാമ്രാജ്യത്വശക്തികളും പരസ്പരം പടവെട്ടാതിരിക്കാൻ കഴിയില്ലെന്നും ലെനിൻ ചൂണ്ടിക്കാട്ടി. അതുകൊണ്ടവർക് യുദ്ധം വെട്ടിയേ പററൂ. സാമ്രാജ്യത്വം നിലനിൽകുമ്പോളം യുദ്ധം അനിവാര്യമാണ്. എന്നാൽ മുതലാളിത്തശക്തികളും സാമ്രാജ്യവാദികളും പരസ്പരം പടവെട്ടുമ്പോഴും അത് രാഷ്ട്രങ്ങളിലെ തൊഴിലാളിവർഗം അതിലൊന്നും പക്ഷം പിടിക്കേണ്ടതില്ലെന്നും യുദ്ധത്തെ ആഭ്യന്തരയുദ്ധമാക്കി മാററി സ്വന്തം ഭരണാധികാരികളുടെമേലെ യുദ്ധം വെട്ടുകയാണ് വേണ്ടതെന്നും ലെനിൻ ഉദ്ബോധിപ്പിച്ചു. മുതലാളിത്തത്തിൻെറ അസമമായ വളർചയും ഈ പ്രക്രിയയെ ത്വരിതപ്പെടുത്തുമെന്ന് ലെനിൻ കണ്ടു.

അങ്ങനെ പുതിയ സാഹചര്യങ്ങളും പുതിയ വിപ്ലവ സാധ്യതകളെ അനാവരണം ചെയ്തിരിക്കുകയാണ് എന്നും ഈ സന്ദർഭത്തിൽ സ്വന്തം ബൂർഷ്വാഭരണാധികാരികളുടെ ദേശാഭിമാന ചപ്പടാച്ചികളിൽ മയങ്ങിപ്പോകാതെ ആഭ്യന്തരയുദ്ധത്തിന് തയ്യാറെടുക്കുക എന്ന ലെനിൻെറ ഉപദേശം സ്വപ്നവിഭ്രാന്തിയാണെന്ന് ചിലരും മാർക്സിസ്ററ് മുഖപടം വാദമാണെന്ന് വേറെ ചിലരും അധിക്ഷേപിച്ചു. തൊഴിലാളിവർഗ സാർവദേശീയത്തോടും ലെനിൻെറ കാഴ്ചപ്പാടിനോടും യോജിച്ചുനിന്നവർപോലും യുദ്ധം പൊട്ടിപ്പുറപ്പെട്ടപ്പോൾ ബൂർഷ്വാ ദേശാഭിമാന പരാക്രമങ്ങളിൽ കമിഴ്ന്നുവീണ് സ്വന്തം ബൂർഷ്വാസിയുടെ കൂലിപ്പടയായി മാറി. അതേ സമയം ലെനിനും ബോൾഷെവിക് പാർടിയും പ്രഖ്യാപിത ലക്ഷ്യങ്ങളിലും തത്വങ്ങളിലും ഉറച്ചുനിന്ന് സ്വന്തം രാഷ്ട്രത്തിലെ വിപ്ലവത്തെ ധീരമായി വിജയത്തിലേക്ക് നയിച്ച കഥയാണ് ഒക്ടോബർ വിപ്ലവത്തിൻെറ ചരിത്രം. ഹംഗറി, ജർമനി തുടങ്ങി മറേതാനും രാഷ്ട്രങ്ങളിലെ വിപ്ലവകാരികളും കൂടി

ലെനിനിസ്റ്റ് മാർഗ്ഗം സ്വീകരിച്ച് യുദ്ധത്തെ ആഭ്യന്തര യുദ്ധമാക്കി മാറ്റിയെങ്കിലും തിരുത്തൽ വാദികളുടെയും ഭീരുക്കളുടെയും കുതികാൽ വെട്ടുകളോടൊപ്പം പിന്തിരിപ്പൻ പ്രത്യാക്രമണം കൂടിയായപ്പോഴും അധികകാലം പിടിച്ച് നിൽക്കാനാവാതെ പിൻവാങ്ങുകയോ പരാജയപ്പെടുകയോ ചെയ്തു.

ലെനിന്റെ പ്രവചനം സ്ഥിരീകരിച്ചുകൊണ്ട് 1914–ൽ സാമ്രാജ്യത്വ രാഷ്ട്രങ്ങൾ തമ്മിൽ യുദ്ധം പൊട്ടിപ്പുറപ്പെട്ടപ്പോൾ സാറിസ്റ്റ് റഷ്യ ജർമനിക്കെതിരെ ഇംഗ്ലണ്ടിന്റെയും മറ്റ് പടിഞ്ഞാറൻ രാഷ്ട്രങ്ങളുടെയും സഖ്യകക്ഷിയായിരുന്നു. എന്നാൽ കരുത്തുറ്റ ജർമൻ സൈനിക യന്ത്രത്തെ ചെറുത്തുനിൽക്കാനുള്ള കഴിവൊന്നും പിന്നോക്കാവസ്ഥയിൽ ഞെരിഞ്ഞമർന്ന സാറിസ്റ്റ് ഫ്യൂഡൽ സാമ്രാജ്യത്തിന് ഇല്ലായിരുന്നു. മുന്നണികളിലെല്ലാം അവർ ജർമൻകാരിൽനിന്ന് പരാജയം ഏറ്റുവാങ്ങുകയായിരുന്നു. മുന്നണിയിൽ പടവെട്ടുന്ന പട്ടാളക്കാർക്കുപോലും നിറച്ച് ആഹാരമോ വസ്ത്രമോ വൈദ്യസഹായമോ കൊടുക്കാൻ കഴിയാത്ത സാറിസ്റ്റ് ജീർണഭരണം എങ്ങനെയാണ് പിന്നണിയിലെ തൊഴിലാളികൾക്കും ജനങ്ങൾക്കും മിതവിലക്ക് ഭക്ഷണവും മരുന്നും ആവശ്യങ്ങളും നൽകുക?

അസ്വസ്ഥതകളും അസംതൃപ്തിയും പ്രകടനങ്ങളും പണിമുടക്കുകളുമെല്ലാം 1917 ആയപ്പോഴേക്കും ഒരു മൂർധന്യദശയിലേക്ക് കുതിക്കുകയായിരുന്നു. രാജകുടുംബത്തിന്റെയും പ്രഭുവൃന്ദത്തിന്റെയും ദുഷ്ടവൃത്തികൾക്കും ഉപജാപങ്ങൾക്കും ഉപദേഷ്ടാവായി വർത്തിച്ചുവന്നുവെന്ന് 1905–ലെ 'ബ്ലഡിസൺഡേ' മുതൽ ജനങ്ങൾ വിശ്വസിച്ചുപോന്നിരുന്ന ഗ്രിഗോറി റാസ്പുട്ടിന്റെ ജഡം 1916 ഡിസംബർ 17–ാം തീയതി നേവാ നദിയിലൂടെ ഒഴുകിപ്പോയി. 16 കോടി ജനസംഖ്യയുള്ള റഷ്യയിലെ 1.2 കോടി പട്ടാളക്കാരിൽ 90 ലക്ഷവും യുദ്ധമുന്നണികളിൽ ചത്തൊടുങ്ങിയെന്ന വാർത്തയും പരന്നു. ഇവരിലൊരു ഗണ്യമായ വിഭാഗം ചത്തൊടുങ്ങിയത് ജർമൻ വെടിയുണ്ടകൾകൊണ്ടായിരുന്നില്ല. കൊടും തണുപ്പും പട്ടിണിയും കൊണ്ടായിരുന്നു.

ഭക്ഷ്യദൗർലഭ്യം, തീവില, കരിഞ്ചന്ത തുടങ്ങിയ റഷ്യൻ സമൂഹത്തിലെ കെടുതികൾ യുദ്ധപരിതഃസ്ഥിതികൾമൂലം കൂടുതൽ രൂക്ഷമായി. ബൂർഷ്വാ സ്വഭാവമുള്ളവയും അരാജകതാവാസനയുള്ളവയും വിവിധ അളവുകളിൽ മാർക്സിസത്തോട് കൂറുപുലർത്തുന്നവരും ആയ ഒട്ടനവധി ഗ്രൂപ്പുകളും പാർടികളും ഈ കുഴഞ്ഞുമറിഞ്ഞ പരിതഃസ്ഥിതികളിൽ രംഗത്തുവന്നു. എന്നാൽ വ്യക്തമായ കാഴ്ചപ്പാടോടുകൂടി വരുംവരായ്കകൾ കണ്ടറിഞ്ഞ് ജനങ്ങൾക്ക് നേതൃത്വം നൽകാൻ കഴിഞ്ഞ ഏക സംഘടിത രാഷ്ട്രീയകക്ഷി ബോൾഷെവിക്കുകളുടേതായിരുന്നു. വിദേശത്ത് ഒളി

വിൽ കഴിഞ്ഞിരുന്ന ലെനിൻ സംഭവഗതി സസൂക്ഷ്മം വീക്ഷിച്ച് സഖാക്കൾക്ക് നിർദേശം നൽകിപ്പോന്നു.

1917 ഉദ്ഘാടനം ചെയ്യപ്പെട്ടതുതന്നെ ജനുവരി 9–ാം തിയതിയിലെ—രക്തരൂഷിത ഞായറാഴ്ചയുടെ വാർഷികം—പണിമുടക്കുകളും പ്രകടനങ്ങളും കൊണ്ടാണ്. പെത്രോഗ്രാദ്, മോസ്കൊ, ബാക്കു തുടങ്ങി നഗരങ്ങളെ പണിമുടക്കും പ്രകടനങ്ങളും ഇളക്കിമറിച്ചു. പെത്രോഗ്രാദിലെ (പഴയ പീറേഴ്സ് ബർഗ്) പുട്ടിലോവ് ഫാക്ടറിയിലെ തൊഴിലാളികളെ ഫെബ്രുവരി 18–ന് പണിമുടക്കി. ഫെബ്രുവരി 22 ആയപ്പോഴേക്കും അതൊരു പൊതു പണിമുടക്കായി ഫാക്ടറികളിലേക്കും നഗരങ്ങളിലേക്കും വ്യാപിച്ചു. പെത്രോഗ്രാദ് ബോൾഷെവിക് കമ്മിറ്റിയുടെ ആഹ്വാനപ്രകാരം സാർവദേശീയ മഹിളാദിനത്തിൽ (അന്ന് റഷ്യയിൽ നിലവിലിരുന്ന പഞ്ചാംഗ പ്രകാരം ഫെബ്രുവരി 23–വിപ്ളവത്തിനുശേഷം അംഗീകരിക്കപ്പെട്ട സാർവദേശീയ പഞ്ചാംഗപ്രകാരം മാർച്ച് 8) പതിനായിരക്കണക്കിന് സ്ത്രീകളെ പങ്കെടുത്ത പ്രകടനം നടന്നു. പണിമുടക്കുകളെയും പ്രകടനങ്ങളെയും അടിച്ചമർത്താൻ ഭരണകൂടം ഉത്തരവിട്ടു. പണിമുടക്കുകളെയും പ്രകടനങ്ങളെയും അടിച്ചമർത്താൻ ഭരണകൂടം ഉത്തരവിട്ടു. പണിമുടക്കുകയും പ്രകടനം നടത്തുകയും ചെയ്ത തൊഴിലാളികളെ പുറത്താക്കാൻ ഫാക്ടറി മുതലാളിമാർക്ക് അധികാരം നൽകി

ഫെബ്രുവരി വിപ്ലവം വിജയിപ്പിച്ചതും അതിനുവേണ്ടി ഏറ്റവും കൂടുതൽ ജീവത്യാഗം ചെയ്തതും സംഘടിതതൊഴിലാളിവർഗം ആയിരുന്നു എങ്കിലും ഭരണം കയ്യേറ്റത് ബൂർഷ്വാസിയാണ്. എങ്കിലും ജനങ്ങളോട് വിപ്ലവകാലത്ത് നടത്തിയ വാഗ്ദാനങ്ങളം നിറവേറ്റാനോ ബൂർഷ്വാജനാധിപത്യത്തിന്റെ തന്നെ കടമകളം പൂർത്തീകരിക്കാനോ കെരൻസ്കി കൂട്ടർക്ക് കഴിഞ്ഞില്ല. സാർചക്രവർത്തി തുടങ്ങിവച്ച യുദ്ധം അവസാനിപ്പിക്കുന്നതിന് പകരം അത് കൂടുതൽ ഊർജസ്വലമാക്കാനാണ് കെരൻസ്കി മുതിർന്നത്. പട്ടിണിയും കഷ്ടപ്പാടുകളും കരിഞ്ചന്തയും അതുമൂലം പെരുകിയപ്പോഴം വിപ്ലവം വ്യർഥമായിപ്പോയി എന്ന തോന്നലും വ്യാപിച്ചു. ഇതിനൊക്കെ പുറമെ തൊഴിലാളികംകെതിരെ ചക്രവർത്തിവാഴ്ചക്കാലത്തെപ്പോലെ പട്ടാളത്തിനെയും പൊലീസിനെയും അഴിച്ചുവിടാനും കെരൻസ്കി മുതിർന്നു.

ഈ സാഹചര്യത്തിലും സ്വന്തം ഭരണത്തെ കേന്ദ്രീകൃതമാക്കി നിലനിർത്താൻ കെരൻസ്കിക്ക് കഴിഞ്ഞില്ല. രാഷ്ട്രത്തിന്റെ വിവിധഭാഗങ്ങളിൽ നിലവിലിരുന്ന സോവിയറുകളം അവരുടെ മേഖലകളിൽ ഭരണം നടത്തിപ്പോന്നു. കെരൻസ്കിയുടെതന്നെ ആദ്യഘട്ടത്തിലെ അംഗീകാരത്തിന് അടിസ്ഥാനം അദ്ദേഹം പെത്രോഗ്രാദ് സോവിയറിലെ അംഗമായിരുന്നു എന്നതാണ്. കെരൻസ്കി ഗവൺമെൻറിന്റെ ജനവിരുദ്ധനയങ്ങളം പുരോഗമിച്ചതോടെ സോവിയറുകളും ഗവൺമെൻറുമായി അകലാൻ തുടങ്ങി. പൊതുവെ ഈ കാലഘട്ടത്തെ ലെനിൻ വിശേഷിപ്പിച്ചത് ദ്വിഭരണകാലഘട്ടം എന്നാണ്—ഒരേ സമയം കെരൻസ്കി ഗവൺമെൻറിന്റെയും സോവിയറുകളുടെയും സമാന്തര ഭരണം നടക്കുന്ന അവസ്ഥ.

ഈ അവസരത്തിലാണ് വിപ്ലവത്തിന്റെ രണ്ടാം ഘട്ടത്തെ—തൊഴിലാളിവർഗം അധികാരമേറെടുക്കുന്ന സോഷ്യലിസ്റ് ഘട്ടത്തെ—കുറിച്ച് ലെനിൻ എഴുതാൻ തുടങ്ങിയത്. ജൂലായ് മാസത്തിൽ കെരൻസ്കി പ്രധാനമന്ത്രിപദം ഏറെറടുത്തശേഷം നടന്ന മർദന നടപടികളുടെ പശ്ചാത്തലത്തിലാണ് ലെനിൻ ബോംഷെവിക്കുകംകുവേണ്ടി തന്ത്രവും അടവുകളും രൂപപ്പെടുത്താൻ തുടങ്ങിയത്. ലെനിന്റെ മുഖ്യ മുദ്രാവാക്യങ്ങം "എല്ലാ അധികാരവും സോവിയറുകംക്" എന്നതും "സമാധാനം, ഭക്ഷണം, ഭൂമി" എന്നതും ആയിരുന്നു. വിപ്ലവത്തിന്റെ അടുത്ത ഘട്ടത്തിലെ അടവുകളെയും തന്ത്രങ്ങളെയും കുറിച്ച് ലെനിൻ എഴുതിയ കത്തുകം *ഏപ്രിൽ തീസിസുകൾ* എന്ന പേരിൽ പ്രസിദ്ധമാണ്. ഏപ്രിൽ 3—ാം തിയതി ലെനിൻ ഒളിവു ജീവിതം വിട്ട് പെത്രോഗ്രാദിലെ ഫിൻലണ്ട് റെയിൽവേ സ്റേഷനിൽ

വമ്പിച്ച ജനകീയ ഹർഷാരവമധ്യേ പ്രത്യക്ഷപ്പെടുകയും വിപ്ലവ പ്രവർത്തനത്തിന്റെ നേതൃത്വം നേരിട്ട് കൈയേൽക്കുകയും ചെയ്തു.

"എല്ലാ അധികാരവും സോവിയറ്റുകൾക്ക്" എന്ന മുദ്രാവാക്യം ഉയർത്തുമ്പോഴും സോവിയറ്റുകളിൽ ബോൾഷെവിക്കുകൾ ഒരു ന്യൂനപക്ഷം മാത്രമായിരുന്നു. 1917 ജൂൺ 3 മുതൽ 24 വരെ പെത്രോഗ്രാദിൽവച്ച് ചേർന്ന സോവിയറ്റുകളുടെ ഒന്നാം അഖില റഷ്യൻ കോൺഗ്രസിൽ പങ്കെടുത്ത 1090 പ്രതിനിധികളിൽ ബോൾഷെവിക് പക്ഷക്കാർ 137 പേരെ ഉണ്ടായിരുന്നുള്ളു. അങ്ങനെയിരിക്കെ ഈ മുദ്രാവാക്യം മുഴക്കിയത് ആപൽകരമായ ഒരു ചൂതാട്ടമാണ് എന്ന് വിപ്ലവപക്ഷത്ത് ഉള്ളവർതന്നെ ഭയപ്പെട്ടു. പ്രതിപക്ഷക്കാരാകട്ടെ, ലെനിന്റെ മുദ്രാവാക്യത്തെ സ്വപ്നാടനക്കാരന്റെ പ്രലപനമായി മാത്രം കണ്ട് പരിഹസിച്ചു. എന്നാൽ ലെനിനെ ഈ മുദ്രാവാക്യം മുഴക്കാൻ പ്രേരിപ്പിച്ചത് ചരിത്രഗതിയെ കുറിച്ചുള്ള അദ്ഭുതകരമായ ഉൾകാഴ്ചയും അധ്വാനിക്കുന്ന വർഗങ്ങളിലുള്ള അടിയുറച്ച വിശ്വാസദാർഢ്യവുമായിരുന്നു. അതിവേഗം ചലിച്ചുകൊണ്ടിരിക്കുന്ന രാഷ്ട്രീയ–സാമ്പത്തിക പരിതഃസ്ഥിതിയിൽ ഇന്ന് ആധിപത്യം ആർക്കുതന്നെയായാലും നാളെ ആര് വളരും, ആര് തളരും എന്ന് കാണാനുള്ള മാർക്സിസ്റ്റ് വിശകലനപാടവം ലെനിന്റെ കൈമുതലായിരുന്നു. ശരിയായ രാഷ്ട്രീയ മുദ്രാവാക്യങ്ങളുടെ അടിസ്ഥാനത്തിൽ ജനങ്ങളെയും അവരുടെ പ്രതിനിധികളെയും അണിനിരത്താൻ കഴിയും എന്ന് ലെനിന് ഉറപ്പുണ്ടായിരുന്നു.

ബൂർഷ്വാ ജനാധിപത്യ വിപ്ലവത്തിന്റെ പരിണതഫലങ്ങളിലൊന്നായ പരിമിതമായ പൗരസ്വാതന്ത്ര്യം ഉപയോഗപ്പെടുത്തി പാർടിയും പാർടി പത്രങ്ങളും നിയമവിധേയമായി പ്രവർത്തിക്കാൻ തുടങ്ങി. കൊടുങ്കാറ്റുപോലെ പ്രചണ്ഡമായ രാഷ്ട്രീയ പ്രചാരണ പ്രക്ഷോഭവും സംഘടനാ പ്രവർത്തനവും അധികം താമസിയാതെ അഖില റഷ്യൻ സോവിയറ്റ് കോൺഗ്രസിൽ ബോൾഷെവിക്കുകൾക്ക് ഭൂരിപക്ഷം നേടിക്കൊടുത്തു. 1917 ഏപ്രിൽ 24–ാം തിയതി പാർടിയുടെ ചരിത്രത്തിലാദ്യമായി ബോൾഷെവിക്കുകൾ പരസ്യമായി യോഗം ചേർന്നു. ലെനിൻ സമ്മേളനത്തിന് നേതൃത്വം നൽകുകയും ഏപ്രിൽ തീസിസുകളുടെ അടിസ്ഥാനത്തിൽ തൊഴിലാളിവർഗ വിപ്ലവത്തിന്റെ അന്തിമവിജയത്തിന് പാർടിയെയും സഖാക്കളെയും സജ്ജരാക്കുകയും ചെയ്തു. കെരൻസ്കിയുടെ താൽകാലിക ഗവൺമെൻറിന് പിന്തുണ നൽകേണ്ടതില്ലെന്നും എല്ലാ അധികാരവും സോവിയറ്റുകൾക്ക് നൽകണമെന്നും ആവശ്യപ്പെട്ടു. അങ്ങനെ അന്തിമ സമരത്തിനുള്ള പോരാട്ടശക്തിപ്പെട്ടപ്പോഴും പൗരസ്വാതന്ത്ര്യങ്ങൾ വീണ്ടും വെട്ടിക്കുറക്കാൻ

തുടങ്ങി. ജൂലായിലെ മർദനനടപടികളെപ്പറ്റി പരാമർശിച്ചുവല്ലോ. 1917 ജൂലായ് 26 മുതൽ ആഗസ്ത് 3 വരെ പെത്രോഗ്രാദിൽ പാർടിയുടെ 6—ാം കോൺഗ്രസ് ചേർന്നപ്പോഴും അത് ഒളിവിൽതന്നെ നടത്തേണ്ടതായിട്ടു വന്നു. ലെനിൻ വീണ്ടും ഒളിവിൽ പോകാൻ നിർബന്ധിതനായി.

രാഷ്ട്രമാകെ പ്രക്ഷോഭങ്ങളും പണിമുടക്കുകളും കൊണ്ട് തിളച്ചുമറിയുമ്പോഴും ഒക്ടോബർ 25—ാം തിയതി (പുതിയ പഞ്ചാംഗപ്രകാരം നവംബർ 7—ാം തിയതി) പെത്രോഗ്രാദിലെ സ്മോംനി ഇൻസ്റ്റിറ്റ്യൂട്ടിൽ(പണ്ട് രാജകുമാരികളുടെ വിദ്യാലയമായിരുന്ന മണിമന്ദിരം)രാവിലെ 10.45—ന് സോവിയറ്റുകളുടെ രണ്ടാം അഖില റഷ്യൻ കോൺഗ്രസ് ചേർന്നു. അതിന് മുൻപുതന്നെ ഒക്ടോബർ 23—ാം തിയതി റെഡ് ഗാർഡുകളും (ചുവപ്പ് സന്നദ്ധഭടർ) പെത്രോഗ്രാദിലെ ഏറ്റവും പ്രാചീനമായ പീറ്റർ—പോൾ കോട്ട കൈവശമാക്കിക്കഴിഞ്ഞിരുന്നു. 24—ാം തിയതി ലെനിൻ സോവിയറ്റ് കോൺഗ്രസിന്റെ തയ്യാറെടുപ്പിനായി പകുതി ഒളിവിലും പകുതി തെളിവിലുമായി സ്മോംനി ഇൻസ്റ്റിറ്റ്യൂട്ടിൽ പ്രവേശിച്ചിരുന്നു. മുഖ്യനഗരങ്ങളിൽ ബോംഷെവിക്കുകാരും അവരുടെ പക്ഷത്തുചേർന്ന തൊഴിലാളികളും പട്ടാളക്കാരും ആയുധധാരികളായി റോന്തു ചുറ്റിക്കൊണ്ടിരുന്നു. പല ചെറിയ ചെറിയ സർകാർ ആപ്പീസുകളും അവരുടെ സഹായത്തോടുകൂടി പ്രാദേശിക സോവിയറ്റുകളും ഏറ്റെടുത്തുകൊണ്ടിരുന്നു. ഏറ്റവും വലിയ ഏറ്റെടുക്കലുകളും നടന്നത് രാജഭരണത്തിന്റെ ആസ്ഥാനമായ പെത്രോഗ്രാദിലും മോസ്കോവിലുമാണ്. രണ്ടാം അഖില റഷ്യൻ സോവിയറ്റ് കോൺഗ്രസ് ചേരുന്ന ഒക്ടോബർ 15—ാം തിയതി 6 മണിക്ക് സൂര്യോദയത്തിനുമുമ്പുതന്നെ സെൻട്രൽ ടെലഫോൺ എക്സ്ചേഞ്ച്, സെൻട്രൽ പോസ്റ്റാഫീസ്, സ്റ്റേറ്റ് ബാങ്ക്, സർകാർ ട്രഷറി തുടങ്ങിയവയെല്ലാം വിപ്ലവകാരികളുടെ നിയന്ത്രണത്തിലായിക്കഴിഞ്ഞു. പെത്രോഗ്രാദിൽകൂടി ഒഴുകി ബാൾടിക് കടലിൽ എത്തുന്ന നേവാനദീമുഖത്ത് അറോറ എന്ന പടക്കപ്പൽ വിപ്ലവകാരികളും പിടിച്ചെടുത്ത് ചെങ്കൊടി ഉയർത്തുകയും കെരൻസ്കിയുടെ ആസ്ഥാനമായ വിൻറർപാലസിന്റെ നേരെ (ശിശിരകാല കൊട്ടാരം) പീരങ്കികളും വെടിയുണ്ടയുതിർക്കാൻ പാകത്തിൽ തിരിച്ചുവയ്ക്കുകയും ചെയ്തു. സ്മോംനി ഇൻസ്റ്റിറ്റ്യൂട്ടിൽ യോഗം ചേർന്നുകൊണ്ടിരുന്ന രണ്ടാം അഖില റഷ്യൻ സോവിയറ്റ് കോൺഗ്രസിൽ ലെനിൻ പ്രഖ്യാപിച്ചു:

> ഭരണാധികാരം സോവിയറ്റുകളിലേക്ക് കൈമാറിയിരിക്കുന്നു....തൊഴിലാളികളുടെയും കർഷകരുടെയും സൈനികരുടെയും വിപ്ലവം നീണാൾ ജയിക്കട്ടെ.

അങ്ങനെ കാര്യമായ ബലപ്രയോഗങ്ങളൊന്നും കൂടാതെ ഒക്ടോബർ സോഷ്യലിസ്റ്റ് വിപ്ലവം വിജയിച്ചു. ജവാഹർലാൽ നെഹ്റു എഴുതിയതുപോലെ ലോകചരിത്രത്തിലെ ഏറ്റവും രക്തരഹിതമായ വിപ്ലവമായിരുന്നു മഹത്തായ ഒക്ടോബർ.

എന്നാൽ ചരിത്രത്താൽ വധശിക്ഷക്ക് വിധിക്കപ്പെട്ട വർഗങ്ങളോ ചൂഷണം ജീവിതോപാധിയാക്കി മാറിയ പരാന്നഭോജികളോ ലോകം മുഴുവൻ അടക്കി വാഴാൻ ദൈവത്തിന്റെ തീട്ടൂരം ലഭിച്ചവരെന്ന് അഹങ്കരിക്കുന്ന സാമ്രാജ്യവാദികളോ അത്തരം സമാധാനപരമായ പരിവർത്തനങ്ങളെ പൊറുക്കുകയില്ലല്ലോ. അവർ പലയിടത്തും ആക്രമണങ്ങളും അഴിച്ചുവിടാൻ തുടങ്ങി. ഒക്ടോബർ 25 സന്ധ്യമയങ്ങിയപ്പോഴും കൺമുമ്പിലുള്ള ചരിത്രയാഥാർഥ്യങ്ങളും മനസിലാക്കാൻ മടികാട്ടിയ കെരൻസ്കി കൂട്ടരുടെ കണ്ണുതുറപ്പിക്കാൻ 'അറോറ'യിൽ നിന്നും ശിശിരകാല വസതിയുടെ നേരെ ചില വെടിയുണ്ടകളും പാഞ്ഞു. അതിനോട് പ്രതികരിക്കാനോ സർക്കാരിനെ രക്ഷിക്കാനോ ആരും ചെന്നില്ല. ഒടുവിൽ കെരൻസ്കി ഉൾപ്പെടെ അവിടെ പാർത്തിരുന്ന മന്ത്രിമാരെല്ലാം ഒക്ടോബർ 26-ാം തിയതി വെളുപ്പാൻ കാലത്ത് 2.10-ന് ഒളിച്ചോടി. കെരൻസ്കി വിദേശത്തേക്ക് കടന്നു.

"സമാധാനം, ഭക്ഷണം, ഭൂമി" എന്ന വിപ്ലവത്തിന്റെ മുദ്രാവാക്യങ്ങളും പുതിയ സോവിയറ്റ് മന്ത്രിസഭയുടെ അധ്യക്ഷനെന്ന നിലയിൽ വി ഐ ലെനിന്റെ ഒപ്പോടുകൂടി പുറത്തു വരാൻ തുടങ്ങി. അപ്പോഴും പിന്തിരിപ്പൻമാർ സോവിയറ്റ് വ്യവസ്ഥയെ അട്ടിമറിക്കാൻ വിദേശസാമ്രാജ്യവാദികളുടെ പിന്തുണയോടുകൂടി വ്യർഥമായ രക്തച്ചൊരിച്ചിലുകളും തുടരുകയായിരുന്നു. ആ പോരാട്ടത്തിന്റെ അരുണാഭ പ്രസരിപ്പിച്ചുകൊണ്ട് ലോക ചരിത്രത്തിലെ പുതിയ പ്രഭാതം ഉദയം ചെയ്തു.

3

# ചൈനീസ് വിപ്ലവത്തിന്റെ തന്ത്രവും അടവും

1921 ജൂലായ് 1—ാം തിയതി ഷാങ്ഹായ് നഗരത്തിൽ ചേർന ഒന്നാം കോൺഗ്രസോടുകൂടി ചൈനീസ് കമ്യൂണിസ്റ്റ് പാർടി രൂപംകൊണ്ടു. കമ്യൂണിസ്റ്റ് പാർടിയുടെ നേതൃത്വത്തിൽ നട ന്ന വേദനാനിർഭരവും വീരോചിതവുമായ വിമോചന പോരാട്ടം അനവധി തിരിച്ചടികളെയും കൂട്ടക്കൊലകളെയും അതിജീവിച്ച് വിജയം വരിച്ചതിനെ തുടർന്ന് 1949 ഒക്ടോബർ 1—ാം തിയതി മൗ സെ ദോങ് ചെയർമാനായി ചൈനീസ് ജനകീയ റിപ്പബ്ലിക് പ്രഖ്യാപിക്കപ്പെട്ടു.

ഇരുപതാം നൂറ്റാണ്ടിന്റെ ലോക വിപ്ലവ ചരിത്രത്തിലും സോഷ്യലിസ്റ്റ് ചേരിയുടെ വികാസപുരോഗതിയിലും നിർ ണായകമായ ഈ മുഹൂർതം കൈവന്നത് ഒരു സുപ്രഭാതത്തിൽ അ പ്രതീക്ഷിതമായി മാനത്തുനിന്നും പൊട്ടിവീണ ഒരു സംഭവമായി ട്ടല്ല. സുമാർ ഒരു നൂറ്റാണ്ടു കാലം കൃത്യമായി പറഞ്ഞാൽ 1840 —49 ലെ 'അഫീൻ യുദ്ധ'ത്തെ തുടർന്ന്, അനേകം തലമുറ ചൈന ക്കാർ നടത്തിയ വീരോചിത സമരങ്ങളുടെ സയുക്തികമായ പരി ണാമമായിരുന്നു അത്. 1840 മുതൽ 1949 വരെയുള്ള ചൈനയുടെ ചരിത്രം ഭാഗികവും താൽകാലികവും ആയി വിജയിച്ച ചുരുക്കം ചില പോരാട്ടങ്ങളുടെയും അപ്പോ തകർന്നുപോയ അനവധി രക്ത രൂഷിത പോരാട്ടങ്ങളുടെയും ചരിത്രമാണ്. 1917—ലെ മഹത്തായ ഒക്ടോബർ സോഷ്യലിസ്റ്റ് വിപ്ലവമാണ് ലോകത്തിന്റെ ആ കെ ചരിത്രത്തിലെന്നപോലെ ചൈനയുടെ ചരിത്രത്തിലും ആശാ

വഹമായ ഒരു വഴിത്തിരിവ് കുറിച്ചത്. മൗ സെ ദോങ്ങിന്റെ പ്രസിദ്ധമായ ഒരു ഖണ്ഡിക ഉദ്ധരിക്കട്ടെ:

> ഒക്ടോബർ വിപ്ലവത്തിന്റെ വെടിമുഴക്കം ഞങ്ങൾക്ക് മാർക്സിസം—ലെനിനിസം കൈവരുത്തി. രാഷ്ട്രത്തിന്റെ ഭാവി പുരോഗതിയെക്കുറിച്ച് പഠിക്കാനും സ്വന്തം പ്രശ്നങ്ങൾ പുനഃപരിശോധിക്കാനും തൊഴിലാളിവർഗ വീക്ഷണം കൈക്കൊള്ളാൻ ലോകമെങ്ങുമുള്ളവർക്കെന്നപോലെ ചൈനയിലെ പുരോഗമനവാദികൾക്കും ഒക്ടോബർ വിപ്ലവം സഹായകരമായി. റഷ്യയുടെ മാർഗം പിന്തുടരുക—അതായിരുന്നു അവരുടെ നിഗമനം.

സാമാന്യമായി ഇതായിരുന്നു നിഗമനമെങ്കിലും അത് നടപ്പാക്കുക അത്ര എളുപ്പമായിരുന്നില്ല. 'റഷ്യൻമാർഗം' പിന്തുടരുക എന്ന് പറഞ്ഞാൽ അതിനർഥം യാന്ത്രികമായി അവിടെ നടന്നതെല്ലാം അപ്പടി പകർത്തുക എന്നതല്ല. റഷ്യൻ മാർഗത്തിന്റെ മൗലികമായ കാതൽ അംഗീകരിച്ച് കാലോചിതവും ദേശോചിതവുമായ മാറ്റങ്ങളോടുകൂടി നടപ്പാക്കുക എന്നതാണ്. മൗവിന്റെ ഭാഷയിൽ പറഞ്ഞാൽ, ''മാർക്സിസം—ലെനിനിസത്തിന്റെ സാർവ ലൗകിക സത്യവും ചൈനയുടെ മൂർത സാഹചര്യവും കൂടി കൂട്ടിയിണക്കി'' ഒരു ചൈനീസ് വിപ്ലവപാത ആവിഷ്കരിക്കുക എന്നർഥം. 'കാലദേശോചിത'മായ മാറ്റങ്ങൾ എന്ന് പറയുമ്പോൾ 'കാല'ത്തിലുണ്ടായ മാറ്റവും 'ദേശ'ത്തിന്റെ വ്യത്യാസവും കണക്കിലെടുക്കേണ്ടതുണ്ട്.

എന്താണ് 'കാല'ത്തിലുണ്ടായ മാറ്റം? 1917—ലെ ഒക്ടോബർ സോഷ്യലിസ്റ്റ് വിപ്ലവത്തോടെ ലോകചരിത്രത്തിൽ മുതലാളിത്തത്തെ നിർമാർജനം ചെയ്ത് സോഷ്യലിസത്തിലേക്കുള്ള പരിവർത്തനം എന്ന ഘട്ടം ആരംഭിച്ചുകഴിഞ്ഞു. അതുവരെ കാലാകാലങ്ങളിൽ ആവർത്തിച്ച് പൊട്ടിപ്പുറപ്പെടുന്ന ചാക്രികകുഴപ്പത്തിന്റെ സ്ഥാനത്ത് ലോകമുതലാളിത്തം നിത്യമായ പൊതുകുഴപ്പത്തിലേക്ക് മുതലക്കൂപ്പുകുത്തി. 19—ാം നൂറ്റാണ്ടിന്റെ അവസാനപാദത്തോടെ രൂപംകൊണ്ട സാമ്രാജ്യത്വം—പരസ്പര മത്സരാധിഷ്ഠിതമായിരുന്ന 'സ്വതന്ത്ര വ്യാപാര' മുതലാളിത്തം കുത്തക മുതലാളിത്തമായി, അതിന്റെ മരണോൻമുഖഘട്ടമായി, മാറിയ സാമ്രാജ്യത്വം—തകരാൻ തുടങ്ങി. ലോകശക്തികളുടെ ബലാബലത്തിൽ മാറ്റം വന്നു. പിന്നീടങ്ങോട്ടുള്ള ലോകചരിത്രത്തിൽ പരസ്പരം മത്സരിക്കുന്ന രണ്ടു വിരുദ്ധകേന്ദ്രങ്ങൾ നിലവിൽവന്നു—സാമ്രാജ്യത്വ നേതൃത്വവും സോഷ്യലിസ്റ്റ് നേതൃത്വമായ സോവിയറ്റ് യൂണിയനും. എല്ലാവിധ ലോകസംഘർഷങ്ങളും ഈ വസ്തുതയുമായി ബന്ധപ്പെട്ടു.

മുതലാളിത്ത വിപ്ലവമാണ് ഫ്യൂഡലിസത്തിന്റെ നട്ടെല്ലു

തകർത്ത് ജനാധിപത്യ വ്യവസ്ഥയും വ്യവസായവൽകരണവും അനേക രാഷ്ട്രങ്ങളിൽ നടപ്പിലാക്കിയത്. എങ്കിലും മുതലാളിത്തത്തിന്റെ അസമമായ വളർച്ചയുടെ നിയമമനുസരിച്ച് ലോകത്തിന്റെ വിശാലമായ മേഖലകളും മുതലാളിത്തം അന്ത്യഘട്ടത്തിലേക്ക് പ്രവേശിച്ചപ്പോഴും ഫ്യൂഡലിസത്തിൽനിന്നോ പലയിടത്തും ഫ്യൂഡൽ പൂർവവ്യവസ്ഥകളിൽ നിന്നോ മോചിതരായിരുന്നില്ല. പടിഞ്ഞാറൻ സാമ്രാജ്യത്തിന്റെ പ്രത്യക്ഷവും പരോക്ഷവുമായ ആധിപത്യത്തിൽ വിറങ്ങലിച്ചു കിടന്നിരുന്ന പ്രദേശങ്ങളാണവ—ഇന്ന് നാം മൂന്നാം ലോകം എന്ന് വിശേഷിപ്പിക്കുന്ന അടിമരാഷ്ട്രങ്ങളും പുതുതായി സ്വാതന്ത്ര്യം നേടിയ രാഷ്ട്രങ്ങളും. അവയെ അടിയന്തരമായി നേരിട്ട പ്രശ്നം ഫ്യൂഡൽ വ്യവസ്ഥയെ തകർക്കുകയും സാമ്രാജ്യത്വത്തെ തോൽപിച്ച് സ്വാതന്ത്ര്യം നേടുകയും എന്നതായിരുന്നു. ഈ രണ്ടു കടമകളും നിർവഹിച്ചാൽ മാത്രമെ—അതായത് ജനാധിപത്യ വിപ്ലവ പ്രക്രിയ പൂർത്തീകരിച്ചാൽ മാത്രമെ—അവയ്ക്ക് അടുത്ത ഘട്ടമായ സോഷ്യലിസത്തിലേക്ക് മുന്നേറാനാവു. എന്നാൽ ചരിത്രപരമായി ഈ കർതവ്യം നിർവഹിക്കാൻ ബാധ്യതപ്പെട്ടവർ ബൂർഷ്വാസിയാണെങ്കിലും മരണോൻമുഖമായി അധോഗതിയിലേക്ക് നീങ്ങിയ ബൂർഷ്വാസിക്ക് മേലിൽ അത് നിർവഹിക്കാൻ കഴിവില്ലാതായിത്തീർന്നു. അതുകൊണ്ട് ഈ ജനാധിപത്യ വിപ്ലവ പൂർത്തീകരണത്തിന്റെ കർതവ്യംകൂടി നിർവഹിക്കേണ്ട ചുമതല ചരിത്രം തൊഴിലാളിവർഗത്തിന്റെ ചുമലിൽ അർപിച്ചു.

അങ്ങനെ സോഷ്യലിസത്തിനടിത്തറ പാകാനുതകുന്ന ഫ്യൂഡൽ വിരുദ്ധ—സാമ്രാജ്യവിരുദ്ധ വിമോചന സമരശക്തികളും വികസിത മുതലാളിത്ത രാഷ്ട്രങ്ങളിലെ തൊഴിലാളിവർഗ നേതൃത്വത്തിലുള്ള സോഷ്യലിസ്റ്റ് പോരാളികളും വിജയശ്രീലാളിത സോഷ്യലിസത്തിന്റെ നാടായ സോവിയറ്റ് യൂണിയനും ചേർന്ന ഒരു പുതിയ ലോകവിപ്ലവമുന്നണി എന്ന ആശയം നിലവിൽ വന്നു. ഒക്ടോബർ വിപ്ലവത്തിനുശേഷം 1919—ൽ വി ഐ ലെനിന്റെ നേതൃത്വത്തിൽ രൂപംകൊണ്ട കമ്യൂണിസ്റ്റ് ഇൻറർനാഷണൽ അതിന്റെ രേഖകളിൽ, പ്രത്യേകിച്ചും രണ്ടാം കോൺഗ്രസ് അംഗീകരിച്ച 'കൊളോണിയൽ തീസിസിൽ' ഈ പുതിയ ലോക വിപ്ലവ വീക്ഷണവും തന്ത്രവും അടവും ആവിഷ്കരിച്ചു.

ഇവിടെയാണ് ചൈനയുടെ 'ദേശ' വ്യത്യാസത്തിന്റെ പരിഗണനകൾ വ്യക്തമാകുക. അമേരിക്ക, ബ്രിട്ടൻ, ഫ്രാൻസ്, ജർമനി തുടങ്ങിയ വികസിത മുതലാളിത്ത—സാമ്രാജ്യശക്തികളുമായി താരതമ്യപ്പെടുത്തുമ്പോൾ വിപ്ലവപൂർവ സാറിസ്റ്റ് റഷ്യ പിന്നോക്കാവസ്ഥയിലായിരുന്നു. എങ്കിലും അതൊരു കരുത്തുറ്റ സ്വതന്ത്ര രാഷ്ട്രമായിരുന്നു. ജോർജിയ, ഉസ്ബെക്കിസ്

ഥാൻ, തുർകിസ്ഥാൻ, അസർബൈജാൻ, അർമീനിയ തുടങ്ങി അനവധി ദേശീയരാഷ്ട്രങ്ങളുടെ ഒരു കാരാഗൃഹമായിരുന്ന സാറിസ്റ്റ് റഷ്യ ഒരു സാമ്രാജ്യത്വശക്തിയുമായിരുന്നു. കുത്തക മുതലാളിത്തം ഗണ്യമായി അവിടെ വികസിച്ചിരുന്നു. എന്നാൽ വിപ്ലവ പൂർവചൈനയാകട്ടെ അമേരിക്ക, ഫ്രാൻസ്, ബ്രിട്ടൻ, ജപ്പാൻ എന്നീ വിവിധ സാമ്രാജ്യശക്തികളുടെ ആക്രമണത്തിനും ആധിപത്യത്തിനും വിധേയമായ ഒരു ഫ്യൂഡൽ അർധ കൊളോണിയൽ രാഷ്ട്രമായിരുന്നു. വ്യവസായത്തിൽ അത്യന്തം പിന്നോക്കമായിരുന്ന ചൈന വിവിധ പ്രാദേശിക 'യുദ്ധപ്രഭു' (വാർലോർഡ്സ്) കളുടെ മത്സരംമൂലം കേന്ദ്രീകൃതമായ ഒരു ഭരണയന്ത്രം പോലുമില്ലാത്ത ഒരു ദരിദ്രരാഷ്ട്രവുമായിരുന്നു. അതുകൊണ്ട് അവിടെ സോഷ്യലിസ്റ്റ് വിപ്ലവത്തിലേക്ക് മുന്നേറുന്നതിന് മുമ്പ് ഫ്യൂഡൽ വിരുദ്ധ സാമ്രാജ്യവിരുദ്ധ പോരാട്ടം വിജയിക്കേണ്ടതുണ്ടായിരുന്നു.

ഈ സാഹചര്യത്തിൽ മേൽവിവരിച്ച കമ്യൂണിസ്റ്റ് ഇൻറർനാഷണലിൻെറ ലെനിനിസ്റ്റ് തന്ത്രവും സമരമുറയും കാഴ്ചപ്പാടും ചൈനയിൽ പ്രസക്തമായി. മൗ സെ ദോങ് അക്കാര്യം ഇങ്ങനെ വിവരിക്കുന്നു;

> എല്ലാ കമ്യൂണിസ്റ്റുകാരും ഇക്കാര്യം അറിഞ്ഞേ മതിയാവൂ. ജനാധിപത്യപരമെന്നും സോഷ്യലിസ്റ്റ് എന്നും ഉള്ള രണ്ട് വിപ്ലവ ഘട്ടങ്ങളെ ഉൾക്കൊള്ളുന്ന സമ്പൂർണമായ ഒരു വിപ്ലവ പ്രസ്ഥാനമാണ് ചൈനീസ് കമ്യൂണിസ്റ്റ് പാർടിയുടെ നേതൃത്വത്തിലുള്ള ചൈനീസ് വിപ്ലവ പ്രസ്ഥാനം. ഈ രണ്ട് ഘട്ടങ്ങളും വ്യത്യസ്ത സ്വഭാവമുള്ള രണ്ട് വിപ്ലവ പ്രക്രിയകളാണ്. ജനാധിപത്യ വിപ്ലവ ഘട്ടം പൂർത്തീകരിച്ചതിനു ശേഷമേ സോഷ്യലിസ്റ്റ് ഘട്ടത്തിലേക്ക് പ്രവേശിക്കാനാവൂ.

## II

വിപ്ലവത്തിൻെറ ഓരോ ഘട്ടത്തിനും അതതിനേറ്റതായ പ്രത്യേക തന്ത്രം ആവിഷ്കരിക്കേണ്ടതുണ്ട്. തൊഴിലാളിവർഗ വിപ്ലവ ശാസ്ത്രത്തിൽ തന്ത്രവും അടവും എന്നാലെന്തെന്ന് ജെ വി സ്റ്റാലിൻെറ *ലെനിനിസത്തിൻെറ അടിസ്ഥാനതത്വങ്ങൾ* എന്ന പ്രസിദ്ധമായ കൃതിയിൽ വിവരിച്ചിട്ടുണ്ട്. കുറെക്കൂടി ലളിതമായി ഇ എം എസ് നമ്പൂതിരിപ്പാട് ''തന്ത്രവും അടവുകളും'' വിശദീകരിക്കുന്നത് ഇവിടെ ഉദ്ധരിക്കാം:

> സാധാരണ വ്യവഹാരഭാഷയനുസരിച്ച് ഒരേ അർഥമാണ് 'തന്ത്ര'ത്തിനും 'അടവു'കൾക്കും ഉള്ളത്. ശാസ്ത്രീയമായാകട്ടെ, അവയ്ക്ക് രണ്ടും തമ്മിൽ വലിയ വ്യത്യാസമുണ്ട്.

പോരെങ്കിൽ സൂത്രപ്പണി, മെരട്ടുവിദ്യ മുതലായ പദപ്രയോഗങ്ങൾകൊണ്ട് ഉദ്ദേശിക്കുന്ന അർഥം തന്നെ 'തന്ത്ര'ത്തിനും കൊടുക്കാറുണ്ട്. 'തന്ത്രശാലി'യും സൂത്രശാലി'യും പര്യായപദങ്ങളായിട്ടാണ് മിക്കവാറും എല്ലായ്പ്പോഴും പ്രയോഗിക്കാറുള്ളത്. ഇതും 'തന്ത്രത്തിന്റെ ശാസ്ത്രീയ ഉള്ളടക്കത്തിന് തികച്ചും എതിരാണ്.

സൈനികഭാഷയിൽ 'തന്ത്രം' കൊണ്ട് ഉദ്ദേശിക്കുന്നതിതാണ്: സ്വന്തം ശക്തിയും ശത്രുവിന്റെ ശക്തിയും അളന്നു തിട്ടപ്പെടുത്തി സ്വന്തം ചേരിക്ക് ഏറ്റവുമധികം വിജയം ഏറ്റവും ചുരുങ്ങിയ കാലംകൊണ്ട് നേടി യുദ്ധത്തിൽ വിജയം വരിക്കുന്നതെങ്ങനെ? ശത്രുവിന്റെ ദുർബലത്തിൽ നിന്ന് മുതലെടുക്കുക; പ്രബലനായ ശത്രുവിനെ സമർഥമായ നീക്കങ്ങൾ മുഖേന ദുർബലനാക്കി മാറ്റുക; സ്വന്തം സൈനികശക്തിയെ ഏറ്റവും അധികം ഫലപ്രദമായി ഉപയോഗിക്കാവുന്ന സ്ഥലത്തും സമയത്തും രീതിയിലും ഉപയോഗിക്കുക—ഇതെല്ലാം എങ്ങനെ സാധിക്കാം? ഇതിന് പറ്റുന്ന പദ്ധതികളും ആസൂത്രണം ചെയ്യുന്നതിന്റെ ആകത്തുകയാണ് യുദ്ധതന്ത്രം.

ഈ 'തന്ത്രത്തിന്റെ' തന്നെ ഭാഗമാണ് 'അടവ്'. ഒരു യുദ്ധം തുടങ്ങി അവസാനിക്കുന്നതുവരെ 'തന്ത്രത്തിൽ' യാതൊരു മാറ്റവുമില്ല. എന്നാൽ ആ തന്ത്രം കൊണ്ട് ഉദ്ദേശിക്കുന്ന ഫലം കിട്ടുന്നതിന് വേണ്ടി യുദ്ധത്തിനിടക്ക് പലപ്പോഴും പലേടത്തുവെച്ചും 'അടവു'കളും മാറേണ്ടിവരും. ആവിഷ്കരിക്കുന്ന തന്ത്രമനുസരിച്ച് നടക്കുന്ന ഏറ്റുമുട്ടലുകളുടെ ഫലമായി ശത്രുചേരിയും സ്വന്തം ചേരിയും തമ്മിലുള്ള ബലാബലത്തിൽ മാറ്റം വരുമല്ലോ. അതനുസരിച്ച് ചിലപ്പോൾ കയറി അടിക്കുക, ചിലപ്പോൾ പിൻവാങ്ങുക, ചിലപ്പോൾ അനങ്ങാതിരിക്കുക—ഇതെല്ലാം സന്ദർഭമനുസരിച്ച് ചെയ്യേണ്ടി വരും. ഇങ്ങനെ താൽകാലിക സ്ഥിതിഭേദങ്ങൾകൊത്ത് സംഘട്ടനരൂപത്തിൽ മാറ്റം വരുത്തുന്നതിനാണ് 'അടവ് മാറ്റുക' എന്ന് പറയുന്നത്.

പലേടത്തും പലപ്പോഴും പ്രയോഗിക്കുന്ന അടവുകൾ വ്യത്യസ്തം മാത്രമല്ല, ചിലപ്പോൾ പരസ്പര വിരുദ്ധം കൂടിയായിരിക്കും. ചില അടവുകൾ പ്രത്യക്ഷത്തിൽ തന്ത്രത്തിന്റെ കാഴ്ചപ്പാടിനുപോലും എതിരായി തോന്നും. എന്നാൽ അടവുകൾ ഓരോന്നും അംഗീകരിക്കപ്പെടുന്നത് ഓരോ ഉദ്ദേശ്യമനുസരിച്ചാണ്—ആസൂത്രിതമായതന്ത്രത്തിനൊത്ത് സ്വന്തം ചേരിക്ക് ഏറ്റവും കുറച്ച് മാത്രം നാശനഷ്ടങ്ങൾകൂടിയാക്കിക്കൊണ്ട് ശത്രുപക്ഷത്തിന് ഏറ്റവുമധികം നാശനഷ്ടങ്ങൾ വരുത്തിത്തീർക്കണം. ആ നിലക്ക് പല സന്ദർഭങ്ങളിൽ പ്രയോഗിക്കുന്ന പല അടവുകൾക്ക് മുഴുവൻ മൗലികമായ ഒരു ഏകതാനതയുണ്ട്.

വർഗസമരം ഒരു യുദ്ധമാണ്. ആ നിലക്ക് യുദ്ധത്തിലെന്നപോലെ വർഗസമരത്തിലും അടിസ്ഥാനപരമായ ഒരു 'തന്ത്ര'മുണ്ട്. അതിന് കീഴ്പ്പെട്ടു നിൽകുന്ന 'അടവു'കളുണ്ട്. സ്ഥലകാലങ്ങളിലും സ്ഥിതിഭേദങ്ങളിലും വരുന്ന മാറ്റത്തിനൊത്ത് അടവുകളും മാറും, ഇന്നലത്തെ അടവിനു കടകവിരുദ്ധമാണെന്നു തോന്നുന്ന ഒരടവ് ഇന്നും, ഇന്നത്തേതിനു വിരുദ്ധമായ ഒരടവ് നാളെയും പ്രയോഗിക്കേണ്ടിവരും. എന്നാൽ ഈ അടവുകളിൽ വരുത്തുന്ന മാറ്റങ്ങളൊന്നും 'തന്ത്ര'ത്തിൽ യാതൊരു മാറ്റവും വരുത്തില്ല. (*സോഷ്യലിസം: സിദ്ധാന്തവും പ്രയോഗവും*, പുറം 37–38)

അങ്ങനെ ഓരോ വിപ്ലവഘട്ടത്തിനും ഓരോ അടവുകളുണ്ടെന്നു കാണാം; ഒരേ വിപ്ലവഘട്ടത്തിൽ തന്നെ തന്ത്രത്തിനു വിധേയമായി, അതിന്റെ പൂർത്തീകരണത്തെ സഹായിക്കുന്നതും മാറി മാറി വരുന്നതുമായ വിവിധ അടവുകളും. ഈ ലേഖനത്തിൽ നാം പരിശോധിക്കുന്നത് 1949 ഒക്ടോബർ 1–ാം തിയതി ജനകീയ ചൈനാ റിപ്പബ്ലിക് പ്രഖ്യാപനത്തോടെ അവസാനിക്കുന്ന വിപ്ലവ ഘട്ടത്തിന്റെ തന്ത്രവും അടവുകളും ആണ്. നാം മുകളിൽ കണ്ടതുപോലെ വിമോചന വിപ്ലവാനന്തര കാലഘട്ടത്തിലെ തന്ത്രം മറ്റൊന്നാണ്; അതുപോലെ അടവുകളും.

## III

വിപ്ലവ തന്ത്രം ആവിഷ്കരിക്കുന്നതിന്റെ ആദ്യപടി നിലവിലുള്ള സാമ്പത്തിക–രാഷ്ട്രീയ–സാമൂഹ്യവ്യവസ്ഥയെ വസ്തുനിഷ്ഠമായി വിശകലനം ചെയ്ത് വിപ്ലവത്തിന്റെ ഘട്ടം ഏതെന്നു നിർണയിക്കുകയാണ്. സമൂഹത്തിൽ വിവിധ വർഗങ്ങളുടെ പദവിയും നിലപാടും എന്തെന്നു തിട്ടപ്പെടുത്തണം. എന്നിട്ട് മുഖ്യ ശത്രുവർഗം ഏത്, അതിന്റെ സഖ്യശക്തികൾ ഏവ എന്നും തൊഴിലാളിവർഗത്തിന്റെ സഖ്യശക്തികൾ ഏവ എന്നും നിർണയിക്കണം. ഈ രണ്ട് വിപ്ലവ സഖ്യത്തിന്റെയും പ്രതി വിപ്ലവ സഖ്യത്തിന്റെയും ഇടയിൽ ആടിക്കളിക്കുന്ന വിഭാഗങ്ങൾ ഏവയെന്നും കണ്ടുപിടിക്കണം. 1926 മാർച്ചിൽ മൗ സെ ദോങ് എഴുതിയ "ചൈനീസ് സമൂഹത്തിലെ വർഗങ്ങളുടെ വിശകലനം" എന്ന ലേഖനത്തിൽ ഈ കൃത്യം മാതൃകാപരവും വിദഗ്ധവുമായി നിർവഹിച്ചിരിക്കുന്നു. 1940 ജനുവരിയിൽ എഴുതിയ *പുതിയ ജനാധിപത്യം* എന്ന ഗ്രന്ഥത്തിൽ മേൽപറഞ്ഞ വിശകലനത്തിൽ നിന്ന് ഉദ്ഭവിക്കുന്ന പ്രശ്നങ്ങൾ വിശദമായി പ്രതിപാദിക്കുകയും ചൈനീസ് ജനകീയ ജനാധിപത്യ വിപ്ലവ ഘട്ടത്തിന്റെ തന്ത്രവും അടവും ലക്ഷ്യവും സമഗ്രമായി വിവരിക്കുകയും ചെയ്തിരിക്കുന്നു.

''വിശകലനം'' എന്ന ലേഖനം ആരംഭിക്കുന്നത് തന്നെ ഇങ്ങനെയാണ്. ആരൊക്കെയാണ് നമ്മുടെ ശത്രുക്കൾ? ആരൊക്കെയാണ് നമ്മുടെ സുഹൃത്തുക്കൾ? വിപ്ലവത്തിൽ പ്രഥമ പ്രാധാന്യമർഹിക്കുന്ന പ്രശ്നമാണിത്.''

ഏറ്റവും കടുത്ത പ്രതിവിപ്ലവവർഗങ്ങളായി മുഖ്യശത്രു സ്ഥാനത്ത് മൗ അതിൽ കാണുന്നത് 'ഭൂപ്രഭുവർഗവും കോമ്പ്രദോർവർഗ'വുമാണ്. ഭൂപ്രഭുവർഗം എന്നാൽ സ്വയം വ്യക്തമാണല്ലൊ. കോമ്പ്രദോർ വർഗത്തിന് ആ ലേഖനത്തിൽതന്നെ ഒരടിക്കുറിപ്പ് നൽകിയിട്ടുണ്ട്: കോമ്പ്രദോർ എന്നാൽ ആ വാക്കിന്റെ മൂലാർഥം വൈദേശിക വ്യാപാര സ്ഥാപനത്തിന്റെ ചൈനീസ് മാനേജരോ സീനിയർ ചൈനീസ് ജീവനക്കാരനോ ആണ്.'' ഈ മൂലാർഥത്തിന് കുറെക്കൂടി വ്യാപ്തി കാലക്രമേണ വന്നു. വ്യാപാരസ്ഥാപനം ചൈനക്കാരുടെ തന്നെയായിരിക്കാം. പക്ഷെ അത് സ്വയം ഉൽപാദന പ്രവർത്തനം നടത്തുന്നില്ല. വിദേശചരക്കുകൾ ഇറക്കുമതി ചെയ്യുന്ന വകയിൽ നിന്നും നാടൻ അസംസ്കൃതവിഭവങ്ങളും മറ്റും കയറ്റുമതിചെയ്യുന്ന വകയിൽനിന്നും കിട്ടുന്ന കമീഷനും ലാഭവുമായിരിക്കും അക്കൂട്ടരുടെ മുഖ്യവരുമാനം, ചൈനയിൽ സ്വന്തമായി വ്യവസായ വികസനം നടത്തുന്നതിലോ ഉൽപാദനത്തിൽ ഏർപെടുന്നതിലോ അവർക്ക് തെല്ലും താൽപര്യമില്ല. കാരണം തങ്ങൾ ഏർപെട്ടിരിക്കുന്ന കയറ്റിറക്കു വ്യാപാരത്തെ അത് ദോഷകരമായി ബാധിക്കും. തങ്ങളുടെ വൈദേശിക യജമാനൻമാരെ മുഷിപ്പിക്കുകയും ചെയ്യും. ഇന്ത്യയിലെ ടാറ്റ, ബിർള, മഫത്ലാൽ, മഹീന്ദ്ര, സിംഘാനിയ മുതലായ കുത്തകമുതലാളിമാരും വിപ്ലവപൂർവ ചൈനയിലെ കോമ്പ്രദോർമാരും തമ്മിലുള്ള അജഗജാന്തരം വ്യക്തമാണല്ലോ. വിദേശികളുമായി വ്യാപാരവും കൂട്ടുകെട്ടും എല്ലാം ഉണ്ടെങ്കിലും ഇന്ത്യയിലെ കുത്തക മുതലാളിമാർ വമ്പിച്ച വ്യാവസായികോൽപാദനത്തിൽ ഏർപെട്ടിരിക്കുന്നവരാണ്. അതുകൊണ്ടവർക് സാമ്രാജ്യത്വ മൂലധനവുമായി മത്സരവുമുണ്ട്. സാമ്രാജ്യത്വ മൂലധനത്തിന്റെ ആധിപത്യത്തിനെതിരെ തങ്ങളുടെ വ്യവസായങ്ങളെ സംരക്ഷിക്കാനായി ഈ നൂറ്റാണ്ടിന്റെ ആദ്യം മുതലെ ഒരു 'സ്വദേശി' പ്രസ്ഥാനംതന്നെ ഇന്ത്യൻ മുതലാളിമാർ ആരംഭിച്ചിരുന്നു. അങ്ങനെയൊരു പ്രസ്ഥാനം ചൈനയിൽ വളർന്നുവന്നില്ലെന്നത് അർഥവത്താണ്. ഈ വ്യത്യാസം മനസിലാക്കാൻ കഴിവില്ലായ്കയാലോ കൂട്ടാക്കായ്കയാലോ ആണ് ഇന്ത്യയിലെ നക്സൽ പക്ഷക്കാർ ഇന്ത്യയിലെ കുത്തക മുതലാളിത്തത്തിനു കോമ്പ്രദോർ എന്നു പേർ നൽകി അവതാളത്തിലായത്. സാമ്രാജ്യത്വ ബൂർഷ്വാസിയുടെ അനുബന്ധമായി സാമ്രാജ്യത്വത്തിന്റെ ആശ്രിതരായി നിന്ന ഈ കോമ്പ്രദോർ വർഗത്തിന്റെയും ഭൂപ്രഭുവർഗത്തിന്റെയും രാഷ്ട്രീയ പാർടിയായിരുന്നു കൂമിന്താങ്—പ്രത്യേകിച്ചും സൺ യ

ത് സന്നിന്റെ നിര്യാണശേഷം ജിയാങ്ങ് കൈഷേക് അതിന്റെ നേതൃത്വമേറ്റെടുത്തതോടെ.

വിപ്ളവപൂർവ ചൈനീസ് സാമ്പത്തിക ശ്രേണിയിൽ തൊട്ടു മുന്നിൽ വരുന്നത് 'ഇടത്തരം ബൂർഷ്വാവർഗം അഥവാ ദേശീയ ബൂർഷ്വാ വർഗ'മാണ്. വിപ്ളവത്തോട് ചിലപ്പോൾ യോജിച്ചും ചിലപ്പോൾ വിയോജിച്ചും കഴിയുന്ന ഇടത്തരം ബൂർഷ്വാസിയുടെ ചാഞ്ചാട്ടം തൊഴിലാളിവർഗം കണക്കിലെടുക്കണം. സാമ്രാജ്യത്വ മൂലധനത്തിന്റെ ആധിപത്യത്തിൽ ഞെരുങ്ങുകയും യുദ്ധപ്രഭുക്കളുടെ മർദനവാഴ്ചയിൽ സഹികെടുകയും ചെയ്യുമ്പോൾ അവർ വിപ്ളവത്തിന്റെ ചേരിയിലേക്ക് അനുഭാവപൂർവം ഉറ്റുനോക്കും. എന്നാൽ സാർവദേശീയ വിപ്ളവ പ്രസ്ഥാനത്തിന്റെ പിന്തുണയോടെ തൊഴിലാളിവർഗം ഉശിരോടെ മുന്നോട്ടു കുതിക്കുമ്പോൾ, തങ്ങളുടെ ഭാവിയെ കുറിച്ച് ഉൽകണ്ഠാകുലരായി അവർ പിന്തിരിപ്പൻ ചേരിയിലേക്ക് ആശയോടെ കണ്ണയക്കുന്നു. മുഖ്യ ശത്രുപക്ഷത്തേക്കവരെ തള്ളിനീക്കാതെ 'സമരവും ഐക്യവും' എന്ന ഒരു ദ്വിമുഖനയം അവരോട് കൈക്കൊള്ളണം എന്നും മൗ നിർദേശിക്കുന്നു. ആ വർഗത്തിൽ ഒരിടതുപക്ഷം വളർന് വരികയും അവർ വിപ്ളവപക്ഷത്തേക്ക് പോരുകയും ചെയ്യുമ്പോൾ, വലതുപക്ഷം പ്രതിവിപ്ളവപക്ഷത്ത് ചേക്കേറും. നഗരത്തിലെയും നാട്ടിൻപുറത്തെയും മുതലാളിത്ത ബന്ധങ്ങളെ പ്രതിനിധീഭവിക്കുന്ന ഈ വർഗത്തോടുള്ള നിലപാട് വിശദമായിത്തന്നെ മൗ പ്രതിപാദിക്കുന്നു.

പിൽകാല രേഖകളിൽ മുതലാളിവർഗത്തിലെ മറ്റൊരു വിഭാഗത്തെകൂടി തരംതിരിച്ച് ശത്രുവർഗത്തിന്റെ പട്ടികയിൽ പെടുത്തുന്നുണ്ട്—"ബ്യൂറോക്രാറ്റിക് ക്യാപ്പിറ്റൽ അഥവാ 'ഉദ്യോഗസ്ഥ മൂലധന പ്രഭുക്കൾ.'' സൈന്യത്തിലെയും ഭരണത്തിലെയും ഉന്നത സ്ഥാനങ്ങൾ ഉപയോഗിച്ച് മൂലധനം സ്വരൂപിക്കുകയും വ്യാപാരം നടത്തുകയും ചെയ്യുന്നവർ. സാമ്പത്തിക ശ്രേണിയിലെ അടുത്ത് താഴത്തെ പടിയിലെ വർഗത്തെ 'സെമി പ്രോലിറ്റേറിയറ്' അഥവാ 'അർധ തൊഴിലാളിവർഗം' എന്നാണ് മൗ നാമകരണം ചെയ്യുന്നത്. അവരെത്തന്നെ അദ്ദേഹം അഞ്ച് ഉപവിഭാഗങ്ങളായി തിരിക്കുന്നു. 1) ബഹുഭൂരിപക്ഷം വരുന്ന ചെറുകിട മൂല്യ ടമാകൃഷിക്കാർ 2) ദരിദ്രകർഷകർ 3) ചെറിയ കരകൗശല വേലക്കാർ 4) ഷോപ്പ് അസിസ്റ്റൻസ്—ചെറിയ കടകളിലും വർക് ഷോപ്പുകളിലും പണിയെടുക്കുന്ന ജീവനക്കാർ. 5) പെഡ്ലർമാർ—വഴിവാണിഭക്കാരും മറ്റും. പല ചാഞ്ചാട്ടങ്ങളും മാറ്റംമറിച്ചിലുകളും ഉണ്ടാകാമെങ്കിലും ഈ വർഗം വിപ്ളവത്തിന്റെ ഉറച്ച സഖ്യശക്തിയായിത്തീരും, തീർക്കണം.

നാലാമത്തെ വിഭാഗം പ്രോലിറ്റേറിയറ് അഥവാ വ്യവസായ

തൊഴിലാളിവർഗമാണ്. ഖനി, റയിൽവെ, നാവിക ഗതാഗതം, തുണിമിൽ, കപ്പൽ നിർമാണം മുതലായവയിൽ ഏർപെട്ടിരുന്ന തൊഴിലാളിവർഗം മൗ എഴുതുന്ന കാലത്ത് വെറും 20 ലക്ഷം മാത്രമെ ഉണ്ടായിരുന്നുള്ളു. ചൈനയിലെ അന്നത്തെ ജനസംഖ്യയുടെ അരശതമാനത്തോളം. എന്നാൽ എണ്ണത്തിലും സാമ്പത്തിക പ്രാധാന്യത്തിലും രാഷ്ട്രീയ സ്വാധീനത്തിലും അതിവേഗം വളർന്നുവരുന്ന തൊഴിലാളിവർഗമാണ് ഏറ്റവും പുരോഗമനോൻമുഖമായ ചൈനീസ് ജനവിഭാഗം എന്ന് ചൈനീസ് പാർടി മനസിലാക്കി. നിരവധി പണിമുടക്കുകളിൽ തങ്ങളുടെ നേതൃത്വപരമായ കഴിവ് തൊഴിലാളിവർഗം പ്രകടിപ്പിച്ചതിന്റെ ഉദാഹരണങ്ങളും മൗ സെ ദോങ് ഉദ്ധരിക്കുന്നു.

''വിശകലനം'' എന്ന ലേഖനം അദ്ദേഹം ഇങ്ങനെ ഉപസംഹരിക്കുന്നു:

> ചുരുക്കി പറഞ്ഞാൽ, സാമ്രാജ്യത്വവുമായി കൂട്ടുകൂടിയിട്ടുള്ളവരെല്ലാം നമ്മുടെ ശത്രുക്കളാണെന്ന് കാണാം—യുദ്ധപ്രഭുക്കളും, ഉദ്യോഗസ്ഥ പ്രമാണിമാർ, കോമ്പ്രദോർ വർഗം ഭൂപ്രഭുക്കളും, ബുദ്ധിജീവികളിൽ അവരുമായി കെട്ടുപിണഞ്ഞു കിടക്കുന്നവർ. വിപ്ലവത്തിന്റെ നേതൃശക്തി വ്യവസായ തൊഴിലാളിവർഗം. ഏറ്റവും അടുത്ത സുഹൃത്തുക്കളും അർധ തൊഴിലാളി വർഗവും ചെറുകിട (പെറ്റി) ബൂർഷ്വാസിയും—ചാഞ്ചാടുന്ന ഇടത്തരം ബൂർഷ്വാ വർഗത്തിന്റെ വലതുപക്ഷം നമ്മുടെ ശത്രുക്കളും ഇടതുപക്ഷം നമ്മുടെ ബന്ധുക്കളും ആയിത്തീർന്നേക്കാം—പക്ഷെ അവർ നമ്മുടെ അണികളിൽ ആശയക്കുഴപ്പമുണ്ടാക്കാതിരിക്കാൻ പ്രത്യേകം ജാഗ്രത പുലർത്തണം.

1939—ഡിസംബറിൽ മൗ സെ ദോങ് എഴുതിയ *ചൈനീസ് വിപ്ലവവും ചൈനീസ് കമ്യൂണിസ്റ്റ് പാർടിയും* എന്ന കൃതിയിൽ ഈ പ്രശ്നങ്ങളും കുറെക്കൂടി വിശദമായി ചർച്ച ചെയ്യുന്നു. അതിൽ അദ്ദേഹം ചോദ്യം ഉന്നയിച്ച് ഉത്തരം പറയുന്നു:

> ഇന്നത്തെ ഘട്ടത്തിൽ ചൈനീസ് വിപ്ലവത്തിന്റെ സ്വഭാവം യഥാർഥത്തിൽ എന്താണ്? അതൊരു ബൂർഷ്വാ ജനാധിപത്യ വിപ്ലവമാണോ? അതോ തൊഴിലാളി വർഗ സോഷ്യലിസ്റ്റ് വിപ്ലവമോ? വ്യക്തമായും അത് ആദ്യം പറഞ്ഞതാണ്. രണ്ടാമത്തേതല്ല.
>
> എന്നാൽ ഈ 'ബൂർഷ്വാ ജനാധിപത്യ വിപ്ലവം' പഴയ രീതിയിലുള്ളതല്ല. പഴയ രീതിയിൽ വിപ്ലവത്തിന്റെ നേതൃത്വം ബൂർഷ്വാ വർഗത്തിനായിരുന്നു എങ്കിൽ ഇപ്പോൾ അത് തൊഴിലാളി വർഗത്തിൽ നിക്ഷിപ്തമായിരിക്കുന്നു. ഇതൊരു പുതിയ തരത്തിലുള്ള ജനാധിപത്യ വിപ്ലവമാണ്—മൗ അതിനെ പുതി

യ ജനാധിപത്യം എന്ന് വിളിച്ചു. പിന്നീട് ജനകീയ ജനാധിപത്യമെന്ന പേരും അദ്ദേഹം ഉപയോഗിക്കുന്നുണ്ട്. അതേ പുസ്തകത്തിൽ മൗ പറയുന്നു:

> ഈ പുതിയ ജനാധിപത്യ വിപ്ലവം യൂറോപ്പിലും അമേരിക്കയിലും നടന്ന ജനാധിപത്യ വിപ്ലവങ്ങളിൽ നിന്ന് തികച്ചും വ്യത്യസ്തമാണ്. പഴയ ജനാധിപത്യ വിപ്ലവങ്ങളുടെ പരിണത ഫലം ബൂർഷ്വാ സർവാധിപത്യമായിരുന്നു എങ്കിൽ പുതിയ ജനാധിപത്യ വിപ്ലവം നിലവിൽ വരുത്തുക തൊഴിലാളിവർഗത്തിന്റെ നേതൃത്വത്തിലുള്ള വിപ്ലവ വർഗങ്ങളുടെ ഐക്യമുന്നണിയുടെ സർവാധിപത്യമാണ്.

## IV

അടവുകളും നേരത്തെ വിവരിച്ചതുപോലെ സംഘടനാരൂപത്തെയും സമരരൂപത്തെയും സ്പർശിക്കുന്നു. സ്ഥലകാലഭേദമനുസരിച്ചും, വിപ്ലവത്തിന്റെ വേലിയേറ്റവും വേലിയിറക്കവും അനുസരിച്ചും പുതിയ സംഘവികാസങ്ങൾക്കനുസൃതമായും അടവുകളിൽ മാറ്റം വരും എന്നും നമ്മൾ കണ്ടു. തൊഴിലാളിവർഗത്തിന്റെ രാഷ്ട്രീയ രംഗപ്രവേശം (1921–23), വിപ്ലവ ഐക്യമുന്നണി രൂപീകരണം (1923–25), ഒന്നാം വിപ്ലവ ആഭ്യന്തരയുദ്ധം (1925–27), രണ്ടാംവിപ്ലവ ആഭ്യന്തരയുദ്ധം (1927–36), 'ജാപ്പനീസ് സാമ്രാജ്യത്വാക്രമണത്തിനെതിരായ ചെറുത്തുനിൽപ് യുദ്ധം (1937–45), വിമോചന യുദ്ധവും വിജയവും (1946–49) എന്നിങ്ങനെ കമ്യൂണിസ്റ്റ് പാർടിയുടെ രൂപീകരണം മുതൽ വിമോചന വിജയംവരെയുള്ള 28 വർഷക്കാലത്തെ ഏകദേശം ആറ് ഘട്ടങ്ങളായി തിരിക്കാം. അവയിൽ ക്രൂരമായ തിരിച്ചടി, ദയനീയമായ പരാജയം, വീരോചിതമായ കടന്നുകയറ്റം, സർവനാശത്തിൽ നിന്നും രക്ഷനേടാനായി 'ഗ്രേറ്റ് മാർച്ച്', കൂമിന്താങ്ങുമായി ഐക്യവും സമരവും, ഐക്യവും പിന്നെ സമരവും എന്നിങ്ങനെ പല ദശകളും ദിശകളും കാണാം. ഇവയിലെല്ലാം പലതരം അടവുകളും മാറിയും മറിഞ്ഞും പ്രയോഗിച്ചിട്ടുണ്ട്. അതെല്ലാം വിവരിക്കാനിവിടെ സ്ഥലം പോരാ. പക്ഷെ ചൈനീസ് വിപ്ലവത്തിന്റെ മുഖ്യ സമരരൂപത്തെക്കുറിച്ച് പരാമർശിക്കേണ്ടതുണ്ട്—അത് ആദ്യന്തം സായുധപോരാട്ടമായിരുന്നു.

അങ്ങനെ ചൈനീസ് വിപ്ലവം ആഭ്യന്തര സായുധപോരാട്ടമായത് കമ്യൂണിസ്റ്റ് പാർടിയോ ഏതെങ്കിലും മഹാനായ നേതാവോ അങ്ങനെയാവണം എന്ന് ആത്മനിഷ്ഠമായ ആവേശത്തള്ളലിൽ തീരുമാനിച്ചതുകൊണ്ടല്ല, ചൈനയുടെ നീണ്ട ചരിത്രാനുഭവങ്ങളിൽ നിന്ന് സ്വയമേവ അനിവാര്യമായി ഉരുത്തിരിഞ്ഞുവന്ന സമരരൂപമാണത്. ജെ വി സ്റ്റാലിന്റെ പ്രസിദ്ധമായ

ഒരു വാക്യമുണ്ട്. ചൈനയിൽ സായുധ പ്രതിവിപ്ലവവും സായുധ വിപ്ലവവും തമ്മിലുള്ള ഒരു നേരിടലാണ്. 1921–ൽ കമ്യൂണിസ്റ്റ് പാർടി രൂപം കൊള്ളുമ്പോഴും അതിനു മുമ്പും ആഭ്യന്തര യുദ്ധവും പരസ്പരം പടവെട്ടുന്ന വിപ്ലവ പ്രതിവിപ്ലവ സേനകളും ചൈനയിലെ യാഥാർഥ്യമായിരുന്നു. ചൈനയിൽ ബൂർഷ്വാ ജനാധിപത്യമോവോട്ടെടുപ്പോ ഉണ്ടായിട്ടേയില്ല. 1911–ൽ ഡോ: സൺയത്സന്നിന്റെ നേതൃത്വത്തിൽ മഞ്ചു രാജാധിപത്യത്തെ നിഷ്കാസനം ചെയ്ത വിപ്ലവം ഒരു ജനാധിപത്യക്രമത്തിലേക്ക് വഴിവെച്ചേക്കുമെന്ന് പലരും മോഹിച്ചുവെങ്കിലും നടന്നില്ല. ചൈനീസ് ബൂർഷ്വാസിയുടെ സാമ്പത്തികവും രാഷ്ട്രീയവും പ്രത്യയശാസ്ത്രപരവുമായ ദൗർബല്യവും ഫ്യൂഡൽ യുദ്ധ പ്രഭുവർഗം സാമ്രാജ്യത്വ പിന്തുണയോടെ നടത്തിയ വിജയകരമായ പ്രതിവിപ്ലവവും യുവാൻ ഷിക്കായിയുടെ വഞ്ചനയും ജനാധിപത്യ സ്ഥാപനത്തിനുള്ള നേരിയ ആശപോലും വ്യർഥമാക്കി.

ചൈനയുടെ പിന്നോക്കാവസ്ഥയും വിവിധ പ്രദേശങ്ങൾ തമ്മിലുള്ള വിഘടനയും യുദ്ധപ്രഭുക്കൾകെതിരെ മേൽകോയ്മ സ്ഥാപിക്കാൻ കേന്ദ്രഗവൺമെൻറിന് കഴിയായ്കയും മറ്റും വിപ്ലവസമരമാർഗത്തിൽ അംഗീകരിച്ച ശൈലികൾക് പ്രേരകമായി. സോവിയറ്റ് വിപ്ലവത്തിൽ നഗരങ്ങൾ വിമോചിപ്പിച്ചതിനു ശേഷം ഗ്രാമങ്ങളിലേക്ക് വിപ്ലവം വ്യാപിപ്പിക്കുക എന്നതിനു പകരം ആദ്യം ഗ്രാമങ്ങൾ മോചിപ്പിച്ചതിനു ശേഷം നഗരങ്ങൾ വളഞ്ഞു പിന്തിരിപ്പൻമാരെ തകർതു മോചനം പൂർതിയാക്കുക എന്ന രീതി ചൈനീസ് വിപ്ലവാനുഭവങ്ങളിൽ നിന്നും സ്വയമേ രൂപംകൊണ്ട പാതയാണ്. കമ്യൂണിസ്റ്റ് പാർടിയും ചെയർമാൻ മൗ സെ ദോങ്ങും ഈ ചരിത്രപാഠങ്ങൾ ഉൾകൊണ്ട് അതീവഭാവനയോടെ ഈ ശൈലിക്ക് രൂപം നൽകി എന്നത് ചരിത്ര പ്രാധാന്യമർഹിക്കുന്ന സംഭാവനതന്നെ. പക്ഷെ ചൈനയുടെ മൂർത സാഹചര്യങ്ങൾ നിലവിലില്ലാത്തിടത്ത് അതേ അനുഭവവും അടവും പകർതാമെന്ന് വ്യാമോഹിക്കുന്നവർ മാർക്സിസം–ലെനിനിസത്തിലല്ല, മറ്റെന്തിലോ ആണ് വിശ്വസിക്കുന്നത്. പക്ഷെ അതിനർഥം അവിടത്തെ സമരങ്ങളിൽ നിന്നും സമരശൈലിയിൽ നിന്നും അടവുകളിൽനിന്നും ഇന്ത്യയുൾപെടെ മറ്റ് രാഷ്ട്രങ്ങൾ കൊണ്ടും പഠിക്കാനില്ലെന്നല്ല. ഇന്ത്യൻ കമ്യൂണിസ്റ്റ് പാർടി 1951–ൽ അംഗീകരിച്ച നയപ്രഖ്യാപനത്തിൽ ചൈനീസ് അനുഭവങ്ങളിൽ നിന്ന് കൊള്ളേണ്ടതിനെയും തള്ളേണ്ടതിനെയും കുറിച്ച് വിശദമായി ചർച ചെയ്തിട്ടുണ്ട്.

4

# ചൈനീസ് വിപ്ലവചരിത്രം

മൂവായിരം വർഷത്തോളം ഫ്യൂഡൽ വ്യവസ്ഥ നിലനിന്ന രാജ്യമാണ് ചൈന. ആ ഘട്ടത്തിലെ സാമ്പത്തിക–രാഷ്ട്രീയ വ്യവസ്ഥയുടെ സ്വഭാവം ഇപ്രകാരമായിരുന്നു. (1) സ്വയം സമ്പൂർണമായ ഒരു സമ്പദ്വ്യവസ്ഥ (2) ഭൂമിയുടെ ഏറിയകൂറും കൈവശംവെച്ച ഭൂപ്രഭുക്കളും അഭിജാതവർഗവും ചക്രവർത്തിയുമടങ്ങിയ ഭരണവർഗവും കൈവശഭൂമിയില്ലാത്തതോ പേരിനുമാത്രം ഭൂമിയുള്ളതോ ആയ കൃഷിക്കാരും (3) കൃഷിക്കാരിൽ നിന്ന് പിഴിഞ്ഞെടുത്ത കരം സ്വന്തം ആർഭാടസമമിതമായ ജീവിതത്തിനും മർദനോപകരണങ്ങൾ നിലനിർത്താനും ഉപയോഗിച്ച ഭരണവർഗം (4) ഫ്യൂഡൽ ചൂഷണം നിലനിർത്തുന്നതിന് ഭൂപ്രഭുവർഗം കയ്യടക്കിവെച്ച ഫ്യൂഡൽ ഭരണകൂടം.

ഫ്യൂഡൽവ്യവസ്ഥയിലെ സാമ്പത്തിക ചൂഷണത്തിനും രാഷ്ട്രീയമർദനത്തിനും കീഴിൽ ചൈനയിലെ കൃഷിക്കാർ കൊടും ദാരിദ്ര്യത്തിലും പിന്നോക്കാവസ്ഥയിലും കിടന്നു പിടഞ്ഞു; അടിമകളെപ്പോലെ ജീവിതം തള്ളിനീക്കി; അതുകൊണ്ട് കൃഷിക്കാരും ഭൂപ്രഭുവർഗങ്ങളും തമ്മിലുള്ളതായിരുന്നു ഈ ഘട്ടത്തിലെ പ്രധാന വൈരുധ്യം. ഇത് ജൻമി–നാടുവാഴി ഭരണത്തിനെതിരായി അസംഖ്യം കലാപങ്ങൾ നടക്കുന്നതിനിടയാക്കി. ചിൻ രാജവംശക്കാലത്ത് ചെൻ ഷെംഗ്, വു കാങ് മുതലായവരുടെ നേതൃത്വത്തിൽ ബി സി 209–ൽ നടന്ന കലാപം തുടങ്ങി മഞ്ചുരാജവംശക്കാലത്ത് 1851 മുതൽ 1864 വരെ നീണ്ടുനിന്ന ഹുങ് ഹ് സ്യൂ–ചുവാൻ നയിച്ച ടെയിപിംഗ് വിപ്ലവം വരെ ചെറുതും വലുതുമായി നൂറുകണക്കിന് കർഷക കലാപങ്ങൾക്കും കർഷക

യുദ്ധങ്ങൾക്കും ചൈന സാക്ഷ്യം വഹിച്ചു. ഇത്രയധികം കർഷകകലാപങ്ങളും കർഷകയുദ്ധങ്ങളും ലോകചരിത്രത്തിൽ മറെറാരിടത്തും നടന്നുകാണില്ല. മുൻ സെക്രട്ടറി പറഞ്ഞതുപോലെ ചൈനീസ് ഫ്യൂഡൽ സമൂഹത്തിലെ ചരിത്രപരമായ വികാസത്തിൻെറ യഥാർഥ പ്രേരകശക്തി കർഷകരുടെ വർഗസമരങ്ങളും കർഷകപ്രക്ഷോഭങ്ങളും കർഷകയുദ്ധങ്ങളുമായിരുന്നു. ഓരോ കർഷകകലാപവും കർഷകയുദ്ധവും നിലവിലുള്ള ഫ്യൂഡൽ സംവിധാനത്തിന് ഓരോ ആഘാതമേൽപിക്കുകയും സാമൂഹ്യോൽപാദനശക്തികളെ കുറേക്കൂടി മുമ്പോട്ടേക്ക് നയിക്കുകയും ചെയ്തു. എങ്കിലും, പുതിയ വർഗശക്തിയോ വളർച്ചയെത്തിയ രാഷ്ട്രീയപാർടിയോ അക്കാലത്തില്ലാതിരുന്നതുകൊണ്ട് അവയെല്ലാം പരാജയത്തിൽ കലാശിച്ചു. ഓരോ വിപ്ലവം നടക്കുന്ന ഘട്ടത്തിലോ അതിനുശേഷമോ ഭൂപ്രഭുക്കളും അഭിജാതവർഗവും രാജവംശമാറ്റത്തിനുവേണ്ടിയുള്ള ഉപകരണമായി കൃഷിക്കാരെ ഉപയോഗിച്ചു. തന്നിമിത്തം മഹത്തായ ഓരോ കർഷകവിപ്ലവസമരം കഴിയുമ്പോഴും സാമൂഹ്യരംഗത്ത് നേരിയ പുരോഗതിയുണ്ടായെങ്കിലും ഫ്യൂഡൽ രാഷ്ട്രീയവ്യവസ്ഥയിൽ മൗലികമായ മാറ്റമുണ്ടായില്ല.

എന്നാൽ 1840—ലെ കറുപ്പുയുദ്ധത്തിനും 1842—ലെ നാങ്കിങ് സന്ധിക്കും ശേഷം ചൈന ക്രമാനുഗതമായി ഒരർധ കൊളോണിയൽ—അർധ ഫ്യൂഡൽ രാജ്യമായി മാറി. ഈ പ്രക്രിയക്ക് കാരണം വിദേശ മൂലധനത്തിൻെറ കടന്നുകയറ്റമായിരുന്നു. 1931 സപ്തംബർ 18—ാം തിയതി ജാപ്പനീസ് സാമ്രാജ്യത്വം ചൈനക്കെതിരെ സായുധാക്രമണമാരംഭിച്ച് ഏതാനും ചൈനീസ് പ്രദേശങ്ങളും കയ്യടക്കിയതോടെ ചൈന ഒരു കൊളോണിയൽ—അർധകൊളോണിയൽ—അർധഫ്യൂഡൽ രാജ്യമായി രൂപാന്തരപ്പെട്ടു. വിദേശ മൂലധനത്തിൻെറ നുഴഞ്ഞുകയറ്റം ചൈനയുടെ സ്വയം സമ്പൂർണമായ സമ്പദ് വ്യവസ്ഥയുടെ അടി തകർത്തു; കരകൗശല വ്യവസായങ്ങളും ഛിന്നഭിന്നമാക്കി; പട്ടണങ്ങളിലും നാട്ടിൻപുറങ്ങളിലും കൈമാറ്റത്തിന് വേണ്ടിയുള്ള, ചരക്കുൽപാദനത്തെ ആധാരമാക്കിയുള്ള ഒരു സമ്പദ്ഘടനയുടെ വളർച്ചയെ ത്വരിപ്പിച്ചു. ഒന്നാം ലോക മഹായുദ്ധമാരംഭിച്ചപ്പോഴേക്കും ചൈനയുടെ സ്വന്തം വ്യവസായങ്ങളും, പ്രത്യേകിച്ച് ടെക്സ്റൈൽ വ്യവസായം, വളരെയധികം അഭിവൃദ്ധി പ്രാപിച്ചു. ഒരു ദേശീയ മുതലാളിത്തം വളർന്നുവന്നു. അതോടൊപ്പം തന്നെ ആരോഗ്യകരമായ മറെറാരു സംഭവവുമുണ്ടായി—തൊഴിലാളി വർഗത്തിൻെറ രംഗപ്രവേശം.

ഫ്യൂഡൽ ചൈനയെ നാടുവാഴിത്ത ചൈനയാക്കി രൂപാന്തരപ്പെടുത്തുക എന്നുള്ളതായിരുന്നില്ല സാമ്രാജ്യത്വത്തിൻെറ ലക്ഷ്യം. മറിച്ച്, ചൈനയെ ഒരു കോളനിയോ അർധകോളനിയോ, ആക്കി

മാറ്റിയെടുക്കുകയായിരുന്നു. ഈദൃശ ലക്ഷ്യത്തോടെയുള്ള നീക്കങ്ങളെ, പക്ഷെ, ജനങ്ങൾ നോക്കിനിന്നില്ല. അതിനെതിരെ എതിർപ്പും പ്രതിഷേധങ്ങളും ചെറുത്തുനിൽപുമുയർന്നു വന്നു. ബൂർഷ്വാസിക്കകത്തെ വിപ്ലവശക്തികൾ സൺയാത്സാന്റെ നേതൃത്വത്തിൽ 1895-ൽ കാസ്റ്റൺകലാപം നടത്തി. രാജവാഴ്ചയവസാനിപ്പിച്ച് അതിനുപകരം ഒരു റിപ്പബ്ളിക് സ്ഥാപിക്കുകയെന്നതായിരുന്നു ആ കലാപത്തിന്റെ ഉദ്ദേശ്യം. കാങ്ങ്യു വീയുടെ നേതൃത്വത്തിൽ രാജഭരണത്തെ വെല്ലുവിളിക്കുകയെന്ന ലക്ഷ്യത്തോടെ ബൂർഷ്വാ പരിഷ്കരണവാദികൾ ഒരു പരിഷ്കരണ പ്രസ്ഥാനം സംഘടിപ്പിച്ചു. അവസാനം സാമ്രാജ്യത്വ കടന്നാക്രമണത്തിനെതിരെ കൃഷിക്കാർ തന്നെ ഇളകിയിറങ്ങി. ഐഹോതുവാൻ പ്രസ്ഥാനം എന്ന പേരിലാണ് അതറിയപ്പെട്ടുവരുന്നത്. സാമ്രാജ്യത്വത്തിനെതിരായി അക്കാലത്തുണ്ടായ ഏറ്റവും ശക്തമായ എതിർപാണ് അതിലൂടെ പ്രകടിപ്പിക്കപ്പെട്ടത്.

അത് അടിച്ചമർത്തപ്പെട്ടതിനുശേഷം രാജ്യത്തെ യഥാർഥ ഭരണാധികാരിയായ ദോവഗർ ത്സുസി രാജ്ഞി ഒരു വിളംബരം പുറപ്പെടുവിച്ചു: ''വിദേശരാഷ്ട്രങ്ങളെ തൃപ്തിപ്പെടുത്തുന്നതിന് ചൈനയുടെ വിഭവങ്ങൾ അവർക്കുവേണ്ടിത്തന്നെ കൊടുക്കുന്നതാണ്.'' വളച്ചുകെട്ടില്ലാതെ അതിൽ പറഞ്ഞു. ചൈനീസ് ഉദ്യോഗസ്ഥൻമാരെയും കോമ്പ്രദോർമാരെയും പാവകളെയുംഉപയോഗിച്ച് ബെയ്ജിങ്ങിലുള്ള സാമ്രാജ്യത്വ നയതന്ത്രജ്ഞർ രാജ്യത്തിന്റെ രാഷ്ട്രീയത്തിലിടപെട്ടു; പലതരത്തിലുള്ള അവകാശങ്ങളും അവർ കൈപ്പറ്റി. ചൈനയിലെ സാമ്പത്തിക ചൂഷണം ശക്തിപ്പെടുത്തി. ക്രമേണ അമേരിക്കൻ സാമ്രാജ്യത്വം ഏറ്റവും വലിയ ആക്രമണകാരിയായി മാറി. അത് വടക്ക് കിഴക്കൻ ചൈനയിൽ (മഞ്ചൂറിയ) തങ്ങളുടെ സ്വാധീനമേഖല വിപുലമാക്കാൻ ശ്രമിച്ചു. ഫ്യൂഡൽ യുദ്ധപ്രഭുവായ യുവാൻഷി-കായ്യിലൂടെ ചിങ് ഗവൺമെന്റുമായി സഖ്യമുണ്ടാക്കുകയെന്ന ഉദ്ദേശ്യത്തോടെ ഒരു കരാറൊപ്പുവെക്കാൻ ശ്രമിച്ചു.

വഞ്ചകൻമാരായ രാജവംശഭരണത്തിനെതിരായ എതിർപ്പും കലാപമനസ്ഥിതിയും എല്ലാ വിഭാഗം ജനങ്ങളിലേക്കും പടർന്നു. ''മഞ്ചുരാജവംശം തുലയട്ടെ'', ''വിദേശീയാക്രമണകാരികൾ രാജ്യത്തിന് പുറത്ത്'' എന്നിങ്ങനെയുള്ള മുദ്രാവാക്യങ്ങൾ എങ്ങും മാറ്റൊലിക്കൊണ്ടു. വിദേശ മിഷനറിമാർക്കും കുതിച്ചുകയറുന്ന നികുതികൾക്കും എതിരായ സമരം ശക്തിപ്പെട്ടു. 1903 ൽ 45ഉം 1904 ൽ 90ഉം 1905-ൽ 85ഉം കലാപങ്ങൾ റിപ്പോർട്ടു ചെയ്യപ്പെട്ടു.

ആയിരക്കണക്കിന് യുവബുദ്ധിജീവികൾ പഠനത്തിനും കൂടുതൽ വിജ്ഞാനമാർജിക്കാനും പുറംരാജ്യങ്ങളിലേക്ക്, പ്രത്യേകിച്ച് ജപ്പാനിലേക്ക്, പോകാൻ തുടങ്ങി. നിരവധി വിപ്ള

വഗ്രൂപ്പുകളും സംഘടിപ്പിക്കപ്പെട്ടു. പുസ്തകങ്ങളും ആനുകാലിക പ്രസിദ്ധീകരണങ്ങളും വൻതോതിൽ പുറത്തുവന്നു. വിപ്ലവഗ്രൂപ്പുകളിൽ കിയാങ്സു പ്രവിശ്യയിൽ രൂപീകരിക്കപ്പെട്ട കുവാങ് ഫു ഹുയി, ഹുണാൻ പ്രവിശ്യയിൽ രൂപീകരിക്കപ്പെട്ട ഹുവാ സിങ് ഹുയി, ഹ്യൂപ്പെ പ്രവിശ്യയിൽ രൂപീകരിക്കപ്പെട്ട ജി ചിഹുയി എന്നിവ ചൈനയിലാകെ പ്രസിദ്ധമായി.

1905-ൽ ടോക്കിയോവിൽ ചരിത്ര പ്രധാനമായ ഒരു സമ്മേളനം നടന്നു. അത് വിളിച്ചുകൂട്ടിയ സൺയാത്സൻ നിലവിലുള്ള വിപ്ലവഗ്രൂപ്പുകളും സൊസൈറ്റികളും ലയിപ്പിച്ച് തുങ്മെങ് ഹുയി (വിപ്ലവ ലീഗ്) എന്നൊരു സംഘടനക്ക് രൂപംനൽകി. മഞ്ചു രാജവംശത്തെ ഒഴിവാക്കുകയും ചൈനയെ പുനരുദ്ധരിക്കുകയും ഒരു റിപ്പബ്ളിക് സ്ഥാപിക്കുകയും ചെയ്യുകയാണ് ലീഗിന്റെ ലക്ഷ്യമെന്ന് പ്രഖ്യാപിക്കപ്പെട്ടു. അതോടെ ജനകീയ കലാപങ്ങൾക് ആക്കം കൂടി. തൊഴിലാളികളും കൃഷിക്കാരും വൻതോതിൽ കലാപത്തിൽ പങ്കെടുത്തു തുടങ്ങി. 1906-ൽ 160-ഉം 1910-ൽ 284-ഉം കലാപങ്ങളുണ്ടായി.

1911 ഒക്ടോബർ 10-ാം തിയതി ഹ്യൂപ്പെ പ്രവിശ്യയിലെ വിപ്ലവസംഘടനകളും റവല്യൂഷണറി ലീഗുമായി ചേർന് കലാപത്തിന്റെ കൊടിയുയർത്തി. തൊഴിലാളികളും വിദ്യാർഥികളും ആദ്യം വൂചാങ് ആയുധപ്പുരയും തുടർന് ഹാങ് കൗവിലെയും ഹാൽയാങ്ങിലെയും ആയുധപ്പുരകളും കയ്യടക്കി. അവർ അവിടത്തെ ഫ്യൂഡൽഗവൺമെൻറിനെ അട്ടിമറിക്കുകയും റിപ്പബ്ളിക്കൻ ഗവൺമെൻറ് രൂപീകരിച്ചതായി പ്രഖ്യാപിക്കുകയും ചെയ്തു. അതോടെ രാജ്യത്തുടനീളം കലാപത്തിന്റെ കൊടുങ്കാറ്റ് ആഞ്ഞുവീശി. ഒക്ടോബർ 20-നും നവംബർ 18-നുമിടയിൽ ചൈനയിലെ 21 പ്രവിശ്യകളിൽ 17 എണ്ണവും സ്വാതന്ത്ര്യം പ്രഖ്യാപിച്ചു. അവശേഷിച്ച നാല് പ്രവിശ്യകളിലെ രാജകീയഭരണം ആടിയുലഞ്ഞു. അവസാനം 1912-ൽ വിപ്ലവം വിജയിച്ചു. ചക്രവർതി ഭരണത്തിന് തിരശീല വീണു. 1912 ഫെബ്രുവരി 1-ാം തിയതി സൺയാത്സൻ നാങ്കിങ്ങിൽവെച്ച് പ്രസിഡണ്ടായി പ്രഖ്യാപിക്കപ്പെട്ടു.

ഫ്യൂഡൽ ശക്തികളെ അടങ്ങിയിരുന്നില്ല. അവർ മറ്റു പിന്തിരിപ്പൻമാരോടൊപ്പം പുതിയ ഗവൺമെൻറിനെതിരെ അണിനിരന്നു. പഴയ ഉദ്യോഗസ്ഥമേധാവികളുടെ ജോലി ഗവൺമെൻറിന്റെ പ്രവർത്തനങ്ങളെ തുരങ്കം വെക്കലായി. അമേരിക്കയും ബ്രിട്ടനും ജർമനിയും ജപ്പാനും മറ്റ് വിദേശശക്തികളും നാങ്കിങ്ങിലെ താൽകാലിക ഗവൺമെൻറിനെതിരെ ഭീഷണിമുഴക്കി. അവർ യുവാൻഷി-കയ് എന്ന കുപ്രസിദ്ധമായ ഒരു പിന്തിരിപ്പൻ സൈനിക വിദഗ്ധനെ പരസ്യമായി പിന്തുണ പ്രഖ്യാപിച്ചു. നിർഭാഗ്യ

കരമെന്ന് പറയട്ടെ അപ്പോഴേക്കും റവല്യൂഷണറി ലീഗിലും അഭി പ്രായവ്യത്യാസങ്ങൾ പൊട്ടിപ്പുറപ്പെട്ടു. ലീഗിലെ പ്രമുഖരായ രണ്ടുപേർ അതിൽനിന്ന് രാജിവെച്ച് പിരിഞ്ഞ് ലീഗിനെതിരായ പ്രചാരണത്തിൽ മുഴുകി. ലീഗിലെതന്നെ ചിലർ അഴിമതിയുടെ ചളിക്കുണ്ടിൽ വീണുപോയി. ഇതിനൊക്കെയെതിരെ ജനങ്ങൾ ഉണർന്നെണീറ്റപ്പോൾ അതിനെ അടിച്ചമർത്താനാണ് അവർ നോക്കിയത്. നിരാശനും നിരുത്സാഹിയുമായിത്തീർന സൺയാത്സൻ ആഭ്യന്തരയുദ്ധം ഒഴിവാക്കാൻ യുവാൻഷി കയ്ക്കുവേണ്ടി അധികാരം വിട്ടൊഴിഞ്ഞു, അത്രയേ വേണ്ടിവന്നുള്ളു. നാങ്കിങ്ങിലെ താൽകാലിക ഗവൺമെൻറ് പിരിച്ചുവിടപ്പെടുകയും കയ് പ്രസിഡൻറായി സ്ഥാനമേൽകുകയും ചെയ്തു. അയാളുടെ ഭരണത്തിൽ ചൈന ഒരു അർധ കോളോണിയൽ–അർധ ഫ്യൂഡൽ രാജ്യമായി തുടർന്നു.

അങ്ങനെ 1911–ലെ വിപ്ളവം ചൈനീസ് സമൂഹത്തിൻെറ സ്വഭാവത്തിൽ മാറ്റം വരുത്തുന്നതിൽ പരാജയപ്പെട്ടു. എങ്കിലും അതിൻെറ പ്രാധാന്യം ഇല്ലാതാകുന്നില്ല. അത് ഫ്യൂഡൽ രാഷ്ട്രീയാധികാരത്തിൻെറ പഴയ രൂപമായ ചക്രവർതിഭരണം അവസാനിപ്പിച്ചു; ജനാധിപത്യ റിപ്പബ്ളിക്കിനെ സംബന്ധിച്ച ആശയം ജനങ്ങൾകിടയിൽ മുളപ്പിച്ചു. മൗ സെ ദോങ് എഴുതി:

> കഴിഞ്ഞ അമ്പത് വർഷക്കാലം ഡോ: സൺയാത്സന്നോടെ ആരംഭിച്ച വിപ്ളവം വിജയങ്ങൾ കരസ്ഥമാക്കുകയും പരാജയങ്ങളെ നേരിടുകയും ചെയ്തിട്ടുണ്ട്. ചക്രവർതിയെ ഒഴിവാക്കിക്കിട്ടിയെന്നിടത്തോളം 1911–ലെ വിപ്ളവം വിജയമായിരുന്നില്ലേ? അത് ചക്രവർതി വാഴ്ച അവസാനിപ്പിക്കുക മാത്രമേ ചെയ്തുള്ളു; അതിനുശേഷവും സാമ്രാജ്യത്വത്തിൻെറയും ഫ്യൂഡലിസത്തിൻെറയും മർദനം നിലനിൽകുകയും സാമ്രാജ്യത്വത്തെയും ഫ്യൂഡലിസത്തെയും എതിർകുകയെന്ന വിപ്ളവ കടമ പൂർതികരിക്കപ്പെടാതെകിടക്കുകയും ചെയ്തു. ആ നിലയിൽ അതൊരു പരാജയവുമായിരുന്നു.

ഇത്രയുമായപ്പോഴേക്കും ചൈയിൽ നവോത്ഥാന കാലഘട്ടമാരംഭിച്ചു കഴിഞ്ഞു. ജനാധിപത്യസാഹിത്യങ്ങൾ പ്രചാരത്തിലായി. ലൂഷുൻ, ലിടാ–ചാവെ തുടങ്ങിയവർ പ്രസിദ്ധരായി. യുവാക്കളുടെ സ്റഡിഗ്രൂപ്പുകളുമാരംഭിച്ചു. ഹൂണാനിൽ മൗ സെ ദോങ്ങിൻെറ നേതൃത്വത്തിൽ, ടെൻ–സ്റീനിൽ ജൂ എൻ ലായിയുടെ നേതൃത്വത്തിൽ എന്നിങ്ങനെ. ഈ സാംസ്കാരിക പ്രസ്ഥാനത്തിലും ക്രമേണ ഇടതുപക്ഷവും വലതുപക്ഷവുമാവിർഭവിച്ചു. സാംസ്കാരിക പ്രശ്നം മാത്രം കൈകാര്യം ചെയ്യണമെന്ന് വലതുപക്ഷം വാദിച്ചു. ഇടതുപക്ഷക്കാർ ചൈനീസ് സമൂഹത്തെ രാഷ്ട്രീയമായും സാമ്പത്തികമായും സമൂലം മാറ്റിത്തീർകണമെന്നാവ

ശ്യപ്പെട്ടു. ഇതൊരു വിപ്ലവ വികാസത്തിന് അടത്തറപാകി.

മഹത്തായ ഒക്ടോബർ വിപ്ലവത്തിന്റെ സ്വാധീനം ചൈനയിൽ പുതിയ ജനാധിപത്യവിപ്ലവത്തിന്റെ ആരംഭം കുറിച്ചു. ''സാമ്രാജ്യത്വം നശിക്കട്ടെ'' എന്ന മുദ്രാവാക്യവുമായി വിദ്യാർഥികളും ഗവൺമെന്റ് കെട്ടിടങ്ങളിലേക്ക് മുന്നേറി. അതിനെ നേരിടാൻ കുതിരപ്പട്ടാളം നിയോഗിക്കപ്പെട്ടു. പ്രതിഷേധ പ്രകടനങ്ങളും ഇരമ്പിക്കയറി. അറസ്റ്റുചെയ്തവരെ വിട്ടയക്കാൻ ഗവൺമെന്റ് നിർബന്ധിതമായി. ജയിൽ വിട്ടുപോകാൻ വിദ്യാർഥികളും സന്നദ്ധരായില്ല. മർദനത്തിനുത്തരവാദികളായവരെ ശിക്ഷിക്കണം എന്നവർ ശഠിച്ചു. വിട്ടുവീഴ്ചയില്ലാത്ത ഈ നിലപാട് ജൂൺ 25–ാം തിയതി മന്ത്രിമാർ ഒന്നടക്കം രാജിവെക്കുന്നതിൽ ചെന്ന് കലാശിച്ചു.

പഴയ മുതലാളിത്ത ജനാധിപത്യത്തെപ്പറ്റിയുള്ള ചൈനീസ് വിപ്ലവകാരികളുടെ മോഹങ്ങളും തികച്ചും അസ്തമിച്ചു. അതേവരെയുണ്ടായ വിപ്ലവ പ്രവർത്തനങ്ങൾക് ലോക തൊഴിലാളിവർഗത്തിന്റെ സഹാനുഭൂതിയോ; മാർക്സ്, ലെനിൻ തുടങ്ങിയ ചിന്തകരുടെ ആശയങ്ങളോ ലഭിച്ചിരുന്നില്ല. ഇപ്പോൾ സ്ഥിതിയാകെ മാറി. മാർക്സിസം–ലെനിനിസം ഭൗതിക രൂപത്തിൽ ചൈനയുടെ അതിർത്തിയിൽ പ്രത്യക്ഷപ്പെട്ടു. ചൈനയെ അടിമത്തത്തിലാഴ്ത്തുന്നതിന് വിജയികളായ സഖ്യശക്തികളും കോപ്പുകൂട്ടിയപ്പോൾ റഷ്യൻ സാറിസത്തിന് ചൈനീസ് മണ്ണിലുണ്ടായിരുന്ന എല്ലാ വിശേഷാധികാരങ്ങളും വലിച്ചെറിഞ്ഞു. അങ്ങനെയുള്ള പുതിയ സോവിയറ്റ് റഷ്യയെ സാമ്രാജ്യത്വശക്തികളും ഒന്നിച്ചെതിർക്കുന്നതും ''സ്വന്തം രാജ്യത്തെ യുദ്ധപ്രഭുക്കളും അതിന് പിന്തുണ നൽകുന്നതും, ചൈനീസ് ജനത കണ്ടു. ദേശാഭിമാനികളായ ചൈനക്കാർ അതിൽനിന്നൊരു സംഗതി മനസിലാക്കി. തങ്ങളുടെ പഴയ ശത്രുക്കളെല്ലാം ഒരു ചേരിയിൽ അണിനിരക്കുകയാണെങ്കിൽ ശരിയും, ന്യായവും മറുവശത്തായിരിക്കും. തൊഴിലാളികളും തൊഴിലാളിവർഗ ഭരണകൂടവും മാത്രമേ ഏക മിത്രമായി പുറത്തുള്ളൂ'' എന്നും അവർ മനസിലാക്കി.

മെയ് 4 പ്രസ്ഥാനത്തിനുശേഷം ചൈനയിൽ മാർക്സിസ്റ്റുകാരുടെ എണ്ണം വർധിച്ചു. ബെയ്ജിങ്, ഷാങ്ഹായ്, ഹാൽകൗ, ചാങ്ഷാ, ത്സിനാൻ, ഹാങ്ചൗ എന്നിവിടങ്ങളിൽ കമ്യൂണിസ്റ്റ് ഗ്രൂപ്പുകൾ രൂപീകരിക്കപ്പെട്ടു. വിദേശത്തു പഠിക്കുന്ന ചൈനീസ് വിദ്യാർഥികൾക്കിടയിലും കമ്യൂണിസ്റ്റ് ഗ്രൂപ്പുകളുണ്ടായി. 1921 ജൂലായ് 1–ാം തിയതി ചൈനീസ് കമ്യൂണിസ്റ്റ് പാർടി സ്ഥാപിക്കപ്പെട്ടു. മാർക്സിസം–ലെനിനിസം ചൈനീസ് തൊഴിലാളിവർഗവുമായി സംയോജിച്ചതിന്റെ ഫലമാണ് ചൈനീസ് കമ്യൂണിസ്റ്റ് പാർടി. അങ്ങനെ ഏറെക്കാലമായി

സ്വമേധയായോ ഭാഗികമായോ സംഘടിപ്പിക്കപ്പെട്ട സമരങ്ങളെല്ലാം ബോധപൂർവമായ വിപ്ലവസമരങ്ങളായി മാറാനുള്ള അടിത്തറ പാകപ്പെട്ടു.

1921 നും 1924 നുമിടയിൽ വിവിധ സാമ്രാജ്യത്വരാജ്യങ്ങളും യുദ്ധാനന്തര സാമ്പത്തിക–രാഷ്ട്രീയക്കുഴപ്പത്തിൽനിന്ന് കരകയറാനും പതുക്കെ പതുക്കെ താരതമ്യേന സുസ്ഥിരമായ ഒരു ഘട്ടത്തിൽ പ്രവേശിക്കാനും തുടങ്ങി. അമേരിക്ക, ബ്രിട്ടൻ, ജപ്പാൻ തുടങ്ങിയ സാമ്രാജ്യത്വരാജ്യങ്ങളും ചൈനയിലേക്ക് മൂലധനം കയറ്റുമതി ചെയ്യുന്നതിൽ പരസ്പരം മത്സരിച്ചു. വിദേശമൂലധന നിക്ഷേപത്തിന്റെയും മിച്ചവസ്തുക്കളുടെയും അതിപ്രസരവും യുദ്ധപ്രഭുക്കളുടെ സൈനിക സംഘട്ടനങ്ങളും മൂലം തൊഴിലാളികളുംതൊട്ട് ദേശീയ ബൂർഷ്വാസിവരെയുള്ള ജനവിഭാഗങ്ങളും ദുരിതത്തിലാണ്ടു. ഈ സാഹചര്യത്തിൽ ഒരു വിപ്ലവ പരിതഃസ്ഥിതി അതിവേഗം വളർന്നുവന്നു. പുതുതായി ജൻമമെടുത്ത കമ്യൂണിസ്റ്റ് പാർടി നടത്തിയ വിപ്ലവ പ്രവർത്തനങ്ങളുടെ പരമ്പരകളും വിപ്ലവത്തിന്റെ ഗതിവേഗം വർധിപ്പിച്ചു. അത് ഒന്നാം വിപ്ലവ ആഭ്യന്തരയുദ്ധത്തിന് കളമൊരുക്കി.

കമ്യൂണിസ്റ്റ് പാർടി അതിന്റെ ആദ്യത്തെ രണ്ടുവർഷം തൊഴിലാളിവർഗത്തെ സംഘടിപ്പിക്കുന്നതിൽ കേന്ദ്രീകരിച്ചു. അത് ചൈനീസ് ട്രേഡ്യൂണിയൻ സെക്രട്ടേറിയറ്റ് രൂപം കൊള്ളുന്നതിനിടയാക്കി. 1922 മെയ് മാസത്തിൽ കാൻറണിൽവച്ച് ഒന്നാം അഖില ചൈനാ തൊഴിലാളി സമ്മേളനം നടന്നു. കമ്യൂണിസ്റ്റ് പാർടി നടത്തിയ ഫലപ്രദമായ പ്രവർത്തനം നിമിത്തം രാജ്യവ്യാപകമായി തൊഴിലാളി സമരങ്ങളുടെ ഒരു വേലിയേറ്റമുണ്ടായി. 1922 ജനുവരിക്കും 1923 ഫെബ്രുവരിക്കുമിടയിൽ നൂറിലേറെ പണിമുടക്കുകൾ നടന്നു. അവയിൽ മൂന്നുലക്ഷത്തിലേറെ തൊഴിലാളികൾ പങ്കുകൊണ്ടു. സാമ്രാജ്യകാരികൾ നിയന്ത്രിച്ചിരുന്ന റെയിൽവെ, കപ്പൽ വ്യവസായം, ഖനിവ്യവസായം ഇവയിലായിരുന്നു പണിമുടക്കുകൾ കൂടുതലും നടന്നത്.

1922 ൽ ഹോങ്കോങ്ങിൽ 6000 നാവികരും തുറമുഖതൊഴിലാളികളും പണിമുടക്കി. മറ്റു തൊഴിലാളികൾ അനുകൂലിച്ചു. ഭാഗികമായി ഒരു പൊതു പണിമുടക്കമായി അത് വളർന്നു. പല ആനുകൂല്യങ്ങളും ആദ്യമായി നേടിയെടുത്തു. ട്രേഡ്യൂണിയൻ പ്രവർത്തനത്തിന് നിയമസാധുത കിട്ടി. 1923 ഫെബ്രുവരി 1–ാം തീയതി പെത്രെഷോവിൽ ഒരു പൊതു യൂണിയൻ രൂപീകരിച്ചു. അന്നു രാത്രിതന്നെ അധികാരികൾ പട്ടാളത്തെ വിട്ട് യൂണിയൻ ആപ്പീസ് നശിപ്പിച്ചു. യൂണിയൻ പൊതുപണിമുടക്കിന് ആഹ്വാനം നൽകി. പണിമുടക്ക് പരിപൂർണമായി വിജയിച്ചു. പണിമുടക്കിൽ ഭീതിപൂണ്ട സാമ്രാജ്യത്വശക്തികൾ ബെയ്ജിങ്ങ് ഗവൺ

മെൻറിനു് സംയുക്തമായ ഒരു കുറിപ്പുനൽകി. സമരം അടിച്ചമർത്താനാവശ്യപ്പെടുന്നതായിരുന്നു കുറിപ്പു്. ഉഗ്രസംഘട്ടനമായി. പണിമുടക്കം ശക്തിപ്പെട്ടു. നിരവധിപേർ വെടിയുണ്ടക്കിരയായി. ജനങ്ങളും രക്തസാക്ഷികളുടെ ശവസംസ്കാരച്ചടങ്ങു് നടത്തി. നാടാകെ കൂട്ടക്കൊലയിൽ പ്രതിഷേധിച്ചു. പണിമുടക്കുസമരം ഉച്ചകോടിയിലെത്തിയ ദിവസമാണു് 1923 ഫെബ്രുവരി 7.

വിജയകരമായ ഈ സമരങ്ങളും ജനങ്ങളുംകിടയിൽ കമ്യൂണിസ്റ്റ് പാർടിയുടെ അന്തസുയർത്തി. അതേസമയം, കരുത്തുറ്റ സഖ്യശക്തികളും സ്വന്തം സായുധസേനയുമില്ലാതെ പൂർണമായും ആയുധമണിഞ്ഞ പിന്തിരിപ്പൻമാരെ കൊമ്പുകുത്തിക്കാൻ തൊഴിലാളിവർഗത്തിനു് കഴിയുകയില്ലെന്നു് ഇവ അടിവരയിട്ടുകാട്ടി. ചൈനീസ് വിപ്ലവത്തിൽ വിജയം കൈവരിക്കണമെങ്കിൽ ഒരു സാമ്രാജ്യത്വവിരുദ്ധ—ഫ്യൂഡൽ വിരുദ്ധസഖ്യം കെട്ടിപ്പടുക്കണമെന്നു് അനുഭവം കമ്യൂണിസ്റ്റ് പാർടിയെയും തൊഴിലാളിവർഗത്തെയും പഠിപ്പിച്ചു. ആ മുന്നണിയിലാവട്ടെ, ജനസംഖ്യയിൽ 80 ശതമാനം വരുന്ന കൃഷിക്കാരും നഗരങ്ങളിലെ ദശലക്ഷക്കണക്കിനു് വരുന്ന പെറ്റിബൂർഷ്വാസിയും സാമ്രാജ്യത്വത്തെയും ഫ്യൂഡലിസത്തെയും എതിർക്കാൻ തയ്യാറുള്ള ബൂർഷ്വാസിക്കകത്തെ ജനാധിപത്യ ശക്തികളും ഉണ്ടായിരിക്കണമെന്നും പാർടിയും തൊഴിലാളിവർഗവും മനസിലാക്കി.

ഈ കാഴ്ചപ്പാടോടെ കമ്യൂണിസ്റ്റ് പാർടി സൺയാത്സന്നിൻെറ നേതൃത്വത്തിലുള്ള കൂമിന്താങ്ങുമായി ഐക്യമുണ്ടാക്കുന്നതിനനുകൂലമായ നടപടികളും കൈക്കൊണ്ടു. ഇതു സംബന്ധിച്ച ഒരു പ്രമേയം 1923 ജൂണിൽ നടന്ന കമ്യൂണിസ്റ്റ് പാർടിയുടെ മൂന്നാം ദേശീയസമ്മേളനം അംഗീകരിച്ചു.

ഒരു പുതിയ വിപ്ലവഗവൺമെൻറ് കാൻറണിൽ സ്ഥാപിക്കപ്പെട്ടു. റഷ്യയുടെ സഹായത്തോടുകൂടി ചിയാങ് ഡീനും, ജൂ എൻ ലായ് രാഷ്ട്രീയ ഡയറക്ടറുമായി വാംപോയാ സൈനിക അക്കാദമിയും സ്ഥാപിക്കപ്പെട്ടു. ദേശീയ പ്രസ്ഥാനത്തിൻെറ വേലിയേറ്റമായി.

1925 മെയ് മാസത്തിൽ ജാപ്പ് ഗവൺമെൻറ് ഷാങ്ഹായിലെ ടെക്സ്റൈറയിൽ യൂണിയൻ പിരിച്ചുവിടേണ്ടതാണെന്നു് ചൈനീസ് അധികൃതരോടാവശ്യപ്പെട്ടു. ഇതേ മാസംതന്നെ ജാപ്പനീസ് ഫാക്ടറിയിലെ ഒരു ഗാർഡ് ഒരു കമ്യൂണിസ്റ്റ് ട്രേഡ്യൂണിയൻ പ്രവർത്തകനെ കൊല്ലുകയും പലരെയും മുറിവേൽപിക്കുകയും ചെയ്തു. അതിനെത്തുടർന്നു് ചൈനയിലങ്ങോളമിങ്ങോളം കുഴപ്പങ്ങളുണ്ടായി. മെയ് 30, രാജ്യവ്യാപകമായി ഉണർന്നുകഴിഞ്ഞ ജനകീയ പ്രക്ഷോഭത്തിൻെറ മൂന്നാമത്തെ നാഴികക്കല്ലാണു്. അന്നു്, അറസ്റ്റുചെയ്യപ്പെട്ട വിദ്യാർഥികളെയും ബുദ്ധിജീവിക

ളെയും ജനാധിപത്യ വിശ്വാസികളെയും മോചിപ്പിക്കണമെന്നാവ
ശ്യപ്പെട്ടുകൊണ്ട് നടന്ന പ്രകടനത്തെ ബ്രിട്ടീഷ് ഇൻസ്പെക്ടർ
എവേഴ്സന്റെ കീഴിൽ ഇൻറർ നാഷണൽ സെറ്റിൽമെൻറ് പൊ
ലീസിന്റെ ഒരു സ്കാഡ് വെടിവെച്ചു. '1925 മെയ് 30 കൂട്ട
ക്കൊല' എന്നറിയപ്പെടുന്ന ഈ സംഭവം എല്ലാ ജനാധിപത്യവർഗങ്ങ
ളുടെയും സഖ്യത്തെ രക്തത്തിൽ ഊട്ടിയുറപ്പിക്കാൻ സഹായിച്ചു.
പണിമുടക്കങ്ങളും പെരുകിവന്നു. ജനങ്ങളെ കൂട്ടക്കൊല നടത്തൽ
നിത്യസംഭവമായി. 1926 ജൂലായ് ആദ്യവാരത്തിൽ ജനകീയസേന
നിരവധി വിജയങ്ങളും നേടി. സംഘടിത ട്രേഡ്യൂണിയൻ പ്രസ്
ഥാനത്തിലെന്നതുപോലെ സംഘടിത കർഷകപ്രസ്ഥാനത്തിലും
അംഗസംഖ്യ പെരുകി. ഹുനാനിൽ മാത്രം കർഷക സംഘത്തിലെ
അംഗസംഖ്യ 20 ലക്ഷത്തിൽനിന്ന് 50 ലക്ഷമായി.

വിപ്ലവത്തെ അകത്തുനിന്നും പുറത്തുനിന്നും തകർക്കാൻ ത
ക്കം നോക്കിയിരുന്ന സാമ്രാജ്യകാരികളും ജിയാങ്ങ് കൈഷെക്കി
നെ വിലക്കെടുക്കുന്നതിൽ വിജയിച്ചു. ആ വഞ്ചകൻ തൊഴിലാളി
കളെ അടിച്ചമർത്തിക്കൊണ്ട് ഏപ്രിൽ 18 ന് നാങ്കിങ്ങ് തലസ്ഥാന
മായി ഒരു പുതിയ ദേശീയ 'ഗവൺമെൻറ്' സ്ഥാപിക്കുകയും
അത് കമ്യൂണിസ്റ്റ് വിരുദ്ധമെന്ന് പ്രഖ്യാപിക്കുകയും ചെ
യ്തു. സാമ്രാജ്യത്വത്തിന്റെ ഒരു പുതിയ യുദ്ധപ്രഭുവായി മാ
റി അയാൾ. തുടർന്ന് അതിക്രൂരമായ ഭീകരവാഴ്ചയാണ് അയാൾ
രാജ്യത്തഴിച്ചുവിട്ടത്. ദശസഹസ്രക്കണക്കിനു കമ്യൂണിസ്റ്റുകാ
രെയും കർഷകരെയും മറ്റു വിപ്ലവകാരികളെയും ജിയാങ്ങ് ചി
ത്രവധം നടത്തി. അങ്ങനെ ചൈനീസ് മുതലാളിവർഗം വിപ്ലവ
ത്തെ വഞ്ചിച്ചു.

ആദ്യത്തെ ഈ വിപ്ലവ ആഭ്യന്തരയുദ്ധം ചൈനീസ് ജനത
യെ ഒരു പാഠം പഠിപ്പിച്ചു: കമ്യൂണിസ്റ്റ് പാർടിക്ക് മാത്രമെ
ജനാധിപത്യവിപ്ലവം വിജയിപ്പിക്കുന്നതിനു ചൈനീസ് ജനത
യെ നയിക്കാനാവൂ. ചൈനയെപ്പോലുള്ള ഒരു അർധകൊളോണി
യൽ—അർധഫ്യൂഡൽ രാജ്യത്ത് സാമ്രാജ്യത്വത്തെ തുരത്തിയോടി
ക്കുകയും ഫ്യൂഡലിസത്തെ കടപുഴക്കിയെറിയുകയും ചെയ്യണമെ
ങ്കിൽ വിപ്ലവത്തിന്റെ നേതൃത്വസ്ഥാനത്ത് തൊഴിലാളിവർഗ
മുണ്ടായിരിക്കണമെന്നും ആ തൊഴിലാളിവർഗം കൃഷിക്കാരുമായി
ഉറച്ചസഖ്യം സ്ഥാപിക്കണമെന്നും പെറ്റിബൂർഷ്വാസിയിലും ദേ
ശീയ ബൂർഷ്വാസിയിലുംപെട്ട വിപ്ലവകാരികളെ തങ്ങളുടെ ഭാ
ഗത്തേക്കാകർഷിച്ചു കൊണ്ടുവരണമെന്നും ഈ വർഗങ്ങളും വിഭാ
ഗങ്ങളുമെല്ലാം ചേർന്നുകൊണ്ടുള്ള ഐക്യമുന്നണിക്ക് കമ്യൂണിസ്
റ്റ്പാർടി നേതൃത്വം നൽകണമെന്നും അനുഭവങ്ങൾ നിസംശയം
തെളിയിച്ചു. സായുധമായ പ്രതിവിപ്ലവത്തെ എതിർക്കുന്നതി
നുള്ള സായുധസേനക്കും കമ്യൂണിസ്റ്റ്പാർടി നേതൃത്വം നൽ

കേണ്ടതാണെന്ന് ഇതഃപര്യന്തമുള്ള അനുഭവങ്ങൾ വ്യക്തമാക്കി.

ബൂർഷ്വാസി വിപ്ലവത്തെ വഞ്ചിച്ചതിനുശേഷം ചൈനീസ് ജനതയുടെ ജനാധിപത്യവിപ്ലവം ചൈനീസ് തൊഴിലാളിവർഗത്തിന്റെയും കമ്യൂണിസ്റ്റ് പാർടിയുടെയും അവിഭക്ത നേതൃത്വത്തിലായി. മൗ സെ ദോങ് പ്രഖ്യാപിച്ചതുപോലെ, 'കമ്യൂണിസ്റ്റുകാർ ഭയപ്പെട്ടില്ല. ആക്രമിക്കപ്പെടുകയോ ഉൻമൂലനാശം ചെയ്യപ്പെടുകയോ ചെയ്തില്ല. അവർ വീണ്ടും ഉയിർത്തെഴുന്നേറ്റു, രക്തത്തുള്ളികളും തുടച്ചുകളഞ്ഞു, മരിച്ചുവീണ സഖാക്കളെ അടക്കി, തുടർന് വീണ്ടും യുദ്ധം ചെയ്തു.'

1927 ആഗസ്ത് 7—ാം തിയതി ചൈനീസ് കമ്യൂണിസ്റ്റ് പാർടിയുടെ കേന്ദ്രകമ്മിറ്റി ഒരടിയന്തരയോഗം ചേർന് അതേവരെ പാർടിയുടെ ജനറൽ സെക്രട്ടറിയായിരുന്ന ചെൻതൂസ്യൂവിനെ ആ സ്ഥാനത്ത് നിന്നൊഴിവാക്കി. പിന്തിരിപ്പൻ കടന്നാക്രമണത്തിന്റെ മുമ്പിൽ പോരാട്ടമാകെത്തന്നെ ഉപേക്ഷിക്കണമെന്നും കീഴടങ്ങൽപാത അവലംബിക്കണമെന്നും വാദിക്കുന്ന ഒരു നേതാവിന് കീട്ടേണ്ടതുകിട്ടി. പിന്തിരിപ്പൻ കൂമിന്താങ് ഭരണം ബലംപ്രയോഗിച്ചട്ടിമറിക്കാൻ പാർടി ആഹ്വാനം നൽകി. ഹൂനാനിലും കിയാങ്സിയിലും മൗ ചുവപ്പുസേന രൂപീകരിച്ചു. കാങ്ടുങ്, ഹ്യൂപ്പെ പ്രവിശ്യകളിലും ചുവപ്പുസേന രൂപീകൃതമായി. 1928 ഏപ്രിലിൽ ചിങ്കാങ്ഷാം മലയിൽവെച്ച് മൗവിന്റെയും ജൂട്ടെയുടെയും നേതൃത്വത്തിലുള്ള ചുവപ്പുസേന ലയിച്ചുചേർന് നാലാം ചൈനീസ് തൊഴിലാളി—കർഷക ചുവപ്പുസേന രൂപംകൊണ്ടു. അതിനെ തകർക്കാൻ ജിയാങ് പഠിച്ച പതിനെട്ടടവും പയറ്റി.

1931 സപ്തംബർ 18 ന് ജപ്പാൻ മഞ്ചൂറിയ ആക്രമിച്ചു കീഴടക്കി. അങ്ങനെ തങ്ങളുടെ ഒരു പ്രധാന ഭാഗം ചൈനയിൽനിന്ന് അടർത്തിമാറ്റപ്പെട്ടു. ജിയാങ് പ്രാദേശികമായ ചെറുത്തുനിൽപിനെ സഹായിച്ചില്ല. 45 വരെ കമ്യൂണിസ്റ്റ് പാർടിയുടെ നേതൃത്വത്തിലുള്ള ചുവപ്പുസേനയാണ് ആ ജോലി നിർവഹിച്ചത്. 1932—ൽ ജപ്പാൻ ഷാങ്ഹായ് ആക്രമിച്ചപ്പോഴും ജിയാങ്ങ് സഹായമൊന്നും ചെയ്തില്ല. അയാളുടെ പ്രധാന ലക്ഷ്യം ചൈനയെ നശിപ്പിക്കുക എന്നതായിരുന്നു. ചുവപ്പുസേന ഗറില്ലായുദ്ധങ്ങൾ സംഘടിപ്പിക്കുകയും ഭൂമി പിടിച്ചെടുത്ത് കർഷകർക് നൽകുകയും ചെയ്തുപോന്നു.

ഫാസിസ്റ്റ് ആക്രമണങ്ങൾക്കെതിരായി ചൈനയുടെ കൂടെ നിന്നത് റഷ്യ മാത്രമായിരുന്നു. ഇതോടുകൂടി റഷ്യയുമായി നയതന്ത്രബന്ധങ്ങൾ സ്ഥാപിക്കാൻ കൂമിന്താങ് നിർബന്ധിതമായി. ജപ്പാനെതിരായ ചെറുത്തുനിൽപ് നടത്താൻ എല്ലാ ദിക്കിലും ആവശ്യമുയർന്നു. വമ്പിച്ച വിദ്യാർഥി പ്രകടനങ്ങൾ പൊട്ടിപ്പുറ

പ്പെട്ടു. പട്ടാളത്തിലും ജിയാങ്ങിന്റെ നയത്തിൽ അസംതൃപ്തിയുണ്ടായി. ചൈനീസ്–മംഗോളിയൻ ജനത ഒന്നിച്ച് ചാവാർ പ്രവിശ്യയിൽ നടത്തിയ യുദ്ധങ്ങളെ ജിയാങ് സഹായിച്ചില്ലെന്നു മാത്രമല്ല, പിന്നിൽ നിന്ന് കുത്തുകയും ചെയ്തു. അതുകൊണ്ട് ചെറുത്തുനിൽപ് നീണ്ടുനിന്നില്ല, 1933 ൽ 19–ാം പട ചുവപ്പുസേനക്കെതിരെ യുദ്ധംചെയ്യാൻ വിസമ്മതിച്ചു. 1934 ഒക്ടോബറിൽ 'ഇടയൻമാരു'ടെ തെറ്റായ സൈനിക നയംമൂലം ചുവപ്പുസേനക്ക് കനത്ത പരാജയം നേരിട്ടു. ആ കനത്ത പരാജയത്തെ മൗവിന്റെ അത്യുജ്വലമായ സൈനിക–രാഷ്ട്രീയ പ്രതിഭ യുദ്ധചരിത്രത്തിലെ മഹത്തായൊരു വിജയമാക്കി മാറ്റി. അതായിരുന്നു ലോങ്മാർച്ച്. അത് ലോകത്തെയാകെ അമ്പരപ്പിച്ചു; ചൈനീസ് കമ്യൂണിസ്റ്റ്പാർടിയെയും ചുവപ്പുസേനയെയും പരാജയപ്പെടുത്താനാവില്ലെന്ന് തെളിയിച്ചു.

ചുവപ്പുസേന പുതിയ താവളത്തിലെത്തി. ജപ്പാൻ ആക്രമണകാരികളെ തുരത്താനുള്ള അജയ്യമായ ശക്തിയായി ചൈനീസ് ജനത അവരെ കണ്ടു. 1935–ൽ വിദ്യാർഥികളും ജപ്പാനെതിരായി പ്രക്ഷോഭരംഗത്തിറങ്ങി. ചൈനീസ് വിപ്ലവം അതിന്റെ ചരിത്രത്തിൽ പുതിയൊരു ഘട്ടത്തിലേക്ക് പ്രവേശിച്ചു. ഫാസിസത്തിനെതിരായി ലോകവ്യാപകമായുണ്ടായ ഐക്യമുന്നണിയുടെ കാലഘട്ടത്തിൽ തൊഴിലാളി–കർഷക–വിദ്യാർഥി–പെറ്റിബൂർഷ്വാ–ദേശീയബൂർഷ്വാ വിഭാഗങ്ങളുടെ പ്രവൃത്തികളുമായി ചുവപ്പുസേനയുടെ പ്രവൃത്തികളെ സംയോജിപ്പിക്കുകയും ഈ സംയോജനത്തിൽനിന്ന് ഒരു ദേശീയ വിപ്ലവമുന്നണി ഉരുത്തിരിയിച്ചെടുക്കുകയുമാണ് വേണ്ടതെന്ന് പാർടി പ്രഖ്യാപിച്ചു. ഫ്യൂഡൽ വിരുദ്ധ–സാമ്രാജ്യത്വവിരുദ്ധ വിപ്ലവത്തിന് ശേഷം ചൈനയിൽ തൊഴിലാളി–കർഷക റിപ്പബ്ലിക് സ്ഥാപിക്കുകയെന്ന മുദ്രാവാക്യം മാറ്റി, ദേശീയ ബൂർഷ്വാസിക്ക് നിയമസാധുതയും രാഷ്ട്രീയ ജീവിതത്തിൽ പങ്കാളിത്തവും നൽകുന്ന ജനകീയ റിപ്പബ്ലിക് എന്ന മുദ്രാവാക്യമാണ് ഉന്നയിക്കേണ്ടതെന്ന് പാർടി അഭിപ്രായപ്പെട്ടു. ജിയാങ്ങിനെ രാജ്യദ്രോഹക്കുറ്റത്തിന് പരസ്യ വിചാരണ നടത്തണമെന്ന നിർദേശം പാർടി സ്വീകരിച്ചില്ല. അത് ആഭ്യന്തരക്കുഴപ്പത്തിന് വഴിവെക്കുകയും ജപ്പാനെ സഹായിക്കുകയും ചെയ്യുകയേ ഉള്ളൂ എന്ന് പാർടി വ്യക്തമാക്കി. ജിയാങ്ങിനെ മോചിപ്പിക്കുകയും ആഭ്യന്തര സമാധാനം പുനഃസ്ഥാപിക്കുകയും ചെയ്തു. ജിയാങ്ങിന് ജപ്പാനെതിരെ യുദ്ധം നടത്താതിരിക്കാൻ നിർവാഹമില്ലെന്ന് പാർടി കണ്ടു.

1937 ജൂലായ് 7–ാം തിയതി ജപ്പാൻ ലൂക്കോഷിയാ ആക്രമിച്ചു. ആഗസ്ത് 13–ാം തിയതി അവരുടെ നാവികയൂണിറ്റുകൾ ഷാങ്ഹായ് തീരത്തെത്തി. അനേകം ശത്രുസൈന്യങ്ങൾ കരക്കിറ

ങ്ങി. ജാപ്പനീസ് ആക്രമണകാരികളുടെ ഈ കടന്നാക്രമണത്തിനെതിരെ ചൈനീസ് ജനത ചെറുത്തുനിൽപ്പുയുദ്ധം തുടങ്ങി. ചൈന ഒരർദ്ധ കോളനി എന്ന നിലയിൽ നിന്ന് ശരിക്കും ഒരു കോളനിയായി ചുരുങ്ങി. ആഭ്യന്തരയുദ്ധം അവസാനിപ്പിച്ച് കൂമിന്താങ്ങും കമ്യൂണിസ്റ്റ്പാർടിയും ഒരു കരാറിലെത്തി. പാർടി കാർഷിക വിപ്ലവത്തിനുപകരം കാർഷിക പരിഷ്കരണം എന്ന മുദ്രാവാക്യം മുമ്പോട്ടേക്കുവെച്ചു. കർഷകജനതക്കുവേണ്ടി ഭൂവുടമയുടെ സ്ഥലം പിടിച്ചുപറ്റുക എന്ന നയം മാറ്റി പാട്ടവും പലിശയും കുറക്കുക എന്ന ആവശ്യം പാർടി ഉയർത്തിപ്പിടിച്ചു.

അക്കാലത്ത് ജിയാങ്ങിന്റെ അടവുകൾ അവസരവാദപരവും നിർജീവവും ആയിരുന്നു. രണ്ടുതവണ ജപ്പാനോട് ഒത്തുതീർപിനുപോലും ശ്രമിച്ചു അയാൾ. അയാൾ ഐക്യരാഷ്ട്രസഭയെ ഉറ്റുനോക്കി; അമേരിക്കൻ യജമാനൻമാരെയും. ജിയാങ്ങ് ചൈനയുടെ നേതാവായിരുന്നുവെങ്കിലും തന്റെ വർഗതാൽപര്യത്തിനനുസരിച്ചേ പ്രവർത്തിച്ചിരുന്നുള്ളു. അയാൾ കമ്യൂണിസ്റ്റ് വിരുദ്ധ ആക്രമണങ്ങളും പ്രകോപനങ്ങളും തുടർന്നു. വീണ്ടും ജപ്പാനുമായി അടുത്തു.

1945-ന് ശേഷം ചൈനയിലെ വമ്പിച്ച വിഭവങ്ങളും കമ്പോളവും കണ്ടുകൊണ്ട് അമേരിക്ക രംഗത്തേക്ക് കടന്നുവന്നു. എന്നാൽ കരുത്താർജിച്ചുകഴിഞ്ഞ ദേശീയ വിമോചന പ്രസ്ഥാനം അമേരിക്കയുടെ ആഗ്രഹങ്ങൾക്കെതിരായി നിന്നു. ജനങ്ങൾ ആഗ്രഹിച്ചത് സ്വതന്ത്രവും ജനാധിപത്യപരവും സമ്പൽ സമൃദ്ധവുമായ ഒരു ചൈനയാണ്. അവർ ആഭ്യന്തരസമാധാനം കാംക്ഷിച്ചു. ജിയാങ്ങും അമേരിക്കയും കൂടി ജനങ്ങളുടെമേൽ ആഭ്യന്തരയുദ്ധം അടിച്ചേൽപിക്കാനും ജാപ്പ് വിരുദ്ധ യുദ്ധഫലങ്ങൾ ജനങ്ങളിൽ നിന്ന് തട്ടിയെടുക്കാനും ആഗ്രഹിച്ചു.

ജപ്പാൻ ഔപചാരികമായി കീഴടങ്ങിയതിനുശേഷം ജാപ്പ് സേനയോട് ചുവപ്പുസേനയ്ക്ക് കീഴടങ്ങരുതെന്ന് മക്കാർതർ ഉത്തരവിട്ടു. ജാപ്പ് സർവസൈന്യാധിപനായ ഒക്കാമുറായ്ക്ക് ചുവപ്പുസേനയെ ചെറുക്കാൻ കൂടുതൽ വ്യക്തമായ നിർദേശങ്ങൾ ജിയാങ് നൽകി. യുദ്ധത്തിന്റെ ഉച്ചകോടിയിൽ 60,000 അമേരിക്കൻ ഭടൻമാർ ചൈനയിലുണ്ടായിരുന്നു. തുടർന്നുള്ള മാസങ്ങളിൽ അത് 1,43,000 ആയി വർധിച്ചു. പ്രതിവിപ്ലവ ശക്തികൾ ചൈനയിൽ വളരെയധികം പെരുകി. ജനകീയ വിപ്ലവത്തിനുവേണ്ടിയല്ല, സമാധാനപരമായി രാജ്യം കെട്ടിപ്പടുക്കുന്നതിനാണ് യുദ്ധം ചെയ്യേണ്ടതെന്നായിരുന്നു കൂമിന്താങ് സൈന്യത്തിന്റെ മനോഗതി.

കൂമിന്താങ്ങും ചൈനീസ് കമ്യൂണിസ്റ്റ് പാർടിയും ഏകസ്വഭാവമുള്ളതാണെന്ന് നടിക്കുകയാണ് അമേരിക്കക്കാർ ചെയ്ത

ത്. അവരുടെ ഉദ്ദേശ്യങ്ങളെപ്പറ്റി ബോധവാൻമാരായിരുന്നുവെങ്കിലും കമ്യൂണിസ്റ്റ്പാർടി അവരുമായി കൂടിയാലോചന നടത്തി. അങ്ങനെ 1945–ലും 1946–ലും രണ്ട് കരാറുകളുണ്ടായി.

ചൈനക്കനുകൂലമായി സോവിയറ്റ് യൂണിയനും മറ്റ് പുരോഗമന ശക്തികളും മുന്നോട്ടുവന്നു. സാർവദേശീയ സമാധാനം തുരങ്കംവെക്കാനുള്ള നടപടികളെ മൂടിവെക്കാൻ 1945–ലെ മോസ്കോ കോൺഫറൻസിന്റെ പ്രസ്താവനയിൽ അമേരിക്കയും ഒപ്പുവെച്ചു. സാർവദേശീയ തലത്തിലുണ്ടായ ഇത്തരം സംഭവവികാസങ്ങളെ ചൈനീസ് വിപ്ലവത്തിനനുകൂലമായിരുന്നു.

കൂമിന്താങ് ഉദ്യോഗസ്ഥൻമാർ സാമ്പത്തിക കാര്യങ്ങൾക്കുവേണ്ടി തൊഴിൽശാലകളും സംഭരണശാലകളും കപ്പൽ ഗതാഗതവും മറ്റും ഉപയോഗപ്പെടുത്തി. ചൈനയിലെ സമ്പദ് വികാസത്തെ അധീനമാക്കാൻ പറ്റിയ തരത്തിൽ ഉദ്യോഗസ്ഥ–മുതലാളിത്തം വളരെയധികം വളർന്നു. 1946–ൽ ചൈന–അമേരിക്കൻ കച്ചവടബന്ധമെന്ന പേരിൽ അമേരിക്ക കൂമിന്താങ്ങിനെ പിന്താങ്ങാൻ തുടങ്ങി. കച്ചവടത്തിന്റെ എല്ലാ മേഖലകളിലും അമേരിക്ക കൈകടത്തി.

ചൈനയിൽ വമ്പിച്ച നാണയപ്പെരുപ്പമുണ്ടായി. തൊഴിലാളികളെ പട്ടിണികിടക്കാനും സാധാരണ വ്യവസായികളും കച്ചവടക്കാരും ശമ്പളം പറ്റുന്ന ഉദ്യോഗസ്ഥൻമാരും നശിക്കാനും തുടങ്ങി.

വിമോചന യുദ്ധത്തിന്റെ ആദ്യ ഘട്ടത്തിൽ, 1946 മധ്യം തൊട്ട് 1947 ജൂലായ് വരെ, ജനകീയ വിമോചനസേന അതിന്റെ ആസ്ഥാനമായ യെനാൻ ഉൾപ്പെടെ 105 നഗരങ്ങളിൽ നിന്ന് പിൻവാങ്ങി. നാട്ടിൽപുറങ്ങളിൽ അടിത്തറ ഉറപ്പിക്കുകയായിരുന്നു അതിന്റെ ഉദ്ദേശ്യം. ഇതോടൊപ്പം ഭൂപരിഷ്കരണം നടത്തുന്നവരും അതിന്റെ സംരക്ഷകരും ആയി അവർ പ്രവർത്തിച്ചു. ഇതോടുകൂടി കൂമിന്താങ് പ്രവിശ്യകളിൽ കാർഷികകലാപം പൊട്ടിപ്പുറപ്പെട്ടു. അസംതൃപ്തി കാരണം കൂമിന്താങ് സൈന്യവും കലാപത്തിൽ പങ്കുകൊണ്ടു.

1947 ജൂൺ മാസത്തിൽ വിമോചനസേന മഞ്ഞനദി കടന്നു. ജനകീയ വിപ്ലവത്തിലെ ഒരു വഴിത്തിരിവായിരുന്നു അത്. അവർക് പല വിജയങ്ങളുമുണ്ടായി. ജനകീയ സേനയുടെ ശക്തി വർധിച്ചു. ചൈനീസ് ജനത ധീരോദാത്തമായി പോരാടിക്കൊണ്ടിരുന്നപ്പോഴും നാണമില്ലാത്ത ജിയാങ് കൈഷക് ഗവൺമെന്റ് ദേശീയസേനയുടെ താക്കോൽ അമേരിക്ക ഏറ്റെടുക്കണമെന്ന് ആവശ്യപ്പെടുകയാണ് ചെയ്തത്.

1949 വസന്തകാലത്ത് വിമോചനസേന യാങ്ട്സി നദിയുടെ വടക്കെകരയിൽ എത്തി. പരിഭ്രാന്തരായിത്തീർന സാമ്രാജ്യവാദി

കയും വിപ്ലവത്തെ വിലയ്ക്കുവാങ്ങാൻ കിണഞ്ഞു ശ്രമിച്ചു. കൂമിന്താങ് യുദ്ധപ്രഭുക്കളും രാഷ്ട്രീയക്കാരും 'ജനാധിപത്യ'ത്തെക്കുറിച്ചും 'ആഭ്യന്തര സമാധാന'ത്തെക്കുറിച്ചും സംസാരിച്ചു തുടങ്ങി. വിപ്ലവം വിജയം വരിക്കാൻ പോകുന്നുവെന്നതിന്റെ സൂചനകളായിരുന്നു അവ.

1949 ഏപ്രിൽ 21-ാം തിയതി ചൈനീസ് വിമോചനസേന യാങ്ങ്ട്സി നദി കടക്കാൻ തുടങ്ങിയപ്പോഴേ അവിടെ ബ്രിട്ടീഷ് പടക്കപ്പലുകളെ പ്രത്യക്ഷപ്പെട്ടു. ജനകീയ സേനയുടെ തോക്കുകളെ അവരെ തുരത്തിയോടിച്ചു. 1949-ന്റെ അവശേഷിച്ച മാസങ്ങളിൽ അമേരിക്കൻ സൈന്യം പിൻവലിക്കപ്പെട്ടു. ദേശീയ വിമോചന യുദ്ധകാലഘട്ടത്തിൽ 80 ലക്ഷം കൂമിന്താങ് സൈന്യങ്ങളെ രംഗത്തിറങ്ങിയിരുന്നു. 54,000 ആർടിലറി സാധനങ്ങളും 3,19,000 മെഷീൻഗണ്ണുകളും എണ്ണമില്ലാത്ത തോക്കുകളും ജനങ്ങളുടെ കൈകളിലെത്തുകയും അവരുടെ വിജയത്തെ സഹായിക്കുകയും ചെയ്തു.

1949 ഒക്ടോബർ 1-ാം തിയതി ജനകീയ ചൈനാ റിപ്പബ്ലിക് പ്രഖ്യാപിക്കപ്പെട്ടു. ഈ പുതിയ ഭരണകൂടം തൊഴിലാളിവർഗ നേതൃത്വത്തിലായിരുന്നു. വിപ്ലവത്തിന്റെ വിജയം സാമ്രാജ്യത്വ-ഫ്യൂഡൽ വിരുദ്ധ വിപ്ലവത്തിന്റെ വിജയവും സോഷ്യലിസത്തിലേക്കുള്ള പരിവർതനത്തിന്റെ തുടക്കവും കുറിച്ചു.

5

# വിയത്നാം വിമോചനപ്പോരാട്ടത്തിന്റെ വീരചരിത്രം

4000 വർഷത്തെ ചരിത്രമുള്ള രാജ്യമാണ് വിയത്നാം. ഉദ്ദേശം 9600 വർഷം വിയത്നാമിന് പ്രാക് ചരിത്രമാണുണ്ടായിരുന്നതെന്നർഥം. പ്രാകൃത കമ്യൂണിസം, അടിമത്തം, നാടുവാഴിത്തം, മുതലാളിത്തം എന്നീ സാമൂഹ്യ വ്യവസ്ഥകളിലൂടെയാണ് ആ രാജ്യം കടന്നുപോന്നത്. 11–ാം നൂറ്റാണ്ടുമുതലാരംഭിച്ച നാടുവാഴിത്തം 19–ാം നൂറ്റാണ്ടിന്റെ മധ്യകാലംവരെ നിലനിന്നു. പിന്നീടൊരു നൂറ്റാണ്ടോളം സാമ്രാജ്യത്വവാഴ്ചയായിരുന്നു. ധീരോദാത്തമായ എണ്ണമറ്റ സമരങ്ങൾ നടത്തി പാരമ്പര്യമുള്ളവരാണ് വിയത്നാം ജനത. 13–ാം നൂറ്റാണ്ടിൽ വിയത്നാമിനെ ആക്രമിക്കാനുള്ള മംഗോളിയരുടെ ശ്രമത്തെ പരാജയപ്പെടുത്തിയ സംഭവം വിയത്നാമിന്റെ ചരിത്രത്തിലെ തുടിക്കുന്നൊരധ്യായമാണ്. ചൈനയുടെ ഭൂരിഭാഗം പ്രദേശങ്ങളിലും മംഗോളിയർ തങ്ങളുടെ ആധിപത്യമുറപ്പിച്ചു കഴിഞ്ഞതിനുശേഷമാണ് വിയത്നാം ജനത അവരെ ചെറുത്തുനിന്നത്. സ്വന്തം രാജ്യം പടുത്തുയർത്താനും സംരക്ഷിക്കാനും നടത്തിയ ഇതുപോലുള്ള എണ്ണമറ്റ സമരങ്ങൾ അവരുടെ ബോധം തട്ടിയുണർത്തി.

1858. നാടുവാഴി പ്രഭുക്കളുടെ ഭരണം വിയത്നാമിൽ കൊടികുത്തിവാഴുന്നു. അവരുടെ പ്രതിനിധിയായി രാജ്യഭരണം നടത്തിക്കൊണ്ടിരുന്നത് ന്യൂയൻരാജവംശം. ആ വർഷം ആഗസ്ത് 31 ന് ഫ്രഞ്ചുകാർ ഡാനാങ്ങ് തുറമുഖത്തിനുനേരെ ആക്രമണമഴി

ച്ചുവിട്ടു. പിന്നീട് മുപ്പത് വർഷം വിയത്നാമിനുനേരെ അവർ ആക്രമണം തുടർന്നു. ഫ്രഞ്ചുകാരുടെ നീചമായ ഈ ആക്രമണത്തെ ദേശാഭിമാനികളും ചെറുത്തുനിന്നു. പക്ഷെ രാജാവ് ഫ്രഞ്ചുകാർക്ക് കീഴടങ്ങി. 1884-ൽ ഫ്രഞ്ചുകാർ വിയത്നാമിൽ അധീശത്വം സ്ഥാപിച്ചു.

കൽക്കരി, ടിൻ, ഇരുമ്പ് തുടങ്ങിയ പ്രകൃതിവിഭവങ്ങൾകൊണ്ട് സമ്പന്നമായ വിയത്നാമിനെ തങ്ങളുടെ ചരക്കുകൾ വിറ്റഴിക്കുവാനുള്ള ഒരു വിപണിയാക്കി മാറ്റുകയായിരുന്നു ഫ്രഞ്ചുകാരുടെ ഉദ്ദേശ്യം. സ്വന്തം രാജ്യത്തിലെ വ്യവസായശാലകൾ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ അസംസ്കൃത സാധനങ്ങൾ സുലഭമായി വിയത്നാമിൽനിന്ന് ലഭിക്കുമായിരുന്നു. ചുരുങ്ങിയ ചെലവിൽ അധ്വാനം ചൂഷണം ചെയ്യാനും സാധിക്കുമായിരുന്നു. ഇങ്ങനെ ചെയ്യണമെങ്കിൽ ഫ്യൂഡലിസം നിലനിർത്തേണ്ടത് അവരുടെ ആവശ്യമായിരുന്നു. ഫ്യൂഡലിസം നിലനിർത്തിയതിലൂടെ നാട്ടിൻപുറത്തെ സാമൂഹ്യാടിത്തറ അവർ ഭദ്രമാക്കി. ഫ്രഞ്ചുകാർ രാജ്യത്തെ മൂന്നുമേഖലകളാക്കി വിഭജിക്കുകയും മൂന്നു മേഖലകളിലും ഭരണനിർവഹണത്തിനുള്ള ഏർപ്പാടുകളുണ്ടാക്കുകയും ചെയ്തു. ജനങ്ങളെ ഭിന്നിപ്പിച്ച് ഭരിക്കുകയെന്ന തന്ത്രമാണ് അവർ ആവിഷ്കരിച്ചത്.

അങ്ങനെ ഫ്രഞ്ചുകാരുടെ കീഴിൽ വിയത്നാം ഒരു കൊളോണിയൽ-അർധഫ്യൂഡൽ രാജ്യമായി രൂപാന്തരപ്പെട്ടു. പ്രധാനപ്പെട്ട രണ്ട് വൈരുധ്യങ്ങൾ സമൂഹത്തിൽ മേധാവിത്വം വഹിച്ചു—വിയത്നാമും ഫ്രഞ്ച് സാമ്രാജ്യത്വവും തമ്മിലുള്ള വൈരുധ്യവും ജനങ്ങളും അതിൽതന്നെ വിശേഷിച്ച് 90 ശതമാനം കൃഷിക്കാരും, നാടുവാഴി പ്രഭുക്കളും തമ്മിലുള്ള വൈരുധ്യവും. ഈ വൈരുധ്യങ്ങൾ പരിഹരിക്കുന്നതിലൂടെ മാത്രമേ വിയത്നാം സമൂഹത്തിന് വളരാൻ കഴിയുമായിരുന്നുള്ളു.

ഫ്രഞ്ച് ആക്രമണത്തിന്റെ ഒന്നാം ദിവസം മുതൽതന്നെ വിയത്നാം ജനതയുടെ വിമോചനപ്രസ്ഥാനവും ആരംഭിച്ചു. പക്ഷെ ഫ്രഞ്ച് വിരുദ്ധ പ്രസ്ഥാനങ്ങളെല്ലാംതന്നെ പരാജയപ്പെട്ടുപോയി. വിയത്നാമും ഫ്രഞ്ച് ആക്രമണകാരികളും തമ്മിലുള്ള വൈരുധ്യം പരിഹരിക്കപ്പെട്ടില്ല. കാരണം സാമ്രാജ്യത്വത്തിന്റെയും തൊഴിലാളിവർഗ വിപ്ലവത്തിന്റെയും പുതിയ ചരിത്രയുഗത്തിന് പറ്റിയ രാഷ്ട്രീയമായ കാഴ്ചപ്പാട് അവയ്ക്കുണ്ടായിരുന്നില്ല. ദേശീയ വിമോചന വിപ്ലവത്തിന് നേതൃത്വം കൊടുക്കത്തക്ക കരുത്തുറ്റ ഒരു പ്രസ്ഥാനവും അവർക്കുണ്ടായിരുന്നില്ല.

നാടുവാഴി പ്രഭുക്കൾ സാമ്രാജ്യത്വത്തിന് കീഴടങ്ങി. ബൂർഷ്വാസി വളർന്നുവരാൻ തുടങ്ങിയതേയുണ്ടായിരുന്നുള്ളു. ഫ്രഞ്ച് സാമ്രാജ്യത്വം അവരുടെ വളർച്ചയെ നിയന്ത്രിക്കുകയും തടസപ്പെ

ടുത്തുകയും ചെയ്തുകൊണ്ടിരുന്നു, സ്വതന്ത്രവും ഉറച്ചതുമായ ഒരു നിലപാടെടുക്കാൻ അവർക്ക് കഴിഞ്ഞില്ല. അവർ സാമ്രാജ്യത്വവുമായി സന്ധി ചെയ്യുകയാണ് ചെയ്തത്. വിപ്ലവത്തിൽ താൽപര്യം കാണിച്ചപ്രധാന വർഗം കൃഷിക്കാരായിരുന്നു. തൊഴിലാളിവർഗം ഒരു രാഷ്ട്രീയ ശക്തിയായി മാറിക്കഴിഞ്ഞിരുന്നില്ല. ഒന്നാം ലോകമഹായുദ്ധാനന്തരമാണ് അവർ സജീവമായി രംഗത്തു വരുന്നത്.

മഹത്തായ ഒക്ടോബർ വിപ്ലവം മാനവ സമൂഹത്തിന്റെ ചരിത്രത്തിൽ ഒരു പുതിയ യുഗം തുറന്നു—ലോക വ്യാപകമായി മുതലാളിത്തത്തിൽ നിന്ന് സോഷ്യലിസത്തിലേക്കുള്ള പരിവർതനത്തിന്റെ യുഗം. കൊളോണിയൽ—ആശ്രിത രാജ്യങ്ങളിലെ ദേശീയ വിമോചന വിപ്ലവം ലോകതൊഴിലാളി വിപ്ലവത്തിന്റെ അഭേദ്യഭാഗമായിത്തീർന്നു. ഈ പരിതഃസ്ഥിതിയിൽ സാമ്രാജ്യത്വം നാടുവാഴിത്തം, മുതലാളിത്തം എന്നിവയാൽ അടിച്ചമർത്തപ്പെട്ടു. വിയത്നാമിലെ തൊഴിലാളിവർഗം ഈ മൂന്ന് ചൂഷകർക്കുമെതിരായി പോരാട്ടം തുടങ്ങി.

തൊഴിലാളിവർഗത്തിന്റെ അജയ്യമായ ശക്തി മനസിലാക്കിയ ആദ്യത്തെ വിയത്നാംകാരൻ പിന്നീട് ഹോ ചിമാൻ എന്ന പേരിൽ പ്രസിദ്ധനായ ന്യൂയൻ അയിക്കോക്ക് ആയിരുന്നു. ഈ നൂറ്റാണ്ടിന്റെ ഇരുപതുകളിൽ കിഴക്കും പടിഞ്ഞാറും രാജ്യങ്ങളിലെ വിവിധ വിപ്ലവ ധാരകളെക്കുറിച്ച് പഠിച്ചതിനുശേഷം അദ്ദേഹം തഴെ പറയുന്ന നിഗമനത്തിലെത്തി: ''ദേശീയ മോചനത്തിലേക്ക് നയിക്കുന്ന ഏകപാത തൊഴിലാളിവർഗ വിപ്ലവമാകുന്നു.'' അദ്ദേഹം വിയത്നാമിൽ മാർക്സിസം—ലെനിനിസത്തിന്റെ പ്രചാരണത്തിലേർപെടുകയും പാർടി കെട്ടിപ്പടുക്കുന്നതിന് തൊഴിലാളിവർഗത്തെ സജ്ജമാക്കുകയും ചെയ്തു.

ചെറുപ്പക്കാരായ വിപ്ലവ ബുദ്ധിജീവികളും അതിവേഗം മാർക്സിസം—ലെനിനിസത്തിൽ ആകൃഷ്ടരായി. പഴയ ദേശാഭിമാന ബോധത്തിന് പകരം മാർക്സിസം—ലെനിനിസത്തിലധിഷ്ഠിതമായ പുതിയ ബോധം വളർതിയെടുക്കുക എളുപ്പമായിരുന്നില്ല. ഒരു വിപ്ലവപാർടി രൂപീകരിക്കാനുള്ള പരിതഃസ്ഥിതികളും പരിപക്വവുമായിരുന്നില്ല. വിയത്നാം പോലെ സാമ്പത്തികമായി പിന്നോക്കം കിടക്കുന്ന ഒരു കോളനി രാജ്യത്ത് കൃഷിക്കാരും പെറ്റിബൂർഷ്വാസിയും മാത്രമല്ല, തൊഴിലാളികളും പോലും സോഷ്യലിസ്റ്റ് പാരമ്പര്യമില്ലാത്തവരായിരുന്നതുകൊണ്ട് മാർക്സിസം—ലെനിനിസം പഠിക്കാനും തങ്ങളുടെ സമരത്തിൽ പ്രയോഗിക്കാനും പറ്റിയ ഒരു സംഘടനയായിരുന്നു അന്നാവശ്യം. അത്തരമൊരുദ്ദേശ്യത്തോടെയാണ് ഹോ ചിമിനും സഹപ്രവർതകരും ചേർന്ന് 1925—ൽ വിയത്നാം റവല്യൂഷണറി യൂത്ത് അസോ

സിയേഷൻ'' രൂപീകരിച്ചത്. വിയത്നാം കമ്യൂണിസ്റ്റ് പാർട്ടി രൂപീകരിക്കുന്നതിന്റെ മുന്നോടിയായിരുന്നു അത്.

1924–ന് ശേഷം ദേശീയ വിമോചന സമരവും ശക്തി പ്രാപിച്ചു. വിപ്ലവ ശക്തികളും പ്രതിവിപ്ലവ ശക്തികളും ജനങ്ങളുടെ മുമ്പിൽ അവരവരുടെ പരിപാടികളും അവതരിപ്പിച്ച് തങ്ങളുടെ ശക്തി പരിശോധിച്ചു. ഫ്രഞ്ച് കൊളോണിയലിസ്റ്റുകളും പടച്ചുവിട്ട കുപ്രചാരണങ്ങളെ യൂത്ത് അസോസിയേഷൻ നേരിട്ടു. പരിഷ്കരണവാദത്തെയും സങ്കുചിത ദേശീയവാദത്തെയും അസോസിയേഷൻ തുറന്നു കാട്ടി.

1926–27–ൽ വിപ്ലവപ്രസ്ഥാനത്തിന് കുറേക്കൂടി വളർച്ചയുണ്ടായി. യൂത്ത് അസോസിയേഷൻ ശക്തി പ്രാപിച്ചുകൊണ്ടിരുന്നു. അസോസിയേഷന്റെ പരിപാടിയുടെ വിപുലമായ പ്രചാരണത്തിന് മുൻകയ്യെടുത്തത് പ്രധാനമായും പെറ്റിബൂർഷ്വാ ബുദ്ധിജീവികളായിരുന്നു. അവർ പാടത്തും ഫാക്ടറികളിലും ഖനികളിലും പ്ലാന്റേഷനുകളിലും പോയി തൊഴിലാളികളെ സംഘടിപ്പിക്കുകയും അവരുടെ സമരങ്ങൾ നയിക്കുകയും ചെയ്തു. തൊഴിലാളികളെ തങ്ങളുടെ ചരിത്രപരമായ കടമകൾ അവർ ബോധ്യപ്പെടുത്തി. ഇതെല്ലാം ചെയ്യുന്നതുവഴി ഈ പെറ്റിബൂർഷ്വാ ബുദ്ധിജീവികൾ തൊഴിലാളിവൽകരിക്കപ്പെടുകയും യഥാർഥ വിപ്ലവകാരികളായി മാറുകയും ചെയ്തു. 1928–29 കാലഘട്ടമായപ്പോഴേക്കും സാമ്പത്തികാവശ്യങ്ങൾക്കു പകരം രാഷ്ട്രീയാവശ്യങ്ങൾക്കുവേണ്ടിയുള്ള സമരങ്ങൾ നടത്തത്തക്ക നിലയിൽതൊഴിലാളിവർഗം വളർന്നു. തൊഴിലാളിപ്രസ്ഥാനത്തിന് പുറമെ, കൃഷിക്കാരുടെയും പട്ടണപ്രദേശങ്ങളിലെ പെറ്റിബൂർഷ്വാസിയുടെയും പ്രസ്ഥാനങ്ങളും സജീവമായി. ഈ പ്രസ്ഥാനങ്ങളെല്ലാം അന്യോന്യം ബന്ധപ്പെട്ടതോടെ ദേശീയ വിമോചനത്തിനും ജനാധിപത്യത്തിനുമുള്ള സമരങ്ങൾ പൂർവാധികം ശക്തിയോടെ മുന്നേറി. ദേശീയ മോചനത്തിനുവേണ്ടിയുള്ള കൂട്ടായ സമരത്തിൽ പങ്കെടുക്കുന്നതോടൊപ്പംതന്നെ ഒരു സ്വതന്ത്ര വിപ്ലവശക്തിയായി തൊഴിലാളിവർഗം ഉയർന്നുവരികയായിരുന്നു. തൊഴിലാളിവർഗത്തിന്റെ രാഷ്ട്രീയ പാർടിയായ കമ്യൂണിസ്റ്റ് പാർടിയുടെ രൂപീകരണം ഒന്നിനൊന്ന് അനിവാര്യമായിത്തീരുന്ന സാഹചര്യങ്ങൾ വളർന്നുവരികയായിരുന്നു.

1930–ഓടെ വിയത്നാമിൽ മൂന്ന് കമ്യൂണിസ്റ്റ് സംഘടനകളുണ്ടായിരുന്നു. കമ്യൂണിസ്റ്റ് ഇൻറർനാഷണലിന്റെ പ്രതിനിധിയെന്ന നിലയിൽ ഹോ ചിമിൻ 1930–ഫെബ്രുവരി3–ന് ഈ മൂന്ന് സംഘടനകളുടെയും ഒരു യോഗം കോലൂണിൽ വിളിച്ചുകൂട്ടി. കമ്യൂണിസ്റ്റ് പാർടികളെ ഏകോപിപ്പിച്ച് ഒരൊറ്റ കമ്യൂണിസ്റ്റ് സംഘടന രൂപീകരിക്കുകയായിരുന്നു ഉദ്ദേശ്യം. ഈ

സമ്മേളനം ഒരു രാഷ്ട്രീയ പരിപാടിയും വിപ്ലവത്തിന്റെ തന്ത്രങ്ങളും തയ്യാറാക്കി. ഇങ്ങനെ കമ്യൂണിസ്റ്റ് പാർടിയുടെ രൂപീകരണം വിയത്നാമിന്റെ ചരിത്രത്തിൽ ഒരു പുതിയ യുഗത്തിന്റെ തുടക്കം കുറിച്ചു.

1930—ഒക്ടോബറിൽ ചേർന്ന പാർടി സെൻട്രൽ കമ്മിറ്റിയുടെ ഒന്നാം കോൺഗ്രസ് പാർടിയുടെ പേര് ഇന്തോ—ചൈന കമ്യൂണിസ്റ്റ് പാർടി എന്നാക്കി മാറ്റി. പ്രസിദ്ധമായ പൊളിറ്റിക്കൽ തീസിസ് അംഗീകരിച്ചു. പാർടിയുടെ ഒന്നാം സെക്രട്ടറി ജനറലായി ട്രൻഫൂവിനെ തിരഞ്ഞെടുത്തു.

ലോക മുതലാളിത്തക്കുഴപ്പം വിയത്നാമിലും ഇന്തോ—ചൈനയിലെ മറ്റു രാജ്യങ്ങളിലും വ്യാപിച്ച സാഹചര്യത്തിലാണ് വിയത്നാം കമ്യൂണിസ്റ്റ് പാർടി രൂപീകൃതമായത്. വിയത്നാം ജനതക്ക് വിശേഷിച്ച് തൊഴിലാളികൾക്കും കൃഷിക്കാർക്കുമാണ് സാമ്പത്തികക്കുഴപ്പത്തിന്റെ കടുത്ത ഫലങ്ങൾ അനുഭവിക്കേണ്ടിവന്നത്. 1929—മുതൽ വെള്ളപ്പൊക്കവും വരൾച്ചയും കാരണമുള്ള കുഴപ്പങ്ങൾ അനുഭവിച്ചുകൊണ്ടിരുന്നവർക് ഇത് കൂനിൻമേൽ കുരുവായിട്ട് അനുഭവപ്പെട്ടു. തൊഴിലില്ലാത്തവരുടെ സംഖ്യ പെരുകിവന്നു. 1929—ൽ ഏകദേശം 220000 തൊഴിലാളികളാണ് വിയത്നാമിലുണ്ടായിരുന്നത്. ഇതിൽ 53 000 ഖനിതൊഴിലാളികളും, 86 000 ഫാക്ടറി തൊഴിലാളികളും 80 000 പ്ളാന്റേഷൻ തൊഴിലാളികളുമായിരുന്നു. അവരുടെ എണ്ണം തന്നെ കുറയാൻ തുടങ്ങി. ദേശീയ ബൂർഷ്വാസിയും പെറ്റിബൂർഷ്വാസിയും സാമ്പത്തികക്കുഴപ്പത്തിന്റെ സമ്മർദം കാരണം പാപ്പരാവാൻ തുടങ്ങി. എല്ലാ ജനവിഭാഗങ്ങളുടെയും നില ശോചനീയമായിത്തീർന്നു. കൊളോണിയൽ ചൂഷണം അഭംഗുരം തുടർന്നു. 1888—മുതൽ 1918—വരെ 4900 ലക്ഷം ഫ്രാങ്ക് ഇന്തോ—ചൈനയിൽ നിക്ഷേപിച്ചെങ്കിൽ 1919—മുതൽ 1929 വരെ 80 000 ലക്ഷം ഫ്രാങ്കായി അതുയർന്നു. നിക്ഷേപത്തുക വർധിക്കാനുള്ള കാരണം താഴെക്കൊടുക്കുന്ന ഉദാഹരണത്തിൽനിന്ന് വ്യക്തമാകുന്നതാണ്:

1925—ൽ ''ബാംക്യൂ ഡി ഇന്തോ—ചൈന'' 20 ലക്ഷം മുടക്കുമുതലിൽനിന്ന് 360 ലക്ഷം ലാഭം നേടി. കോസൈൻ ഫിനാൻസ്യർ സൈസ് കൗച്ചോസ് 1000 ലക്ഷം മുതൽ മുടക്കി 10000 ലക്ഷം ലാഭം തട്ടിയെടുത്തു.

റബർ കൃഷിചെയ്ത സ്ഥലത്തിന്റെ വിസ്തീർണം 1924—ലെ 15 000 ഹെക്ടറിൽനിന്ന് 1930—ൽ 1 20 000 ആയുയർന്നു. ഖനനത്തിന് നൽകിയ ലൈസൻസിന്റെ എണ്ണം നോക്കിയാലും കൊളോണിയൽ ചൂഷണത്തിന്റെ ആഴം വ്യക്തമാകും.

| വർഷം | നൽകിയ ലൈസൻസുകളുടെ എണ്ണം |
|---|---|
| 1923 | 496 |
| 1924 | 1347 |
| 1928 | 8165 |
| 1929 | 17685 |

1923–ൽ 5 01 000 ടൺ കൽക്കരി കുഴിച്ചെടുത്തെങ്കിൽ 1929–ൽ 19 ലക്ഷം ടൺ കൽക്കരി കുഴിച്ചെടുത്തു.

ബജറ്റിന്റെ 75 ശതമാനം പൊലീസിനും മറ്റുദ്യോഗസ്ഥൻമാർക്കും ശമ്പളം നൽകുന്നതിനാണ് വിനിയോഗിച്ചത്. ഭൂമിയുടെ കേന്ദ്രീകരണം തുടർന്നുതന്നെ പോയി. ജനസംഖ്യയുടെ 3.5 ശതമാനം വരുന്ന ഭൂവുടമകൾ ഭൂമിയുടെ 50 ശതമാനം കയ്യടക്കി.

ഇതിന്റെയൊക്കെ ഫലമായി ജനങ്ങളും ഫ്രഞ്ച് സാമ്രാജ്യത്വവും തമ്മിലുള്ള വൈരുധ്യം മൂർഛിച്ചുവന്നു. ഈ അനുകൂല പരിതഃസ്ഥിതിയിൽ ജനങ്ങളുടെ സമരങ്ങൾക് പാർടി നേതൃത്വം നൽകി. തുറുകിലടക്കപ്പെട്ട പോരാളികളെ വിട്ടയക്കണമെന്നും ജനങ്ങളുടെ ജീവിത നിലവാരമുയർത്തണമെന്നും പാർടി ആവശ്യപ്പെട്ടു.

സമരം ശക്തിപ്പെട്ടുവന്നു. 1830–ഫെബ്രുവരിയിൽ നാംബോവിലെ റീജ് റബർ പ്ളാന്റേഷനിലെ 3000 തൊഴിലാളികൾ പണിമുടക്കി. നാംദീൻ ടെക്സ്റൈയിൽ മില്ലിലെ 4000 തൊഴിലാളികളും ട്രജ് ബോവിലെ തീപ്പെട്ടി കമ്പനിയിലെ 400 തൊഴിലാളികളും പണിമുടക്കിലേർപ്പെട്ടു. 1930–മെയ് ഒന്നിന് വിപ്ളവമുന്നേറ്റം ഹാനോയ്, നാംദ് ഹോൺഗായ്, വിൻബെൻസൈഗോൺ തുടങ്ങിയ വ്യവസായ കേന്ദ്രങ്ങളിൽ ദൃശ്യമായി. തൊഴിലാളികളുടെ നൂറുകണക്കിന് പണിമുടക്കങ്ങളും കൃഷിക്കാരുടെ പ്രകടനങ്ങളുംകൊണ്ട് വിയത്നാം തിളച്ചുമറിഞ്ഞു. വിദ്യാർഥികളും സമരത്തിൽ ഭാഗഭാക്കാകുവാൻ തുടങ്ങി.

ഈ പ്രസ്ഥാനങ്ങളെല്ലാം അതിന്റെ മൂർധന്യത്തിലെത്തിയത് എൻഗെതിഞ്ഞ് സോവിയറ്റ് നിലവിൽ വന്നതോടെയാണ്. ബഹുജനസമരങ്ങളുടെ വേലിയേറ്റം കാരണം നാട്ടിൻപുറങ്ങളിൽ പലേടങ്ങളിലും സാമ്രാജ്യത്വ–നാടുവാഴിത്ത ഭരണം ശിഥിലമാവുകയും ഗ്രാമീണ രാഷ്ട്രീയ–സാമൂഹ്യ ജീവിതത്തിന്റെ ഭരണം കൃഷിക്കാരുടെ അസോസിയേഷനുകൾ ഏറ്റെടുക്കുകയും ചെയ്തു. ഗ്രാമങ്ങളുടെ ഭരണം ജനകീയശക്തികളുടെ കയ്യിലമർന്നു. സോവിയറ്റുകൾ പ്രതിവിപ്ളവ ശക്തികളെ അടിച്ചമർത്തി. ഭൂനികുതി എടുത്തുകളഞ്ഞു, ജനാധിപത്യാവകാശങ്ങൾ കുറ്റമറ്റതാക്കി. കൃഷിഭൂമി കൃഷിക്കാർക് വീതിച്ചുകൊടുത്തു. എഴുത്തും വായനയും പ്രോത്സാഹിപ്പിച്ചു. പഴയ ആചാരങ്ങളും അന്ധവിശ്വാ

സങ്ങളും ഉപേക്ഷിക്കാൻ ജനങ്ങളോടഭ്യർഥിച്ചു.

1930–31–ലെ വിപ്ലവ മുന്നേറ്റത്തിനും എൻഗെതിഞ്ഞ് സോവിയറ്റ് സ്ഥാപിച്ചതിനും മഹത്തായ ചരിത്ര പ്രാധാന്യമുണ്ട്. വരാനിരിക്കുന്ന നാളുകളിലെ വിജയകരമായ ആഗസ്ത് വിപ്ലവത്തിന്റെ തയ്യാറെടുപ്പിനുള്ള ഡ്രസ്റിഹേഴ്സലായിരുന്നു അത്. പാർടിയുടെ ജനാധിപത്യ വിപ്ലവത്തിന്റെ പൂർത്തീകരണം; കൃഷിഭൂമി കൃഷിക്കാർക് എന്നീ ആശയങ്ങളിൽ ജനങ്ങൾക് വിശ്വാസം വന്നു. ഈ സമരങ്ങളിലൂടെ പാർടി ഉരുക്കുപോലെ ഉറച്ചതായിത്തീർന്നു. 1931–ഏപ്രിലിൽ കമ്യൂണിസ്റ്റ് ഇൻറർനാഷണലിന്റെ ഒരു സെൽ ആയി പാർടി അംഗീകരിക്കപ്പെട്ടു.

ബഹുജനമുന്നേറ്റം കണ്ട് വിറളിപിടിച്ച സാമ്രാജ്യത്വകാരികൾ ഭീകരവാഴ്ച നടത്താൻ തുടങ്ങി. പാർടിയെ അടിച്ചമർത്താനും തുടച്ചുനീക്കാനും ശ്രമിച്ചു. ആയിരക്കണക്കിന് പാർടിമെമ്പർമാരും അനുഭാവികളും അറസ്റ്റുചെയ്യപ്പെട്ടു. പലരും കാരാഗൃഹത്തിനകത്തായി. ചിലർ കൊലചെയ്യപ്പെട്ടു.

1931–ന്റെ മധ്യത്തിൽ പ്രസ്ഥാനത്തിന് താൽകാലികമായ ഒരു പിന്നോട്ടടിയുണ്ടായി. കടുത്ത വിഷമതകളുടേതായ കാലഘട്ടത്തിലും പ്രകാശമാനമായ ഭാവിയിൽ അവർ വിശ്വാസമർപ്പിച്ചു. 1932–ൽ ഒരു പ്രവർത്തന പരിപാടി മുമ്പോട്ടുവെച്ചു. അടിയന്തരമായി ചെയ്തുതീർക്കാനുള്ള സമൂർത്തമായ കടമകൾ അതിൽ വിശദീകരിച്ചു. സമരത്തിന്റെ അടവും തന്ത്രവും വ്യക്തമാക്കി.

ഭീകരമായ മർദനവാഴ്ച നടക്കുന്ന കാലഘട്ടത്തിലും ബഹുജനങ്ങളുമായുള്ള പാർടിയുടെ ബന്ധം അവസാനിച്ചില്ല. പാർടി രഹസ്യ യൂണിറ്റുകളെ ഏകോപിപ്പിച്ചു. നിയമവിധേയപ്രവർത്തനത്തിന്റെതായ പാതയും രീതിയും സ്വീകരിച്ചു. പുതിയ ആശയങ്ങൾ പത്രങ്ങളിലൂടെയും സിറ്റി കൗൺസിലുകളിലൂടെയും പ്രാദേശിക കൗൺസിലുകളിലൂടെയും പ്രചരിപ്പിക്കുകയായിരുന്നു നിയമവിധേയ പ്രവർത്തനത്തിന്റെ ഉദ്ദേശ്യം. ജയിലിൽ കഴിയുന്ന സഖാക്കൾ ജയിലുകളിലെ ശോചനീയാവസ്ഥക്കെതിരായി സമരമാരംഭിച്ചു. അവർ ജയിലുകളെ വിപ്ലവത്തിന്റെ പാഠശാലകളാക്കി മാറ്റി. ഇക്കാലത്ത് സോവിയറ്റ്–ചൈനീസ്–ഫ്രഞ്ച് പാർടികൾ വിയത്നാം പാർടിക്ക് വിലപിടിച്ച സഹായങ്ങൾ നൽകി.

1933–ആയപ്പോഴേക്കും വിപ്ലവപ്രസ്ഥാനത്തിന് അതിന്റെ ശക്തി പുനഃസ്ഥാപിക്കാൻ കഴിഞ്ഞു. 1935–ൽ ഒന്നാമത്തെ പാർടി കോൺഗ്രസ് ചേർന്നു. പാർടിയെ ഏകീകരിക്കാനും പുതിയ വിപ്ലവമുന്നേറ്റത്തിനുള്ള പശ്ചാത്തലമൊരുക്കാനും കോൺഗ്രസിന് കഴിഞ്ഞു.

1929–33–ലെ സാമ്പത്തികക്കുഴപ്പവും തുടർന്ന് സാമ്രാജ്യത്വ

രാജ്യങ്ങളിലുണ്ടായ അസ്ഥിരമായ സാമ്പത്തിക പരിതഃസ്ഥിതിയും സാമൂഹ്യവൈരുധ്യങ്ങളുടെ ആഴം വർധിപ്പിച്ചു. വിയത്നാം പോലുള്ള കോളനിരാജ്യങ്ങളിലെ വിപ്ലവ പ്രസ്ഥാനങ്ങളെ അത് ശക്തിപ്പെടുത്തി. ബഹുജന സമരങ്ങളെ തകർക്കാൻവേണ്ടി കുത്തകമുതലാളിമാർ നിരവധി സാമ്രാജ്യത്വരാജ്യങ്ങളിൽ ബൂർഷ്വാ ജനാധിപത്യ സ്വാതന്ത്ര്യത്തെപ്പോലും ഫാസിസ്റ്റ് നടപടികളുപയോഗിച്ച് അടിച്ചമർത്തി. ജർമൻ—ഇറ്റാലിയൻ—ജാപ്പനീസ് ഫാസിസ്റ്റ് ശക്തികൾ കൂടുതൽ കരുത്താർജിച്ചു. ലോക കമ്പോളങ്ങളുടെ പുനർവിഭജനം നടത്തുന്നതിനും സോവിയറ്റ് യൂണിയനെ ആക്രമിക്കുന്നതിനും അവർ ഒരു യുദ്ധത്തിന് തയ്യാറെടുത്തു.

ഈ പരിതഃസ്ഥിതിയിൽ കമ്യൂണിസ്റ്റ് പാർടികളുടെയും തൊഴിലാളിവർഗത്തിന്റെയും അടിയന്തരകടമ മുതലാളിത്തത്തെ പിഴുതെറിയുന്നതിനുവേണ്ടിയുള്ള സമരങ്ങൾ നടത്തുകയല്ല മറിച്ച്, ഫാസിസത്തിനെതിരായി സമരം ചെയ്യുകയാണെന്ന് കമ്യൂണിസ്റ്റ് ഇൻറർനാഷണലിന്റെ ഏഴാം കോൺഗ്രസ് ചൂണ്ടിക്കാണിച്ചു, അതുകൊണ്ട് എല്ലാ രാജ്യങ്ങളിലെയും കമ്യൂണിസ്റ്റ് പാർടികൾ ദേശാഭിമാനികളെയും ജനാധിപത്യവാദികളെയും അത്തരം ആശയങ്ങൾകുവേണ്ടി നിലകൊള്ളുന്ന സംഘടനകളെയും ഉൾകൊള്ളിച്ചുകൊണ്ട് ഫാസിസമെന്ന പൊതുശത്രുവിനെതിരായി വിപുലമായ മുന്നണി കെട്ടിപ്പടുക്കണമെന്ന് ഇൻറർനാഷണൽ ആഹ്വാനം ചെയ്തു.

കമ്യൂണിസ്റ്റ് ഇൻറർനാഷണലിന്റെ ഏഴാം കോൺഗ്രസിന്റെ വെളിച്ചത്തിൽ ഇന്തോ—ചൈനാ കമ്യൂണിസ്റ്റ് പാർടിയുടെ കോൺഗ്രസ് 1936—ൽ ചേരുകയും ഇന്തോ—ചൈനീസ് വിപ്ലവത്തിന്റെ അടിയന്തരകടമകൾ നിർണയിക്കുകയും ചെയ്തു. വിപുലമായ ഫാസിസ്റ്റ് വിരുദ്ധമുന്നണി രൂപീകരിക്കപ്പെട്ടു. ഫാസിസത്തിനും കൊളോണിയലിസത്തിനുമെതിരായ സമരം തുടരുകയും ചെയ്തു.

1939—ൽ രണ്ടാം ലോകമഹായുദ്ധം പൊട്ടിപ്പുറപ്പെട്ടു. വിപ്ലവപ്രസ്ഥാനത്തെ ഫ്രഞ്ച് സാമ്രാജ്യത്വ ശക്തികൾ നിർദയം അടിച്ചമർത്താൻ തുടങ്ങി. പാർടിക്ക് നിയമവിധേയ പ്രവർത്തനം അസാധ്യമായിത്തീർന്നു. പ്രവർത്തകരോട് ഒളിവിൽ പോകാൻ പാർടി ആവശ്യപ്പെട്ടു. ഭൂരിപക്ഷം സഖാക്കളും നാട്ടിൻപുറത്തേക്ക് നീങ്ങി. നാട്ടിൻപുറത്തും നഗരങ്ങളിലും വിപ്ലവ പ്രവർത്തനം ശക്തിപ്പെടുത്തി. 1939 നവംബറിൽ പാർടിയുടെ സെൻട്രൽ കമ്മിറ്റിയോഗം ചേർന്നു. പാർടി കാർഷിക പരിഷ്കരണത്തിന്റെ മുദ്രാവാക്യം മുമ്പോട്ടുവെച്ചു. ഭാരിച്ച നികുതിയെ ശക്തിയായി എതിർത്തു. വഞ്ചകരുടെയും സാമ്രാജ്യത്വവാദികളുടെയും

ഭൂമി കണ്ടുകെട്ടണമെന്ന് ആവശ്യപ്പെട്ടു. വിപുലമായ ദേശീയ ഐക്യമുന്നണി രൂപീകരിക്കാൻ തീരുമാനിച്ചു. 1941 മെയ് മാസത്തിൽ നടന്ന പാർടി സെൻട്രൽ കമ്മിറ്റിയുടെ എട്ടാം കോൺഗ്രസിൽ വെച്ച് ജീവിതത്തിന്റെ നാനാതുറകളിലുള്ള ദേശീയ വിമോചന അസോസിയേഷനുകളെ ഉൾക്കൊള്ളിച്ചുകൊണ്ട് വിയത്മിൻ രൂപീകരിക്കൻ നിശ്ചയിച്ചു. 1941 ഫെബ്രുവരിയിൽ തന്നെ സമരത്തിന്റെ നേതൃത്വം ഹോ ചിമിൻ ഏറ്റെടുത്തുകഴിഞ്ഞിരുന്നു.

ഫാസിസ്റ്റ് ശക്തികൾ സോവിയറ്റ് യൂണിയന്റെമേൽ ആക്രമണം അഴിച്ചുവിട്ടതോടെ സമരത്തിന്റെസ്വഭാവത്തിൽ മാറ്റം വന്നു. ലോകത്തിലാകമാനമുള്ള ജനാധിപത്യവാദികൾ സോവിയറ്റ് യൂണിയനു പിന്നിൽ അണിനിരന്നു. വായും പിളർന്നുകൊണ്ട് ഒന്നാമത്തെ സോഷ്യലിസ്റ്റ് രാഷ്ട്രത്തെ വിഴുങ്ങാൻ വന്ന ഫാസിസത്തെ ധീരോദാത്തമായി ചെറുത്തുകൊണ്ടിരിക്കുകയായിരുന്നു റഷ്യൻ ചെമ്പട. ഇതിനിടയിൽ ഫ്രഞ്ച്—സാമ്രാജ്യത്വത്തെ വിയത്നാമിൽ നിന്ന് തുരത്തിയോടിക്കാൻ ശ്രമിക്കുകയായിരുന്നു ജപ്പാൻകാർ. പാർടിയുടെ സ്റ്റാൻറിങ് കമ്മിറ്റി 1945 മാർച്ച് 9—ന് യോഗം ചേർന്ന് ഈ വിപത്തിനെകൂടി നേരിടുന്നതിനുള്ള പരിപാടികൾ തയ്യാറാക്കി. 1945—മാർച്ച് 9—ന് ഒരു പട്ടാളവിപ്ലവം നടത്തിക്കൊണ്ട് ജപ്പാൻകാർ വിയത്നാമിൽ അധികാരത്തിൽ വന്നു. പാർടി അതിന്റെ മുദ്രാവാക്യത്തിൽ മാറ്റം വരുത്തി. ''ഫ്രഞ്ചുകാരെയും ജപ്പാൻകാരെയും തുരത്തുക'' എന്നതിനുപകരം ''ജാപ്പനീസ് ഫാസിസ്റ്റുകളെ തുരത്തുക'' എന്ന മുദ്രാവാക്യമുയർത്തി. ജാപ്പനീസ് സാമ്രാജ്യത്വവാദികൾക്കെതിരായി ശക്തിയായ സമരമാരംഭിച്ചു. പരിതഃസ്ഥിതികൾ അനുകൂലമായ സ്ഥലങ്ങളിൽ ഗറില്ലായുദ്ധം ശക്തിപ്പെടുത്തി പ്രാദേശിക ഭരണത്തെ അട്ടിമറിച്ചു.

മാർച്ച് അവസാനമായപ്പോഴക്കും വിയത്നാം വിപ്ലവപ്രസ്ഥാനം കൂടുതൽ ശക്തിയാർജിച്ചു. പ്രാദേശികമുന്നേറ്റങ്ങൾ പല സ്ഥലത്തും ദൃശ്യമായി. 1945 ഏപ്രിൽ സമ്മേളിച്ച പാർടി സ്റ്റാൻറിങ് കമ്മിറ്റി ടോങ്കിൻ വിപ്ലവ സൈനിക സമ്മേളനം വിളിച്ചുകൂട്ടി. സായുധശക്തികളെ ഏകീകരിക്കാനും വിയത്നാം വിമോചന സേന രൂപീകരിക്കാനും തീരുമാനിച്ചു. 1945 ആയപ്പൊഴേക്കും ആറ് പ്രദേശങ്ങൾ മോചിപ്പിക്കപ്പെട്ടു. ജനകീയ കമ്മിറ്റികൾ എല്ലാ നിലവാരത്തിലും രൂപീകരിച്ചു. വിയത്മിൻ നയങ്ങൾ നടപ്പിലാക്കാൻ തുടങ്ങി. വിമോചിത പ്രദേശങ്ങൾ മുഖ്യതാവളങ്ങളായി മാറി.

രണ്ടാം ലോകമഹായുദ്ധം അവസാനിക്കുകയായിരുന്നു. ജർമൻ—ഇറ്റാലിയൻ ഫാസിസ്റ്റ് ശക്തികൾ ആയുധം വെച്ചു കീഴടങ്ങി. 1945 ആഗസ്ത് 8—ന് സോവിയറ്റ് യൂണിയൻ ജപ്പാനെ

മേൽ യുദ്ധം പ്രഖ്യാപിച്ചു. കുറച്ചു ദിവസങ്ങൾക്കുള്ളിൽ ജപ്പാൻ സൈന്യം തകർക്കപ്പെട്ടു. 1945 ആഗസ്ത് 15-ന് ജപ്പാനും നിരുപാധികമായി കീഴടങ്ങി.

ഉടൻതന്നെ പാർടി 2-ാം ദേശീയ കോൺഗ്രസ് കൂടി ഒരു പൊതു സായുധ കലാപത്തിന് ആഹ്വാനം നൽകി. 1945 ആഗസ്ത് 19-ന് ഹാനോയിയിൽ വിജയകരമായ ഒരു മുന്നേറ്റമുണ്ടായി; ആഗസ്ത് 25-ന് സൈഗോണിലും വളരെക്കുറച്ച് ദിവസങ്ങൾകകം പൊതുകലാപം വിജയകരമായി പര്യവസാനിച്ചു.

1945 സപ്തംബർ 2-ന് ലാജ്സോൺ മുതൽ കാമൂ മുനമ്പു വരെ നിണ്ടുകിടക്കുന്ന വിയത്നാം ജനാധിപത്യ റിപ്പബ്ളിക് നിലവിൽവന്നു. വിയത്നാമിന്റെ ചരിത്രത്തിൽ ഒരു പുതിയ അധ്യായം എഴുതിച്ചേർക്കപ്പെട്ടു.

ഒരു കൊളോണിയൽ—അർധഫ്യൂഡൽ രാജ്യത്ത് തൊഴിലാളിവർഗത്തിന്റെ രാഷ്ട്രീയ പാർടിയുടെ നേതൃത്വത്തിൽ നടന്ന വിജയകരമായ ആദ്യത്തെ ദേശീയ ജനാധിപത്യ വിപ്ളവമായിരുന്നു ആഗസ്ത് വിപ്ളവം. വിപ്ളവം ഫ്രാഞ്ച് കൊളോണിയൽ ഭരണാധികാരികൾക്കെതിരായി ഒരു നൂറ്റാണ്ടുകാലം നടത്തിയ ധീരോദാത്തമായ സമരത്തിന്റെ പരിസമാപ്തിയെയാണ് ആഗസ്ത് വിപ്ളവം കുറിച്ചത്. പാർടിയുടെ 15 വർഷത്തെ നിരന്തരവും തീവ്രവുമായ സമരത്തിന്റെ ഫലം കൂടി ആയിരുന്നു അത്. ആഗസ്ത് വിപ്ളവത്തെക്കുറിച്ച് സംസാരിക്കവെ ഹോ ചിമിൻ പറഞ്ഞു:

> നമ്മുടെ തൊഴിലാളി വർഗത്തിനും ജനങ്ങൾക്കും മാത്രമല്ല എല്ലാ രാജ്യങ്ങളിലെയും തൊഴിലാളിവർഗത്തിനും അടിച്ചമർത്തപ്പെട്ടു കിടക്കുന്ന ജനതക്കും ഈ വിജയത്തിൽ ഊറ്റംകൊള്ളാം, ഒരു കൊളോണിയൽ—അർധകൊളോണിയൽ ജനങ്ങളുടെ വിപ്ളവചരിത്രത്തിൽ 25 വയസ് മാത്രം പ്രായമായ ഒരു പാർടി ഒന്നാമതായി ഒരു വിപ്ളവം വിജയകരമായി നയിക്കുകയും രാജ്യമാസകലം അധികാരം പിടിച്ചെടുക്കുകയും ചെയ്തുവെന്നതിൽ....

വിയത്നാം ജനാധിപത്യ റിപ്പബ്ളിക് സ്ഥാപിച്ചതിന്റെ അഞ്ചാം ദിവസം താൽകാലിക ഗവൺമെന്റ് ദേശീയ അസംബ്ളിയിലേക്ക് തിരഞ്ഞെടുപ്പ് നടത്താൻ തീരുമാനിച്ചു. 1946 ജനുവരി 6-ാം തിയതി പ്രായപൂർതി വോട്ടവകാശത്തിന്റെ അടിസ്ഥാനത്തിൽ വിയത്നാമിൽ തിരഞ്ഞെടുപ്പ് നടന്നു. രണ്ട് മാസത്തിനു ശേഷം ഒന്നാമത്തെ ദേശീയ അസംബ്ളി സമ്മേളിക്കുകയും ഒരു ഔദ്യോഗിക ഗവൺമെന്റ് രൂപീകരിക്കുകയും ചെയ്തു. 1946 നവം

---

* തിരഞ്ഞെടുത്ത കൃതികൾ

ബർ 9–ാം തിയതി ദേശീയ അസംബ്ളി ഒന്നാമത്തെ ഭരണഘടന അംഗീകരിച്ചു.

ഹോ ചിമിന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റ് ജനങ്ങളുടെ ജീവിതനിലവാരമുയർത്തുന്നതിനുള്ള നടപടികളെടുത്തു. ഭൂനികുതിയിൽ 25 ശതമനം ഇളവ് വരുത്തി. ഫ്രഞ്ച് കൊളോണിയലിസ്റ്റുകളുടെയും വിയത്നാം വഞ്ചകരുടെയും ഭൂമികൾ കണ്ടുകെട്ടുകയും ഭൂമിയില്ലാത്തവർക് വീതിച്ചു കൊടുക്കുകയും ചെയ്തു. ജോലിസമയം 8 മണിക്കൂറാക്കി നിജപ്പെടുത്തി. നിരക്ഷരത, ദാരിദ്ര്യം, വിദേശാക്രമണം എന്നിവക്കെതിരായി അടിയന്തര നടപടികളും കൈക്കൊണ്ടു. 1946–ന്റെ അവസാനമായപ്പോഴേക്കും 20 ലക്ഷം ജനങ്ങൾ എഴുതാനും വായിക്കാനും പഠിച്ചു.

ജാപ്പനീസ് സാമ്രാജ്യത്വത്തിന്റെ മുന്നിൽ നിന്ന് വാലും ചുരുട്ടിയോടിപ്പോയ ഫ്രഞ്ച് സാമ്രാജ്യത്വവാദികൾ വീണ്ടും തങ്ങളുടെ സൈന്യവുമായി വിയത്നാമിനെ ആക്രമിച്ച് കീഴടക്കാൻ ശ്രമിച്ചു. ഹീനമായ ഈ വഞ്ചനക്കെതിരായി വിയത്നാം ജനത ഒന്പതുകൊല്ലം നീണ്ടുനിന്ന സുദീർഘമായ ഒരു സമരം നടത്തി. ഫ്രഞ്ചുകാർ വിയത്നാമിന്റെ തെക്കൻ ഭാഗത്തുനിന്ന് ആക്രമണം തുടങ്ങി വടക്കോട്ടുനീങ്ങി. അജയ്യമെന്ന് കരുതിയ ഫ്രഞ്ച് കൊളോണിയലിസ്റ്റുകൾക്കെതിരായി കയ്യിൽ കിട്ടുന്ന ആയുധങ്ങളുപയോഗിച്ച് അവർ പോരാട്ടം നടത്തി. അന്നത്തെ ചെറുത്തുനിൽപ് യുദ്ധം എങ്ങനെ തുടങ്ങിയെന്നതിനെക്കുറിച്ച് ഫാം വാൻ ദോങ്ങ് (Pham Van Dong) ഇങ്ങനെയെഴുതി:

> മുളവടികളും ആയുധമാക്കി ശത്രുവിനെതിരെ പോരാടി. അതേ അവസരത്തിൽ തന്നെ ജനങ്ങളുടെ സായുധരാഷ്ട്രീയ ശക്തികളെ ഞങ്ങൾ കെട്ടിപ്പടുത്തുകൊണ്ടിരുന്നു. അങ്ങനെ ജനകീയ യുദ്ധത്തിന്റെ അടവും തന്ത്രവും ആവിഷ്കരിക്കുകയും പ്രയോഗിക്കുകയും ചെയ്തു.*

വിയത്നാം, യുദ്ധം കൊണ്ട് മറ്റ് രാജ്യങ്ങളിൽനിന്ന് വേർപെട്ടു പോയിരുന്നു. സാമ്രാജ്യത്വവാദികൾ അവരെ വലയം ചെയ്തിരിക്കുകയായിരുന്നു. നാട്ടിനുള്ളിലുള്ള പിന്തിരിപ്പൻമാർ ഈ സാമ്രാജ്യത്വവാദികളെ സഹായിച്ചുകൊണ്ടിരുന്നു. എതിരാളികളോട് തീക്ഷ്ണമായ ശത്രുതയോടും എതിരായ ദൃഢനിശ്ചയത്തോടുംകൂടി വിയത്നാമിലെ ജനത ഒറ്റ മനുഷ്യനെപ്പോലെ ഒന്നിച്ചുനിന്നുകൊണ്ട് തങ്ങളുടെ പുണ്യഭൂമിയുടെ സ്വാതന്ത്ര്യത്തിനുവേണ്ടി അങ്കം വെട്ടി. ഹോ ചിമിന്റെ ഭാഷയിൽ;

> ഞങ്ങളുടെ സ്വാതന്ത്ര്യത്തിനുവേണ്ടി മറ്റെല്ലാം തൃജിക്കാൻ ഞങ്ങൾ തയ്യാറാണ്. ഞങ്ങളെ അടിമകളാക്കാൻ കഴിയുകയില്ലെന്ന് ഞങ്ങൾ ദൃഢനിശ്ചയം ചെയ്തിരിക്കുകയാണ്.

---

* 25 years of National struggle and construction. page 25

ഞങ്ങളുടെ രാജ്യത്തിന്റെ പരമാധികാരം കാത്തുസൂക്ഷിക്കാൻ അവസാന തുള്ളി രക്തംപോലും ചിന്താൻ ഞങ്ങൾ തയ്യാറാണ്. ദൃഢനിശ്ചയത്തോടും ത്യാഗത്തോടുംകൂടി ഞങ്ങളുടെ ജനത ഈ സമരത്തെ വിജയത്തിലേക്കെത്തിക്കുകതന്നെ ചെയ്യും.''

മുൻപ് സൂചിപ്പിച്ചതുപോലെ ഫ്രഞ്ചുകാർ തെക്കൻ വിയത്നാമിൽ നിന്നാണ് യുദ്ധമാരംഭിച്ചത്. തങ്ങളെക്കാളും പ്രബലൻമാരായ എതിരാളികളോട് നീണ്ടുനിന്നൊരു യുദ്ധം തന്നെ മാർക്സിസ്റ്റ്–ലെനിനിസ്റ്റ് തത്വങ്ങളിൽ അടിയുറച്ചുനിന്നുകൊണ്ട് വിയത്നാംകാർ നടത്തി. ക്രമേണ ക്രമേണ ശക്തി സംഭരിക്കാൻ അവർക്കുകഴിഞ്ഞു. ശത്രുവിന്റെ പല യുദ്ധതന്ത്രങ്ങളെയും പൂർണമായും പരാജയപ്പെടുത്തി. ഈ ചെറുത്തുനിൽപിന് ഏറെവുമധികം ആശയും ആവേശവും പകർന്നുകൊടുത്തത് ചൈനീസ് വിപ്ളവത്തിന്റെ മഹത്തായ വിജയമായിരുന്നു. ചൈനീസ് ജനകീയ റിപ്പബ്ളിക് സ്ഥാപിച്ചതോടുകൂടി എല്ലാവിധത്തിലും വിയത്നാം ജനതയെ സഹായിക്കാൻ സാധിക്കുന്ന ഒരു സോഷ്യലിസ്റ്റ് രാഷ്ട്രം തങ്ങളുടെ അതിർത്തിക്കപ്പുറം നിലവിൽവന്നു എന്നത് വിയത്നാം ജനതയുടെ സമരത്തെ കൂടുതൽ ശക്തിപ്പെടുത്തി. ഫ്രഞ്ച് സാമ്രാജ്യവാദികളെ സഹായിക്കാൻ അമേരിക്കൻ സാമ്രാജ്യത്വവുമുണ്ടായിരുന്നു. എങ്കിലും ഒമ്പത് വർഷത്തെ സുദീർഘമായ യുദ്ധത്തിനുശേഷം വിയത്നാം ജനത മഹത്തായ വിജയങ്ങൾ നേടിയെടുത്തു. ഗറില്ലാമാതൃകയിൽ നിന്ന് ആരംഭിച്ച ഈ സമരങ്ങളുടെ കേന്ദ്രങ്ങൾ ഹാനോയ്, ഹൈഫോങ് തുടങ്ങിയ നഗരങ്ങളായിരുന്നില്ല. മറിച്ച് ഗ്രാമപ്രദേശങ്ങളും പർവതനിരകളുമായിരുന്നു. ഗ്രാമപ്രദേശങ്ങളിൽ നിന്ന് പട്ടണപ്രദേശങ്ങളെ വളയുകയെന്ന തത്വത്തിന്റെ അടിസ്ഥാനത്തിലാണ് അവർ വിപ്ളവം നടത്തി വിജയിച്ചത്. ചെറുത്തുനിൽപ് യുദ്ധത്തിന് നേതൃത്വംകൊടുത്ത് ആഗോള പ്രശസ്തിയിലേക്കുയർന്ന ഗ്യാപ്പ് ഇങ്ങനെ ഇക്കാര്യം വ്യക്തമാക്കുകയുണ്ടായി.

> മാത്രമല്ല ചെറുത്തുനിൽപ് യുദ്ധം നടത്തുന്നതിനും നഗരങ്ങളിലെ ശത്രുവിനെ വളയുന്നതിനും ക്രമേണ നഗരങ്ങളെ മോചിപ്പിച്ചെടുക്കുന്നതിനും വേണ്ടി ഗറില്ലാ യുദ്ധം നടത്താൻ താവളങ്ങൾ ഉണ്ടാക്കുന്നതിന് ഞങ്ങൾ ഗ്രാമപ്രദേശങ്ങളെയാണ് ആശ്രയിച്ചത്.*

ശത്രു ദിയൻബിയൻ ഫ്യൂവിൽ കേന്ദ്രീകരിച്ചു. ഗറില്ലകൾ ദിയൻബിയൻ ഫ്യൂകോട്ടയുടെ നേരെ ആക്രമണം തുടങ്ങി. 55 ദിവസത്തെ യുദ്ധത്തിനുശേഷം ശത്രുസൈന്യത്തെ അവർ നിശേഷം കീഴടക്കി. 16 000 ശത്രുസൈന്യത്തെ തടവുകാരാക്കി പിടിച്ചു. ഡികാസ്ത്രിയുടെ നേതൃത്വത്തിലുള്ള ഫ്രഞ്ച് സൈന്യം വെള്ളക്കൊടിയുയർത്തി കീഴടങ്ങി.

---

* Peoples' War Peoples' Army, Page 65

ദിയൻബിയൻ ഫ്യൂ യുദ്ധത്തിൽ വിയത്നാമിനുണ്ടായ വിജയം പഴയ കൊളോണിയലിസത്തിന്റെ മരണമണി മുഴക്കി. കോളോണിയൽ-ആശ്രിത രാജ്യങ്ങളിലെ ജനങ്ങളെ അത് ആവേശം കൊള്ളിച്ചു. ദിയൻബിയൻ യുദ്ധത്തിലെ വിജയം ജനീവാകരാറിന് വഴിതെളിയിച്ചു.

ജനീവാകരാർ പ്രകാരം വിയത്നാമിനെ 17-ാം സമാന്തരരേഖയിലൂടെ രണ്ടായി വിഭജിച്ചു. വടക്കൻ വിയത്നാമിൽ ഹോ ചിമിന്റെ നേതൃത്വത്തിലുള്ള ഗവൺമെൻറും തെക്കൻ വിയത്നാമിൽ ബാവോദായി ചക്രവർത്തിയുടെ കീഴിൽ ദീം പ്രധാനമന്ത്രിയായി ഒരു ഗവൺമെൻറും അധികാരത്തിൽ വന്നു. 1956 ജൂലായിൽ രാജ്യവ്യാപകമായി സ്വതന്ത്രവും നീതിയുക്തവുമായ തിരഞ്ഞെടുപ്പ് നടത്തി വിയത്നാമിനെ ഏകീകരിക്കാം എന്ന് തീരുമാനിച്ചു.

വിയത്നാമിന്റെ ഇരുമേഖലകളിലും വിദേശസൈന്യത്തെയോ പട്ടാള ഉദ്യോഗസ്ഥൻമാരെയോ കൊണ്ടുവരാൻ പാടില്ല. വിദേശസൈനികത്താവളങ്ങൾ സൃഷ്ടിക്കാനും പാടില്ല. സൈനിക മത്സരങ്ങൾ ആരംഭിക്കുവാനോ ഏതെങ്കിലും ആക്രമണപരിപാടി മുന്നോട്ട് നീക്കുവാനോ, ഏതെങ്കിലും സൈനികസഖ്യങ്ങളിൽ ചേരാനോ ഇരുമേഖലകളും അവയുടെ സായുധസേനകളും ശ്രമിച്ചുകൂടാ. വിയത്നാം ജനാധിപത്യറിപ്പബ്ളിക് ഈ ജനിവാ തീരുമാനങ്ങളെ അക്ഷരംപ്രതി അനുസരിക്കുകയും നടപ്പിലാക്കുകയും ചെയ്തു. എന്നാൽ ആക്രമണോദ്ദേശ്യത്തോടെ വിയത്നാമിൽ ഇടപെടുന്നതിനുവേണ്ടി ജനീവാകരാറുകളുടെ അക്ഷരത്തിനും അർഥത്തിനും കടകവിരുദ്ധമായിട്ടാണ് അമേരിക്കൻ ഐക്യനാടുകൾ പ്രവർത്തിച്ചുപോന്നത്. അന്നത്തെ അമേരിക്കൻ പ്രസിഡൻറ് ഐസൻഹോവർ പറഞ്ഞത്; "അമേരിക്കൻ ഐക്യനാടുകൾ ജനീവാ സമ്മേളനത്തിൽ പങ്കാളികളല്ല. അവയുടെ തീരുമാനം ഞങ്ങളെ ബാധിക്കുകയില്ല" എന്നാണ്.

ദീം അമേരിക്കയുടെ താളത്തിനൊത്ത് തുള്ളുന്ന ഒരു പാവയായിരുന്നു. ഫ്രഞ്ച് സാമ്രാജ്യത്വത്തിനെതിരായി ധീരോദാത്തമായ സമരം നടത്തിയ വിയത്മിൻ സൈന്യത്തിൽ അംഗങ്ങളായിരുന്നവരെ തേടിപ്പിടിച്ച് കശാപ്പുചെയ്യുകയും ജനങ്ങളെ ക്രൂരമായി മർദിക്കുകയും ചൂഷണം നടത്തുകയും ചെയ്യുക പാവസർക്കാർ തങ്ങളുടെ പ്രധാന പരിപാടിയാക്കി. ജനീവാകരാർ കാറ്റിൽ പറത്തി. വിദേശ സൈന്യങ്ങളെ പിൻവലിക്കണമെന്ന നിർദേശം അംഗീകരിച്ചില്ലെന്ന് മാത്രമല്ല, ആയിരക്കണക്കിന് പട്ടാളക്കാർ ഉപദേശകരും നിർദേശകരുമെന്ന പേരിൽ വിയത്നാമിൽ വന്നിറങ്ങി. നിഷ്പക്ഷമായ ഹിതപരിശോധനയിലൂടെ വിയത്നാമിനെ ഏകീകരിക്കണമെന്ന നിർദേശം അംഗീകരിക്കാൻ അമേരിക്ക തയ്യാറായില്ല. അമേരിക്കൻ സാമ്രാജ്യത്വം കൊടിയ മർദനവും ചൂഷണവും

വിയത്നാമിലാകെ അഴിച്ചുവിട്ടു. തെക്കൻ വിയത്നാം കുരുതിക്കളമായി മാറി. ബുദ്ധസന്യാസികൾപോലും രക്ഷയില്ലെന്നായി.

ഈ സാഹചര്യത്തിൽ 1960-ൽ തെക്കൻ വിയത്നാമിലെ വിപ്ലവകാരികൾ ഒരു യോഗം ചേരുകയും വിയത്നാം ദേശീയ വിമോചനമുന്നണി രൂപീകരിക്കുകയും ചെയ്തു. ദീർഘനാളത്തിനും അതിനെ താങ്ങുകൊടുത്തുനിർത്തുന്ന അമേരിക്കൻ സാമ്രാജ്യത്വത്തിനുമെതിരെ ദേശാഭിമാനികളെ മുഴുവൻ അണിനിരത്തുകയും സമരത്തിൽ അവരെ ഏകോപിപ്പിക്കുകയുമായിരുന്നു അതിന്റെ ലക്ഷ്യം. തുടർന് ദക്ഷിണ വിയത്നാമിൽ അവരൊരു താൽക്കാലിക വിപ്ലവ ഗവൺമെൻറ് രൂപീകരിച്ചു.

1964-ൽ തെക്കൻ വിയത്നാമിലെ സായുധസമരം അമേരിക്കൻ അധിനിവേശ സൈന്യവും ദേശാഭിമാനികളും തമ്മിലുള്ള തുറന്ന ഏറ്റുമുട്ടലിന്റെതായ രൂപം കൈക്കൊണ്ടു. അതേവർഷം ആഗസ്തിൽ വിയത്നാം ജനാധിപത്യറിപ്പബ്ളിക്കിനെതിരെയും തിരിഞ്ഞു അമേരിക്കൻ സൈന്യങ്ങൾ. 17-ാം സമാന്തരരേഖക്കപ്പുറത്തുള്ള പല പ്രദേശങ്ങളിലും അവർ ബോംബുവർഷം നടത്തി. അടുത്തവർഷം 'പ്രാദേശിക യുദ്ധം' എന്ന പുതിയൊരു സൈനിക തന്ത്രം അവർ ആവിഷ്കരിക്കുകയും തെക്കൻ വിയത്നാമിൽ വൻതോതിൽ സൈന്യങ്ങളെ കൊണ്ടുചെന്നിറക്കുകയും ചെയ്തു. 1967 ആയപ്പോഴേക്കും അവരുടെ സൈന്യങ്ങളുടെ എണ്ണം 5 ലക്ഷവും കവിഞ്ഞു. അതിന്റെ സഖ്യശക്തികളായ തെക്കൻ കൊറിയയുടെയും ആസ്ത്രേലിയയുടെയും മറെറാരു ലക്ഷം സൈന്യവും തെക്കൻ വിയത്നാമിലെത്തി.

ഇതിനിടയിൽ തെക്കൻ വിയത്നാമിലെ ഒട്ടേറെ പ്രദേശങ്ങൾ മോചിപ്പിച്ച വിമോചന സേന 1969 ജനുവരി 29-ന് ശക്തമായ പ്രത്യാക്രമണം തുടങ്ങി. അമേരിക്കൻ അധീനതയിലുള്ള നഗരങ്ങളിലേക്കും പ്രവിശ്യാ തലസ്ഥാനങ്ങളിലേക്കും അവർ ഇരച്ചുകയറി; 90 000 അമേരിക്കൻ സൈനികരെ വകവരുത്തി; പട്ടാളത്താവളങ്ങളും പടക്കോപ്പ് ശേഖരങ്ങളും വിമാനത്താവളങ്ങളും കൈയടക്കി. 39 ബെറാലിയനുകൾ 8 കവചിതവാഹന സ്കാഡ്രനുകൾ, 120 പട്ടാളക്കമ്പനികൾ എന്നിവ തകർന്നുതരിപ്പണമായി. 1800 വിമാനങ്ങളും 300 ടാങ്കുകളും ആയിരക്കണക്കിന് പട്ടാളവാഹനങ്ങളും 90 നാവികവാഹനങ്ങളും ദശലക്ഷക്കണക്കിന് ബോംബുകളും ഷെല്ലുകളും വെടിക്കോപ്പുകളും അമേരിക്കക്ക് നഷ്ടപ്പെട്ടു. പുതുതായി മോചിപ്പിക്കപ്പെട്ട കേന്ദ്രങ്ങളിൽ പുതിയ ഗവില്ലായ്മണിറ്റുകൾ ഉടലെടുത്തു. അവസാനം അമേരിക്കക്കും കൂട്ടാളികൾക്കും നഗരങ്ങളിലേക്ക് പിൻവാങ്ങേണ്ടിവന്നു. ചെറുത്തുനിൽപിന്റെ ഒരു പുതിയ അധ്യായം ആരംഭിച്ചു.

1968 മാർച്ച് 31—ന് ജോൺസൺ ഭരണകൂടം സംഭാഷണങ്ങൾക്കായി സമ്മതിച്ചു. അതേ അവസരത്തിൽ വിയത്നാമിനെതിരെ ബോംബാക്രമണം തുടർന്നു. ബോംബിംഗ് പൂർണമായി നിർത്തിവെക്കാതെ സംഭാഷണങ്ങൾക്ക് അർഥമില്ലെന്ന് വിയത്നാം മറുപടി നൽകി. 1968 നവംബർ 1—ന് ബോംബിംഗ് നിർത്തിവെക്കാൻ ജോൺസൺ ഉത്തരവിട്ടു. 1969 ജനുവരി 19—ന് പാരീസ് സംഭാഷണം ആരംഭിച്ചു.

അതിനുശേഷമാണ് നിക്സന്റെ 'വിയത്നാമീകരണം' പ്രയോഗത്തിൽ വന്നത്. ഏഷ്യക്കാരെ ഏഷ്യക്കാർക്കെതിരെ ഉപയോഗിക്കുക എന്ന ഒരു കപടതന്ത്രമാണിത്. അമേരിക്കൻ പട്ടാളക്കാരെ വിയത്നാമിൽനിന്ന് കുറേശ്ശെ പിൻവലിച്ച് സൈഗോൺ പാവപ്പട്ടയെ ഉപയോഗിച്ച് യുദ്ധം തുടരുകയും ഈ പാവപ്പട്ടക്ക് നാവിക—വ്യോമസേനകളുടെ പിന്തുണ വർധിപ്പിക്കുകയുമാണീ പദ്ധതിയുടെ കാതൽ. അതിന്റെ ഭാഗമായി 10 ലക്ഷം വരുന്ന ഒരു പാവപ്പട്ടയെ അമേരിക്ക പരിശീലിപ്പിച്ചെടുത്തു. ആ പടക്കാവശ്യമായ ആയുധങ്ങളും നൽകി.

1969 സപ്തംബർ 3—ന് പ്രസിഡന്റ് ഹോ ചിമിൻ അന്തരിച്ചു. അദ്ദേഹത്തിന്റെ മരണപത്രം സമരം തുടരാനും പാർടിയുടെയും ജനങ്ങളുടെയും ഐക്യവും കെട്ടുറപ്പും ശക്തിപ്പെടുത്താനും വിയത്നാം ജനതയെ ഉദ്ബോധിപ്പിച്ചു. ആ ഉദ്ബോധനത്തിന്റെ അന്തഃസത്ത ശരിക്കും ഉൾക്കൊണ്ട വിയത്നാം ജനത അമേരിക്കൻ സാമ്രാജ്യത്വത്തിനും അതിന്റെ ചോറുപട്ടാളക്കാർക്കുമെതിരെ സുധീരം പോരാടി. അവസാനം ഒത്തുതീർപ് സംഭാഷണത്തിന് അമേരിക്ക നിർബന്ധിതമായി. ആ സംഭാഷണം തങ്ങളുടെ കരുത്ത് തെളിയിക്കുന്നതിനിടയിൽ നടക്കണം എന്ന ഉദ്ദേശ്യത്തോടെ 1972 ഡിസംബറിന്റെ രണ്ടാം പകുതിയിൽ അമേരിക്ക വടക്കൻ വിയത്നാമിലും തെക്കൻ വിയത്നാമിലെ വിമോചിത പ്രദേശങ്ങളിലും അതിശക്തമായ ആക്രമണം നടത്തി. വടക്കൻ വിയത്നാം നഗരങ്ങളായ ഹാനോയിയിലും ഹൈപ്പോങ്ങിലും വൻതോതിലാണ് ബോംബിംഗ് നടത്തിയത്.

ഈ ബോംബിംഗിന്റെയും ആക്രമണത്തിന്റെയും ഫലമായി ആയിരക്കണക്കിനാളുകൾ കൊല്ലപ്പെട്ടു. അതിലും എത്രയോ കൂടുതൽ പേർക് പരുക്കേറ്റു. ഈ ആക്രമണത്തിനിടയിൽ അമേരിക്കൻ നാവികസേനക്ക് ഒട്ടേറെ വിമാനങ്ങളും പൈലറ്റുകളും നഷ്ടപ്പെട്ടു.

വിയത്നാം ജനതയെ മുട്ടുകുത്തിക്കാൻ എന്തുമാർഗവും, കാട്ടാളമാർഗംപോലും, ഉപയോഗിക്കാൻ അമേരിക്ക മടിച്ചില്ല. വിഷരാസപദാർഥങ്ങൾപോലും യുദ്ധത്തിൽ അവർ ഉപയോഗിച്ചു. അവസാനം 1973 ജനുവരി 27—ന് യുദ്ധംഅവസാനിപ്പിച്ചുകൊണ്ടു

ള്ള ഒരു കരാറിൽ ഒപ്പുവെക്കാൻ അവർ നിർബന്ധിതരായി. പാരീസ് കരാർ നിലവിൽ വന്നു. വിയത്നാം ജനതയുടെ മൗലികമായ ദേശീയാവകാശങ്ങളും ക്ഷിണവിയത്നാം ജനതയുടെ സ്വയം രണാവകാശവും അംഗീകരിക്കുന്നതായി പാരീസ് കരാർ വ്യവസ്ഥചെയ്തു.

ആ കരാർ ഒപ്പിട്ട കടലാസിലെ മഷിയുണങ്ങുന്നതിനുമുമ്പ് അമേരിക്കയും പാവഗവൺമെൻറും അതിലെ വ്യവസ്ഥകൾ ലംഘിച്ചു. തെക്കൻ വിയത്നാമിൽ അമേരിക്ക സൈനിക ഇടപെടൽ തുടർന്നു. ആയുധങ്ങളും വെടിക്കോപ്പുകളും കൊണ്ടുവന്ന് നിറച്ചു. സിവിലിയൻ വേഷത്തിൽ കാൽലക്ഷത്തോളം സൈനികോപദേഷ്ടാക്കളെ തെക്കൻ വിയത്നാമിൽ നിർത്തി.

അമേരിക്കൻ യജമാനൻെറ ഉത്തരവനുസരിച്ച് തിയുവിൻെറ പട്ടാളം വിമോചിത പ്രദേശങ്ങളിൽ കടന്നാക്രമണം തുടങ്ങി. താൽകാലിക വിപ്ലവ ഗവൺമെൻറിൻെറ കീഴിലുള്ള പ്രദേശങ്ങൾ തിരിച്ചുപിടിക്കലായിരുന്നു ഈ ആക്രമണത്തിൻെറ ലക്ഷ്യം.

1973–74 ൽ മാത്രം അഞ്ചുലക്ഷത്തിലധികം തവണ കരാർ ലംഘിച്ച് പാവപ്പട വിമോചിത പ്രദേശങ്ങളിൽ ആയിരക്കണക്കിനാളുകളെ കൊന്നൊടുക്കി. വടക്കൻ വിയത്നാം തെക്കൻ വിയത്നാമിനെ ആക്രമിക്കുന്നു എന്ന കള്ളപ്രചാരണം നടത്തിക്കൊണ്ടായിരുന്നു ഹീനമായ ഈ വിശ്വാസവഞ്ചന കാണിച്ചത്.

ഈ സാഹചര്യത്തിൽ ദേശീയ വിമോചന മുന്നണിയും താൽകാലിക വിപ്ലവഗവൺമെൻറും പാരീസ് കരാർ സംരക്ഷിക്കുന്നതിനുള്ള പ്രത്യാക്രമണത്തിന് നിർബന്ധിതരായി. കടന്നാക്രമണകാരികളുടെ ആസ്ഥാനങ്ങളുംപെടെ തിരിച്ചടിക്കൽ വിധേയമായി. പാവപ്പടക്ക് പരാജയത്തിനുമേൽ പരാജയം. വിയത്നാം ജനത വിജയത്തിൽനിന്ന് വിജയത്തിലേക്ക് കുതിച്ചു. 1974–ൽ മാത്രം 25,000 ത്തിലധികം പാവപ്പട്ടാളക്കാരെ വിമോചനസേന തുടച്ചുനീക്കി.

തൊഴിലാളികളും മദർ അധ്വാനിക്കുന്ന ജനവിഭാഗങ്ങളും യുവാക്കളും വിദ്യാർഥികളും പത്രപ്രവർത്തകരും അഭിഭാഷകരും കലാകാരൻമാരും എന്നുവേണ്ട തിയുവിനെ പിന്താങ്ങുന്ന സംഘടനകളും സൈനരർമാരുംവരെ ഈ മുന്നേറ്റത്തിൽ പങ്കാളികളായി.

1975–ൻെറ ആരംഭത്തോടെ വിമോചനസേനപ്രത്യാക്രമണം കൂടുതൽക്കൂടി ശക്തിപ്പെടുത്തി. കാമ്പ്ട്രിമുതൽ തെക്കോട്ട് ഓരോ പ്രവിശ്യയും മോചിപ്പിക്കപ്പെട്ടു. മലവെള്ളപ്പാച്ചിൽപോലെ കുതിച്ചുവന്ന വിമോചന സേനയുടെ മുമ്പിൽ നിൽക്കക്കള്ളിയില്ലാതെ പാവപ്പട പിന്തിരിഞ്ഞോടി. അവസാനം 1975 ഏപ്രിൽ 30–ന് ദക്ഷിണവിയത്നാം മുഴുവൻ മോചിതമായി. സൈഗോണിൽ ചെകൊടി പാറി. താമസിയാതെ സൈഗോൺ ഹോ ചിമിൻ സിറ്റി

യായി പുനർനാമകരണം ചെയ്യപ്പെട്ടു.

അതേവർഷം നവംബറിൽ ഹോ ചിമിൻ സിറ്റിയിൽ ഒരു രാഷ്ട്രീയ കൂടിയാലോചനായോഗം നടന്നു. വിയത്നാം ഏകീകരണത്തെക്കുറിച്ച് ചർച്ചചെയ്യാൻ വടക്കൻ വിയത്നാമിന്റെയും തെക്കൻ വിയത്നാമിന്റെയും പ്രതിനിധികളെ പങ്കെടുത്തുകൊണ്ടുള്ളതായിരുന്നു യോഗം. 1976 ഏപ്രിൽ 25-ാം തിയതി ദേശീയ അസംബ്ളിയിലേക്ക് തിരഞ്ഞെടുപ്പുനടത്താൻ യോഗം തീരുമാനിച്ചു.

ഗവൺമെൻറിന്റെ പരമാധികാരസഭ രാജ്യത്തിന്റെ ഏകീകരണത്തിനു് അംഗീകാരം നൽകി. രാജ്യത്തിന്റെ തലസ്ഥാനം ഹാനോയി ആയിരിക്കണമെന്നു് തീരുമാനിച്ചു. ദേശീയഗാനവും നിശ്ചയിച്ചു. നിർവാഹക സമിതിയെയും അവയുടെ തലവൻമാരെയും തിരഞ്ഞെടുത്തു. ഭരണഘടന എഴുതിയുണ്ടാക്കാൻ ഒരു കമ്മിഷനെ നിയമിച്ചു. 1976 ജൂലായ് 2-ാം തിയതി ചേർന്ന ദേശീയ അസംബ്ളിയോഗം രാജ്യത്തിന്റെ പേരു് വിയത്നാം സോഷ്യലിസ്റ്റ് റിപ്പബ്ളിക് എന്നാക്കാൻ തീരുമാനിച്ചു.

6

# ക്യൂബൻ വിപ്ലവ ചരിത്രം

പൊതുവെ വെസ്റ്റിൻഡീസ് എന്ന് വിളിക്കുന്ന ആൻറില്ലീസ് ദ്വീപുസമൂഹത്തിലെ ഏറ്റവും വലിയ ദ്വീപാണ് ക്യൂബ. ഇസ്ളഡ്പിനോസും 1600-ലധികം വരുന്ന ചെറു ദ്വീപുകളും ക്യൂബൻ രാഷ്ട്രത്തിലുൾപെടുന്നു. 1 14 524 ചതുരശ്ര കിലോമീറ്റർ വിസ്തീർണം വരുന്ന ക്യൂബയിൽ 87 50,000 (1972) ജനങ്ങളാം പാർക്കുന്നു. കിഴക്കുപടിഞ്ഞാറ് നീളം 1200 കിലോമീറ്ററും വീതി 35 കിലോമീറ്ററിനും 200 കിലോമീറ്ററിനും ഇടയിലുമാണ്. മെക്സിക്കൊ ഉൾകടലിലേക്കുള്ള പടിവാതിൽകലാണ് ക്യൂബ. വടക്ക് 200 കിലോമീറ്റർ അകലെയാണ് യു എസ് എയിലെ ഫ്ളോറിഡ; തെക്ക് 150 കിലോമീറ്റർ അകലെ ജമയ്ക്കയും. മെക്സിക്കൊ 220 കിലോമീറ്റർ പടിഞ്ഞാറാണ്. ഈ ഇടുങ്ങിയതും നീളം കൂടിയതുമായ ദ്വീപിനെ സാധാരണ ഒരു മൂതലയുടെ രൂപവുമായി താരതമ്യപ്പെടുത്താറുണ്ട്.

ആകെ ഭൂമിയുടെ നാലിലൊന്ന് മലകളാണ്. അവ പ്രധാനമായും ഓറിയന്തെ, ലാസ്വില്ലാസ്, പിനാർദെൽറിയോ എന്നീ പ്രവിശ്യകളിലായി ചിതറിക്കിടക്കുന്നു. അവക്കിടക്ക് വിസ്തൃതമായ സമതലങ്ങളാണ്. ശരാശരി 100 മീറ്ററാണ് സമുദ്രനിരപ്പിൽ നിന്ന് ക്യൂബയുടെ ഉയരം. ക്യൂബൻവിപ്ലവത്തിൻെറ കളിത്തൊട്ടിലായ സീറാമെയ്സ്ത്ര ആണ് ഏറ്റവും വലിയ പർവതം. അതിന് 240 കിലോമീറ്റർ നീളവും 8 മുതൽ 30 കിലോമീറ്റർ വരെ വീതിയുമുണ്ട്. ഈ പർവതത്തിന് മുകളിലുള്ള പിക്കൊതുർ കവിനോ ആണ് ഏറ്റവും ഉയരം കൂടിയ സ്ഥലം—1973 മീറ്റർ. തെക്കുകിഴക്കൻ ക്യൂബയിലെ മലമ്പ്രദേശത്തിൻെറ മിക്ക ഭാഗവും 600-700 മീറ്ററിൽ കൂടുതൽ ഉയരത്തിലാണ്.

ഇരുനൂറിലധികം നദികളുണ്ട് ക്യൂബയിൽ. തെക്കോട്ടും വടക്കോട്ടുമാണവ ഒഴുകുന്നത്. മിക്ക നദികളും വീതിയും ആഴവുമുള്ള അഴിമുഖങ്ങളിലേക്കൊഴുകുന്നതുമൂലം സമുദ്രതീരത്തു നിന്ന് കുറച്ച് ദൂരം അകലത്തേക്ക് യാത്രചെയ്യാം. ഏറ്റവും നീളം കൂടിയ കൗതൊനദിക്ക് 250 കിലോമീറ്റർ നീളമേയുള്ളു. അത് സീറാമെയ്സ്ത്രാപർവതത്തിന് സമാന്തരമായി ഓറിയന്തെ പ്രവിശ്യയിലൂടെ ഒഴുകുന്നു. 3500 കിലോമീറ്റർ നീളം വരും ക്യൂബയുടെ കടൽതീരത്തിന്. ഒട്ടനവധി നല്ല തുറമുഖങ്ങളുണ്ട്. പലതും ചെറിയ ഉൾക്കടലുകളുടെ വക്കത്താണ്. മതൻസാസും കേർദനാസുമാണ് പ്രധാന ഉൾക്കടലുകൾ.

ചൂട് കൊല്ലം മുഴുവൻ ഏറക്കുറെ സ്ഥിരമാണ്. വാണിജ്യവാതങ്ങളുടെ പ്രവാഹവും സ്ഥലത്തിന്റെ ഉയരവും അനുസരിച്ച് ചില വ്യത്യാസങ്ങൾ ഉണ്ടാകുന്നുണ്ട്. മഴ ധാരാളമുണ്ട്. ശരാശരി 1370 മില്ലീമീറ്റർ. മെയ് മുതൽ ഒക്ടോബർ വരെ മഴക്കാലവും ബാക്കി വേനൽകാലവുമാണ്. ഉഷ്ണമേഖലാകൊടുങ്കാറ്റുകളുള്ള മേഖലയിലാണ് ക്യൂബ. ഏറ്റവുമധികം സപ്തംബറിലും ഒക്ടോബറിലുമാണുണ്ടാവുക. വസ്തുവകകൾക്കും ജീവനും ചിലപ്പോൾ ഇതുകൊണ്ട് നാശം പറ്റാറുണ്ട്. പടിഞ്ഞാറൻ ക്യൂബയിലാണ് കിഴക്കൻ ക്യൂബയേക്കാൾ ഇതിനുള്ള സാധ്യത കൂടുതൽ.

സമതുലിതമായ കാലാവസ്ഥയായതുകൊണ്ടും വേണ്ടത്ര മഴ ലഭിക്കുന്നതുകൊണ്ടും ഭൂമി ഫലഭൂയിഷ്ഠമാണ്. പലതരത്തിലുള്ള വിളവുകളും ഇവിടെ കൃഷിചെയ്യുന്നു. ക്യൂബ കരിമ്പിന്റെ നാടാണെന്ന് പ്രസിദ്ധമാണല്ലോ. പുകയിലകൃഷിക്കും ക്യൂബ കേൾവികേട്ടതാണ്. കാപ്പിയാണ് മറ്റൊരു പ്രധാനപ്പെട്ട വിളവ്. അതിന്റെ 90 ശതമാനവും ഓറിയന്തെ പ്രവിശ്യയിലെ കുന്നിൻപുറങ്ങളിലാണ് വിളയുന്നത്.

ഇന്ത്യയിൽനിന്ന് 16 000 കിലോമീറ്റർ അകലെ കിടക്കുന്ന ക്യൂബക്ക് പലതരത്തിലും കേരളത്തിന്റെ പ്രകൃതിയുമായി അങ്ങേയറ്റത്തെ സാദൃശ്യമുണ്ട്. പച്ചവിരിച്ച നെൽപാടങ്ങളും തെങ്ങിൻതോപ്പുകളും കച്ചിവിതറിയ നാടൻ വഴികളും പൊട്ടിച്ചിരിക്കുന്ന കാട്ടരുവികളും വാഴയും കൊള്ളിക്കിഴങ്ങും കശുവണ്ടിയും മാങ്ങയും—അതെ, കരീബിയൻ കടലിലെ മറ്റൊരു കേരളംതന്നെ ക്യൂബ! ക്യൂബക്കാർ കേരളീയരെപ്പോലെ അരിയും മീനും മരച്ചീനിയും ഭക്ഷിക്കുന്നവരാണ്.

ക്യൂബ ഹൃദയഹാരിയായ ഒരു ദ്വീപാണ്. ''എന്റെ കണ്ണുകൾക്ക് കാണാൻ കഴിഞ്ഞതിൽ വെച്ചേറ്റവും സുന്ദരമായ നാട്'' എന്നാണ് അതിനെ കൊളംബസ് വിശേഷിപ്പിച്ചത്.

കൊളംബസിന് മുമ്പുതന്നെ അവിടെ ഉണ്ടായിരുന്ന 'ഇന്ത്യ'

ക്കാർ (ഇന്ത്യയിലേക്കുള്ള പുതുമാർഗം അന്വേഷിച്ച് പുറപ്പെട്ട കൊളംബസ് അവിടെ ആദ്യം കണ്ടവരെ 'ഇന്ത്യ'ക്കാർ എന്നു വിളിച്ചു.) യൂറോപ്പ്, ഏഷ്യ, ആഫ്രിക്ക എന്നിവിടങ്ങളിൽ നിന്ന് പിൽക്കാലത്ത് കുടിയേറിപ്പാർത്തവർ എന്നിവരടങ്ങുന്നതാണ് ക്യൂബയിലെ ജനങ്ങളും. ഭാരതീയർ പറയത്തക്കതായി ഇല്ല; ഏഷ്യക്കാർ ഒരു ശതമാനത്തിൽ കുറവാണ്. അവരിൽ ചൈനക്കാരാണ് കൂടുതൽ. അടിമകളായി കൊണ്ടുവരപ്പെട്ട ആഫ്രിക്കക്കാരുടെ സന്തതിപരമ്പര കുറെയുണ്ട്. 13 ശതമാനത്തോളം വരും നീഗ്രോകളും. മുലാറ്റോകളും 15 ശതമാനവും. ബാക്കിയുള്ളവർ വെള്ളക്കാരാണ്. സ്പെയിൻകാരാണ് അവരിലേറെയും കൂടുതൽ. അവരുടെ ബലപ്രയോഗവും നിർബന്ധിത വേലയും മൂലം 'ഇന്ത്യ'ക്കാർ നാമാവശേഷമായി. ക്യൂബയിലെ നാട്ടിൻപുറത്ത് ഏറെയും സാധാരണയായി കാണപ്പെടുന്ന ബോഹ്യോ പുകയിലയും മരച്ചീനിയും ഉൾപ്പെടെയുള്ള നിരവധി സസ്യങ്ങളും കൃഷിചെയ്യുന്ന രീതിയാണ് 'ഇന്ത്യ'ക്കാർ ആധുനിക ക്യൂബക്കാർക്ക് നൽകിയ പൈതൃകം. 18–19 നൂറ്റാണ്ടുകളിലാണ് നീഗ്രോകളും അടിമവേലക്കാരായി വൻതോതൽ ഇറക്കുമതി ചെയ്യപ്പെട്ടത്. ഹെയ്തി, ജമയ്ക്ക മുതലായ ദ്വീപുകളിൽ നിന്ന് ഈ നൂറ്റാണ്ടിൽ അവർ കൂട്ടമായി വന്നിട്ടുണ്ട്. 1845–ൽ നീഗ്രോകളെ കൊണ്ടുവരുന്നത് തടയപ്പെട്ടപ്പോഴും കൂലികളായി കൊണ്ടുവരപ്പെട്ടവരാണ് ചൈനക്കാർ. പുരുഷൻമാരാണിങ്ങനെ വന്നത്. അവരും മറ്റ് വർഗങ്ങളും ചേർന്ന് സങ്കരവർഗങ്ങളുണ്ടായി.

സ്പാനിഷാണ് ക്യൂബയിലെ ഭാഷ. ഇംഗ്ലീഷ് ഫലത്തിൽ രണ്ടാം ഭാഷയായിട്ടുണ്ട്. വിപ്ലവത്തിനുമുമ്പ് റോമൻ കത്തോലിക്കരായിരുന്നു മിക്ക ക്യൂബക്കാരും. ഇന്നവിടെ മതത്തിന് മുമ്പുള്ള സ്ഥാനമില്ല.

1492–ൽ കൊളംബസ് ക്യൂബ 'കണ്ടെത്തി'യതോടെയാണ് കരീബിയൻ കടലിലെ ഈ 'വികൃതിച്ചെറുക്ക'ന്റെ ആധുനിക ചരിത്രമാരംഭിക്കുന്നത്. 15–ാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ ക്യാപ്ടൻ ദീഗോ വെലാക്യൂ ക്യൂബൻതീരത്തിറങ്ങിയതോടെ സ്പെയിനിന്റെ കോളനിവാഴ്ചയും തുടങ്ങി. ക്യൂബൻനിവാസികളെ അടിമകളാക്കപ്പെട്ടു. അതോടൊപ്പം തന്നെ സ്പെയിൻകാർക്കെതിരായ പോരാട്ടത്തിന്റെ ആരംഭവും കുറിക്കപ്പെട്ടു. സ്പാനിഷ് ക്രൂരതക്ക് വിധേയനായിത്തീർന ഹതെയ് സ്പെയിനിനെതിരായി ക്യൂബക്കാരെ സംഘടിപ്പിക്കുകയും ചെറുത്തുനിൽപാരംഭിക്കുകയും ചെയ്തു. എന്നാൽ സ്പെയിൻകാരുടെ മുന്നേറ്റത്തെ തടുത്തുനിർത്താൻ അദ്ദേഹത്തിന് കഴിഞ്ഞില്ല. ഹതെയ് പിടിക്കപ്പെടുകയും ചുട്ടുകരിക്കപ്പെടുകയും ചെയ്തു—സ്പാനിഷ് കൊളോണിയലിസത്തിനെതിരായ സമരത്തിലെ ഒന്നാമത്തെ രക്തസാക്ഷി!

പതിനാറാം നൂറ്റാണ്ടിന്റെ ആരംഭത്തോടുകൂടി വൻനിലയിൽ അടിമകളെ ഈ ദ്വീപിൽ ഇറക്കുമതി ചെയ്യപ്പെട്ടു. അടിമകളെ

ക്കൊണ്ട് തോട്ടങ്ങളിൽ ജോലിചെയ്യിപ്പിച്ച് സമ്പത്ത് ചൂഷണം ചെയ്ത് അവ സ്പെയിനിലേക്ക് കയറ്റിഅയക്കാൻ തുടങ്ങി. സ്പാനിഷ്—ഫ്രഞ്ച് കുടിയേറ്റക്കാരുടെ ഒരു പ്രവാഹം തന്നെയുണ്ടായി ഇക്കാലത്ത്. വളരെക്കാലങ്ങളോളം പിന്നിട് അടിമത്ത വ്യവസ്ഥ ക്യൂബയിൽ കൊടികുത്തിവാണു. ചെറിയതോതിലുള്ള പരിവർത്തനങ്ങളും ക്യൂബയിൽ ദൃശ്യമായിത്തുടങ്ങി. അമേരിക്കയിലെ ഏറ്റവും തിരക്കുപിടിച്ച തുറമുഖങ്ങളിലൊന്നായി ഹവാന വളർന്നുവന്നു. പഞ്ചസാര വ്യവസായവും പുകയില വ്യവസായവും വളർച്ചയുടെ പാതയിലൂടെ മുന്നേറി.

1762—ൽ ബ്രിട്ടീഷ് പട്ടാളം ക്യൂബയെ ആക്രമിക്കുകയും ഹവാന കൊള്ളയടിക്കുകയും ചെയ്തു. പിറേറക്കൊല്ലം ഫ്ളോറിഡക്ക് പകരമായി ഹവാന സ്പെയിനിനുതന്നെ തിരിച്ചു നൽകി. ഇക്കാലത്ത് കച്ചവടത്തിലും വ്യവസായത്തിലും കുറെക്കൂടി വളർച്ചയുണ്ടായി. നൂറോളം പഞ്ചസാര ഫാക്ടറികൾ ക്യൂബയിൽ പ്രവർത്തനമാരംഭിച്ചു. പുതിയ രണ്ട് വ്യവസായങ്ങളും—തേൻ, കാപ്പി—പ്രവർത്തനം തുടങ്ങി. ക്യൂബൻ ഉൽപന്നങ്ങൾ സ്വതന്ത്രമായി കയറ്റിഅയക്കാൻ വ്യവസ്ഥയുണ്ടാക്കപ്പെട്ടതോടെ സമ്പദ്വ്യവസ്ഥ കുറെക്കൂടി മെച്ചപ്പെട്ടു.

പതിനെട്ടാം നൂറ്റാണ്ടിന്റെ ആരംഭത്തിലാണ് ക്യൂബയിൽ സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള ഒന്നാമത്തെ സമരം പൊട്ടിപ്പുറപ്പെട്ടത്. നെപ്പോളിയന്റെ യുദ്ധകാലത്ത് സ്പെയിനിലെ സൈന്യങ്ങൾ സ്വദേശം രക്ഷിക്കാൻ പോരാടിവന്ന സമയമായിരുന്നു അത്. എങ്കിലും സ്പാനിഷ് കൊളോണിയലിസ്റ്റുകൾ തുടക്കം മുതൽ തന്നെ സ്വാതന്ത്ര്യസമരത്തെ അടിച്ചമർത്താനുള്ള ശ്രമങ്ങളുമാരംഭിച്ചു. അതിൽ അവർ വിജയം വരിച്ചെങ്കിലും കുറെക്കൂടി ശക്തവും ഊർജസ്വലവുമായൊരു ലഹളക്ക് അത് വഴിവെച്ചു.

1823—ൽ സ്പാനിഷ് ഭരണാധികാരികൾ രാജ്യത്ത് വീണ്ടും മർദനം കെട്ടഴിച്ചുവിട്ടു. മർദകഭരണത്തിന്റെ സ്റ്റീംറോളറുകൾ രാജ്യത്താകമാനം ഉരുണ്ടുനീങ്ങാൻ തുടങ്ങി. നൂറുകണക്കിന് ദേശാഭിമാനികൾ കൊലചെയ്യപ്പെട്ടു. അനേകം ബുദ്ധിജീവികൾ വധിച്ചു തള്ളപ്പെട്ടു. ദേശീയവാദികളായ ബുദ്ധിജീവികളെ ഇരുത്തിച്ചിന്തിപ്പിച്ചതായിരുന്നു ഈ സംഭവങ്ങൾ. ക്യൂബയെ അമേരിക്കയുമായി ചേർക്കുകയാണ് ഏറ്റവും നല്ല വഴിയെന്ന് ഒരു വിഭാഗം കർഷകമുതലാളിമാർ ചിന്തിച്ചുതുടങ്ങി. പക്ഷെ ആ അഭിപ്രായത്തിന് ഭൂരിപക്ഷപിന്തുണ ലഭിച്ചില്ല.

1868 ഒക്ടോബർ 10 ക്യൂബൻ ചരിത്രത്തിലെ ഒരവിസ്മരണീയദിനമാണ്. ഓറിയന്റെ പ്രദേശത്തെ ഒരു അഭിഭാഷകനായ കാർലോസ് മാനുവൽഡെ സെസ്പെഡെയുടെ നേതൃത്വത്തിൽ അന്നാണ് ക്യൂബയിൽ സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള അതിശക്തമായ സമരമാരംഭിച്ചത്. കൊടിയ മർദനത്തിനും ചൂഷണത്തിനുമിരയാ

യിത്തീർന ഒരു കൂട്ടം ദേശാഭിമാനികളെ സംഘടിപ്പിച്ചുകൊണ്ടാ ണ് സെസ്വെദെ സ്വാതന്ത്ര്യസമരത്തിനു തീകൊളുത്തിയത്. മ ണിക്കൂറുകൾക്കുള്ളിൽ സമരം ഗ്രാമങ്ങളിലും പട്ടണങ്ങളിലും കാ ട്ടുതീപോലെ പടർന്നുപിടിച്ചു. ബയാമോ പട്ടണം കലാപകാരിക ളുടെ പിടിയിലമർന്നു. അതോടെ യുദ്ധം തുടർന്നു നടത്താനാവ ശ്യമായ ധാരാളം ആയുധങ്ങൾ അവർക്ക് സമ്പാദിക്കാൻ കഴിഞ്ഞു. ജനറൽ ഇഗ്നേഷ്യിയോ അഗ്രമോന്തെ, ജനറൽ മേക്സിമോ ഗോമ സ്, അന്തോണിയോ മേഷ്യോ തുടങ്ങിയ പേരുകേട്ട പോരാളികൾ ഈ യുദ്ധത്തിന്റെ മുന്നണിയിലുണ്ടായിരുന്നു. അവസാനം അ വർ ക്യൂബയെ ആയുധമേന്തിയ ഒരു 'റിപ്പബ്ളിക്കാ'യി പ്രഖ്യാ പിച്ചു. സെസ്വെദെയെ പ്രസിഡൻറായും നിയമിച്ചു.

ആയുധമേന്തിയ ഈ റിപ്പബ്ളിക്കിനു ഒരു ഭരണഘടന എഴു തി ഉണ്ടാക്കപ്പെട്ടു. പ്രസ്തുത ഭരണഘടനയിൽ സോഷ്യലിസ്റ്റ് മാതൃകയിലുള്ള ഒരു ഭരണകൂടമാണ് തങ്ങളുടെ ലക്ഷ്യമെന്ന് പ്ര ഖ്യാപിച്ചിരുന്നു. അടിമത്തം അവസാനിച്ചതായി ഭരണഘടന പ്ര ഖ്യാപിച്ചു. അതിൽ പൊതുസ്വത്തും സ്വകാര്യസ്വത്തും തുല്യമാ യി വിതരണംചെയ്യുന്നതിനെക്കുറിച്ചും നിർബന്ധിത വിദ്യാഭ്യാ സത്തെക്കുറിച്ചും സൗജന്യ വൈദ്യസഹായത്തെക്കുറിച്ചും വിഭാവ നംചെയ്തിരുന്നു. 1886–ൽ അടിമത്തം പൂർണമായും അവസാനി പ്പിക്കപ്പെട്ടു.

രണ്ടാമത്തേതും ഏറ്റവും നിർണായകവുമായ പോരാട്ടം നടന്ന ത് 1895–ലാണ്. പ്രസിദ്ധ ചിന്തകനും കവിയും വിപ്ലവകാ രിയുമായ ജോസ് മാർടിയായിരുന്നു ഈ പോരാട്ടത്തിന്റെ നേതാ വ്. ഈ പോരാട്ടം മൂന്ന് വർഷം നീണ്ടുനിന്നു. ക്യൂബൻ ചരി ത്രത്തിലെ ഏറ്റവും രക്തപങ്കിലമായ വിപ്ലവങ്ങളിലൊന്നായി രുന്നു അത്. ക്യൂബൻ ജനത തങ്ങളുടെ രാഷ്ട്രപിതാവായി കരു തുന്ന ജോസ് മാർടി വിപ്ലവത്തിൽ ധീരമായി പൊരുതി രക്ത സാക്ഷിയായി.

ഈ സമയത്ത് മറ്റൊരു പ്രധാന സംഭവംകൂടി നടന്നു. 1896 ഫെബ്രുവരി മാസത്തിന്റെ തുടക്കത്തിൽ അമേരിക്കയുടെ 'മെ യിൻ' എന്ന യുദ്ധക്കപ്പൽ ഹവാനാ ഉൾക്കടലിലേക്ക് നീങ്ങി. ക്യൂ ബൻ താൽപര്യം സംരക്ഷിക്കുന്നതിന്റെ പേരു പറഞ്ഞാണ് അമേരി ക്ക ഈ നടപടി കൈക്കൊണ്ടത്. കപ്പൽ തകർക്കപ്പെട്ടു. ആരാണത് തകർത്തതെന്ന കാര്യം ഇന്നും അജ്ഞാതം. ക്യൂബയിൽ നേരത്തെത ന്നെ കടന്നുകയറിയിരുന്ന അമേരിക്കക്കാർക് ക്യൂബയുടെമേലുള്ള പിടിമുറുക്കാൻ ഒരവസരംകൂടി ലഭിച്ചു. അവർ സ്പെയിനിനോ ട് യുദ്ധം പ്രഖ്യാപിച്ചു. ക്യൂബയുടെ സ്വാതന്ത്ര്യം സംരക്ഷി ക്കാനെന്ന ന്യായമാണ് അവരതിന് പറഞ്ഞത്. എന്നാൽ ക്യൂബൻ വിമോചന സേനയെയും ആയുധമേന്തിയ ക്യൂബൻ ഗവൺമെൻറി

നെയും അവർ വിസ്മരിച്ചുകളഞ്ഞു.

1898 ഒക്ടോബർ 24-ാം തിയതി ഇരുവിഭാഗക്കാരും ഒരു സന്ധിയിൽ ഒപ്പുവെക്കുകയും യുദ്ധത്തിന് വിരാമമിടുകയും ചെയ്തു. അതോടെ സ്പാനിഷ് കൊളോണിയലിസം ക്യൂബയിൽ അവസാനിക്കുകയും ക്യൂബൻ സമ്പത്തിന്റെ താക്കോൽ അമേരിക്കൻ പുത്തൻ കൊളോണിയലിസ്റ്റുകളുടെ കൈയിലേക്ക് കൈമാറ്റം ചെയ്യപ്പെടുകയും ചെയ്തു. ക്യൂബൻ ജനങ്ങളെ സംബന്ധിച്ചിടത്തോളം യജമാനൻമാർ മാറുകമാത്രമാണ് ഇതുകൊണ്ടുണ്ടായത്.

1899 ജനുവരി 1-ാം തിയതി മുഴുവൻ സ്പാനിഷ് പട്ടാളക്കാരും കപ്പൽ കയറുകയും അമേരിക്കൻ പട്ടാളക്കാർ ക്യൂബൻ മണ്ണിൽ വന്നിറങ്ങുകയും ചെയ്തു. തങ്ങളുടെ 'ജോലി' നിർവഹിച്ചു കഴിഞ്ഞാൽ ക്യൂബ വിടുന്നതാണെന്ന കപട വാഗ്ദാനം നൽകാൻ അമേരിക്കൻ സാമ്രാജ്യത്വം മറന്നില്ല. അവരുടെ കാപട്യം മനസിലാക്കാൻ കഴിഞ്ഞ ക്യൂബക്കാർക്ക് പക്ഷെ അപ്പോഴും അത് നോക്കി നിൽകാനേ കഴിഞ്ഞുള്ളൂ.

1900-ൽ ക്യൂബ ഒരു ഭരണഘടനാനിർമാണ സമിതിയെ തിരഞ്ഞെടുക്കുകയും 1901-ൽ റിപ്പബ്ളിക്കിനുവേണ്ടി അടിസ്ഥാന നിയമങ്ങൾ തയ്യാറാക്കുകയും ചെയ്തു. സ്വന്തം ഗവൺമെൻറിന്റെ നിർദേശപ്രകാരം ക്യൂബയിലെ അമേരിക്കൻ ഗവർണറായ ജനറൽ വുഡ് ക്യൂബയുടെ ഭരണഘടനക്ക് ഒരനുബന്ധം എഴുതിച്ചേർക്കണമെന്ന് നിർബന്ധിച്ചു. 'പ്ളാറ്റ് ഭേദഗതി' എന്ന പേരിലറിയപ്പെടുന്ന ഈ വ്യവസ്ഥ പ്രകാരം അമേരിക്കക്ക് എപ്പോൾ വേണമെങ്കിലും ക്യൂബയിലിടപെടാനുള്ള സ്വാതന്ത്ര്യം ലഭിച്ചു. ക്യൂബക്കാർക്ക് മനസില്ലാമനസോടെ ഇതംഗീകരിക്കേണ്ടിവന്നു.

1902-ൽ തോമസ് എസ്ത്രാ പൽമ 'ക്യൂബൻ റിപ്പബ്ളിക്കി'ന്റെ ഒന്നാമത്തെ പ്രസിഡൻറായി തിരഞ്ഞെടുക്കപ്പെട്ടു. തുടർന് 1925-വരെ നിരവധി പ്രസിഡൻറുമാർ അവിടെ മാറിമാറി അധികാരത്തിൽവന്നു—ചിലർ ബാലറ്റുപെട്ടിയിലൂടെയാണെങ്കിൽ മറ്റു ചിലർ ബുള്ളറ്റുകളുടെ സഹായത്തോടെ.1925-ൽ അധികാരത്തിൽ വന്ന ജനറൽ ജെറാർദോ മച്ചാദോ മൊറെയിൽസ് ഏറ്റവും ക്രൂരനായ ഭരണാധികാരിയായിരുന്നു. മച്ചാദോവിനെതിരായ സമരത്തിന്റെ നേതൃത്വം പീപ്പിൾസ് സോഷ്യലിസ്റ്റ് പാർടി (ക്യൂബയിലെ കമ്യൂണിസ്റ്റ് പാർടിയുടെ പേർ അങ്ങനെയായിരുന്നു) ക്കായിരുന്നു. പാവപ്പെട്ട കൃഷിക്കാരെ തൊഴിലാളി വർഗവുമായി കൂട്ടിയിണക്കിക്കൊണ്ട് പാർടി മച്ചാദോവിനെതിരായി സമരം നടത്തി. ലാസ് വില്ലാസ് പ്രവിശ്യയിലെ തൊഴിലാളികളും 36 പഞ്ചസാരമില്ലുകളും പിടിച്ചെടുക്കുകയും പ്രാദേശിക 'സോവിയറ്റു'കളും സ്ഥാപിക്കുകയും ചെയ്തു. മറ്റ് പ്രവിശ്യകളി

ലും ഇതുപോലുള്ള തൊഴിലാളി മുന്നേറ്റങ്ങളുണ്ടായി. ഈ സമരത്തിൽ ക്യൂബയിലെ കമ്യൂണിസ്റ്റ് പാർടിയുടെ സ്ഥാപകനേതാവായ ജൂലിയോ മെല്ലയും റൂബനും മറ്റും രക്തസാക്ഷികളായി. ഹവാനാ യൂണിവേഴ്സിറ്റിയിലെ വിദ്യാർഥികളും ഈ സമരത്തിൽ പ്രധാന പങ്കുവഹിച്ചു.

1933 ആഗസ്തിൽ മച്ചാദോ ക്യൂബയിൽ നിന്ന് പലായനം ചെയ്തു. പിന്നീടുണ്ടായ കലങ്ങിമറിഞ്ഞ രാഷ്ട്രീയ പരിതഃസ്ഥിതിയിൽ ഗ്രൗ ക്യൂബയുടെ പ്രസിഡൻറായി. നാല് മാസക്കാലത്തോളമേ ഗ്രൗവിന് പ്രസിഡൻറായിരിക്കാൻ കഴിഞ്ഞുള്ളു. എങ്കിലും അദ്ദേഹം ശ്രദ്ധേയമായ പല പരിഷ്കാരങ്ങളും വരുത്തി. അവയിൽ പലതും സാമ്പത്തികക്കുഴപ്പത്തിന്റെ ഫലമായി കഷ്ടപ്പെട്ടുകൊണ്ടിരുന്ന സാധാരണക്കാർക്ക് ഗുണകരമായിരുന്നു. അത് കണ്ടുകൊണ്ടിരിക്കാൻ സമൂഹത്തിന്റെ മേൽത്തട്ടിൽ വിരാജിക്കുന്നവർക്ക് കഴിഞ്ഞില്ല. അമേരിക്കക്കും അത് നോക്കിനിൽക്കുവാൻ സാധിച്ചില്ല. അവർ ഗ്രൗ ഗവൺമെൻറിനുള്ള പിന്തുണ പിൻവലിച്ചു. തുടർന്ന് ഗ്രൗ നിഷ്കാസിതനായി. 1934–ൽ ഗ്രൗവിന്റെ സ്ഥാനം അമേരിക്ക ബാത്തിസ്തക്ക് ഏൽപിച്ചുകൊടുത്തു. ബാത്തിസ്താഭരണത്തിനെതിരായി പി എസ് പി. ജനങ്ങളെ അണിനിരത്തി. കൃഷിഭൂമി കൃഷിക്കാർക്ക് കൊടുക്കണമെന്നാവശ്യപ്പെട്ടു. വടക്കെ അമേരിക്കക്കാർ കയ്യടക്കിയ ഭൂമി കണ്ടുകെട്ടണമെന്ന മുദ്രാവാക്യം അവരുയർത്തി. കൃഷിഭൂമിയിൽ ബലംപ്രയോഗിച്ച് കടക്കാൻ കൃഷിക്കാർ തയ്യാറായി. പഞ്ചസാരമില്ലുകളിൽ ചിലതും തൊഴിലാളികൾ കയ്യടക്കി. ഇതേത്തുടർന്ന് പി എസ് പിയെ ബാത്തിസ്ത് നിയമവിരുദ്ധമാക്കി.

ഈ സമയമായപ്പോഴേക്കും ക്യൂബൻ സമ്പദ്വ്യവസ്ഥയുടെ മേലുള്ള അമേരിക്കൻ പിടി മുറുകിക്കഴിഞ്ഞിരുന്നു. കൃഷിയോഗ്യമായ ഭൂമിയുടെ 40 ശതമാനവും റെയിൽവെ, വിദ്യുച്ഛക്തി മുതലായ പൊതുജനോപയോഗ്യ വ്യവസായങ്ങളുടെ 80 ശതമാനവും ഖനികളുടെയും കന്നുകാലി മേച്ചിൽ സ്ഥലങ്ങളുടെയും 90 ശതമാനവും വടക്കെ അമേരിക്കൻ കമ്പനികളുടെ കൈകളിലായി. സാധാരണക്കാരുടെ നില വളരെയേറെ ശോചനീയമായി. തൊഴിലില്ലാതെ ആയിരങ്ങൾ അലഞ്ഞുതിരിഞ്ഞു. സ്പാനിഷ് കൊളോണിയൽനുകം വലിച്ചെറിഞ്ഞ ക്യൂബ ഇങ്ങനെ അമേരിക്കയുടെ ഒരർധ കോളനിയായി. വിപ്ലവത്തിനുള്ള സമയവും ക്യൂബയിൽ പാകപ്പെട്ടു വരികയായിരുന്നു.

1952 ജൂൺ 1–ാം തിയതി ക്യൂബയിൽ ഒരു തിരഞ്ഞെടുപ്പ് നടക്കേണ്ടിയിരുന്നു. ഒരു പൊതുജനാഭിപ്രായ പോൾ നടത്തിയപ്പോൾ മൂന്ന് സ്ഥാനാർഥികളിൽ ഒരാളായ ഫുൾജൻസിയാ ബാത്തിസ്ത മൂന്നാം സ്ഥാനത്തായിരുന്നു. തിരഞ്ഞെടുപ്പിൽ ജയി

ക്കുകയില്ലെന്ന് കണ്ട ബാത്തിസ്ത 10 ദിവസത്തിന് ശേഷം ഒരു പട്ടാള അട്ടിമറിയിലൂടെ രാജ്യത്തിന്റെ അധികാരം പിടിച്ചെടുത്തു. അങ്ങനെ 1934-ൽ ചെയ്തതുപോലെ പട്ടാളശക്തിയുടെ സഹായത്തോടെ ബാത്തിസ്ത വീണ്ടും അധികാരത്തിൽ വന്നു.

കുറച്ചാഴ്ചകൾക്കുശേഷം 25 വയസ് പ്രായം തികഞ്ഞ തിരക്കുപിടിച്ച ഒരഭിഭാഷകൻ കോഡ് ഓഫ് സോഷ്യൽ ഡിഫൻസ് പ്രകാരം ബാത്തിസ്തയെ 108 വർഷത്തെ തടവുശിക്ഷക്ക് വിധിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഒരു ഹരജി കോടതിയിൽ സമർപ്പിച്ചു. സ്വാഭാവികമായും കോടതി ആ ഹരജി തള്ളിക്കളഞ്ഞു. മർദകവീരനായ ബാത്തിസ്തയെ അധികാരത്തിൽ നിന്ന് ഗളഹസ്തം ചെയ്യാൻ വിപ്ലവമല്ലാതെ മറ്റ് പോംവഴിയില്ലെന്ന് ഹരജിക്കാരന് ബോധ്യം വന്നു. ഒരു വൻകിട ജൻമിയുടെ മകനായ ആ ഹരജിക്കാരനാണ് ഫിദെൽ കാസ്ത്രൊ. വിപ്ലവത്തെക്കുറിച്ചായി പിന്നീട്, കാസ്ത്രൊവിന്റെ ചിന്ത.

ദേശാഭിമാനികളായ ചെറുപ്പക്കാരെ വിപ്ലവത്തിന് വേണ്ടി സംഘടിപ്പിക്കാനും പരിശീലിപ്പിക്കാനും തുടങ്ങി കാസ്ത്രൊ. സ്വന്തം രാജ്യത്തെ ബാത്തിസ്തയുടെയും പുത്തൻ കൊളോണിയലിസ്റ്റുകളുടെയും കരാളഹസ്തങ്ങളിൽ നിന്ന് മോചിപ്പിക്കുവാനുള്ള അഭിവാഞ്ഛ ചെറുപ്പക്കാരെ കർമരംഗത്തേക്കിറക്കി.

ഒരു വർഷം കഴിയുമ്പൊഴേക്കും ഫിദെലും കൂട്ടുകാരും വിപ്ലവത്തിന് തയ്യാറായിക്കഴിഞ്ഞിരുന്നു. ബഹുജനങ്ങളെ സംഘടിപ്പിച്ച് വർഗസമരങ്ങളിലൂടെ അതിന്റെ ഏറ്റവും ഉയർന്ന ഘട്ടത്തിൽ സായുധസമരം നടത്തുകയെന്ന ശാസ്ത്രീയ വിപ്ലവരീതിക്ക് പകരം നാനൂറോളം വർഷക്കാലത്തെ സായുധസമരത്തിന്റെ പാരമ്പര്യമുള്ള ബഹുജനങ്ങളെ വിപ്ലവ നേതൃത്വത്തിന്റെ കർമപദ്ധതിക്ക് ചുറ്റും അണിനിരത്തി വിപ്ലവം നടത്തുകയെന്ന ഒരു പുതിയ രീതിയാണവരാവിഷ്കരിച്ചത്. അത് വിജയിപ്പിക്കാനും അവർക്ക് കഴിഞ്ഞു. അതുവഴി പുതിയൊരു വിപ്ലവരീതി ലോക വിപ്ലവ പ്രസ്ഥാനങ്ങൾക്ക് സമ്മാനിക്കുകയാണ് അവർ ചെയ്തത്.

ഇവിടെയാണ് നാം പി എസ് പിയുടെ പരാജയം കണ്ടെത്തുന്നത്. പഴയതുപോലെ ജീവിക്കാൻ തയ്യാറാകാത്ത ജനത, പഴയതുപോലെ ഭരിക്കാൻ കഴിയാത്ത ഭരണാധികാരികൾക്കെതിരായി അനുകൂലമായ സാർവദേശീയ പശ്ചാത്തലത്തിൽ സായുധസമരത്തിന്റെ പാതയിലേക്ക് ആഞ്ഞടുക്കുന്ന സന്ദർഭത്തിൽ ബഹുജനസമരങ്ങൾ ക്രമേണ സായുധസമരമായി രൂപാന്തരപ്പെടുമെന്ന സിദ്ധാന്തത്തെ മുറുകെപ്പിടിച്ചുകൊണ്ടുള്ള ഒരു നിലപാടാണ് പാർടി സ്വീകരിച്ചുകളഞ്ഞത്! അതായത് സന്ദർഭത്തിനൊത്തുയരാൻ പാർടിക്ക് കഴിഞ്ഞില്ലെന്നർഥം. ലോക കമ്യൂണിസ്റ്റ് പ്രസ്ഥാനത്തി

നകത്ത് പടർന്നുകയറിയ റിവിഷനിസ്റ്റ് ചിന്താഗതി ക്യൂബൻ പാർടിയെയും ബാധിക്കുകയുണ്ടായി എന്നാണ് ഇത് തെളിയിക്കുന്നത്? അതെന്തായാലും ജനകീയ വികാരത്തിന് രൂപം കൊടുക്കാൻ കഴിഞ്ഞു എന്നുള്ളതാണ് കാസ്ത്രൊവിന്റെ വിജയത്തിന് പിന്നിലുള്ള രഹസ്യം. എങ്കിലും വിപ്ലവത്തിന് കളമൊരുക്കുന്നതിൽ പാർടി വഹിച്ച പങ്കിനെ ചുരുക്കിക്കാണുന്നതും ശരിയല്ല. പി എസ് പി ഒരുക്കിയ കളത്തിലാണ് പിന്നീട് കാസ്ത്രൊ ഉഴവ് നടത്തിയത് എന്നതാണ് യാഥാർഥ്യം.

ഓറിയന്തെപ്രദേശത്തെ മൊൻകാദാകോട്ട ആക്രമിക്കാൻ കാസ്ത്രൊവും കൂട്ടുകാരും പ്ലാൻ ചെയ്തു. കോട്ടക്കകത്തെ മെഷീൻ ഗണ്ണുകളും ടാങ്കുകളും സായുധകവചിതവാഹനങ്ങളും മറ്റും പിടിച്ചെടുക്കുകയും റേഡിയോസ്റ്റേഷൻ കൈക്കലാക്കി സായുധസമരത്തിന് സന്നദ്ധരായിരിക്കാൻ ജനങ്ങളോടഭ്യർഥിച്ചുകൊണ്ടുള്ള പ്രക്ഷേപണം നടത്തുകയുമായിരുന്നു അവരുടെ പരിപാടി. 1953–ജൂലായ് 26–ാം തിയതി (ക്യൂബൻ വിപ്ലവത്തിന്റെ അപ്പോസ്തലനായ മാർടിയുടെ ജൻമദിനമാണ്, അവർ അതിന് തിരഞ്ഞെടുത്തത്.) മൊൻകാദാകോട്ടയുടെ നേരെ അവർ ആക്രമണമാരംഭിച്ചു. അവിചാരിതമായ ചില കാരണങ്ങളാൽ ആക്രമണം അടിച്ചമർത്തപ്പെട്ടു. 75 പേർ രക്തസാക്ഷികളായി. കാസ്ത്രൊവും 18 കൂട്ടുകാരും സീറാമെയ്സ്ത്രാ പർവതത്തിലേക്ക് ഓടിപ്പോയി. മൊൻകാദാ ആക്രമണം പരാജയപ്പെട്ടുവെങ്കിലും ഒരു പുതിയ പ്രസ്ഥാനം ഉടലെടുത്തു—ജൂലായ് 26 പ്രസ്ഥാനം.

സീറാമെയ്സ്ത്രാ പർവതത്തിലേക്ക് ഓടിപ്പോയ കാസ്ത്രൊവിനെയും കൂട്ടുകാരെയും പിന്നീട് വേട്ടയാടിപ്പിടിക്കുകയും അവരെ കോടതിയിൽ ഹാജരാക്കുകയും ചെയ്തു. കോടതിയിൽ 4 മണിക്കൂർ നേരം കാസ്ത്രൊ നടത്തിയ ഉജ്വലമായ പ്രസംഗം പ്രസിദ്ധമാണ്. ഹിറ്റ്ലറുടെ ജർമനിയിലെ റൈഖ്സ്താഗ് തീവെപ്പ് കേസിൽ തന്റെ ഭാഗം ന്യായീകരിച്ചുകൊണ്ടും ഹിറ്റ്ലറുടെ കള്ളക്കളികളെ തുറന്നുകാട്ടിക്കൊണ്ടും ദിമിത്രോവ് നടത്തിയ വിഖ്യാതമായ പ്രസംഗം പോലെ ഈ പ്രസംഗവും പരിഗണിക്കപ്പെട്ടുവരുന്നു. ചരിത്രപ്രധാനമായ ഐ എൻ എ കേസിൽ ഭൂലാഭായി ദേശായിയുടെ വാദത്തിന് തുല്യമായിട്ടാണ് വി ആർ കൃഷ്ണയ്യർ ഇതിനെ കണക്കാക്കുന്നത്. അതെന്തായാലും ക്യൂബൻ വിപ്ലവത്തിന്റെ പരിപ്രേക്ഷ്യമെന്തെന്ന് ചൂണ്ടിക്കാണിച്ച ഈ പ്രസംഗം സോഷ്യലിസ്റ്റ് ക്യൂബയുടെ ബൈബിളായിട്ടാണ് കണക്കാക്കുന്നത്. കോടതി കാസ്ത്രൊവിനെ 15 വർഷത്തെ തടവിന് വിധിച്ചു. മറ്റുള്ളവർക്കും വിവിധ വർഷത്തേക്ക് തടവുശിക്ഷ കിട്ടി. അവരെയെല്ലാം ഐൽ ഒഫ് പൈൻസിലെ തടവറകളിലേക്ക് തള്ളിവിട്ടു.

മൊൻകാദാ ആക്രമണത്തിനുശേഷം രാജ്യത്തുടനീളം ക്രൂരമായ മർദനം നടന്നു. 1959—ൽ ബാത്തിസ്ത ക്യൂബയിൽനിന്നൊളിച്ചോടിപ്പോകുന്നതുവരെ 20 000 പേരെ കശാപ്പുചെയ്തുവെന്ന് പറഞ്ഞാൽ മർദനത്തിന്റെ നിഷ്ഠുരത ഊഹിക്കാമല്ലൊ. ഈ മർദനങ്ങൾക്കെതിരായി ജനവികാരം തിളച്ചുപൊന്തി. പട്ടിണിയിലും തൊഴിലില്ലായ്മയിലും കിടന്ന് നട്ടംതിരിയുന്ന ജനത മർദനം കൂടെയായപ്പോൾ സടകുടഞ്ഞെഴുന്നേറ്റു. മൊൻകാദാ ആക്രമണത്തെത്തുടർന്ന് നിയമവിരുദ്ധമാക്കപ്പെട്ട പി എസ് പി ഒളിവിലിരുന്നുകൊണ്ട് ജനങ്ങളെ സംഘടിപ്പിച്ചു. മർദനമവസാനിപ്പിക്കാനും കാസ്ത്രൊവിനെയും കൂട്ടുകാരെയും വിട്ടയക്കാനും അവരാവശ്യപ്പെട്ടു. സ്വാതന്ത്ര്യത്തിനും നീതിക്കും വേണ്ടി ആയുധമെടുത്ത ജനതയെ അടിച്ചമർത്താൻ ഒരു ഭരണാധികാരിയുടെ തോക്കിനും സാധ്യമല്ലെന്ന് ചരിത്രം ഒരിക്കൽകൂടി തെളിയിച്ചു. ബാത്തിസ്തക്ക് ജനങ്ങളുടെ മുമ്പിൽ മുട്ടുകുത്തേണ്ടിവന്നു. കാസ്ത്രൊവിനെയും കൂട്ടുകാരെയും വിട്ടയക്കാൻ അയാൾ നിർബന്ധിതനായി. ജയിലിൽനിന്ന് പുറത്തുവന്ന കാസ്ത്രൊവിന് വീരോചിതമായ സ്വീകരണമാണ് ലഭിച്ചത്. അതോടെ യുദ്ധത്തിന്റെ ഒന്നാം ഘട്ടം അവസാനിച്ചു.

ജയിൽ മോചിതനായ കാസ്ത്രൊ 1955—ജൂലായ് മാസത്തിൽ രാജ്യാതിർത്തികടന്ന് മെക്സിക്കൊവിൽ അഭയംപ്രാപിച്ചു. കാസ്ത്രൊവിന്റെ സഹോദരനായ റൗൾ അദ്ദേഹത്തെയും പ്രതീക്ഷിച്ച് മെക്സിക്കൊവിൽ കഴിയുകയായിരുന്നു. നിരവധി ക്യൂബക്കാർ—നാടുകടത്തപ്പെട്ടവരും അല്ലാത്തവരും—അവരോടൊപ്പം ചേർന്നു. സ്പെയിനിലെ ആഭ്യന്തരയുദ്ധത്തിൽ ഫ്രാങ്കോവിനെതിരായ സമരത്തിന്റെ പ്രധാനപ്പെട്ട നായകനെ—കേണൽ ആൽബർടോ ബയോ—അവിടെവെച്ച് കാസ്ത്രൊ കണ്ടുമുട്ടി. അദ്ദേഹത്തിന്റെ കീഴിൽ വിപ്ലവകാരികൾ പരിശീലനം ആരംഭിച്ചു. ഈ സമയത്താണ് ഫിദെലിനും സഹപ്രവർത്തകർക്കും ധീരനും പ്രതിഭാശാലിയുമായ പുതിയൊരു സഖാവിനെ കിട്ടിയത്. ചിലിയിലും ഗ്വാട്ടിമാലയിലും മറ്റുമുള്ള വിപ്ലവങ്ങളിൽ പങ്കെടുത്ത അനുഭവവും, വിപ്ലവസിദ്ധാന്തത്തിലും പ്രയോഗത്തിലും അവഗാഹവും നേടിയ 'ചെ' അവരുടെ സംഘത്തിൽ ചേർന്നു.

അസ്വസ്ഥരായ വിപ്ലവകാരികൾ ക്യൂബയിൽ സായുധ സമരം തുടങ്ങാനുള്ള തയ്യാറെടുപ്പ് അതിവേഗം നടത്തി. 1956—നവംബർ 25—ാം തിയതി ഒരു പഴയ ബ്രിട്ടീഷ് പത്തേമാരിയിൽ ആയുധങ്ങളുമായി 82 വിപ്ലവകാരികൾ ക്യൂബയിലേക്ക് നീങ്ങി. ആ പത്തേമാരിയുടെ പേര് 'ഗ്രാൻമ' എന്നായിരുന്നു. ക്യൂബൻ ചരിത്രത്തിൽ അനശ്വര പ്രതിഷ്ഠ നേടിയ ഈ പേരാണ് ക്യൂബൻ കമ്യൂണിസ്റ്റ് പാർടിയുടെ പത്രത്തിനു നൽകിയിരിക്കുന്നത്.

കാസ്ത്രൊവും സംഘവും മെക്സിക്കൊവിൽ നിന്ന് ക്യൂബയിലേക്ക് തിരിച്ചുവരുന്നസമയമായപ്പോഴെക്കും വിപ്ലവത്തിന് തികച്ചും സന്നദ്ധരായിക്കഴിഞ്ഞിരുന്നു ക്യൂബയിലെ ജനങ്ങൾ. ഉണങ്ങി പരന്നുകിടക്കുന്ന പുൽമേടുപോലെയായിരുന്നു അന്ന് ക്യൂബ. വിപ്ലവത്തിന്റെ ഒരു തീപ്പൊരി എറിയേണ്ട താമസമേ ഉണ്ടായിരുന്നുള്ളു അതാളിപ്പടരാൻ.

മെക്സിക്കൊവിൽ നിന്ന് പുറപ്പെട്ട വിപ്ലവ സംഘം ക്യൂബയിൽ വന്നിറങ്ങിയതോടെ തീ ആളിപ്പടരാൻ തുടങ്ങി. പട്ടണങ്ങളിൽ പണിമുടക്കങ്ങൾ പൊട്ടിപ്പുറപ്പെട്ടു. കൃഷിക്കാരുടെ സായുധസമരങ്ങൾ വളർന്നുവന്നു. വിദ്യാർഥികളും യുവാക്കളും ആവേശത്തോടെ രംഗത്തിറങ്ങി. മെക്സിക്കൊവിൽ നിന്ന് വന്നവർ ക്യൂബൻകരയിലിറങ്ങിയപ്പോൾ അപ്രതീക്ഷിതമായി ബാത്തിസ്തയുടെ പട്ടാളക്കാരുമായി ഏറ്റുമുട്ടേണ്ടിവന്നു. കനത്ത നാശനഷ്ടമാണവർക്കുണ്ടായത്. അവർ സീറാമെയ്സ്ത്രാ പർവതത്തിന്റെ ഏറ്റവും മുകളിലെത്തിയപ്പൊഴേക്കും അവശേഷിച്ചത് 12 പേരായിരുന്നു! അവരെതിരിടേണ്ടതോ? 30 000 വരുന്ന ബാത്തിസ്ത പട്ടാളക്കാരോടും! എങ്കിലും ആ സഖാക്കളുടെ സാന്നിധ്യത്തിൽ ആത്മവിശ്വാസത്തോടെ കാസ്ത്രൊ പ്രഖ്യാപിച്ചു: ''സേച്ഛാധിപതിയുടെ ദിനങ്ങൾ എണ്ണപ്പെട്ടിരിക്കുന്നു!''

കാസ്ത്രൊവിന്റെ പ്രഖ്യാപനം ചരിത്രം ശരിവച്ചു. ക്രമേണ വിപ്ലവകാരികളുടെ എണ്ണം കൂടിക്കൂടിവന്നു. മിക്കവാറും എല്ലാ വർഗങ്ങളിൽപെട്ടവരും ബാത്തിസ്തയുടെ ഭരണത്തിനെതിരായി അണിനിരന്നു. കർഷകരായിരുന്നു കൂടുതലാവേശം കാണിച്ചത്. ''ജനങ്ങൾക്കുവേണ്ടിയുള്ള ജൂലായ് 26 പ്രസ്ഥാനത്തിന്റെ മാനിഫെസ്റ്റൊ'' വിലെ കാർഷികപരിഷ്കരണത്തെക്കുറിച്ച ഭാഗം കർഷകരെ വമ്പിച്ച നിലയിലാണ് വിപ്ലവപ്രസ്ഥാനത്തോടാകർഷിച്ചത്. കർഷകരോടുള്ള ഗറില്ലകളുടെ പെരുമാറ്റവും കൂടുതൽ കൂടുതൽ കൃഷിക്കാരെ വിപ്ലവത്തിന്റെ ഭാഗത്തേക്ക് വരുന്നതിന് സഹായിച്ചു. പർവതത്തിൻമേൽ എഴുത്തും വായനയും പഠിപ്പിക്കാൻ ഗുവേര ഒരു സ്കൂൾ ആരംഭിച്ചു. ചെറുപ്പക്കാരും മുതിർന്നവരും ആയി ധാരാളം പേർ സ്കൂളിൽച്ചേർന്ന് എഴുത്തും വായനയും പഠിച്ചു. 2 വർഷത്തിനുള്ളിൽ ഇത്തരം 30 സ്കൂളുകളും വിപ്ലവകാരികളും നടത്തുകയുണ്ടായെന്ന് പറഞ്ഞാൽ ജനങ്ങളിൽ അവർ എത്രമാത്രം സ്വാധീനം ചെലുത്താൻ തുടങ്ങി എന്ന് മനസിലാക്കാൻ കഴിയുമല്ലോ.

ജൂലായ് 26 പ്രസ്ഥാനത്തിന്റെ മാനിഫെസ്റ്റൊവിലെ പുതിയൊരു ലോകത്തെക്കുറിച്ച ചിത്രം തൊഴിലാളികളെയും വിപ്ലവത്തോടാഭിമുഖ്യമുള്ളവരാക്കി. തങ്ങളുടെ ജോലി നിർവഹിക്കുന്നതോടൊപ്പം തന്നെ അവർ സൈനിക പരിശീലനം നേടാനും

തുടങ്ങി. ചെ ഗുവേര വിപ്ലവകാരികളുടെ ഒരു പത്രം തുടങ്ങുന്നതിനുള്ള സാധനങ്ങൾ ആഫ്രാനം നൽകിയപ്പോൾ ആവശ്യമായതെല്ലാം ജനങ്ങൾ എത്തിച്ചുകൊടുത്തു. അങ്ങനെ *ക്യൂബ ലിബ്രെ* എന്ന പത്രം ഗുവേരയുടെ പത്രാധിപത്യത്തിൽ പുറത്തുവന്നു. വിപ്ലവകാരികളുടെ റേഡിയോവിലൂടെ കാസ്ത്രോ നടത്തിയ പ്രസംഗങ്ങൾ ജനങ്ങളെ ആവേശം കൊള്ളിച്ചു. ഈ കാരണങ്ങൾകൊണ്ടെല്ലാം കൂടുതൽ കൂടുതലാളുകൾ വിപ്ലവപക്ഷത്തേക്ക് നീങ്ങി. പല സ്ഥലത്തും വിപ്ലവകാരികൾ ബാത്തിസ്താപട്ടാളക്കാരുമായേറ്റുമുട്ടി. തൊഴിലാളികളുടെ വൻനിലയിലുള്ള പണിമുടക്കങ്ങൾ നടന്നു. ക്രമേണ ജനങ്ങളെ അടിച്ചമർത്തുന്ന ബാത്തിസ്താസൈന്യത്തിനുള്ളിൽപോലും പിളർപുണ്ടായി. ഒരു നാവിക കലാപം പൊട്ടിപ്പുറപ്പെട്ടു. അത് വിജയകരമായി പര്യവസാനിച്ചതോടെ സൈന്യത്തിനുള്ളിലെ പിളർപിന്റെ ആഴം വ്യക്തമായി.

കാസ്ത്രോവിന്റെ നേതൃത്വത്തിലുള്ള ജൂലായ് 26 പ്രസ്ഥാനം, പി എസ് പി, റവല്യൂഷനറി ഡയറക്ടറേറ്റ് എന്നീ മൂന്ന് വിപ്ലവപ്രസ്ഥാനങ്ങൾ ചേർന്ന് ഒരൈക്യമുന്നണി രൂപംകൊണ്ടു. ഈ മൂന്ന് വിപ്ലവശക്തികൾ ചേർനുള്ള മഹാപ്രവാഹത്തിൽ ബാത്തിസ്തയുടെ സേച്ഛാധിപത്യ ഭരണം ഒഴുകിപ്പോയി. ബാത്തിസ്ത ക്യൂബയിൽ നിന്ന് പലായനം ചെയ്തു. 1959—ജനുവരി 1—ാം തിയതി കലാപകാരികൾ ക്യൂബയിൽ തങ്ങളുടെ വിജയപതാക ഉയർത്തി—ചുവപ്പും കറുപ്പും ചേർന പതാക. അങ്ങനെ മൊൻകാദാകോട്ടയുടെ നേരെയുള്ള ആക്രമണം കഴിഞ്ഞ് 5 വർഷവും 5 മാസവും 5 ദിവസവും പിന്നിട്ടപ്പോൾ ജൂലായ് 26—ന്റെ രക്തസാക്ഷിയായ അബേൽ സാന്തമറിയയുടെയും മറ്റനേകം രക്തസാക്ഷികളുടെയും ആത്മബലി ഫലവത്തായി.

അധികാരത്തിൽവന്ന ഉടൻ വിപ്ലവഗവൺമെൻറ് രാജ്യത്ത് അഗാധവും സമൂലവുമായ പരിഷ്കരണങ്ങളേർപെടുത്തി. 1952 മാർച് 10—ാം തിയതിക്കുശേഷം രാഷ്ട്രീയമായും ഭരണപരമായും കുറ്റകൃത്യങ്ങൾ നടത്തിയവരെ ശിക്ഷിക്കാൻ വിപ്ലവ ട്രിബ്യൂണലുകൾ സ്ഥാപിച്ചു. രാഷ്ട്രീയ തടവുകാരെ വിട്ടയച്ചു. ബാത്തിസ്തക്ക് പിന്തുണനൽകിയ രാഷ്ട്രീയ പാർടികളെയും ഗ്രൂപ്പുകളെയും പിരിച്ചുവിട്ടു. ദേശീയതലത്തിലും പ്രാദേശികതലത്തിലുമുള്ള ഗവൺമെൻറിന്റെ ഏജൻസികളെ മാറ്റി പകരം വിപ്ലവപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടവരെ തൽസ്ഥാനങ്ങളിൽ നിയമിച്ചു. കൂടാതെ ബാത്തിസ്തയുടെ ആജ്ഞാനുവർത്തികളായി പ്രവർത്തിച്ച പട്ടാളക്കാരെയും പൊലീസുകാരെയും നിരായുധരാക്കുകയും പിരിച്ചുവിടുകയും ചെയ്തു. റബൽസൈന്യം അവരുടെ സ്ഥാനമേറ്റെടുത്തു. നീതിനിർവഹണവിഭാഗം ശുദ്ധീകരിച്ചു.

1959—ഫെബ്രുവരിയിൽ ഫിദെൽ കാസ്ത്രോ പ്രധാനമന്ത്രി സ്ഥാനമേറ്റെടുത്തു.

തൊഴിലാളി പ്രസ്ഥാനത്തിൽ ട്രേഡ്യൂണിയൻ ബ്യൂറോക്രസി ഇല്ലാതാക്കി. പുതിയ നേതാക്കളെ തിരഞ്ഞെടുത്തു. രാഷ്ട്രീയവും സാമൂഹ്യവുമായ കാരണങ്ങളാൽ പിരിച്ചുവിട്ട തൊഴിലാളികളെ തിരിച്ചെടുത്തു. വീട്ടുവാടക 40—50 ശതമാനംകണ്ട് കുറച്ചു. ടെലഫോൺ—വിദ്യുച്ഛക്തിനിരക്കുകളും വെട്ടിക്കുറച്ചു. നാട്ടിൻപുറങ്ങളിലും നഗരങ്ങളിലും പാർപ്പിടങ്ങൾ നിർമിക്കുന്നതിനുള്ള ഉത്തരവാദിത്തം ഗവൺമെൻറ് ഏറ്റെടുത്തു. പൊതുഖജനാവ് കൊള്ളചെയ്തും കൃത്രിമമാർഗങ്ങളിലൂടെയും വ്യക്തികൾ കുന്നുകൂട്ടിയ സ്വത്ത് ഗവൺമെൻറ് പിടിച്ചെടുത്തു.

1959 ഏപ്രിൽ 17—ന് ആദ്യത്തെ ഭൂപരിഷ്കരണനിയമം പാസാക്കി. ഭൂകേന്ദ്രീകരണം തകർത്തു. 67 ഹെക്ടർവരെ ഭൂമി കൈവശംവെക്കുന്നവരെ സ്പർശിച്ചില്ല. അതേസമയം അതിൽകൂടുതൽ ഭൂമി കൈവശംവെക്കുന്നവരിൽനിന്ന് അധികംവരുന്ന ഭൂമി ഏറ്റെടുത്തു. അത് വിതരണം ചെയ്യുന്നതിനുപകരം അവയെ സ്റ്റേറ്റ് ഫാമുകളാക്കി. അതോടൊപ്പം കൃഷിചെയ്യുന്ന ഭൂമിയിൽ അവകാശമില്ലാത്ത കൃഷിക്കാർക് അതിൽ ഉടമാവകാശം നൽകി. കൃഷിയെ രാജ്യത്തിൻെറ നാനാമുഖമായ പുരോഗതിയുടെ അടിസ്ഥാനമായി സ്വീകരിച്ചു.

1960 ആഗസ്ത് 6—ാം തിയതി പ്രധാനപ്പെട്ട അമേരിക്കൻ കമ്പനികളും ദേശസാൽകരിച്ചു. സപ്തംബർ 17—ാം തിയതി അമേരിക്ക മൂലധനമിറക്കിയ എല്ലാ ബാങ്കുകളും ഗവൺമെൻറ് നിയന്ത്രണത്തിൽ കൊണ്ടുവന്നു. ക്യൂബക്കകത്തും പുറത്തുമുള്ള പ്രതിവിപ്ലവശക്തികളും പരിഭ്രാന്തരായി.

അപ്പോഴേക്കും അമേരിക്ക പ്രതികാര നടപടികളും ആരംഭിച്ചുകഴിഞ്ഞിരുന്നു. അവർ ക്യൂബയിൽനിന്നുള്ള പഞ്ചസാര ഇറക്കുമതി വെട്ടിക്കുറച്ചു. ക്യൂബയിൽ പ്രതിവിപ്ലവത്തിന് ഉത്തേജനം നൽകി. അട്ടിമറികളും കൊലപാതകങ്ങളും നടത്തുന്നവർക് സഹായം നൽകാൻ മുമ്പോട്ടുവന്നു. അപ്പോൾ വിപ്ലവത്തെ പ്രതിരോധിക്കുന്നതിന് തൊഴിലാളികളുടെയും കൃഷിക്കാരുടെയും മിലീഷ്യകളും രൂപീകരിച്ചുകൊണ്ട് അതിനോട് ഗവൺമെൻറ് പ്രതികരിച്ചു. 1961—ൽ ക്യൂബൻ വിമാനത്താവളങ്ങളുടെ നേരെ അമേരിക്ക ബോംബ് വർഷിച്ചപ്പോൾ ക്യൂബൻ വിപ്ലവത്തിൻെറ സോഷ്യലിസ്റ്റ് സ്വഭാവം ഫിദെൽ കാസ്ത്രോ വിളംബരംചെയ്തു. രാജ്യത്തിൻെറ ഐക്യവും ഭദ്രതയും കാത്തുരക്ഷിക്കാനുള്ള ദൃഢനിശ്ചയം അദ്ദേഹം പ്രഖ്യാപിച്ചു.

1961—ൻെറ മധ്യത്തിൽ മറ്റൊരു സുപ്രധാന സംഭവമുണ്ടായി. വിപ്ലവത്തിൻെറ യോജിച്ചതും കെട്ടുറപ്പുള്ളതുമായ ഒരു രാഷ്

ട്രീയ ഉപകരണം കരുപ്പിടിപ്പിച്ചെടുക്കുന്നതിന്റെ ആദ്യപടിയെന്നനിലയിൽ ഒരു സമഗ്ര വിപ്ലവ സംഘടന സ്ഥാപിച്ചു. തുടർന്ന് ജൂലായ് 26 പ്രസ്ഥാനവും പി എസ് പി യും റവല്യൂഷണറി ഡയറക്ടറേറ്റും ലയിച്ച് ഒന്നായി. ഈ ലയനത്തെ രണ്ട് ഘടകങ്ങളും സഹായിച്ചു—ഒരേ പ്രത്യയശാസ്ത്രവും പൊതുവായ കർമപരിപാടിയും. 1962—മാർച്ചിൽ സമഗ്ര വിപ്ലവ സംഘടന പുനഃസംഘടിപ്പിച്ച് യുണൈറ്റഡ് പാർടി ഓഫ് ക്യൂബൻ സോഷ്യലിസ്റ്റ് റവലൂഷൻ (പി യു ആർ എസ് സി) രൂപീകരിച്ചു. ജനാധിപത്യ സോഷ്യലിസത്തിന്റെ അടിസ്ഥാനത്തിലായിരുന്നു ഈ പുനഃസംഘടന. മൂന്നര വർഷത്തിനുശേഷം പി യു ആർ എസ് സി ക്യൂബൻ കമ്യൂണിസ്റ്റ് പാർടിയായി രൂപാന്തരപ്പെട്ടു.

ഇപ്രകാരം മൂന്ന് വിപ്ലവധാരകളും ലയിച്ചൊന്നാകുന്നതിനു മുമ്പ്, 1962 ൽ, നേരിട്ട് കടന്നാക്രമിച്ച് ക്യൂബയെ കീഴ്പെടുത്താൻ യു എസ് ഒരു ശ്രമം നടത്തി. 1962 ൽ പ്രസിഡൻറ് ജോൺ കെന്നഡിയുടെ ഉത്തരവിൻ പ്രകാരം യു എസ് സേന ബേലെ ഓഫ പിഗ്സ് ഉൾകടൽ ഭാഗത്തുനിന്നും ക്യൂബയെ കടന്നാക്രമിക്കുകതന്നെ ചെയ്തു. പക്ഷെ ക്യൂബയിൽനിന്ന് അവർക്ക് കനത്ത പ്രഹരം കിട്ടി. തുടർന്ന് കടന്നാക്രമണത്തിനുപകരം ആഭ്യന്തരമായ അട്ടിമറിയും ബാഹ്യമായ നയതന്ത്ര—വ്യാപാര ബഹിഷ്കരണവും കൊണ്ട് ക്യൂബയെ മുട്ടുകുത്തിക്കാനായി യു എസിന്റെ ശ്രമം. സോഷ്യലിസ്റ്റ് രാഷ്ട്രങ്ങളുടെ നിർലോപമായ സഹായത്തോടെ ഈ ശ്രമങ്ങളോരോന്നും പരാജയപ്പെടുത്താനും വിപ്ലവത്തെ കാത്തുരക്ഷിക്കാനും ക്യൂബക്ക് കഴിഞ്ഞു. എങ്കിലും സോവിയറ്റ് യൂണിയൻ ഛിന്നഭിന്നമായതിന്റെയും കിഴക്കൻ യൂറോപ്പിലെ സോഷ്യലിസ്റ്റ് ഭരണകൂടങ്ങളും തകർന്നതിന്റെയും പശ്ചാത്തലത്തിൽ ഇപ്പോൾ അമേരിക്ക തങ്ങളുടെ പഴയ നീക്കം ശക്തിപ്പെടുത്തിയിരിക്കുകയാണ്.

7

# കൊറിയൻ വിപ്ലവം: ചരിത്ര പശ്ചാത്തലം

പ്രാചീന ശിലായുഗത്തിൽ തന്നെ ജനവാസമുള്ള പ്രദേശമായിരുന്നു കൊറിയൻ ഉപദ്വീപ്. ബി സി 4–ാം നൂറ്റാണ്ടിനും 5–ാം നൂറ്റാണ്ടിനുമിടയിൽ അവിടത്തെ ലിയാവോ തടത്തിൽ ആദ്യത്തെ വർഗഭരണകൂടമുയർന്നു വന്നു. അതിനെത്തുടർന്ന് ബുയിയോ, സിങ്കുക് എന്നീ ഭരണകൂടങ്ങൾ പ്രത്യക്ഷപ്പെട്ടു. രണ്ടും അടിമ സമൂഹങ്ങളായിരുന്നു. എ ഡി ഒന്നാം നൂറ്റാണ്ടിനും രണ്ടാം നൂറ്റാണ്ടിനുമിടയിൽ തെക്കൻ ഭാഗത്ത് ബാക്സെ, സില്ല എന്നീ ഫ്യൂഡൽ സ്റ്റേറ്റുകളും വടക്കൻ ഭാഗത്ത് കൊഗുര്യോ സ്റ്റേറ്റും രൂപം കൊണ്ടു. ഈ മൂന്ന് ഫ്യൂഡൽ സ്റ്റേറ്റുകളിലും ഉയർന്നതോതിൽ സാംസ്കാരിക വളർച്ചയുണ്ടായി. അവ തമ്മിൽ നിരന്തരം പടവെട്ടി. ഈ പടവെട്ടൽ 668–ൽ അവസാനിച്ചു. ഈ മൂന്ന് സ്റ്റേറ്റുകളും സില്ല ഭരണത്തിൽ ലയിച്ചൊന്നായി. ഒമ്പതാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിൽ ഈ ഉപദ്വീപ്രത്തിൽ പുതിയൊരു വിഭജനം നടന്നു—സില്ല, തെബോങ്, ജുബ്ബെക്ജെ എന്നീ സ്റ്റേറ്റുകളാണ് പിറന്നുവീണു.

പത്താം നൂറ്റാണ്ടിന്റെ അവസാനം ഫ്യൂഡൽ പ്രഭുക്കൾക്കെതിരെ വൻതോതിൽ കർഷക കലാപങ്ങൾ പൊട്ടിപ്പുറപ്പെട്ടു. അതിനെത്തുടർന്ന് കോറിയോ രാജവംശം രാജ്യത്തെ പുനരേകീകരിച്ച് 918 മുതൽ 1390–വരെ ഭരണം നടത്തി. ഈ കാലയളവിൽ ഉൽപാദന വ്യവസ്ഥ ഏറക്കുറെ മാറ്റമില്ലാതെ തുടർന്നു.

കോറിയോ രാജവംശത്തിൻ കീഴിൽ രാജ്യം വളരെയധികം അഭിവൃദ്ധി പ്രാപിച്ചു. സാമ്പത്തിക രംഗത്തും സാംസ്കാരിക രംഗ

ത്തും ഗണ്യമായ പുരോഗതിയുണ്ടായി. ശാസ്ത്ര സാങ്കേതിക രംഗങ്ങളിലുമുണ്ടായി വമ്പിച്ച മുന്നേറ്റം. ഇക്കാലത്ത് പുറംലോകവുമായുള്ള കൊറിയയുടെ വാണിജ്യ—സാംസ്കാരിക മേഖലകളിലെ ബന്ധം പശ്ചിമേഷ്യവരെ വ്യാപിച്ചിരുന്നു.

ഭൂമിയിൽ നിന്നുള്ള ഒഴിപ്പിക്കലുകളും, കൃഷിക്കാരുടെമേൽ ഭൂപ്രഭുക്കൾ നടത്തുന്ന വർധമാനമായ ചൂഷണം, നിരന്തരമായ ജാപ്പ് ആക്രമണം—ഇവയെല്ലാം കോറിയോ രാജവംശ ഭരണത്തിന്റെ പതനത്തിനിടയാക്കി. ഉദ്യോഗസ്ഥമേധാവികളുടെയും ഇടത്തരം ഭൂവുടമകളുടെയും പിന്തുണയോടെ റീ രാജവംശം അവരുടെ സ്ഥാനമേറ്റെടുത്തു.

പുതിയ ഭരണാധികാരികൾ രാജ്യത്തിന് ചോസൺ എന്ന് നാമകരണം ചെയ്തു. സോളിൽ തലസ്ഥാനം സ്ഥാപിച്ചു. കേന്ദ്ര ഫ്യൂഡൽ അധികാരം ശക്തിപ്പെടുത്തി. കാർഷിക വ്യവസ്ഥ പുനഃസംഘടിപ്പിച്ചു. നെൽകൃഷി നടത്താൻ പുതിയ മാർഗങ്ങളവലംബിച്ചു. ടെക്സ്റ്റൈൽ വ്യവസായത്തിന്റെ വളർച്ചക്ക് ഉത്തേജനം നൽകി. കൈത്തൊഴിലുകളെയും പ്രോത്സാഹിപ്പിച്ചു.

കച്ചവട—ധനബന്ധങ്ങൾ വികസിച്ചതോടെ 17—ാം നൂറ്റാണ്ടിന്റെ രണ്ടാം പകുതി ആയപ്പോഴേക്കും കൊറിയൻ ഫ്യൂഡൽ സമൂഹത്തിലെ വർഗ വൈരുധ്യങ്ങൾ തീക്ഷ്ണമായി. പത്തൊമ്പതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ തന്നെ കർഷക കലാപങ്ങൾ പൊട്ടിപ്പുറപ്പെട്ടു. 1811—പ്യോങ്യാങ് പ്രവിശ്യയിൽ നടന്ന കലാപം അക്കൂട്ടത്തിൽ എടുത്തുപറയേണ്ടിയിരിക്കുന്നു. ഈ കലാപങ്ങൾ ഫ്യൂഡൽ ഭരണത്തിന്റെ അടിത്തറ പിടിച്ചുകുലുക്കി. തുടർന് അമേരിക്കയും മറ്റു മുതലാളിത്ത ശക്തികളും നടത്തിയ കടന്നാക്രമണങ്ങൾക്കെതിരെ നടന്ന പോരാട്ടത്തിന്റെ ബീജങ്ങൾ ഈ കലാപങ്ങളിൽ കാണാം.

1866—ൽ പ്യോങ്യാങ്ങിനെ ലക്ഷ്യമാക്കി ടെടോങ് നദിവഴി എത്തിയ ''ജനറൽ ഷേർമാൻ'' എന്ന അമേരിക്കൻ യുദ്ധക്കപ്പലിനെ പ്രാദേശിക നിവാസികൾ നദിയിൽ മുക്കി. എങ്കിലും പതിനൊന്ന് വർഷത്തിനുശേഷം ഒരു അമേരിക്കൻ നാവികസേന കങ്ഹുവാ ദ്വീപ് കൈവശപ്പെടുത്തി. പക്ഷെ, പിന്നീട് അതുപേക്ഷിക്കേണ്ടി വന്നു. ഏതാണ്ടിതേകാലത്തുതന്നെ ഫ്രാൻസും അയച്ചു കൊറിയയിലേക്ക് ഒരു നാവികപ്പടയെ. കൊറിയൻ ചെറുത്തുനിൽപിന്റേതായ പശ്ചാത്തലത്തിൽ അതിനും അവിടെ നിന്ന് പിൻവാങ്ങേണ്ടിവന്നു.

1876—ൽ ജാപ്പനീസ് സമ്മർദം മൂലം കൊറിയൻ ഭരണാധികാരികൾക് ഒരു അസമകരാറിൽ ഒപ്പുവെക്കേണ്ടിവന്നു. ആ കരാർ ജാപ്പനീസ് കച്ചവടക്കാർക് കൊറിയയുടെ കവാടങ്ങൾ തുറന്നിട്ടുകൊടുത്തു. ഏതാനും നാളുകൾ കഴിഞ്ഞപ്പോൾ അമേരിക്ക, ബ്രി

ട്ടൻ, യൂറോപ്യൻ രാജ്യങ്ങൾ എന്നിവയുമായും ഇതുപോലുള്ള കരാറുകളിൽ ഒപ്പിടാൻ കൊറിയ നിർബന്ധിതമായി.

പുരോഗമനവാദികളായ ബുദ്ധിജീവികൾ ഒരു പട്ടാള വിപ്ലവത്തോടെ ഒരു ബൂർഷ്വാ വിപ്ലവം നടത്തി—1884 ഡിസംബറിൽ. ആ വിപ്ലവം പരാജയപ്പെട്ടു. അതിന് രണ്ട് കാരണങ്ങളാണുണ്ടായിരുന്നത്. ഒന്ന്: വേണ്ടത്ര തയ്യാറെടുപ്പ് നടത്തിയില്ല. രണ്ട്: വിദേശ ഇടപെടൽ. എങ്കിലും അക്കാലത്ത് ചില പരിഷ്കരണങ്ങളൊക്കെയുണ്ടായി—പ്രത്യേകിച്ചും 1894—ലെ കാബോ കൃഷിക്കാരുടെ യുദ്ധത്തിന്റെ പശ്ചാത്തലത്തിൽ.

മറ്റ് സാമ്രാജ്യത്വശക്തികളുടെ സഹായത്തോടെ കൊറിയക്കെതിരായ ആക്രമണം ജപ്പാൻ ശക്തിപ്പെടുത്തി. 1905—ൽ അവർ കൊറിയയെ ഒരു സംരക്ഷിത പ്രദേശമായി മാറ്റി. അധികകാലം സംരക്ഷിത പ്രദേശമെന്ന മറ ഉപയോഗിക്കാൻ ജാപ്പനീസ് സാമ്രാജ്യത്വം മിനക്കെട്ടില്ല. 1910—ൽ സകല മറകളും പിച്ചിച്ചീന്തിക്കൊണ്ട് അവർ കൊറിയയെ തങ്ങളുടെ സാമ്രാജ്യത്തോട് കൂട്ടിച്ചേർത്തു. സുമാർ 40 വർഷം ജാപ്പനീസ് മർദനത്തിന്റെയും കൊടിയ ചൂഷണത്തിന്റെയും കീഴിൽ കൊറിയൻ ജനത നരകിച്ചു. ജപ്പാൻകാർ തങ്ങളുടെ യുദ്ധയന്ത്രത്തെ തീറ്റിപ്പോറ്റാൻ കൊറിയയുടെ പ്രകൃതി വിഭവങ്ങളും മാനുഷിക വിഭവങ്ങളും കൊള്ളയടിച്ചു. കൊറിയൻ ഭാഷ ഉപയോഗിക്കുന്നത് നിയമവിരുദ്ധമാക്കി. കൊറിയൻ വസ്ത്രധാരണ രീതിക്ക് പകരം ജാപ്പനീസ് വസ്ത്രധാരണരീതി അടിച്ചേൽപിച്ചു. കൊറിയൻ പേരുകൾക്കുപകരം ജാപ്പനീസ് പേരുകൾ ഉപയോഗിക്കണമെന്ന് ഉത്തരവിട്ടു. തന്നിമിത്തം ജപ്പാന്റെ കൊളോണിയൽനുകം വലിച്ചെറിയാൻ കൊറിയയിലെ ജനങ്ങൾ അതിയായി ആഗ്രഹിച്ചു.

1917—ലെ ഒക്ടോബർ വിപ്ലവം കൊറിയൻ ജനതയെ അഗാധമായി സ്വാധീനിച്ചു. കൊളോണിയലിസം അവസാനിപ്പിക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ള സോവിയറ്റ് ഗവൺമെൻറിന്റെ അഭ്യർഥനകളും സമാധാനത്തെക്കുറിച്ചുള്ള ലെനിന്റെ ഡിക്രിയും കൊറിയൻ ജനതയുടെ ആഗ്രഹാഭിലാഷങ്ങൾക്കനുസൃതമായിരുന്നു. ജപ്പാനെ തുരത്തുന്നതിനുള്ള അവരുടെ തീരുമാനത്തെ സോവിയറ്റ് ഗവൺമെൻറ് പ്രത്യക്ഷമായി പിന്താങ്ങി.

റഷ്യൻ വിപ്ലവത്തിൽ നിന്ന് ആവേശമുൾക്കൊണ്ട് തൊഴിലാളികൾ സമരരംഗത്തിലേക്കിറങ്ങി (1918—ൽ അവിടത്തെ തൊഴിലാളികളുടെ സംഖ്യ 40,000 ആയിരുന്നു.) 1918—ൽ ഒളിപ്പോർ യുദ്ധവുമാരംഭിച്ചു. ദേശീയബോധത്തിന്റെ ഈ ഉയിർത്തെഴുനേൽപ് വിദേശങ്ങളിൽ താമസിച്ചുവന്ന കൊറിയക്കാരെയും ആവേശം കൊള്ളിച്ചു. പ്രക്ഷോഭസമരങ്ങളുടെ ഈ കുതിച്ചുകയറ്റം കൊറിയയിലെ ബൂർഷ്വാ ദേശീയ നേതാക്കളെയും ഇളക്കിവിട്ടു. അവർ

വൻതോതിൽ പ്രവർത്തനനിരതരായി. പക്ഷെ, ദേശീയ വിമോചന പ്രസ്ഥാനത്തെ പരിഷ്കാരങ്ങളുടെയും ഒത്തുതീർപ്പുകളുടെയും പാതയിലേക്ക് തിരിച്ചുവിടുന്നതിൽ മാത്രമായിരുന്നു അവർക്ക് താൽപര്യം. ബഹുജനങ്ങളെ വിപ്ലവരീതികളെ അവലംബിക്കുന്നതിന് അവർ എതിരായിരുന്നു. 1919-ന്റെ ആരംഭത്തിൽ കോളനി ഭരണത്തിനെതിരെ ജനങ്ങളുടെ രോഷം കത്തിക്കാളി. 1919-മാർച്ച് ഒന്നിന് സോളിലെ തെരുവീഥികളിൽ നടന്ന ജാപ്പ് വിരുദ്ധ പ്രകടനത്തിൽ മൂന്ന് ലക്ഷം ആളുകളെ പങ്കെടുത്തു. അവിടത്തെ ഫാക്ടറി തൊഴിലാളികളെ പണിമുടക്കി. ഈ ജനകീയ മുന്നേറ്റം ജാപ്പ് അധികൃതരെയെന്നപോലെ ദേശീയ ബൂർഷ്വാ നേതാക്കളെയും പരിഭ്രാന്തരാക്കി. രണ്ടാമത് പറഞ്ഞ വിഭാഗക്കാർ പ്രക്ഷോഭത്തിൽ നിന്ന് പിൻവാങ്ങാൻ തുടങ്ങിയെങ്കിൽ ആദ്യത്തെ കൂട്ടർ ബഹുജന മുന്നേറ്റത്തെ ചോരയിൽ മുക്കിക്കൊല്ലുന്നതിൽ മുഴുകി. മാർച്ച് ഒന്നിന്റെ പണിമുടക്കിനുശേഷം സോളിൽ നിന്നുമാത്രം പതിനായിരത്തിലധികം പേരെ അറസ്റ്റ് ചെയ്തു. ബൂർഷ്വാ ദേശീയ നേതാക്കളെ കീഴടങ്ങിയപ്പോൾ ജനങ്ങളെ ചെറുത്തുനിന്നു.

മാർച്ച് 5-ന് സോളിൽ രണ്ടാമതൊരു പ്രകടനം നടന്നു. ഇത്തവണ വിദ്യാർഥികളാണ് അതിൽ സജീവ പങ്കുവഹിച്ചത്. തുടർന്നുള്ള ദിവസങ്ങളിൽ കൊറിയക്കാരും ജാപ്പനീസ് പട്ടാളക്കാരും തമ്മിൽ പലസ്ഥലങ്ങളിലും സായുധസംഘട്ടനങ്ങളുണ്ടായി. മാർച്ച് മധ്യത്തോടെ അവ ഒരു കലാപത്തിന്റെ രൂപം കൈക്കൊണ്ടു. 218 ജില്ലകളിൽ 217-ലും കലാപം വ്യാപിച്ചു. മാസാവസാനത്തോടെ 1,73,000 പേർ കലാപത്തിൽ പങ്കെടുത്തു. 20 ലക്ഷത്തിലധികം പേർ ദേശീയ വിമോചന പ്രസ്ഥാനത്തിൽ ചേർന്നു. ജപ്പാന്റെ ഔദ്യോഗിക കണക്ക് പ്രകാരം 8000 കൊറിയക്കാർ കൊല്ലപ്പെട്ടു. 16,000 പേർക്ക് ഗുരുതരമായ പരിക്കേറ്റു. 53,000 പേർ അറസ്റ്റിലായി. ഇതോടെ കൊറിയയിലെ ദേശാഭിമാനികളുടെ നിർണായക പോരാട്ടത്തിന്റെ ആരംഭമായി.

ഈ കാലം ഏപ്രിൽ അവസാനത്തോടെ അടിച്ചമർത്തപ്പെട്ടു. അവിടെ തൊഴിലാളിവർഗത്തിന് ഒരു പാർടി ഉണ്ടായിരുന്നില്ല. തൊഴിലാളികൾ ഒരു വർഗമായി സംഘടിച്ച് പോരാട്ടം തുടങ്ങിയതേ ഉണ്ടായിരുന്നുള്ളു. വിപ്ലവത്തിൽ പങ്കെടുത്ത ലക്ഷക്കണക്കിനാളുകൾക്ക് ഒരു നേതൃത്വം ഇല്ലാതെപോയി. ഈ സാഹചര്യം മുതലെടുത്താണ് ജപ്പാൻകാർ കലാപം അടിച്ചമർത്തിയത്.

എങ്കിലും 1919-മാർച്ചിലെ കലാപം കൊറിയൻ ജനതയുടെ ചരിത്രത്തിൽ സുപ്രധാനമായ ഒരു നാഴികക്കല്ലാണ്. അതിനുശേഷം തൊഴിലാളിവർഗം വിമോചന പ്രസ്ഥാനത്തിലെ സജീവശക്തിയായി ഉയർന്നു. കലാപം അടിച്ചമർത്തപ്പെട്ടെങ്കിലും തൊഴിലാളി പണിമുടക്ക് തുടർന്നു. 1919-ൽ 104 പണിമുടക്കുകളുണ്ടായി.

തൊഴിലാളി സംഘടനകളും പ്രത്യക്ഷപ്പെട്ടു. അതിലൊന്നാണ് 1920-ൽ സോളിൽ രൂപംകൊണ്ട 'തൊഴിലാളികളുടെ പരസ്പര സഹായ സംഘം'. കൊറിയയിലാരംഭിച്ച ആദ്യത്തെ ട്രേഡ്യൂണിയനും അതുതന്നെ.

മാർച്ച് കലാപത്തിനു ശേഷം മാർക്സിസം-ലെനിനിസത്തിന്റെ സ്വാധീനം വർധിച്ചു. 1920-ൽ ടോക്കിയോ (അവിടെ പഠിച്ചിരുന്ന കൊറിയൻ വിദ്യാർഥികളും), സോളും, കൊറിയയിലെ മറ്റു വ്യാവസായിക നഗരങ്ങളും എന്നിവിടങ്ങളിൽ മാർക്സിസ്റ്റ് സ്റ്റഡീസർകിളുകളും രൂപംകൊണ്ടു. സോവിയറ്റ് യൂണിയനിൽ താമസിച്ചിരുന്ന ധാരാളം കൊറിയക്കാർ കമ്യൂണിസ്റ്റ് പാർടിയിൽ ചേർന്നു. ഇപ്രകാരം സ്റ്റഡീസർകിളുകളും വിപ്ലവ ഗ്രൂപ്പുകളും കൊറിയയിൽ മുളച്ചുപൊന്തി. 1925 ഏപ്രിലിൽ കൊറിയൻ കമ്യൂണിസ്റ്റ് പാർടി രൂപീകൃതമായി. 1931-ലും 1932-ലും നടന്ന തൊഴിലാളികളുടെയും കൃഷിക്കാരുടെയും മഹത്തായ കലാപങ്ങൾക് പാർടി നേതൃത്വം നൽകി.

കൊറിയൻ ജനതയുടെ വിമോചന പോരാട്ടത്തിലെ അടുത്ത സുപ്രധാനഘട്ടം ആരംഭിക്കുന്നത് രണ്ടാം ലോകമഹായുദ്ധകാലത്താണ്. യുദ്ധത്തിന്റെ സായാഹ്നമായപ്പോഴേക്കും കൊറിയൻ ജനതയുടെ ഉജ്വലനായ നേതാവ് കിം ഇൻ സുങിന്റെ നേതൃത്വത്തിൽ വിമോചനപ്പോരാളികളും കൊറിയയുടെ ഭൂരിഭാഗം പ്രദേശങ്ങളിൽനിന്നും ജാപ്പ് സാമ്രാജ്യത്വത്തെ തുടച്ചുമാറ്റിക്കഴിഞ്ഞിരുന്നു. ചില പട്ടണങ്ങളിൽ മാത്രം സാമ്രാജ്യത്വം പിടിച്ചുനിന്നു.

അവിടങ്ങളിൽനിന്നും ജാപ്പ് സാമ്രാജ്യത്വത്തെ തുടച്ചുമാറ്റുവാൻ പോട്സ്ഡാം കോൺഫറൻസ് തീരുമാനിച്ചു. 38-ാം സമാന്തരരേഖയുടെ വടക്ക് സോവിയറ്റ് പട്ടാളവും തെക്ക് അമേരിക്കൻ പട്ടാളവും ഈ ജോലി നിർവഹിക്കണമെന്നായിരുന്നു സമ്മേളനം തീരുമാനിച്ചത്. 1945 ആഗസ്ത് 9 ന് സോവിയറ്റ് റഷ്യയുടെ ചെമ്പട കൊറിയൻ വിമോചനപ്പോരാളികളുടെ സഹായത്തിനെത്തി. 38-ാം സമാന്തരരേഖയുടെ തെക്ക് സോൾ ഉൾപ്പെടെ ഒന്നു രണ്ട് പട്ടണങ്ങളൊഴിച്ച് മറ്റെല്ലാ പ്രദേശങ്ങളും കിം ഇൻ സുങിന്റെ നേതൃത്വത്തിൽ വിമോചന പോരാളികളും മോചിപ്പിച്ചു. അധികാരം ജനകീയകമ്മിറ്റികളുംക് കൈമാറി.

ഈ സമയമായപ്പോഴേക്കും മക്കാർതർ നയിച്ച അമേരിക്കൻ പട്ടാളം കൊറിയയിൽ വന്നിറങ്ങി. സോളിൽ പിടിച്ചുനിന്ന കൊലയാളി ജാപ്പ് ഗവർണർ ജനറൽ അബിയെയും മറ്റ് പട്ടാളത്തലവൻമാരെയും അറസ്റ്റ് ചെയ്ത് ഭരണം തങ്ങളെ ഏൽപിക്കുമെന്നാണ് ജനങ്ങൾ പ്രതീക്ഷിച്ചത്. വടക്ക് സോവിയറ്റ് ചെമ്പട ചെയ്തത് അതാണ്. പക്ഷെ അമേരിക്കൻ കമാൻഡർ ഹോഡ്ജെ വിചിത്രമായ ഒരുത്തരവ് പുറപ്പെടുവിച്ചുകളഞ്ഞു. അബിയും മറ്റ്

ജാപ്പ് ഉദ്യോഗസ്ഥൻമാരും തങ്ങളെ വഹിക്കുന്ന സ്ഥാനങ്ങളിൽ തന്നെ തുടരും. അഥവാ നീക്കംചെയ്തുകഴിഞ്ഞെങ്കിൽ പ്രസ്തുത സ്ഥാനങ്ങളിൽ തിരികെ പ്രവേശിപ്പിക്കും. ഇതിനെത്തുടർന്ന് മക്കാർതറുടെ കുപ്രസിദ്ധമായ വിളംബരം വന്നു. 38–ാം സമാന്തരരേഖക്ക് തെക്കുള്ള പ്രദേശങ്ങളിലെ സർവ അധികാരവും തന്നിൽ നിക്ഷിപ്തമായിരിക്കുന്നു. ഈ വിളംബരം പോട്സ്ഡാം സമ്മേളന തീരുമാനത്തിന് കടകവിരുദ്ധമാണെന്ന് പറയേണ്ടതില്ലല്ലോ. അമേരിക്ക ഈ വിളംബരത്തിലൂടെ അധിനിവേശ സൈനിക ഭരണം സ്ഥാപിക്കാനാണ് നീങ്ങിയത്. ഇതിനുപുറമെ 1945 ആഗസ്ത് 9–വരെ നിലവിലിരുന്ന എല്ലാ നിയമങ്ങളും ഉത്തരവുകളും പ്രാബല്യത്തിലാണെന്നും അമേരിക്കൻ സൈനിക ഭരണം ഉത്തരവിട്ടു. കൊറിയൻ ജനതയെ സംബന്ധിച്ചിടത്തോളം ജാപ്പനിസ് സാമ്രാജ്യത്വത്തെ അമേരിക്കൻ സാമ്രാജ്യത്വം പകരം വെക്കുക മാത്രമായിരുന്നു. ചില വ്യത്യാസങ്ങളും മാത്രം: ജാപ്പ് ഭാഷക്ക് പകരം ഇംഗ്ളീഷ്ഭാഷ. 38–ാം സമാന്തരരേഖക്ക് തെക്കും വടക്കുമുള്ള ജനങ്ങളും അങ്ങോട്ടുമിങ്ങോട്ടും യാത്രചെയ്തുകൂടാ. കൊറിയയെ വിഭജിക്കുന്നതിനുള്ള നീക്കങ്ങളും ഇവിടെ ആരംഭിക്കുന്നു.

കൊറിയയുടെ രാഷ്ട്രീയഭാവി തീരുമാനിക്കാൻ അമേരിക്കയും ബ്രിട്ടനും സോവിയറ്റ് യൂണിയനും ചേർന്ന് മോസ്കൊവിൽ ഒരു സമ്മേളനം നടത്തി 1945 ഡിസംബറിൽ. ആദ്യമാദ്യം അങ്ങനെയൊരു സമ്മേളനമെന്ന ആശയത്തെ അമേരിക്കയും ബ്രിട്ടനും എതിർക്കുകയായിരുന്നുവെങ്കിലും അവസാനം അതിന് സമ്മതിക്കുകയായിരുന്നു. അധിനിവേശ സൈന്യങ്ങളെ എത്രയുംവേഗം കൊറിയയിൽനിന്ന് പുറത്തുപോകുന്നതിന് സോവിയറ്റ് യൂണിയൻ സമ്മർദം ചെലുത്തി. എങ്കിലും പരമാവധി അഞ്ചുവർഷം കാലാവധിയുള്ള ഒരു ജോയിൻറ് ട്രസ്റ്റ് കമ്മിഷൻ രൂപീകരിക്കുന്നതിന് സോവിയറ്റ് യൂണിയന് സമ്മതിക്കേണ്ടിവന്നു. ആ കമ്മിഷൻ കൊറിയയുടെ ദേശീയൈക്യം നിലനിർത്തുന്നതിന് മാർഗങ്ങളാരായും. തിരഞ്ഞെടുപ്പ് നടത്തുന്നതിന് അന്തരീക്ഷമൊരുക്കും. അത് രാജ്യത്തിൻെറ ഐക്യത്തിനും ജനാധിപത്യത്തിനും സ്വാതന്ത്ര്യത്തിനും ഉറപ്പുവരുത്തും.

തുടക്കം മുതൽ കരാർ നടപ്പാക്കുന്നതിൽ പരാജയം സംഭവിച്ചു. കാരണം, ഡിങ്മാൻ റിക്കുചുറ്റും അണിനിരന്ന അങ്ങേയറ്റം പിൻതിരിപ്പൻ സ്വഭാവമുള്ള ജനാധിപത്യവിരുദ്ധ ശക്തികളെങ്കിൽ ഗവൺമെൻറിൽ പങ്കാളിത്തം നൽകണമെന്ന് അമേരിക്ക ശഠിച്ചു. ദീർഘകാലം അമേരിക്കയിൽ താമസിച്ചതിനുശേഷം ആയിടെ കൊറിയയിൽ മടങ്ങിയെത്തിയതേ ഉണ്ടായിരുന്നുള്ളൂ റീ.

ഈ ഘട്ടത്തിൽ അമേരിക്ക ഒരു കാര്യം ചെയ്തു: കൊറിയൻ

പ്രശ്നം 1947-ൽ ഐക്യരാഷ്ട്ര സഭയിലവതരിപ്പിച്ചു. അന്ന് സഭക്കകത്ത് അമേരിക്കക്ക് ഭൂരിപക്ഷമുണ്ടായിരുന്നു. അവരുടെ താൽപര്യമനുസരിച്ച് എന്ത് തീരുമാനവും കൈക്കൊള്ളും സഭ. അതുകൊണ്ടാണ് പ്രശ്നം അമേരിക്ക സഭയിലേക്ക് കൊണ്ടുപോയത്. കൊറിയൻ ഉപഭൂഖണ്ഡത്തിന്റെ ഇരുഭാഗങ്ങളിലും തിരഞ്ഞെടുപ്പു നടത്താൻ യു എൻ നിർദേശിച്ചു. തിരഞ്ഞെടുപ്പിന്റെ മേൽനോട്ടം വഹിക്കാൻ ഒരു കമ്മിഷനെയും നിയോഗിച്ചു.

1948 മെയ് 10-ാം തിയതി തെക്കൻ കൊറിയയിൽ അമേരിക്ക ഒരു തിരഞ്ഞെടുപ്പ് പ്രഹസനം നടത്തി സിംഗ്മാൻ റീയെ അധികാരത്തിൽ പ്രതിഷ്ഠിച്ചു. സോവിയറ്റ് യൂണിയനും തെക്കൻ കൊറിയയിലെ തന്നെ ജനാധിപത്യവാദികളും തിരഞ്ഞെടുപ്പിനെ എതിർത്തിരുന്നു. അങ്ങനെ കൊറിയയുടെ വിഭജനം ഔപചാരികതയിൽനിന്ന് അമേരിക്ക ഔദ്യോഗികമാക്കി. തിരഞ്ഞെടുപ്പിനെത്തുടർന് രാജ്യത്തിന്റെ പുനരേകീകർണത്തിനുവേണ്ടി വാദിക്കുന്നവർക്കെതിരെ മർദനങ്ങളും അടിച്ചമർത്തലുകളും ആരംഭിച്ചു.

ഈ സംഭവവികാസങ്ങളുടെ പശ്ചാത്തലത്തിൽ 1946-ൽ പ്യോങ്യാങ്ങിൽ ചേർന്ന പുനരേകീകരണ സമ്മേളനത്തിൽ പങ്കെടുത്ത സംഘടനകളും 1948 ജൂണിൽ ഹെജുവിൽ സമ്മേളിച്ച് ആഗസ്ത് 25-ാം തിയതി രാജ്യത്തൊട്ടാകെ തിരഞ്ഞെടുപ്പ് നടത്താൻ തീരുമാനിച്ചു. തെക്കും വടക്കുമുള്ള ജനങ്ങളും ഈ തീരുമാനത്തെ സ്വാഗതം ചെയ്യുകയും തിരഞ്ഞെടുപ്പിൽ പങ്കെടുക്കുകയും ചെയ്തു. അമേരിക്കൻ സൈനികാക്രമണങ്ങളും സിംഗ്മാൻ റീ ഗുണ്ടകളുടെ കൈയേറ്റങ്ങളും നേരിട്ടുകൊണ്ട് തെക്കൻ പ്രദേശത്തെ 77.52 ശതമാനം ജനങ്ങളും വടക്കൻ പ്രദേശത്തെ 99.7 ശതമാനം ജനങ്ങളും സമ്മതിദാനാവകാശം രേഖപ്പെടുത്തി. തെക്കൻ പ്രദേശത്ത് നിന്ന് 360 പ്രതിനിധികളെയും വടക്കൻ പ്രദേശത്ത് നിന്ന് 212 പ്രതിനിധികളെയും തിരഞ്ഞെടുത്തു. തെക്കൻ ഭാഗത്തുനിന്നുള്ള പ്രതിനിധികൾ 1948-സപ്തംബർ 8-ന് പ്യോങ്യാങ്ങിൽ എത്തി. വടക്കൻ പ്രദേശത്തെ പ്രതിനിധികളോടൊപ്പം ജനകീയാസംബ്ളിയുടെ പ്രഥമ യോഗത്തിൽ അവർ പങ്കെടുത്തു. ആ യോഗം കൊറിയൻ ജനകീയ ജനാധിപത്യ റിപ്പബ്ളിക്കിന്റെ പ്രധാനമന്ത്രിയായി കിം ഇൻ സുങ്ങിനെ ഏകകണ്ഠമായി തിരഞ്ഞെടുക്കുകയും സോവിയറ്റ് അമേരിക്കൻ പട്ടാളക്കാർ കൊറിയയിൽനിന്ന് പുറത്തുകടക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. സോവിയറ്റ് യൂണിയൻ 1948-ഡിസംബറിൽ തന്നെ മുഴുവൻ പട്ടാളത്തെയും കൊറിയൻ മണ്ണിൽനിന്ന് പിൻവലിച്ചു. അമേരിക്കയാവട്ടെ ജനകീയാസംബ്ളിയുടെ ആവശ്യം നിരസ്കരിച്ചു.

തെക്കൻ കൊറിയയിലെ സിംഗ്മാൻ റീ ഗവൺമെൻറിനെ ഉപയോഗിച്ച് കടന്നാക്രമണങ്ങളഴിച്ചുവിടാനും വടക്കൻ പ്രദേശത്തെ

ക്ക് പട്ടാളത്തെ നീക്കാനും അമേരിക്ക തന്ത്രങ്ങളും അടവുകളും ആവിഷ്കരിച്ചു. ദേശീയ സമാധാന സംരക്ഷണ നിയമമെന്ന കുപ്രസിദ്ധമായ നിയമമുപയോഗിച്ച് 1949 ആഗസ്ത് മാസം വരെ 89 710 കൊറിയൻ പൗരൻമാരെ സിംഗ്മാൻ റീ തെക്കൻ കൊറിയയിൽ നിന്ന് അറസ്റ്റുചെയ്തു. 1945—ആഗസ്ത് മുതൽ 1950—ജൂൺ വരെതെക്കൻ കൊറിയയിൽ രണ്ടരലക്ഷം ജനങ്ങളെ അമേരിക്കൻ സാമ്രാജ്യത്വവും സിംഗ്മാൻ റീയുംകൂടി കശാപ്പുചെയ്തു. 1950 അവസാനമായപ്പോഴേക്കും തടങ്കലിലാക്കപ്പെട്ടവരുടെ എണ്ണം ആറ് ലക്ഷമായി വർധിച്ചു.

1949 സപ്തബറിൽ തന്നെ അമേരിക്കയും റീയും 38—ാം സമാന്തരരേഖയുടെ വടക്ക് ഭാഗത്തേക്ക് പട്ടാളത്തെ നിയോഗിച്ചിരുന്നു. ഇടക്കിടെ ഈ പട്ടാളം 38—ാം സമാന്തരരേഖ മുറിച്ചുകടന്ന് വടക്കൻ കൊറിയയുടെ മേൽ കടന്നാക്രമണം നടത്തി. അപ്പോഴും കൊറിയയുടെ പുനരേകീകരണത്തിന് പ്യോങ്യാങ് ഒട്ടേറെ നിർദേശങ്ങം മുമ്പോട്ടുവെച്ചു. എന്നാൽ യുദ്ധം ഒഴിവാക്കുന്നതിനോ കൊറിയായെ പുനരേകീകരിക്കുന്നതിനോ ഉള്ള യാതൊരു നിർദേശവും അമേരിക്കയുടെയോ റീ ക്ളിക്കിന്റെയോ ഭാഗത്തുണ്ടായില്ല. വടക്കൻ കൊറിയയുടെ നിർദേശം അംഗീകരിക്കാനും അവർ തയ്യാറായില്ല. അവസാനം 1950 ജൂൺ 25—ാം തിയതി വടക്കൻ കൊറിയയുടെ മേൽ തുറന്ന കടന്നാക്രമണം തന്നെ നടത്തി, അമേരിക്ക. ഏഷ്യയിൽ പൊതുവെയും കൊറിയയിൽ വിശേഷിച്ചും സോഷ്യലിസ്റ്റ് ശക്തികളുടെ വളർച്ച തടയുകയും പരാജയപ്പെടുത്തുകയും ചെയ്യുകയെന്നതായിരുന്നു അവരുടെ ലക്ഷ്യം.കൊറിയൻ ജനത ഈ കടന്നാക്രമണത്തെ ധീരമായി ചെറുക്കുകയും ശക്തമായി തിരിച്ചടിക്കുകയും ചെയ്തു. വാസ്തവത്തിൽ കൊറിയൻ ജനതയാകെ അമേരിക്കൻ സാമ്രാജ്യത്വത്തിനെതിരെ അണിനിരക്കുകയായിരുന്നു. വടക്കൻ കൊറിയയിൽ അമേരിക്ക കനത്ത ബോംബിംഗ് നടത്തി. പ്യോങ്യാങ് നഗരത്തിലെ കെട്ടിടങ്ങളിൽ ഏറിയ കൂറും തകർന്നു. അണക്കെട്ടുകളം തകർത്ത് വെള്ളപ്പൊക്കം സൃഷ്ടിച്ചു. കൊറിയൻ ജനത പിന്നോട്ട് മാറിയില്ല. യുദ്ധത്തിന്റെ ഒരു ഘട്ടത്തിൽ ജനകീയ ചൈന വടക്കൻ കൊറിയയുടെ സഹായത്തിനെത്തി. ചൈനയുടെ പത്തുലക്ഷം വളണ്ടിയർമാർ കൂടി രംഗത്തിറങ്ങിയതോടെ അമേരിക്കയുടെയും പാവ ഗവൺമെൻറിന്റെയും പട്ടാളക്കാർ പിൻവാങ്ങാൻ തുടങ്ങി. അമേരിക്കൻഅജയ്യതയെ കുറിച്ചുള്ള കഥകം പൊളിയാൻ തുടങ്ങി.

ഒത്തുതീർപ് സംഭാഷണങ്ങംക് സമ്മതിക്കാൻ അമേരിക്ക നിർബന്ധിതമായി. ഐക്യരാഷ്ട്രസഭ ഇടപെട്ട് നടത്തിയ ചർച്ചയെത്തുടർന് വെടിനിർത്തലുണ്ടായി. ഇത് സംബന്ധിച്ച ചർച്ച നടത്തിയപ്പോഴുണ്ടാക്കിയ ധാരണയനുസരിച്ച് കൊറിയയിൽ

നിന്ന് വിദേശ സൈന്യങ്ങളെ പിൻവലിക്കുന്നതിനെയും കൊറിയയുടെ പുനരേകീകരണത്തിനുള്ള നടപടികളെ കൈക്കൊള്ളുന്നതിനെയും കുറിച്ചുള്ള ചർച്ചകളെ വെടിനിർത്തി മൂന്നുമാസത്തിനകം ആരംഭിക്കേണ്ടിയിരുന്നു. പക്ഷെ, പാൻമുഞ്ചോണിൽ നടത്തിയ രാഷ്ട്രീയ ചർച്ചക്കിടയിലും കൊറിയൻ പ്രശ്നം ചർച്ചചെയ്യാൻ 1954-ൽ ജനീവയിൽ നടത്തിയ സാർവദേശീയ സമ്മേളനത്തിലും കൊറിയൻ ജനതയുടെ സ്വയംഭരണാവകാശം സംബന്ധിച്ച നിർദേശങ്ങളെല്ലാം നിരാകരിക്കുകയാണ് അമേരിക്കയും സോഷ്യൽ ഭരണാധികാരികളും ചെയ്തത്. അങ്ങനെ കൊറിയയുടെ വിഭജനം എന്നെന്നേക്കുമായി നിലനിർത്താനും തെക്കൻ കൊറിയയിൽ തങ്ങളുടെ പാവഗവൺമെൻറിനെ സ്ഥിരമായി വാഴിക്കാനും അമേരിക്ക ദൃഢനിശ്ചയം ചെയ്തു. തന്നിമിത്തം ഇപ്പോഴും രണ്ട് കൊറിയകളും നിലനിൽക്കുകയാണ്. കൊറിയൻ പുനരേകീകരണത്തിന് വടക്കൻകൊറിയ കഴിഞ്ഞ മൂന്നര പതിറ്റാണ്ടിലേറെക്കാലമായി മുമ്പോട്ടുവെച്ച നിർദേശങ്ങളോരോന്നും സോഷ്യൽ ഭരണാധികാരികൾ തള്ളിക്കളഞ്ഞു.




7821

# വിപ്ലവങ്ങളുടെ ചരിത്രം



പി ഗോവിന്ദപിള്ള, സി ഭാസ്കരൻ

നിരന്തരമായ പുരോഗതിയാണ് ചരിത്രത്തിന്റെ പരിവർതന ശൈലി. എങ്കിലും ഇടയ്ക്കിടെ തിരിച്ചടികളും തിരിച്ചടികളെ പതിന്മടങ്ങ് ശക്തിയോടെ മറികടക്കുന്ന പുരോഗതിയും മാറ്റമില്ലാത്ത വികാസ നിയമമാണ്. വിപ്ലവത്തിന്റെ വിജയാപജയങ്ങളെല്ലാം ചേർന്നാണ് ചരിത്രത്തിന്റെ നീതി ബാക്കി പത്രത്തിൽ മാനവ പുരോഗതിക്കും സ്വാതന്ത്ര്യത്തിനും ആക്കം ഇടുന്നത്. ലോകചരിത്രമാകെ പരിശോധിച്ചാൽ ക്രമീകൃത പരിണാമത്തിലൂടെയും ഇടവിട്ടിടവിട്ടുള്ള എടുത്തുചാട്ടത്തിലൂടെയും (വിപ്ലവം) ആണ് എല്ലാ പരിവർതനങ്ങളുംപോലെ സാമൂഹ്യ പരിവർതനവും നടക്കുന്നത് എന്നു കാണാം. ഈ കാഴ്ചപ്പാടിലൂടെ ആധുനിക യൂറോപ്യൻ ചരിത്രത്തെ പൊതുവെയും ഫ്രഞ്ചു വിപ്ലവം, ഒക്ടോബർ വിപ്ലവം, ചൈനീസ് വിപ്ലവം, വിയത്നാം വിപ്ലവം, കൊറിയൻ വിപ്ലവം, ക്യൂബൻ വിപ്ലവം എന്നീ വിപ്ലവങ്ങളെ വിശേഷിച്ചും ഹ്രസ്വമായ പരിശോധനക്ക് വിധേയമാക്കുകയാണ് ഈ ഗ്രന്ഥത്തിൽ.

